# മുൻഗാമികൾ

(ചരിത്രാഖ്യാനം)

ജലീൽ താഴശ്ശേരി

പ്രസാധനം:

ട്രൂ വിഷൻ മീഡിയ

# മുൻമൊഴി

ഒന്നും അറിയാത്തവനായാണ് മനുഷ്യൻ ജനിക്കുന്നത്.

ഏകദൈവം അവനിൽ ചില ഗുണങ്ങളൊക്കെ വെച്ചിട്ടുണ്ട്. നിഷ്കളങ്കത, അനുസരണം, ക്രിയാത്മകത. ഇതത്രെ മനുഷ്യന്റെ അടിസ്ഥാനഗുണങ്ങൾ. ഇത് ദൈവം മനുഷ്യന് നിശ്ചയിച്ച പ്രകൃതി. മരണം വരെ ഈ ഗുണങ്ങൾ അവനിൽ നിലനിൽക്കണം. അത് സ്രഷ്ടാവിന്റെ ഇഛ. കാരണം, ഭൂമിയിൽ ശാന്തിയും മരണശേഷം മോക്ഷവും അതിനെ ആശ്രയിച്ചു നിൽക്കുന്നു.

മറ്റു ചിലത് കൂടിയുണ്ടതിന്.

പറഞ്ഞല്ലോ, ഒന്നും അറിയാത്തവനായാണ് മനുഷ്യൻ ജനിക്കുന്നതെന്ന്. അവൻ പിന്നീടാണ് അറിവ് നേടുന്നത്. ഏകദൈവം അവനെ എല്ലാം പഠിപ്പിക്കുന്നു. ''മനുഷ്യനെ അവനറിവില്ലാത്തത് പഠിപ്പിച്ചവന''ത്രെ നാഥൻ.

ദൈവം എല്ലാ കാര്യങ്ങളും മനുഷ്യനെ അഭ്യസിപ്പിക്കുന്നത് ഒരേ രീതിയിലല്ല. ചിലതിന് അവൻ ദൈവദൂതന്മാരെ നിശ്ചയിച്ചിട്ടുണ്ട്. ദൈവദൂതന്മാരോ, അവന്റെ നീതിശാസ്ത്രങ്ങളെ സംബന്ധിച്ച് മനുഷ്യരെ ബോധവാന്മാരാക്കുന്നു.

ഏകദൈവത്തിന്റെ ഇഛകളിൽ വലുത് മനുഷ്യർ തനിക്ക് മാത്രം വഴിപ്പെടണം എന്നതാണ്. അതവന് നിർബന്ധമുള്ള കാര്യം.

ദൈവത്തിന്റെ നീതിസാരങ്ങൾ അവഗണിച്ചു, ദൈവദൂതന്മാരെ ധിക്കരിച്ച്, ദൈവിക കൽപന ലംഘിച്ച് മനുഷ്യർ ജീവിക്കാറുണ്ട്. അപ്പോൾ അവർ നല്ലവരാകാൻ ദൈവം പല ദൃഷ്ടാന്തങ്ങളും അവർക്ക് കാണിച്ചുകൊടുക്കുന്നു. ദൈവദൂതന്മാരെ നിയോഗിച്ചു ഉദ്ബോധിപ്പിക്കുന്നു. ധിക്കാരം തുടർന്നാൽ അവർക്ക് നിശ്ചിതസമയം അനുവദിക്കുന്നു. അതിന് ശേഷം ചരിത്രത്തിന് പാഠമാകും വിധം അവരെയവൻ ശിക്ഷിക്കും.

ശക്തരും വമ്പന്മാരുമായിരുന്ന ഒട്ടേറെ ജനതകളും രാജാക്കന്മാരും ദൈവികശിക്ഷക്ക് വിധേയരായി മൺമറഞ്ഞിട്ടുണ്ട്. അത് ദൈവികനീതിയുടെ ഭാഗം.

ഖുർആൻ പരാമർശിച്ച ഒരുപറ്റം പ്രവാചകജനതകളുടെ വിവരണമാണിത്. നൂഹിന്റെ ജനം, ആദ് ജനത, ഥമൂദ് വംശം, മദ്യൻ വാസികൾ, സദൂംകാർ, ഐക്കവാസികൾ, ഫറോവയും പ്രഭൃതികളും അബ്റഹത്ത് തുടങ്ങിയവരാണ് അവരിൽ പ്രധാനികൾ.

വിവിധ കാലങ്ങളിലും ദേശങ്ങളിലും ആയിരുന്നു അവർ ജീവിച്ചിരുന്നത്. പലതരത്തിലുള്ള ദുഷ്കൃത്യങ്ങൾ കൊണ്ടും കുപ്രസിദ്ധരായിരുന്നു അവരൊക്കെ. ജീവിച്ചിരിക്കുന്നവർക്ക് ഒരു പാഠമാകാനാണ് ഖുർആൻ അവരുടെ ചരിത്രം പുനരാഖ്യാനം ചെയ്തത്.

ആഖ്യാനം സ്വതന്ത്രമാണെങ്കിലും ചരിത്രവസ്തുതകളോട് കഴിയുന്നത്ര സൂക്ഷ്മത പുലർത്തിയിട്ടുണ്ട്.

*ജലീൽ താഴശ്ശേരി, മുണ്ടുമുഴി.*
jthrees@hotmail.com

## 1
## നൂഹിൻെറ ജനം

**മ**രുഭൂമിയിൽ ഉഷ്ണം പഴുത്തു......
ചൂടുകാറ്റ് മെല്ലെ അടിച്ചുവീശി......
ഇല കൊഴിഞ്ഞ ഗോഫർ മരച്ചുവട്ടിൽ, വിദൂരതയിലേക്ക് കണ്ണുംനട്ട് പ്രവാചകൻ നൂഹ് ദുഃഖിച്ചിരുന്നു.
കത്തുന്ന വെയിൽനാളം അദ്ദേഹത്തിൻെറ അകതാരിലും താപം നിറച്ചതുപോലെ......
നെറ്റിയിലെ വിയർപ്പുകണങ്ങളിൽ സൂര്യബിംബം കത്തിനിന്നു......
മുഖത്തെ ചുളിവുകളിൽ ദുഃഖത്തിൻെറ പടർപ്പ്.......
നഖ്ശിവാൻ പട്ടണത്തെരുവിൽനിന്ന് പുരുഷാരം പിരിഞ്ഞുകഴിഞ്ഞിരുന്നു. സാത്വിക മർദ്ദനത്തിൻെറ എരിവും പുളിവും വേണ്ടുവോളം ആസ്വദിച്ചാണ് അവർ തിരിച്ചുപോയത്.
നൂഹ് അവരുടെ കാര്യത്തിൽ ഏറെ ഖിന്നനായിരുന്നു. തന്നോടുള്ള അവരുടെ പ്രതികരണം അവർക്കു തന്നെ ആപത്താകുമെന്നോർത്ത് അദ്ദേഹം തളർന്നു.
കണ്ണീരും വേദനയും കല്ലിച്ച കണ്ണുകൾ.....
നൊമ്പരം വിങ്ങുന്ന നിശ്വാസം.....
നൂഹിൻെറ ഉപദേശവും ക്ഷണവും 950 വർഷക്കാലം നീണ്ടതായിരുന്നു. പക്ഷേ, അത് ചെവികൊള്ളാതെ നാട്ടിൽ ധിക്കാരികളായി മദിക്കുകയായിരുന്നു ആ ജനത. നന്നാകാൻ അവർ തയാറായിരുന്നില്ല. അവരുടെ ധിക്കാരത്തിന് ഒരു പരിധിയും ഉണ്ടായിരുന്നില്ല.

❄ ❄ ❄

മൗസിലിന് സമീപം അറാറത് പർവത പ്രാന്തങ്ങളിലായിരുന്നു അവർ ജീവിച്ചിരുന്നത്. പ്രവാചകൻ നൂഹിൻെറ ജനമെന്ന പേരിൽ ചരിത്രത്തിൽ അറിയപ്പെട്ടത് അവരാണ്.
ലോകത്തെ ആദ്യത്തെ നാഗരിക ജനത. പ്രവാചകന്മാരായ ആദമിൻെറയും ഇദ്‌രീസിൻെറയും സന്താനപരമ്പര.
യൂഫ്രട്ടീസ്-ടൈഗ്രീസ് നദികളുടെ തീരങ്ങളിൽ അവർ തങ്ങളുടെ നാഗരികത പടുത്തുയർത്തി ജീവിച്ചു. അവരല്ലാത്ത ജനതകളൊന്നും അന്ന് ലോകത്തുണ്ടായിരുന്നില്ല. ലോകത്ത് പിന്നീട് ഉടലെടുത്ത നാഗരികതകളുടെ പിതാക്കന്മാരും അവർ തന്നെ.
ഏകദൈവത്തിൻെറ ആസ്തിക്യത്തെക്കുറിച്ചും അവൻെറ കഴിവുകളെക്കുറിച്ചും അവർക്ക് നന്നായി അറിയാമായിരുന്നു. പക്ഷേ, അനുഷ്ഠാനരംഗത്ത് തികഞ്ഞ ബഹുദൈവാരാധകരായിരുന്നു അവർ. ബഹുദൈവാരാധനയോടൊപ്പം കുറേ സാമൂഹിക ദുരാചാരങ്ങളും അവർ വെച്ചുപുലർത്തിയിരുന്നു. ആദം തൻെറ സന്തതികളെ പഠിപ്പിച്ച ഉത്തമ സംസ്കാരം നശിച്ചത് അവരുടെ കാലത്താണ്.
അതേ സമുദായക്കാരനായിരുന്നു നൂഹുബ്നു ലാമിക്. ആദിപിതാവ് ആദം മരണമടഞ്ഞു നൂറ്റി അമ്പതോളം വർഷങ്ങൾക്ക് ശേഷമാണ് അദ്ദേഹത്തിൻെറ ജനനം. അപ്പോഴേക്കും അവർക്കിടയിൽ പത്ത് തലമുറകൾ കഴിഞ്ഞിരുന്നു.
ആ ജനത്തെ സംസ്കരിക്കുന്നതിനായി ഏകദൈവം നൂഹിനെ ദൈവദൂതനായി നിയോഗിച്ചു. അവരെ ഏകദൈവ വിശ്വാസത്തിലേക്കും ജീവിതവിശുദ്ധിയിലേക്കും ക്ഷണിക്കുകയായിരുന്നു അദ്ദേഹത്തിൻെറ ദൗത്യം.
നൂഹ് തൻെറ ജനത്തോട് ഏറെ ഗുണകാംക്ഷയും സ്നേഹവുമുള്ളവനായിരുന്നു.
പ്രവാചകന്മാരുടെ രീതിയത്രെ അത്. എങ്കിൽ മാത്രമേ ജനം അവരുടെ ദൗത്യം അംഗീകരിക്കുകയുള്ളൂ. പ്രവാചകന്മാർ ഗുണകാംക്ഷികളല്ലെങ്കിൽ ജനം അവരിൽനിന്ന് അകന്നുകളയും. അതോ, ദൈവിക കാരുണ്യത്തിന് ചേർന്നതല്ല. കാരണം, ജനം പിശാചിൻെറ പ്രലോഭനങ്ങൾക്ക് വിധേയരായി നരകാവകാശികളാകരുതെന്നാണ് ദൈവേഛ.
അദ്ദേഹം തൻെറ ജനതയോട് അക്കാര്യം വെളിപ്പെടുത്തിയത് ഇങ്ങനെ:
"ഈ കൃത്യത്തിന് ഞാൻ നിങ്ങളോട് പ്രതിഫലമൊന്നും ചോദിക്കുന്നില്ല. എനിക്കുള്ള പ്രതിഫലം ഏകദൈവത്തിങ്കലാകുന്നു." അവരോടുള്ള തൻെറ ആത്മാർഥതയും ഗുണകാംക്ഷയും വെളിപ്പെടുത്തുകയായിരുന്നു അദ്ദേഹം.
നൂഹ് അവരെ ഏകദൈവവിശ്വാസത്തിലേക്ക് ക്ഷണിച്ചു. അവനു മാത്രം ആരാധനകളർപ്പിച്ച് ജീവിത വിശുദ്ധി കൈവരിക്കാൻ അവരെ ഉദ്ബോധിപ്പിച്ചു.
"എൻെറ ജനമേ, അല്ലാഹുവിന് ആരാധനയർപ്പിക്കുവിൻ. നിങ്ങൾക്ക് അവനല്ലാതെ ആരാധ്യനില്ല. നിങ്ങൾ അവനെ ധിക്കരിക്കുന്ന പക്ഷം ഭീകരമായ ഒരു ദിനത്തിലെ ശിക്ഷ നിങ്ങളുടെമേൽ വന്നുഭവിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു."

നൂഹ് തൻെറ കൃത്യത്തിൽ ഉത്സുകനായിരുന്നു. അദ്ദേഹത്തിൻെറ ക്ഷണത്തിന് ചില അടുത്ത സുഹൃത്തുക്കൾ വേഗം ഉത്തരം നല്കി. കൂട്ടുകാരൻെറ ജീവിത വിശുദ്ധിയും അദ്ദേഹം ചെയ്യുന്ന ജോലിയുടെ ഗൗരവവും അവർക്ക് നന്നായി അറിയാമായിരുന്നു.

സമൂഹത്തിലെ പ്രമാണിമാരടങ്ങുന്ന ഭൂരിപക്ഷം അദ്ദേഹത്തിൻെറ ക്ഷണത്തെ തീർത്തും ധിക്കാര പരമായി നേരിട്ടു. അവർ ജനങ്ങളോട് പറഞ്ഞു:

"നിങ്ങൾ ഇവൻെറ വാക്ക് കേട്ട് നമ്മുടെ ആരാധ്യരെയും വദ്ദിനെയും സുവാഇനെയും യഊഖിനെയും യഗൂസിനെയും നസ്റിനെയും കൈവിടരുത്."

അവർ ജനത്തെ വഴി തെറ്റിക്കുകയായിരുന്നു.

ഒരിക്കൽ അവർ നൂഹിനോട് പറഞ്ഞു:

"ഞങ്ങളുടെ ദൃഷ്ടിയിൽ നീ ഞങ്ങളെപ്പോലൊരു മനുഷ്യൻ മാത്രമല്ലാതെ മറ്റൊന്നുമല്ല. ഞങ്ങളിലെ അധമന്മാർ മാത്രം വീണ്ടുവിചാരമില്ലാതെ നിന്നെ പിൻപറ്റിയതായിട്ടാണല്ലോ കാണുന്നത്. ഞങ്ങളെക്കാൾ യാതൊരു ശ്രേഷ്ഠതയും നിങ്ങളിൽ കാണുന്നുമില്ല. എന്നല്ല, നിങ്ങൾ വ്യാജന്മാരാണെന്നും ഞങ്ങൾ കരുതുന്നു."

ജനത്തെ അദ്ദേഹത്തിൽനിന്നകറ്റാൻ അവർ പല പോംവഴികളും തേടി. പിശാച് അവരുടെ ചിന്തയിൽ നിറസാന്നിദ്ധ്യമായി. അവൻെറ ദുർമന്ത്രണം കത്തിപ്പടർന്ന മനസ്സുമായി അവർ തെരുവിലേക്കോടി. അവരുടെ കിതപ്പിലേക്ക് ജനം ചെവി കൂർപ്പിച്ചു.

"സഹോദരങ്ങളേ, ദൈവദൂതനായി ഒരു മനുഷ്യൻ ആഗതനാകുങ്ങന്നതെങ്ങനെ? ഒരു മലക്കല്ലേ ദൈവദൂതനായി വരേണ്ടത്? നമ്മുടെ കൂട്ടത്തിലെ ദരിദ്രനായ നൂഹ് മലക്കാണോ? പിന്നെ അവനെങ്ങനെ ദൈവദൂതനാകും? അതല്ല, അവന് വല്ല അദൃശ്യജ്ഞാനവുമുണ്ടോ? ആകാശഭൂമികളിൽ നിറഞ്ഞുനില്ക്കുന്ന ഖജനാവുകളുടെ താക്കോൽ അവൻെറ കൈവശമുണ്ടോ? നമ്മുടെ കൂട്ടത്തിൽ ഒരു നന്മയും ഗുണവുമില്ലാത്ത ഏതാനും ആളുകൾ പിൻപറ്റിയ നൂഹിന് ഇപ്പറഞ്ഞ ഗുണങ്ങളൊന്നും ഇല്ല. പിന്നെ അവനെങ്ങനെ ദൈവദൂതനാകും?"

ജനത്തിനത് നന്നേ ബോധിച്ചു. അവർ നൂഹിൻെറ അടുത്തേക്കോടി. ചോദ്യങ്ങളുടെ ഭാണ്ഡം അദ്ദേഹത്തിൻെറ മുമ്പിൽ തുറന്നിട്ടു.

എല്ലാം കേട്ട് അദ്ദേഹം പറഞ്ഞു:

"ആകാശഭൂമികളുടെ ഖജനാവ് എൻെറയടുത്താണെന്നും എനിക്ക് അദൃശ്യകാര്യങ്ങൾ അറിയാമെന്നും ഞാൻ പറയുന്നില്ല. ഞാൻ മലക്കാണെന്ന അവകാശവാദവും എനിക്കില്ല. നിങ്ങൾ നിസ്സാരരായി കാണുന്നവരുണ്ടല്ലോ അവർക്ക് അല്ലാഹു ഒരു നന്മയും നല്കിയിട്ടില്ലെന്നും ഞാൻ അവകാശപ്പെടുന്നില്ല. അവരുടെ മനസ്സിലുള്ളതെന്തെന്ന് അവന് മാത്രമേ അറിയുകയുള്ളൂ. അവരെപറ്റി അങ്ങനെ ഞാൻ പറയുന്നുവെങ്കിൽ ഞാൻ അക്രമകാരിയായിപ്പോകും."

"നൂഹേ, സമൂഹത്തിലെ താഴെ കിടയിലുള്ളവർ നിന്നിൽ വിശ്വസിച്ചിരിക്കെ പിന്നെ നിന്നിൽ ഞങ്ങൾ എങ്ങനെ വിശ്വസിക്കും?"

നൂഹ് തൻെറ കൂടെയുള്ള വിശ്വാസികളെ ആട്ടിയകറ്റണമെന്ന ആഗ്രഹമായിരുന്നു ആ സംസാരത്തിന് പിന്നിൽ.

നൂഹ് പറഞ്ഞു:

"എന്നിൽ വിശ്വസിച്ച ആളുകളെ ആട്ടിയകറ്റാൻ ഞാൻ ആളല്ല. തീർച്ചയായും അവർ തങ്ങളുടെ നാഥനെ കണ്ടുമുട്ടുന്നവരും അതെപ്പറ്റി ആവലാതി ബോധിപ്പിക്കുന്നവരുമാകുന്നു. അതല്ല സംഗതി, നിങ്ങൾ അവിവേകികളായ ആളുകളായിട്ടാണ് ഞാൻ കാണുന്നത്. അവരെ ഞാൻ എന്നിൽനിന്നും ആട്ടിയകറ്റിയാൽ പിന്നെ അല്ലാഹുവിൻെറ ശിക്ഷയിൽനിന്ന് ആരാണെന്നെ സഹായിക്കുക?"

നൂഹ് തൻെറ ജോലിയിൽനിന്നും ഏതെങ്കിലും വിധേന വിരമിച്ചെങ്കിൽ എന്നായിരുന്നു അവരുടെ മനസ്സിലിരിപ്പ്. കാരണം, അവരുടെ തന്നിഷ്ട ജീവിതത്തിന് അദ്ദേഹം വിലങ്ങായിക്കഴിഞ്ഞിരുന്നു. അദ്ദേഹം അവരോട് പറഞ്ഞു:

"എൻെറ ജനമേ, ഞാൻ നിങ്ങൾക്കുള്ള തെളിഞ്ഞ മുന്നറിയിപ്പുകാരനാകുന്നു. നിങ്ങൾ അല്ലാഹുവിന് അടിമപ്പെടണമെന്നും അവനെ ഭയപ്പെടണമെന്നും എന്നെ അനുസരിക്കണമെന്നും ഞാൻ പറയുന്നു. എങ്കിൽ അവൻ നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരും. ഒരു നിശ്ചിത അവധി വരെ നിങ്ങളെ ഈ ഭൂമിയിൽ അവശേഷിപ്പിക്കുന്നതുമാകുന്നു."

പറഞ്ഞല്ലോ, നൂഹ് തൻെറ ജനത്തോട് ഏറെ ഗുണകാംക്ഷയുള്ളവനായിരുന്നെന്ന്. ദൈവികകോപത്തിന് തൻെറ ജനം വിധേയരാകുമോ എന്ന ഭയമായിരുന്നു അദ്ദേഹത്തിന്.

അവർ അനുസരിക്കുന്നവരായിരുന്നില്ല. പിശാചാകട്ടെ, അവരുടെ ബോധാബോധങ്ങളിൽ അങ്കുരിച്ച ആന്ധ്യതക്ക് തീ കൊളുത്തി:

"എന്ത്, ഈ മനുഷ്യൻെറ വാക്ക് കേട്ട് നിങ്ങൾ പൂർവികാചാരങ്ങളെ വെടിയുകയോ? എങ്കിൽ നിങ്ങൾ വഴികേടിലാകും. ഇപ്പോൾ തന്നെ നൂഹ് തികഞ്ഞ വഴികേടിലാണകപ്പെട്ടിരിക്കുന്നത്. അവനെ പിൻപറ്റുന്നതോ, നിങ്ങളുടെ സ്ഥാനമാനങ്ങൾക്ക് ചേർന്നതുമല്ല."

പിശാചിൻെറ ദുർബോധനം അവരിൽ ആളിപ്പടർന്നു. അവരുടെ നാവ് പിടച്ചു:

"നൂഹേ, നീ വ്യക്തമായ വഴികേടിലകപ്പെട്ടതായാണ് ഞങ്ങൾ കാണുന്നത്."

അദ്ദേഹം പറഞ്ഞു: എൻെറ ജനമേ, എനിക്ക് യാതൊരു മാർഗഭ്രംശവുമില്ല. പ്രത്യുത, ഞാൻ ലോക നാഥൻെറ ദൂതനാകുന്നു. എൻെറ നാഥൻെറ സന്ദേശങ്ങൾ നിങ്ങൾക്ക് എത്തിച്ചുതരുന്നു.

ഞാൻ നിങ്ങൾക്ക് ഗുണം മാത്രമാണ് ആഗ്രഹിക്കുന്നത്. നിങ്ങൾക്ക് അറിഞ്ഞുകൂടാത്ത പലതും അല്ലാഹുവിൽനിന്ന് ഞാൻ അറിയുന്നുണ്ട്. നിങ്ങളെ താക്കീത് ചെയ്യുന്നതിനും നിങ്ങൾ തെറ്റായ നടപടികളിൽ നിന്ന് മോചിതരാകുന്നതിനും അനുഗ്രഹിക്കപ്പെടുന്നതിനും വേണ്ടി, നിങ്ങളുടെ സമുദായക്കാരനായ ഒരാളിലൂടെ നിങ്ങളുടെ നാഥങ്കൽനിന്നുള്ള ഉൽബോധനം ആഗതമാകുന്നതിൽ അത്ഭുതപ്പെടുന്നുവോ?"

നൂഹിൻെറ ഉപദേശങ്ങൾക്കും മാനുഷിക പരിഗണനകൾക്കും അപ്പുറം നാട്ടിൽ ഒരു പുതിയ വർഗമായി അവർ മാറി. രാഷ്ട്രീയവും സാമ്പത്തികവും മതപരവുമായ ആധിപത്യം അവർ കൈയടക്കി. ജനത്തെ പല തട്ടുകളായി വേർതിരിച്ചു. അതോടെ ഉച്ചനീചത്വങ്ങളും ധാർമിക കുറ്റകൃത്യങ്ങളും പെരുകി.

നൂഹിൻെറ ആദർശം അംഗീകരിച്ചാൽ ഭൗതിക നഷ്ടം നേരിടുമെന്ന് അവർ ഭയന്നു. കാരണം, അദ്ദേഹത്തിൻെറ ആദർശത്തിന് മുമ്പിൽ അവരുടെ ഭൗതികാസക്തിക്ക് പിന്നെ സ്ഥാനമേതുമുണ്ടാകില്ല. വർഗപരവും ഗോത്രപരവുമായ ആഢ്യതക്കും മേനിനടിക്കലിനും വിലയുണ്ടാകില്ല. ദുർബലവിഭാഗത്തിനു നേരെയുള്ള ഉപരിവർഗത്തിൻെറ സ്വേഛ നടക്കില്ല. പുരോഹിതവർഗത്തിൻെറ ധനക്കൊതിയെ പരിപാലിക്കുന്ന വിഗ്രഹപൂജ പിന്നെ അനുവദിക്കില്ല. അവർ തീർത്തും ആശങ്കാകുലരായിരുന്നു. അതിനാൽ ഒരുത്തരമേ അവർക്കുണ്ടായിരുന്നുള്ളൂ: "താണതരം ആളുകൾ നിന്നെ പിൻപറ്റിയിരിക്കെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയോ?"

നൂഹിൻെറ ഉത്തരം ഇതായിരുന്നു:

"വേണ്ടാ, നിങ്ങളെ വഴിതെറ്റിക്കാൻ അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം ഞാൻ നിങ്ങളെ ഉപദേശിച്ചതു കൊണ്ട് ഒരു പ്രയോജനവും ലഭിക്കുകയില്ല. അല്ലാഹുവാണ് നിങ്ങളുടെ രക്ഷിതാവ്. അവനിലേക്കാണ് നിങ്ങൾ മടക്കപ്പെടുക."

കേവലം ഉപദേശങ്ങൾ കൊണ്ട് തൻെറ ജനം നന്നാകില്ലെന്ന് ബോധ്യമായപ്പോൾ നൂഹ് അവരെ ദൈവിക ശിക്ഷയെക്കുറിച്ച് ഭീഷണിപ്പെടുത്തി.

"നൂഹേ, നീ ഞങ്ങളോട് കുറേ തർക്കിച്ചല്ലോ. ഏറെ തർക്കിച്ചു. നീ പറയുന്നത് സത്യമാണെങ്കിൽ നീ ഞങ്ങളെ ഭീഷണിപ്പെടുത്തുന്ന ശിക്ഷയുണ്ടല്ലോ അതൊന്ന് കൊണ്ടുവരൂ."- ധിക്കാരം കനം തൂങ്ങിയ വെല്ലുവിളിയായിരുന്നു അവരുടെ പ്രതികരണം.

"പ്രപഞ്ചങ്ങളുടെ നാഥൻ അത് കൊണ്ടുവരും, അവൻ ഇഛിച്ചാൽ. അത് തടയാൻ നിങ്ങൾക്ക് സാധ്യമല്ല."

അവർക്ക് അന്തിമ ശാസനം കൊടുത്താണ് നൂഹ് അവിടെ നിന്നും പിന്തിരിഞ്ഞത്.

❄ ❄ ❄

നൂഹ് ആളുകളിൽനിന്നും അകന്ന് ഒരിടത്ത് തനിച്ച് ചെന്നിരുന്നു. തൻെറ ജനതയുടെ പ്രതികരണം മുറിപ്പെടുത്തിയ മനസ്സോടെ അദ്ദേഹം തൻെറ ദുഃഖഭാരം നാഥനു മുമ്പിൽ തുറന്നുവെച്ചു. തപ്തഹൃത്തിൻെറ ഗദ്ഗദമായി ആ പ്രാർഥന നാഥൻെറ സിംഹാസനത്തിന് നേരെ ഉയർന്നു.

"രക്ഷിതാവേ, ഈ ജനം എന്നെ കളവാക്കിയിരിക്കുന്നു. നീ എന്നെ സഹായിക്കേണമേ. വിശ്വാസികളെയും എന്നെയും നീ രക്ഷിക്കേണമേ.....ഞാനവരെ രാവും പകലും ക്ഷണിച്ചുനോക്കി. പക്ഷേ, അവരെൻെറ ക്ഷണത്തിൽനിന്നും പിന്തിരിഞ്ഞോടുകയാണ്. ഞാനവരെ ക്ഷണിക്കുമ്പോഴെല്ലാം വിരൽ തുമ്പുകളും വസ്ത്രാഞ്ചലവും ചുരുട്ടി ചെവികളിൽ തിരുകുകയും വസ്ത്രം കൊണ്ട് മുഖം മൂടി സ്വന്തം നിലപാടിൽ ശഠിച്ചുനിൽക്കുകയും മഹാ ഗർവിഷ്ഠരാവുകയും ചെയ്തു. രഹസ്യമായും പരസ്യമായും ഞാനവരെ ക്ഷണിച്ചു. ദൈവം നിങ്ങൾക്ക് പൊറുത്തു തരുമെന്നും അവൻ പൊറുക്കുന്നവനാണെന്നും ഞാൻ അവരോട് പറഞ്ഞു. നിങ്ങൾക്കവൻ മഴ വർഷിപ്പിച്ചുതരുമെന്നും തോട്ടവും ധനവും അരുവികളും ആൺസന്താനങ്ങളും തരുമെന്നും പറഞ്ഞു പ്രസാദിപ്പിച്ചു. ആകാശഭൂമികളിലെ ദൃഷ്ടാന്തളും അവർക്ക് കാട്ടിക്കൊടുത്തു. പക്ഷേ, അവരെന്നെ ധിക്കരിച്ചു. എനിക്കെതിരെ ഗൂഢാലോചന നടത്തി. ഞാനവരെ നിൻെറ പരമാധികാരത്തിലേക്ക് ക്ഷണിച്ചപ്പോൾ അവരിലെ നേതാക്കൾ അനുയായികളോട് വദ്ദിനെയും സുവാഇനെയും യഊഖിനെയും യഗൂസിനെയും നസ്റിനെയും കൈവിടരുതെന്ന് കല്പിച്ചു. അവർ അക്രമികളായി വഴിതെറ്റി. നാഥാ, നിഷേധികളിൽ ഒരുത്തനെയും നീ ഭൂമുഖത്ത് അവ ശേഷിപ്പിക്കരുതേ. നീ അവരെ വിട്ടുകളയുകയാണെങ്കിൽ നിൻെറ അനുയായികളെ അവർ വഴിതെറ്റിക്കും. തെമ്മാടികളെ മാത്രമേ അവർ ഉല്പാദിപ്പിക്കുകയുള്ളൂ. രക്ഷിതാവേ, എനിക്കും എൻെറ രക്ഷിതാക്കൾക്കും എൻെറ കൂടെയുള്ള സത്യവിശ്വാസികൾക്കും നീ പൊറുത്തുതരേണമേ. അക്രമികൾക്ക് നീ നാശമല്ലാതെ വർധിപ്പിക്കരുതേ."

മനോവ്യഥയിൽനിന്ന് നിർഗളിച്ച ഗദ്ഗദമായി അദ്ദേഹത്തിൻെറ പ്രാർഥന വാനിലേക്കുയർന്നു. കഥനം ചുരത്തിയ പ്രാർഥന. അതിനും നാഥനുമിടയിൽ അസ്വീകാര്യതയുടെ മറ ഇല്ലാതാകുന്നു.

പ്രവാചകന്മാരുടെ പ്രാർഥന അങ്ങനെയാണ്; പീഡിതരുടെയും. അതിൻെറ സ്വീകാര്യതക്ക് കാലവിളംബമില്ല.

ജനത്തിൻെറ വിമോചകനായി ആഗതനായ നൂഹ് നബിയെ ജനം എന്തുകൊണ്ട് പിൻപറ്റിയില്ല? തൊള്ളായിരത്തി അമ്പത് വർഷക്കാലം രാവും പകലും പരിശ്രമിച്ചിട്ടും അദ്ദേഹത്തിൻെറ

അദ്ധ്വാനമത്രയും വൃഥാവിലാകാൻ മാത്രം അവരുടെ മനസ്സ് കടുത്തിരുന്നോ? അദ്ദേഹം വേദനിക്കാൻ മാത്രം ധിക്കാരപരമായിരുന്നോ അവരുടെ നിലപാട്?

ഒന്നുമാത്രമറിയാം:

ധനവും ജനശക്തിയും നാഗരികതയും പ്രതാപവും ആ ജനത്തെ അഹങ്കാരികളാക്കിയിരുന്നു. പിശാച് അവരുടെ ധമനികളിൽ സഞ്ചാരമാർഗം കണ്ടെത്തി അവരെ വഴിപിഴപ്പിച്ചുകൊണ്ടിരുന്നു. അവൻെറ പിൻബലത്തോടെ അവർ നൂഹിനെയും ദൈവത്തെയും എതിർത്തു. ഏകദൈവത്തെ വെടിഞ്ഞ് യശശ്ശരീരരെ വിളിച്ചാരാധിച്ചു. സാമൂഹിക നീതിയും സമത്വബോധവും അവരിൽ നശിച്ചൊടുങ്ങി. കൈയൂക്ക് നിലനില്പിനുള്ള ആധാരമായി മാറി. ഈ നിലയിൽ അവർ ജീവിതം പുലർത്തി. പറഞ്ഞല്ലോ, ആദമിന് ശേഷം ഭൂമിയിൽ നാശകാരികളായി ജീവിച്ച വർഗമായിരുന്നു അവരെന്ന്.

പ്രാർഥനയിൽനിന്നും വിരമിച്ച നൂഹ് ദീർഘമായി നിശ്വസിച്ചു. എല്ലാം തൻെറ നാഥനിലർപ്പിച്ച ആശ്വാസം.

❄ ❄ ❄

ഭാരമൊഴിഞ്ഞ മനസ്സുമായി നൂഹ് മരത്തിൽ ചാരിയിരിക്കുകയായിരുന്നു. അതിഭൗതികതയിലെ പരാശക്തിയുടെ കരസ്പർശം അദ്ദേഹത്തെ മെല്ലെ തഴുകി. അദ്ദേഹത്തിന് ദൈവികസന്ദേശം ലഭിക്കുകയായിരുന്നു. ആകാശസന്ദേശത്താൽ മനസ്സ് തുടിച്ചു. അതിൻെറ ശ്വാംസീകരണത്തിൽ കണ്ണുകൾ മണലിൽ ഉടുക്കിനിന്നു. കാണേ മുഖത്തെ ഭാവം മാറി. പ്രപഞ്ചനിഗൂഢതയിലെ ഗഹനത മുമ്പിൽ വിരിഞ്ഞാലുള്ള വിസ്മയഭാവം മുഖത്ത് പ്രകടമായി. വിടർന്ന കണ്ണുകളിൽ മരുഭൂ നിറഞ്ഞു. ശരീരം വിയർത്തു. പിരടി കുനിഞ്ഞു കുനിഞ്ഞ്.......

ദൈവം പ്രവാചകന്മാരോട് സംസാരിക്കുന്നതങ്ങനെയാണ്. അത് ചിലപ്പോൾ മാധ്യസ്ഥ്യൻ മുഖേനയാകാം. നേരിട്ടും സംസാരിക്കാം. തിരശ്ശീലക്ക് പിന്നിലായിക്കൊണ്ടാകാം, അശരീരി മുഴക്കിക്കൊണ്ടാകാം, മനസ്സിൽ തോന്നിപ്പിക്കുകയും സ്വപ്നത്തിൽ കാണിക്കുകയുമാകാം. ഈ സന്ദേശം മറ്റു സൃഷ്ടികൾക്ക് അപ്രാപ്യമാണ്. ഇത് കട്ടുകേൾക്കാൻ പിശാച് ചിലപ്പോൾ തുനിയാറുണ്ട്. അതിനായി അവൻ ആകാശലോകത്തേക്ക് ഗമിക്കേണ്ട താമസം, തുളച്ചുകയറുന്ന തീക്കൊള്ളി അവനു നേരെ ചീറിപ്പായുകയായി. ആകാശസന്ദേശത്തിൻെറ സുരക്ഷക്കായി അവിടെ സ്ഥാപിക്കപ്പെട്ടതാണവ.

ബോധനം നിലച്ചു. നൂഹ് അവിടെനിന്നെഴുന്നേറ്റു. ആകെ വെപ്രാള ഭാവം. അദ്ദേഹത്തിന് നാഥൻെറ സഹായം കിട്ടിക്കഴിഞ്ഞെന്നു തീർച്ച. ഖുർആൻ അതിങ്ങനെ പറയുന്നു:

“താങ്കളുടെ ജനത്തിൽ ഇപ്പോൾ വിശ്വസിച്ചവരല്ലാതെ ഇനി ആരും വിശ്വസിക്കുകയില്ല. താങ്കൾ അവരുടെ ചെയ്തികളിൽ ദുഃഖിക്കാതിരിക്കുക. നമ്മുടെ മേൽനോട്ടത്തിൽ നമ്മുടെ ബോധനമനുസരിച്ച് ഒരു കപ്പൽ നിർമിക്കുക. നോക്കൂ: ധിക്കാരം കൈക്കൊണ്ടവരുണ്ടല്ലോ, അവരുടെ കാര്യത്തിൽ എന്നോടൊരു ശിപാർശയും ചെയ്തുപോകരുത്. അവരാസകലം മുങ്ങിയൊടുങ്ങേണ്ടവരാകുന്നു.”

നൂഹ് അനുചരരെ വിളിച്ചുകൂട്ടി, നാഥൻെറ തീരുമാനം അവരെ അറിയിച്ചു.

ആളൊഴിഞ്ഞ നേരത്ത് അവർ മലമുകളിലേക്ക് നടന്നു. കൈയിൽ പണിയായുധങ്ങളുമുണ്ടായിരുന്നു.

മൂപ്പെത്തിയ ഗോഫർ മരങ്ങൾ മുറിച്ചു. അവ ഈർന്നു പലകകളാക്കി. മരുഭൂവക്കിൽ കൊണ്ടുവന്നു ചെത്തിമിനുക്കി. തടികളിൽ തുളയിട്ടു. പണി തീർത്ത വില്ലകളിൽ അവ ഉറപ്പിച്ചു. അണിയം നിർമ്മിച്ചു. വിടവുകളിൽ കീൽ തേച്ചുപിടിപ്പിച്ചു.......

നൂഹിൻെറ കപ്പൽ രൂപം കൊള്ളുകയായിരുന്നു.

നൂഹിന് അതെങ്ങനെ സാധിച്ചു? അന്നോളം ഒരു കപ്പലും നിർമിച്ചിട്ടില്ലാത്ത ആ നാഗരികതയിൽ നൂഹും കൂട്ടരും കപ്പൽ എങ്ങനെ പണിതെടുത്തു?

പറഞ്ഞല്ലോ, പ്രപഞ്ചനാഥൻെറ മേൽനോട്ടവും നിർദ്ദേശവും അവർക്കുണ്ടായിരുന്നെന്ന്.

കപ്പൽപണി പുരോഗമിച്ചു. എല്ലാം തിടുക്കത്തിലായിരുന്നു. ദൈവിക സൂചനയുടെ ആത്മാവുൾക്കൊണ്ട ഭീതിയും തിടുക്കവും.

വിശ്വാസികളുടെ സന്നാഹം ബുദ്ധിമാന്മാരിൽ വിപൽസൂചനയുടെ മിന്നെറിയേണ്ടതായിരുന്നു. പക്ഷേ, ആന്ധ്യം ബാധിച്ച ധിക്കാരിക്കൂട്ടം തമാശയായി അത് തള്ളിക്കളഞ്ഞു. അവർ നൂഹിനോട് പരിഹാസത്തോടെ ചോദിച്ചു:

“നൂഹേ, നിൻെറ കപ്പലോടാൻ ഈ മരുഭൂമിയിൽ വെള്ളമുണ്ടോ?”

“നിങ്ങളെന്നെ പരിഹസിക്കുകയാണെങ്കിൽ ഞാൻ നിങ്ങളെയും പരിഹസിച്ചുകൊണ്ടിരിക്കുകയാകുന്നു. ആരുടെ മേലാണ് അപമാനകരമായ ശിക്ഷ വന്നിറങ്ങുകയെന്നും തടുക്കാനാവാത്ത ആ വിപത്ത് ആരെയാണ് ബാധിക്കുകയെന്നും അടുത്തുതന്നെ നിങ്ങൾ അറിയുന്നതാണ്.”

❄ ❄ ❄

കപ്പൽ നിർമാണം പൂർത്തിയായി.

മൂന്ന് തട്ടുകളുള്ള നൗക. താഴെ തട്ട് വന്യജന്തുക്കൾക്ക് താവളമായിരുന്നു. അവയുടെ വന്യ സ്വഭാവം കണക്കിലെടുത്ത് പ്രത്യേകം അറകളും അതിൽ നിർമിച്ചിരുന്നു. മധ്യഭാഗം മനുഷ്യ വാസത്തിന്. മുകളിൽ പറവകൾക്കും. എല്ലാറ്റിനും മീതെ മഴയിൽനിന്നും സുരക്ഷിതത്വത്തിനായി ഡക്കും പണിതു.

നാഥൻെറ പ്ളാനനു സരിച്ച നൂഹിൻെറ കപ്പൽ. ചരിത്രത്തിലെ ആദ്യത്തെ നൗക.

"കർത്താവ് അരുൾ ചെയ്തു: ........അവരിലൂടെ ഭൂമി അക്രമം കൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഞാൻ ഭൂമിയോടൊപ്പം അവരെ നശിപ്പിക്കും. നീ ഗോഫർ മരം കൊണ്ട് ഒരു പെട്ടകം ഉണ്ടാക്കുക. പെട്ടകത്തിന് അറകൾ ഉണ്ടാക്കി, അകത്തും പുറത്തും കീൽ തേക്കണം. പെട്ടകം നിർമിക്കേണ്ടത് ഈ വിധമാണ്: അതിന് മുന്നൂറ് മുഴം നീളവും അൻപത് മുഴം വീതിയും മുപ്പത് മുഴം ഉയരവും ഉണ്ടായിരിക്കേണം. പെട്ടകത്തിന് വശങ്ങളിൽനിന്ന് ഒരു മുഴം തള്ളി ഉയരത്തിൽ മേല്പുര പണിയേണം. വാതിൽ പെട്ടകത്തിൻെറ ഒരു വശത്തായിരിക്കേണം. പെട്ടകത്തിന് ഒരു കീഴ്ത്തട്ടും രണ്ടാം തട്ടും മേൽതട്ടും വേണം." (ഉല്പത്തി 6:14-17)

കപ്പലിൻെറ മിനുക്കു പണി തീർന്നു. നൂഹ് അനുചരരോടൊത്ത് കപ്പൽ പരിശോധിച്ചുകൊണ്ടിരിക്കുകയായിരുന്നു. സ്രഷ്ടാവ് അദ്ദേഹത്തെ വിളിച്ചു. മറ്റുള്ളവർക്ക് അപ്രാപ്യമായ ആ വിളികേട്ട് നൂഹ് തലതാഴ്ത്തിനിന്നു. അദ്ദേഹത്തിൻെറ ഇന്ദ്രിയങ്ങളുണർന്നു. നിഗൂഢതയുടെ കരസ്പർശത്തിൽ നിശ്ചലനായ നൂഹ് വിയർത്തുനിന്നു.

ബോധനം നിലച്ചതോടെ അദ്ദേഹം ഇളകി.

"വരിൻ."

ദൃഢമായ ആജ്ഞാസ്വരം.

വെപ്രാളത്തോടെ നൂഹ് കാട്ടിലേക്കോടുകയായിരുന്നു. കൂട്ടുകാർ നീട്ടിവലിച്ച് അദ്ദേഹത്തെ പിന്തുടർന്നു.

നാഥൻെറ ഇംഗിത പ്രകാരം എല്ലാ ജന്തുവർഗത്തിലെയും ഇണകളെ ആട്ടിപ്പിടിച്ച് അവർ കപ്പലിൽ കയറ്റാൻ തുടങ്ങി. അവ ഒത്തൊരുമയോടെ അവരെ അനുസരിച്ചു- ആനയും കുതിരയും പറവകളും........ ഭൂമിയിൽ ജന്തുവർഗങ്ങൾ കുറ്റിയറ്റു പോകരുത്. മനുഷ്യർക്ക് ഉപകാരപ്പെടാൻ അവ ജീവിച്ചിരിക്കണം. അവയുടെ ജീവൻ നിലനിർത്താൻ ആവശ്യമായ വിഭവങ്ങളും അവർ കപ്പലിൽ ഒരുക്കൂട്ടിത്തുടങ്ങി.

എല്ലാറ്റിനും ധിറുതിയുടെ താളം........

❄ ❄ ❄

നൂഹും കൂട്ടരും കപ്പലിനടുത്ത് തിരക്കിട്ട സന്നാഹത്തിലായിരുന്നു. കുളിർക്കാറ്റ് കിതച്ചെത്തി. കാറ്റിനൊത്ത് കാണെ മാനത്ത് മേഘം വന്നടിഞ്ഞു. അവ ക്രമേണ ആർമിനിയക്ക് മീതെ കനത്തുവന്നു.

സൂര്യബിംബമണഞ്ഞു.........

കാറ്റ് ശക്തിയോടെ വീശിത്തുടങ്ങി.

ഭൂതാപമറ്റു.........

ദൈവിക ശിക്ഷ ആർമീനിയയെ ഗ്രസിച്ചുനിന്നു.........

നൂഹും കൂട്ടരും ഇടക്കിടെ മാനത്തേക്ക് നോക്കുന്നുണ്ടായിരുന്നു. പ്രകൃതിയുടെ മാറ്റത്തിൽ അവരുടെ ഹൃദയം പ്രകമ്പിതങ്ങളായി. അവരുടെ കണ്ണുകളിൽ ആശങ്ക കതിരിട്ടു.

കർമങ്ങൾക്ക് ജാഗ്രതയും വേഗതയും......

ധിക്കാരിക്കൂട്ടം ആർത്തുല്ലസിക്കുകയായിരുന്നു. പ്രകൃതിയുടെ യദൃഛയാ മാറ്റം അവരെ ഉന്മത്തരാക്കി. ആർമീനിയായിൽ ഉഷ്ണം കത്തുകയായിരുന്നല്ലോ.

ഒരിറ്റ് മഴ.........

നാളത്രയും അവ രുടെ വേഴാമ്പൽ കണ്ണുകൾ മാനത്ത് മേഘത്തെ പരതുകയായിരുന്നു. മേഘം തണലിട്ട അവരുടെ മനസ്സ് പുളകം കൊണ്ടു:

"ഹായ്, ഇന്ന് മഴ പെയ്യുമെന്നുറപ്പ്."

കാറ്റിന് ശക്തി കൂടി. കാണേ, അത് സംഹാരഭാവം പൂണ്ടു.

പെട്ടെന്നായിരുന്നു ദിഗന്തങ്ങളെ നടുക്കി ഇടിവെട്ടിയത്.

ഭൂമി കിടിലം കൊണ്ടു.

ദൈവകോപം ആർമീനിയയുടെ സിരാതന്തുക്കളിൽ കത്തിപ്പടർന്നു.

മനുഷ്യനെ സേവിക്കേണ്ട പ്രകൃതി ഇപ്പോൾ സംഹാരഭാവം പൂണ്ടുകഴിഞ്ഞു. പ്രകൃതിയും അതിൻെറ നാഥൻെറ ഇംഗിതത്തിന് വിധേയമാണല്ലോ.

അതിശക്തമായ ഒരിടി- മേഘത്തിനുള്ള ദൈവകല്പന. കല്പനയുടെ കരം പതിഞ്ഞ് മേഘം ഇളകിമറിഞ്ഞു. അത് അലറിപ്പിടിച്ച് ഭൂമിയിലേക്ക് കുത്തിയൊലിക്കാനാരംഭിച്ചു. ഭൂതലം തുളച്ചിറങ്ങുന്ന ജലപാതം. കാഴ്ചകളെ അന്ധമാക്കുന്ന മിന്നൽപിണറുകൾ. ഹൃദയങ്ങളെ ചിതറിത്തെറിപ്പിക്കും വിധം ഇടിവെട്ടി. ഭൂഗർഭം കിടിലം കൊണ്ടു.

നാഥൻെറ ആജ്ഞ ഭൂമിയെ വിറകൊള്ളിച്ചു. അതിൻെറ ശക്തിയിൽ ഭൂതലത്തിൽ സുഷിരം തീർത്ത് ജലം മുകളിലേക്കുയർന്നു. താപം പഴുത്ത പ്രതലത്തിലായിരുന്നു ആദ്യ ഉറവ.

നെരിപ്പോടാർന്ന അടുപ്പിൽനിന്ന് നീരുറവയുടെ ആദ്യകണം ഭൂതലത്തിലേക്കൊഴുകി..........

കിടുകിടുത്ത നൂഹ് അനുചരരെയും കൂട്ടി കപ്പലിലേക്കോടി. അദ്ദേഹം അവരോട് വിളിച്ചുപറയുന്നുണ്ടായിരുന്നു.:

"അതിൽ കയറുവിൻ. അതിൻെറ സഞ്ചാരവും നിറുത്തവും അല്ലാഹുവിൻെറ നാമത്തിലാകുന്നു. എൻെറ റബ്ബ് ഏറെ പൊറുക്കുന്നവനും ദയാപരനുമാകുന്നു."

ശക്തമായ പേമാരിയും ഉറവയും. നിമിഷങ്ങൾക്കകം ഭൂമിയിൽ ജലം പൊങ്ങി. ആർമീനിയയിൽ പ്രളയം രൂപംകൊള്ളുകയായിരുന്നു.

ദിഗന്തങ്ങളെ തകർക്കുന്ന ഇടി ഇടവിടാതെ ഗർജിച്ചുകൊണ്ടിരുന്നു. ചകിതരായ നൂഹും അനുചരരും പ്രാർഥനാനിരതമായ മനസ്സോടെ കപ്പലിനുള്ളിൽ കണ്ണും കാതുമടച്ചിരുന്നു.

ഹിമം നിറഞ്ഞ പേമാരി.........

വീശിയടിക്കുന്ന കൊടുങ്കാറ്റ്.........

മലകളിൽ ഉരുൾ പൊട്ടി. മലവെള്ളം അവരുടെ ഗൃഹങ്ങളുടെ കുറിമാനം പോലും മായ്ച്ചു സമതലത്തിലേക്ക് കുത്തിയൊലിച്ചു.

കൊടുങ്കാറ്റ് വൻവൃക്ഷങ്ങൾ പിഴുതെറിഞ്ഞു. അതവരുടെ ഗൃഹങ്ങളെ ഛിന്നഭിന്നമാക്കി. നദികളും ജലാശയങ്ങളും കരയിലേക്ക് തള്ളിക്കയറി. താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിലമർന്നു.

ധിക്കാരിക്കൂട്ടം വിഹ്വലരായിക്കഴിഞ്ഞിരുന്നു. ആകസ്മികമായ ഈ വിപത്തിൽനിന്ന് സുരക്ഷിത സ്ഥാനം തേടി അവർ നെട്ടോട്ടമോടി. അവ അവർക്ക് സംരക്ഷണമാകുമെന്ന വിശ്വാസത്തോടെ.

ജലം വീണ്ടും പൊങ്ങി. അത് നൂഹിൻെറ കപ്പലിനെ സമീപിച്ചു. തൂഫാൻ അതിനു ചുറ്റും തിര തല്ലി. പതുക്കെ, കപ്പൽ ഇളകിത്തുടങ്ങി- അത് നിലം വിട്ടുയരുകയായിരുന്നു. ദൈവേഛയോടെ തിരകൾ അതിനെ മുന്നോട്ട് നയിക്കാൻ തുടങ്ങി-

"ബിസ്മില്ലാഹി........

❄ ❄ ❄

ജലം വീണ്ടും പൊങ്ങി. അവരുടെ സഞ്ചാരപഥത്തിനും കൃഷിയിടത്തിനും മീതെ പ്രളയം തിര തല്ലി- അവരുടെ സഞ്ചാരവും അന്നപാനവും മുടങ്ങി. ഉള്ളിലൊതുക്കിപ്പിടിച്ച ഭീകരതയോടെ പ്രളയം അവരുടെ ഗൃഹങ്ങളിലേക്കും കയറി- അതവരെ പിടികൂടാനുള്ളതാണല്ലോ.

ഗതിയറ്റ ധിക്കാരിക്കൂട്ടം തങ്ങളുടെ ആരാധ്യന്മാരെ വിളിച്ചലറിത്തുടങ്ങി. പക്ഷേ, മരിച്ചു മൺമറഞ്ഞ അവരുടെ "ആരാധ്യർ" എന്തറിയാൻ?

പിശാച് ചിരിച്ചു. അവൻ അവരെ കൈവിട്ടോടുകയായിരുന്നു.

ധിക്കാരിക്കൂട്ടം ഉയർന്ന പ്രദേശങ്ങൾ തേടി ഓടി- അബലരെ കൈവിട്ട നെട്ടോട്ടം. ഉപേക്ഷിക്കപ്പെട്ട വൃദ്ധരും കുട്ടികളും വാവിട്ടലറി. സ്ത്രീകൾ മാറത്തടിച്ചു കരഞ്ഞു.

ജലവിതാനം വീണ്ടും ഉയർന്നു. തിരയെ മുറിച്ച് അവർ മലകളിലേക്ക് നീന്താൻ തുടങ്ങി. പക്ഷേ, സുരക്ഷിതങ്ങളെന്ന് ധിക്കാരിക്കൂട്ടം സമാധാനിച്ച കുന്നുകളിലേക്കും തൂഫാൻ തിരതല്ലി നീങ്ങാൻ തുടങ്ങി.

ചിലരെ തിര ജലത്തിലമർത്തിപ്പിടിച്ചു. അവരുടെ സ്വപ്നം പ്രളയത്തിലമർന്നു. ആത്മാവ് അകന്ന നെഞ്ചിനുള്ളിൽ തൂഫാൻ ജലം നിറച്ചു.

കപ്പൽ നിർമിച്ചുകൊണ്ടിരുന്ന നൂഹിനെ പരിഹസിച്ചവർ വെപ്രാളത്തോടെ പ്രളയത്തിൽ തട്ടിപ്പിടക്കുകയായിരുന്നു. അദൃശ്യതയിൽ രൂപം കൊണ്ട ദൈവികതീരുമാനം അവരുണ്ടോ മനസ്സിലാക്കുന്നു? ധിക്കാരം കൂടുകൂട്ടിയ മനസ്സുകൾക്ക് അദൃശ്യകാര്യങ്ങളെ സംബന്ധിച്ച ചിന്ത അപ്രാപ്യമാണ്.

ഇതെന്തുകൊണ്ട് സംഭവിച്ചു?

നാം ആലോചിക്കേണ്ട. നമുക്ക് നമ്മോടു തന്നെ ചെറുതായി ചോദിക്കാം: സ്വന്തം ദൈവത്തിൻെറ വിളിക്കുത്തരം നല്കാൻ 950 വർഷക്കാലം എന്തേ മതിയാകാതെ വന്നു?

സ്രഷ്ടാവിൻെറ ഇഛയാണല്ലോ വലുത്. ഭൂമിയിൽ അത് നടത്തേണ്ടത് മനുഷ്യരാണ്. അതിനാണ് മനുഷ്യനെ സൃഷ്ടിച്ചത്. ഈ ബാധ്യത മനുഷ്യൻ നിർവഹിക്കാതിരുന്നാൽ സ്രഷ്ടാവിന് അവൻെറതായ രീതികളുണ്ട്. അതാണിപ്പോൾ ആർമീനിയ അനുഭവിക്കുന്നത്.

നൂഹും കൂട്ടരും പ്രളയത്തിൻെറ ഭീകരത ദർശിക്കുന്നുണ്ടായിരുന്നു. കപ്പലിൻെറ മുകൾത്തട്ടിലിരുന്നാൽ അവർക്കതെല്ലാം നന്നായി കാണാം.

ശക്തമായ അലകളിൽ കപ്പൽ ആടിയുലഞ്ഞു.

ആർമീനിയയെ ഗ്രസിച്ച ദൈവികശിക്ഷ വിശ്വാസികളെ ചകിതരാക്കിയിരുന്നു- പ്രളയത്തിൽ സ്രഷ്ടാവിൻെറ മഹാശക്തിയുടെ ദൃഷ്ടാന്തം ദർശിച്ച ഭക്തിപാരവശ്യം.

പെട്ടെന്ന്, കപ്പലിനടുത്തു കൂടെ ഒരാൾ നീന്തുന്നത് നൂഹ് കണ്ടു. അയാൾ കിതക്കുകയും അമറുകയും ചെയ്യുന്നുണ്ടായിരുന്നു. നൂഹ് അയാളെ ശ്രദ്ധിച്ചു- കൻആൻ. സ്വന്തം പുത്രൻ. അവൻെറ അപകടം കണ്ടറിഞ്ഞ വെപ്രാളത്തോടെ അദ്ദേഹം അവനെ വിളിച്ചു:

"മോനേ കൻആൻ."

പുത്രവാത്സല്യം ഹൃദയത്തിൽ ചുരമാന്തി.. അദ്ദേഹം താഴെ തട്ടിലേക്കോടി ആവുന്നത്ര ഉച്ചത്തിൽ മകനെ വിളിച്ചു.

“മോനേ, കൻആൻ. ഞങ്ങളോടൊപ്പം ഈ കപ്പലിൽ കയറിക്കൊള്ളുക. നിഷേധികളോടൊപ്പം ആകാതിരക്കുക.”

പുത്രവാത്സല്യം ചുരത്തിയ വിളി മാരിയെ കീറിമുറിച്ചു കൻആനെ പുല്കി.

“വാപ്പാ, ഞാനീ മലയിലേക്ക് കയറിക്കൊള്ളാം. അതെന്നെ പ്രളയത്തിൽനിന്നും രക്ഷിച്ചു കൊള്ളും.” അയാൾ മുന്നോട്ടു നീങ്ങി.

പ്രളയത്തിൻെറ നിയോഗവും ധിക്കാരിക്കൂട്ടത്തിൻെറ പരിണതിയുമായി അതിനുള്ള ബന്ധവും അയാൾ ചിന്തിച്ചില്ല. ഇതരയെ ദൈവമാക്കിയ മുഴുവൻ ആളുകളുടെയും ഗതി അതായിരിക്കു മെന്നു തീർച്ച. വസ്തുതകൾക്ക് മുമ്പിൽ അന്ധരും ഊമരും ബധിതരുമാണവർ. അവരുണ്ടോ നിയതിയിലേക്ക് മടങ്ങുന്നു?

പ്രളയത്തിൽ മുങ്ങിത്താഴുമ്പോഴും കപ്പലിൽനിന്നും അവരെ അകറ്റിനിർത്തിയതെന്തായിരുന്നു?

കപ്പലിൽ കയറുകയെന്നത് താല്ക്കാലികമായ ഒരേർപ്പാടായിരുന്നില്ല. അവർക്കത് നന്നായി അറിയാമായിരുന്നു. നൂഹിനോടൊപ്പം കപ്പലിൽ കയറുകയെന്നത് ഏകദൈവത്തെ സർവാത്മനാ അംഗീകരിച്ചവരുടെ ഗണത്തിൽ സ്വമേധയാ അണിചേരുകയെന്നാണ്. കാരണം, പിൽക്കാലത്ത് ഭൂമിയിൽ നിറയേണ്ട ശുദ്ധരായ മനുഷ്യരുടെ വിത്തുകളായിരുന്നല്ലോ കപ്പലിൽ - ദൈവത്തിൻെറ രക്ഷാപാത്രത്തിൽ- കയറിയ ആ വിശ്വാസികളത്രയും. അവിശ്വാസിയും ധിക്കാരിയുമായ ഒരു കുട്ടി പോലും അതിൽ ഉണ്ടായിരുന്നില്ല- നൂഹിൻെറ ഭാര്യപോലും. ദൈവധിക്കാരിയായിരുന്നു അവൾ.

“മോനേ,”

നൂഹ് വിളിച്ചു.

“..........”

“മകനേ, ഈ ദിനം അല്ലാഹുവിൻെറ വിധിയിൽനിന്നും രക്ഷിക്കുന്ന യാതൊന്നുമില്ല. അവൻ തന്നെ വല്ലവർക്കും കാരുണ്യമേകിയാലല്ലാതെ.”

ധിക്കാരം കൻആൻെറ തലക്കുള്ളിൽ കൂടുകൂട്ടിയിരുന്നു. അയാൾ പിതാവിനോടുത്തരം പറയാതെ മുന്നോട്ടു നീങ്ങി.

എത്ര കടുത്ത ധിക്കാരം? ദൈവം തന്ന മനസ്സും ബുദ്ധിയും മനുഷ്യൻ എന്തുകൊണ്ട് അവ നെതിരെ ഉപയോഗിക്കുന്നു? അവിവേകമല്ലേ അത്?

ഒരു കാര്യം തീർച്ച:

പിശാചിനല്ലാതെ അത്തരം പതനത്തിലേക്ക് മനുഷ്യനെ കൊണ്ടെത്തിക്കാനാകില്ല. ചിന്തിക്കുന്ന മനുഷ്യനെയാണ് പിശാചിന് ആവശ്യം. ജന്തുക്കളെയും മരിച്ചവരെയും അവന് ആവശ്യമില്ല. അതിനാലല്ലേ മറ്റു ജന്തുലോകത്ത് ഇത്തരം ദുഷ്കൃതങ്ങളൊന്നും കാണാത്തത്?

കുളിര് പെയ്യുന്ന മഴ.......

ഹിമം കോറുന്ന കലക്ക് വെള്ളം.......

അലറിപ്പായുന്ന തിര.......

ഭ്രാന്തുപിടിച്ച കാറ്റ്.......

ഒരു തിരയുയർന്നു. നാഥൻെറ ആജ്ഞ തിരയിലുടക്കി. അത് ഭ്രാന്തമായി മുന്നോട്ടു നീങ്ങി........

കൻആൻ നീന്തുകയായിരുന്നു. അയാൾ തിരയോടടുത്തു. തിരയിലൊളിഞ്ഞ ദൈവികകരം അയാളുടെ മൂർദ്ധാവിൽ തന്നെയിടിച്ചു. അതാ, അഹങ്കാരത്തിൻെറയും ധിക്കാരത്തിൻെറയും ഒരു കോട്ട പ്രളയത്തിൽ പൊട്ടിത്തകരുകയായി. ആ ജഡം ആഴിയിലേക്ക് തെന്നിത്തെന്നി താഴുന്നത് നൂഹ് ഞെട്ടലോടെ നോക്കിനിന്നു.

“മോനെ,”

ആ ഹൃദയം പിടച്ചു. പുത്രവാത്സല്യം ഹൃദയത്തിൽ ഉറവയെടുത്തു. നൂഹ് വിലപിച്ചു തുടങ്ങി.

“നാഥാ”

❄ ❄ ❄

മനുഷ്യൻ!

എത്ര വിചിത്രമാണവൻെറ അന്തഃരംഗം! അവന് മാലാഖയെക്കാൾ ഉന്നതനാവാം. അതാണ വന് ദൈവം നിശ്ചയിച്ച ആത്മീയ-ആദർശഭാവം. അത് പുല്കുമ്പോൾ അവൻ താരകങ്ങ ളെക്കാൾ പ്രശോഭിതനാകും. ചുറ്റുപാടും അതേറ്റു പ്രകാശമാനമാവുകയായി. ലോകത്തിനത് ശാന്തി. അത് കൈവിടുമ്പോൾ അവൻ പിശാചിനെക്കാളും നാല്ക്കാലിയെക്കാളും തരംകെട്ടവൻ. അപ്പോഴവൻ സ്വന്തത്തിനും ചുറ്റുപാടിനും അന്ധകാരമായിരിക്കും. ഭൂമിയിലവൻ നാശഹേതുകമാ യിരിക്കും. അതത്രെ നൂഹിൻെറ ജനത്തിനും സംഭവിച്ചത്. പക്ഷേ, ദൈവം എല്ലാ കാലവും അനുവദിക്കുന്ന പ്രവണതയല്ല അത്. അവൻ മനുഷ്യർക്ക് തെറ്റ് തിരുത്താനും സ്വയം സംസ്കൃ തരാകാനും അവസരമൊരുക്കുന്നു. അതും ധിക്കരിച്ച് ഭൂമിയിൽ കലാപമുണ്ടാക്കുന്നവരെ അവൻ പിൽക്കാലക്കാർക്ക് മാതൃകയാകും വിധം ശിക്ഷിക്കുക തന്നെ ചെയ്യും.

മനുഷ്യൻെറ പച്ചയായ സ്വപ്നങ്ങൾക്കു മീതെ പ്രളയം ദിനങ്ങളോളം തിരതല്ലി ആക്രമിച്ചു. തകർന്നടിഞ്ഞ വീടുകളുടെ അവശിഷ്ടങ്ങളെയും ജഡങ്ങളെയും ഉള്ളിലൊതുക്കി അത് തിര

യടിച്ചു. ആർമീനിയയിലെ ധിക്കാരിക്കൂട്ടത്തിൻെറ അവസാന കണികയെയും തേടി തൂഫാൻ തിര യുതിർത്തു.

സമതലങ്ങളിൽ തിരതല്ലി........
കുന്നുകളിൽ തിരതല്ലി........
പർവതങ്ങളിൽ തിരതല്ലി........
തിരയുതിർക്കുന്ന ചുവന്ന കടൽ.......
പ്രളയത്തിൽ ആടിയുലയുന്ന നൂഹിൻെറ കപ്പൽ.......
മാരി വർഷിക്കുന്ന മേഘാവൃത മാനം.......
അതിനപ്പുറം ആർമീനിയ ഒന്നുമായിരുന്നില്ല.

"ഭൂമിയിൽ നാല്പത് ദിവസം ജലപ്രളയമായിരുന്നു...... ആകാശത്തിൻ കീഴെയുള്ള ഉന്നത പർവതങ്ങളെല്ലാം മുങ്ങിപ്പോകുമാറ് വെള്ളം ശക്തമായി പെരുകി. പർവതങ്ങൾ മൂടിപ്പോകത്തക്ക വണ്ണം വെള്ളം പതിനഞ്ച് മുഴം അവയ്ക്കു മേൽ ഉയർന്നു." (ഉല്പത്തി: 7: 17-20)

ഇടിയും മിന്നലും മഴയും ഘോരമായി തുടർന്നു. ആർമീനിയയുടെ നാഡിമിടിപ്പുകൾ നിലച്ചു. അതിൻെറ അകത്ത് തൂഫാൻ അലതല്ലി. ദൈവകോപത്തിൻെറ പ്രളയത്തിൽ കിടന്ന് ആർമീനിയ അതിൻെറ ചരിത്രത്തിലെ സ്തോഭജനകമായ അദ്ധ്യായം രചിച്ചു- മനുഷ്യചരിത്രത്തിലേക്കുള്ള അതിൻെറ പുറപ്പാട്. മനുഷ്യബോധത്തിന് കാലത്തെ സാക്ഷിനിറുത്താനുള്ള ഒന്നാമത്തെ പാഠം!

"നൂഹിൻെറ ജനം നശിച്ചു. ധിക്കാരിക്കൂട്ടത്തെ തൂഫാൻ നക്കിത്തുടച്ചു. ഭൂമിയിൽ ചലിച്ചിരുന്ന എല്ലാ ജീവജാലങ്ങളും- പക്ഷികളും കന്നുകാലികളും മൃഗങ്ങളും ഭൂമിയിൽ നിറഞ്ഞിരുന്ന എല്ലാം ജന്തുക്കളും എല്ലാ മനുഷ്യരും ജീവശ്വാസമുള്ളതായി കരയിലുണ്ടായിരുന്ന എല്ലാ ജീവജാലങ്ങളും- ചത്തൊടുങ്ങി. മനുഷ്യനെയും മൃഗങ്ങളെയും ഇഴജന്തുക്കളെയും ആകാശത്തിലെ പക്ഷികളെയും ഭൂമുഖത്തുള്ള ജീവജാലങ്ങളെയും അങ്ങനെ അവൻ തുടച്ചുനീക്കി. അവയെ ഭൂമിയിൽനിന്ന് നിർമാർജനം ചെയ്തു." (ഉല്പത്തി 7: 21-23)

"നാശകാരികളിൽനിന്ന് തങ്ങളെ രക്ഷിച്ച അല്ലാഹുവിന് സ്തുതി." തിരയിലേക്ക് നോക്കി നൂഹ് ആത്മഗതം കൊണ്ടു.

സാഗരജീവിതം വിശ്വാസികളെ പ്രയാസപ്പെടുത്തിത്തുടങ്ങിയിരുന്നു. കോരിച്ചൊരിയുന്ന മഴയത്തും ശീതക്കാറ്റിലും മനുഷ്യന് ജീവിക്കാനാവില്ലെന്നുറപ്പ്, തിരകൾ വികൃതമാക്കിയ സഹോദര ജഡങ്ങൾക്കിടയിൽ പ്രത്യേകിച്ചും.

❄ ❄ ❄

പ്രവാചകൻ നൂഹ് ഗദ്ഗദം കൊള്ളുകയായിരുന്നു. അതിനു മുമ്പിൽ തൂഫാൻ ഗർജനം നിറുത്തി.

"നാഥാ, ഇനി മതി. ഇനിയും ഇത് തുടർന്നാൽ എൻെറ ആളുകൾ കഷ്ടപ്പെടും."

നൂഹിൻെറ പ്രാർഥന മാരിയെ കീറിമുറിച്ച് നാഥൻെറ സവിധത്തിലേക്കുയർന്നു. അവനത് സ്വീകരിച്ചു.

പ്രപഞ്ചശക്തിയുടെ കരസ്പർശം! തിരകളടങ്ങി.

മേഘക്കൂട്ടത്തിന് അല്ലാഹുവിൻെറ ആജ്ഞ കിട്ടി. മാരി നിലച്ചു. മേഘം മാനത്തിൻെറ അനന്തതയിൽ പറന്നകന്നു. ആകാശം പ്രസന്നമായി. ഭൂമിയെയും അവൻ വിളിച്ചു. വിളികേട്ട് ഉറവകളടഞ്ഞു. ഉറവയെടുത്ത സുഷിരങ്ങളിലൂടെ ജലം ഭൂഗർഭത്തിലേക്കു തന്നെ കുത്തിയൊഴുകി. തകർന്നടിഞ്ഞ ഗ്രാമങ്ങളും ഗൃഹങ്ങളും ജഡങ്ങളും കരയിലുഴിഞ്ഞ കുത്തിയൊഴുക്ക്.

മാനം തെളിഞ്ഞു. തല നീട്ടിയ സൂര്യകിരണങ്ങളേറ്റ് അന്തരീക്ഷം ചിരിതൂകി. അന്ന്, പർവതങ്ങളിൽ ആദ്യം ചരിത്രഭാഗ്യം കിട്ടിയ ജൂതിയിൽ നൂഹിൻെറ കപ്പൽ തങ്ങി. വിശ്വാസികൾ സന്തോഷിച്ചു.

ഭൂമി വാസയോഗ്യമായിട്ടില്ല. വിശ്വാസികളുടെ കപ്പൽജീവിതം പിന്നെയും തുടർന്നു.

ഒരിക്കൽ, തൂഫാൻെറ സ്ഥിതിഗതികളറിയാനായി നൂഹ് ഒരു പ്രാവിനെ പുറത്തേക്ക് വിട്ടു. കൂട്ടിലടക്കപ്പെട്ടിരുന്ന പ്രാവ് സ്വാതന്ത്ര്യത്തിൻെറ പക്ഷം വിടർത്തി. ചക്രവാളം അതിനെ സ്വീകരിച്ചു. പിന്നെ എപ്പോഴോ അത് തിരിച്ചെത്തിയത് കൊത്തിപ്പിടിച്ച ഒലിവിൻ ചില്ലയുമായിട്ടായിരുന്നു.

വെള്ളം ഇറങ്ങുന്നതിൻെറ ലക്ഷണം കണ്ട് വിശ്വാസികൾ സന്തുഷ്ടരായി.

കപ്പൽ ജീവിതം നീളുകയായിരുന്നു. ജന്തുക്കൾ അക്ഷമ കാട്ടിത്തുടങ്ങി.

ഭൂമി വാസയോഗ്യമാണോ എന്നറിയാൻ നൂഹ് ഒരു കാക്കയെ പുറത്തേക്ക് വിട്ടു. എച്ചിൽ ചികയാനുള്ള അതിൻെറ സഹജബോധം ഉണർന്നു. ജലം വറ്റിയ സ്ഥലങ്ങളിൽ കാക്ക ചിക്കിച്ചികഞ്ഞ് പശിയടക്കി.

കാക്ക തിരിച്ചെത്തിയത് കളിമണ്ണ് പുരണ്ട കാലുകളുമായാണ്. വിശ്വാസികൾ സന്തോഷിച്ചു- പുറത്തേക്കിറങ്ങാറായല്ലോ.

വിശ്വാസികൾ സ്വാതന്ത്ര്യവും കാത്ത് കഴിയവേ നൂഹിൻെറ വദനത്തിൽ വേദന നിഴൽ വിരിച്ചുതുടങ്ങിയിരുന്നു. തിരയിലൊടുങ്ങിയ മകൻെറ ഓർമ ആ മനസ്സിൽ പച്ചപിടിച്ചുനിൽക്കുന്നുണ്ടായിരുന്നു.

നൂഹും ഒരു പിതാവ്. ആ പുത്രവിയോഗഖിന്നൻ നാഥൻെറ നേരെ തൻെറ മനക്കൂട് തുറന്നുവെച്ചു:

"അല്ലാഹുവേ, എൻെറ മകൻ എൻെറ കുടുംബത്തിൽ പെട്ടവനല്ലോ. നിൻെറ വാഗ്ദാനം സത്യവുമാണ്. നീ വിധികർത്താക്കളിൽ ഏറ്റം ഉൽകൃഷ്ടനല്ലോ."

മകൻെറ ചിത്രം കോറിയിട്ട മനസ്സുമായി വിഷാദം തൂകി ഒഴിഞ്ഞ ഒരിടത്തിരിക്കുകയായിരുന്നു നൂഹ്. നാഥൻ അദ്ദേഹത്തോട് സംസാരിക്കാൻ തുടങ്ങി. താക്കീത് ശ്രവിക്കുന്ന ഭീതി നൂഹിൻെറ മുഖത്ത് പ്രകടമായി. മുഖം വിവർണമായി. പിന്നെ വെപ്രാളം കത്തിയ മനസ്സോടെ അദ്ദേഹം വിലപിക്കാൻ തുടങ്ങി:

"നാഥാ, എനിക്കറിഞ്ഞുകൂടാത്ത കാര്യം നിന്നോടാവശ്യപ്പെടുന്നതിൽനിന്നും ഞാൻ അഭയം തേടുന്നു. എനിക്ക് പൊറുത്തുതരികയും കാരുണ്യമരുളുകയും ചെയ്യുന്നില്ലെങ്കിൽ ഞാൻ നശിച്ചവനായിത്തീരുമല്ലോ."

നൂഹിനെന്തേ പിണഞ്ഞത്? ധിക്കാരികളുടെ കാര്യത്തിൽ പ്രാർഥിക്കരുതെന്ന നാഥൻെറ വിലക്ക് അദ്ദേഹം മറന്നുവോ? "എല്ലാ ജന്തുവർഗത്തിലെയും ഓരോ ജോടിയെ കയറ്റിക്കൊള്ളുക, സ്വന്തം കുടുംബത്തെയും- നേരത്തെ വിധി പറയപ്പെട്ടവരൊഴിച്ച്" എന്ന ദൈവികസന്ദേശത്തിലെ കുടുംബം ഏതെന്ന് അദ്ദേഹത്തിന് മനസ്സിലാകാതെ പോയോ? എന്തോ, അദ്ദേഹത്തിൻെറ പുത്രവാത്സല്യം അണപൊട്ടി- അദ്ദേഹം അവൻെറ കാര്യത്തിൽ വിലപിച്ചു. അത്രതന്നെ.

സ്രഷ്ടാവ് അദ്ദേഹത്തെ ഗുണദോഷിച്ചതിങ്ങനെ: "ഓ, നൂഹേ, അവൻ നിൻെറ കുടുംബത്തിൽ പെട്ടവനല്ല. നിശ്ചയം, അവൻ ദുർവൃത്തിയാകുന്നു. അതിനാൽ, യാഥാർഥ്യം എന്തെന്നറിയാത്ത കാര്യങ്ങൾ നീ എന്നോട് അപേക്ഷിക്കരുത്. നീ അവിവേകികളെപ്പോലെ ആകരുതെന്ന് ഞാൻ നിന്നെ ഉപദേശിക്കുന്നു."

❄ ❄ ❄

പ്രളയം നിലച്ചു. സമതലങ്ങളിൽനിന്ന് തൂഫാൻെറ അടയാളം അപ്രത്യക്ഷമായി.

ഓ, നൂഹ്, "ഇറങ്ങിക്കൊള്ളുക. താങ്കൾക്കും താങ്കളോടൊപ്പമുള്ള സമൂഹങ്ങൾക്കും നമ്മിൽനിന്ന് സമാധാനവും അനുഗ്രഹങ്ങളുമുണ്ട്." സ്രഷ്ടാവ് നൂഹിനോട് കല്പിച്ചു.

വിശ്വാസികൾ കപ്പലിൽനിന്ന് കരയിലേക്കിറങ്ങി. ജീവജാലങ്ങൾ വെപ്രാളം കാട്ടുകയായിരുന്നു. നൂഹും കൂട്ടരും ജീവജാലങ്ങളുടെ കൂടു തുറന്നിട്ടു. തുറന്ന സ്വാതന്ത്ര്യത്തിലേക്കവ അതിവേഗം കുതിച്ചു.

നൂഹും അനുയായികളും തൂഫാൻ മാറ്റിമറിച്ച സംസ്കൃത ഭൂമിയിലൂടെ നടന്നു. അവർക്കു പിന്നിൽ കാലത്തിനുള്ള ചരിത്രപാഠമായി കപ്പൽ ജൂതിയിൽ അവശേഷിച്ചു.

*"നാം നൂഹിനെ ആണികളും പലകകളുമുള്ള കപ്പലിൽ വഹിച്ചു. നിഷേധിക്കപ്പെട്ട ഒരുവന്നുള്ള പ്രതിഫലമായ്ക്കൊണ്ട്. അത് നമ്മുടെ മേൽനോട്ടത്തിൽ സഞ്ചരിക്കുന്നു. നാമതിനെ ഒരു ദിവ്യാടയാളമാക്കി അവശേഷിപ്പിച്ചു. ആകയാൽ പാഠം പഠിക്കുന്ന വല്ലവരുമുണ്ടോ?"*

## 2

## ആദ് വംശം

**മ**ധ്യാഹ്നം.
വെയിലിന് ചൂടുപിടിച്ചുകൊണ്ടിരുന്നു.
ഉഷ്ണക്കാറ്റ് മണൽക്കുന്നുകളിൽ പൊടിപടലങ്ങളുതിർത്ത് കിതച്ചെത്തി.

ജനം ഇറമിലെ ആ തെരുവിലേക്ക് ഇറങ്ങുന്നതേയുള്ളൂ. വന്നവർ വന്നവർ നാട്ടുവർത്തമാനങ്ങളിൽ മുഴുകി ഒരിടത്ത് ഇരിപ്പുറപ്പിച്ചു. അതവരുടെ നാട്ടുകൂട്ടം ചേരുന്ന സ്ഥലമാണ്. നാട്ടുപാതയിൽ നിന്നല്പം ഉയരത്തിൽ വിശാലമായ ഒരു മൺതിണ്ട്. അതിലൊരു പാറ. ആ പാറയാണ് ഗ്രാമമുഖ്യൻെറ ഇരിപ്പിടം. അയാളുടെ നാവിലേക്ക് ചെവി കൊരുത്തിട്ട് ആളുകൾ നിലത്ത് കൂടിയിരിക്കും. ഇതാണ് അവരുടെ സഭാരീതി.

തെരുവിന് ഒരു ഭാഗത്ത് കുന്നിനു മുകളിലായി ചില ഉയർന്ന സ്തൂപങ്ങൾ കാണാം. ചില തടിമാടന്മാർ സ്തൂപം പണിയുന്നതിൽ മുഴുകിയിരിക്കുന്നതു കാണാം.

ആളുകൾ ഓരോരുത്തരായി അതുവഴി വന്നു. ഇനി നാട്ടുവിശേഷങ്ങളിൽ കയറി അതിലെ എരിവും പുളിയും നുകർന്നേ അവർ തങ്ങളുടെ വ്യവഹാരങ്ങളിലേക്ക് തിരിയുകയുള്ളൂ. അതവരുടെ ജീവിതത്തിൻെറ ഭാഗമാണ്.

ആളുകൾ അവിടെ ഒത്തുകൂടിയാൽ പിന്നെ ഇറം മുഖരിതമായി.

അല്പ നേരം കൊണ്ട് സ്ഥലത്തെ പ്രധാനികളെല്ലാം അവിടെയെത്തി.

കളിയും തമാശയുമാണ് ആദ്യമുണ്ടായത്. പിന്നെ ക്രമേണ അവരുടെ വിഷയത്തിൻെറ ഭാവം മാറി. അവരുടെ മുഖഭാവം ഗൗരവമണിഞ്ഞു.

“ഹൂദിൻെറ ശല്യം എങ്ങനെയെങ്കിലും ഒന്നവസാനിപ്പിക്കണം.” കൂട്ടത്തിൽ ഒരാളുടെ ദൃഢമായ സ്വരം ഉതിർന്നു വീണത് പെട്ടെന്നായിരുന്നു.

“നോക്ക്, നമ്മെപ്പോലെ തിന്നുകയും കുടിക്കുകയും ചെയ്യുന്ന ഒരുത്തൻ പ്രവാചകനെന്നോ? അങ്ങനെയാണെങ്കിൽ ദൈവത്തിന് സമൂഹത്തിലെ പ്രമുഖരെ ആരെയെങ്കിലും ദൈവദൂതന്മാരായി അയക്കാമായിരുന്നില്ലേ?” അവർ പരസ്പരം ചോദിച്ചു.

ഉത്തരമില്ലാത്ത ചോദ്യത്തിനു മുകളിൽ അമർഷത്തിൻെറ പല്ലുകളിറുമ്പി അവർ ചർച്ചക്ക് വിരാമമിട്ടു.

സൂര്യൻ ജ്വലിച്ചു തുടങ്ങിയിരുന്നു.

❄ ❄ ❄

ആദ് സമൂഹം.

ചരിത്രത്തിൽ നാമാവശേഷമായ പൗരാണിക സമുദായമാകുന്നു ആദ്. അവരുടെ പൗരാണിക ചരിത്രത്തിൽനിന്നാണ് അറബിയിൽ പൗരാണികതക്ക് ആദിയ്യത്ത് എന്ന പേര് ലഭിച്ചത്. ബാഇദ അറബികൾ എന്നും അവരെപ്പറ്റി പറയുന്നു.

പ്രവാചകൻ നൂഹിൻെറ ജനതക്ക് ശേഷം ഉയിർത്തെഴുന്നേറ്റ ശക്തരായ ജനവിഭാഗമായിരുന്നു അവർ. പ്രസിദ്ധരായ വിത്തപ്രതാപികൾ.

യമൻെറും ഹിജാസിൻെറയും മധ്യേയുള്ള റുബ്ഉൽ ഖാലിക്ക് തെക്ക്-പടിഞ്ഞാറ് സ്ഥിതി ചെയ്യുന്ന അഹ്ഖാഫായിരുന്നു അവരുടെ അധിവാസ കേന്ദ്രം. റുബ്ഉൽഖാലി എന്നാണ് ആ സ്ഥലത്തിൻെറ യഥാർഥ നാമം. മണൽക്കാടായതിനാൽ അഹ്ഖാഫ് എന്ന പേരിൽ പ്രസിദ്ധമായി.

അഹ്ഖാഫ് മുതൽ ഇറാഖ് വരെ ആദ്ജനതയുടെ ആധിപത്യം നിലനിന്നിരുന്നു.

ചരിത്രത്തിൽ അറിയപ്പെട്ട അഹങ്കാരികളായിരുന്നു ആദ് ജനത. അഹങ്കാരം ഒരു ജനതയെ ചരിത്രത്തിലേക്ക് കൊണ്ടുവന്നതിന് തെളിഞ്ഞ ദൃഷ്ടാന്തം കൂടിയാണ് ആദുവംശം.

അവസാനത്തെ ആകാശഗ്രന്ഥത്തിൻെറ പരമാർശങ്ങളിൽ അവർ തെളിഞ്ഞുനിൽക്കുന്നതിങ്ങനെ:

- ഏകദൈവത്തോട് മത്സരിച്ച ബഹുദൈവാരാധകരായ ധിക്കാരികൾ.
- ജനശക്തി കൊണ്ടും ധനശക്തികൊണ്ടും ചരിത്രത്തിൽ അറിയപ്പെട്ട ജനത
- മികച്ച നാഗരികത കെട്ടിപ്പടുത്ത അതികായന്മാർ.
- ഉയർന്ന സ്ഥലങ്ങളിൽ കൊട്ടാരം പണിത് ജീവിതം തുലച്ചവർ.
- ദുർബലരെ അടിമകളാക്കിപ്പിടിച്ച് ക്രൂരമായി മർദ്ദിച്ചിരുന്ന നരാധമർ.
- നന്മയുടെ കണികയറ്റ അഹങ്കാരികൾ.
- നൂഹിൻെറ ജനതക്ക് ശേഷം ഭൂമിയുടെ ആധിപത്യം വാണ ശക്തർ.

- അവരെപ്പോലെ ലോകത്ത് ആരെയും സ്രഷ്ടാവ് സൃഷ്ടിച്ചിട്ടില്ലാത്ത വിധം അതുല്യർ.

❄ ❄ ❄

ദൈവദൂതൻ ഹൂദുബ്നു ശാലിഖ്!

നൂഹിൻെറ മകൻ സാമിൻെറ സന്താനപരമ്പരയിലെ ഉന്നത വ്യക്തിയായിരുന്നു അദ്ദേഹം. ആദ്വംശത്തിൽ അത്രത്തോളം സച്ചരിതൻ വേറെ ഉണ്ടായിരുന്നില്ല. ഏകദൈവത്തിന് ഏറെ ഇഷ്ടപ്പെട്ടവൻ.

അതിനാൽ ധിക്കാരികളായ ആ ജനത്തെ സംസ്കരിക്കാനും അവരെ ഏകദൈവത്തിൻെറ ദാസ്യത്തിലേക്ക് നയിക്കുവാനും ഏകദൈവം അദ്ദേഹത്തെ അവരിലേക്ക് ദൈവദൂതനായി നിയോഗിച്ചു.

അത് ദൈവകാരുണ്യം. ജനം പിശാചിന് വശംവദരായി തന്നിൽനിന്നകലുമ്പോൾ അവരെ തൻെറ വഴിയെ നടത്താൻ തൻെറ ദൂതന്മാരെ അയക്കുകയെന്നത് ദൈവനീതിയാണ്. അത്തരം അവസ്ഥയിലായിരുന്നല്ലോ ആദ് ജനത.

❄ ❄ ❄

അദ്ദേഹം അവരുടെ നാട്ടുവിശേഷത്തിലേക്ക് കടന്നുവന്നു. കൂടെ രണ്ടുമൂന്ന് അനുയായികളും. അവരുടെ ആഗമനം ആ ജനത്തിനത്ര പിടിച്ചിട്ടില്ലെന്ന് അവരുടെ മുഖഭാവം വിളിച്ചോതി. മുഖത്തോടു മുഖം നോക്കി അവർ തങ്ങളുടെ നീരസം പങ്കുവെച്ചു.

ദൈവദൂതൻ ഹൂദ് അവരിലേക്ക് നിയുക്തനാകുമ്പോൾ പിശാചുമായുള്ള കൂട്ടുകെട്ടിലായിരുന്നു അവർ. അവനോ, അവരുടെ പ്രകൃതത്തെ മുച്ചൂടും നശിപ്പിച്ചുകഴിഞ്ഞിരുന്നു. നന്മയുടെ അവസാനത്തെ കണികയും അവൻ അവരിൽനിന്ന് ഒപ്പിയെടുത്തു. പകരം അവരുടെ മനസ്സിൽ ദൈവധിക്കാരം കുത്തി നിറച്ചു. ഏകദൈവാരാധനയെന്ന സൽപ്രകൃതിക്ക് പകരം കൺകണ്ട രൂപങ്ങൾക്ക് ദിവ്യത്വം ആരോപിച്ച് അവയെ ആരാധിക്കുന്നതിൽ അവൻ അവരെ തളച്ചിട്ടു.

അത്ഭുതം അതല്ല. പിശാചുമായുള്ള ചങ്ങാത്തത്തിലൂടെ വിശുദ്ധി നഷ്ടപ്പെട്ടിട്ടും തങ്ങൾ പവിത്രരാണെന്ന അവരുടെ ന്യായവാദമായിരുന്നു അപാരം.

മനുഷ്യരുടെ രീതി അതാണ്. തൻേറതാണ് ശരിയെന്നാണ് എല്ലാവരുടെയും അവകാശം. അതുകൊണ്ടാണല്ലോ “തർക്കം” ആശയവിനിമയത്തിൻെറ ഭാഗമായത്.

പറഞ്ഞല്ലോ, ആദ്ജനത്തിന് അവരുടെ കാര്യത്തിലും അവകാശവാദമുണ്ടായിരുന്നെന്ന്. “ഞങ്ങൾ ഭൂമിയിൽ ശാശ്വതരാണ്, ഒരിക്കലും നശിക്കുകയേയില്ല.” അവർ നിഗളിക്കാറുണ്ടായിരുന്നു. ഏകദൈവത്തെയും തങ്ങളുടെ ജീവിതനിയോഗത്തെയും അവഗണിച്ച് അഹങ്കരിക്കുന്നവരല്ലാതെ ആരാണങ്ങനെ പറയുക? ഏകദൈവം അവർക്ക് കനിഞ്ഞേകിയ ഭൗതികവിഭവങ്ങളാണതിന് നിമിത്തമായത്. പറഞ്ഞല്ലോ, അവർ അതികായരും ധനാഢ്യരുമൊക്കെയായിരുന്നെന്ന്.

വല്ലാത്ത ജനം! ഏകദൈവത്തിന് മാത്രം അവകാശപ്പെട്ട ദിവ്യത്വം മറ്റുള്ളവക്കും കല്പിച്ചരുളി, കല്പിതരൂപങ്ങൾക്ക് ഉപാസനയർപ്പിച്ചു ജീവിതം തുലച്ച ബുദ്ധിഹീനർ.

ഹൂദ് അവരോട് പറഞ്ഞു:

“എൻെറ ജനമേ, നിങ്ങൾ ഏകദൈവത്തിന് മാത്രം ആരാധനകളർപ്പിക്കുവിൻ. അവനല്ലാതെ നിങ്ങൾക്ക് ഒരാരാധ്യനുമില്ല. നിങ്ങളെന്തേ ഈ ദുർന്നടപടി വർജിക്കാത്തത്?”

എല്ലാ പ്രവാചകന്മാരുടെയും ഉപദേശം അതായിരുന്നു. ഏകദൈവവിശ്വാസത്തിൻെറ മൂലശിലയാണത്. മനുഷ്യൻെറ പ്രകൃതിയിൽ നിക്ഷേപിച്ച അമൂല്യമായ ആത്മീയരത്നം. പിശാച് ആദ്യം അതിനെയാണ് നശിപ്പിക്കുക. അത് നശിച്ചാൽ ബാക്കിയൊക്കെ അവന് എളുപ്പം സാധിച്ചെടുക്കാം.

അത് പിശാചിൻെറ ദൗത്യം.

ഹൂദിൻെറ ഉപദേശം കേട്ട് അവർ ചൊടിച്ചു.

അദ്ദേഹത്തിനെതിരെ അവർ പടയൊരുക്കുകയായി. പിശാച് അവരുടെ അവരുടെ മുൻപിൽ തന്നെയുണ്ടായിരുന്നു. പക്ഷേ, ആ പടയൊരുക്കം അവരുടെ ചരിത്രത്തിലേക്കുള്ള പുറപ്പാടായിരുന്നു- ഉയർന്ന സ്തൂപങ്ങൾക്കുടയവരായ ഇറമിലെ ധിക്കാരിക്കൂട്ടം.

പറഞ്ഞല്ലോ, അവരുടെ ചങ്ങാത്തം പിശാചുമായിട്ടായിരുന്നെന്ന്. അവൻ അവരുടെ മനസ്സിൽ ഹൂദിനെതിരെ ശക്തമായ ദുർബോധനം ആരംഭിച്ചു. അതോടെ ഹൂദ് അവർക്ക് ദുശ്ശകുനം പോലെയായി.

പിശാച് അവരെ ദുരൂഹതയുടെ കെണിയിലകപ്പെടുത്തി. അവർ പരസ്പരം ചോദിച്ചു:

“അല്ലെങ്കിലും ദൈവം എങ്ങനെയാണ് ഒരു മനുഷ്യനെ ദൈവദൂതനായി നിയോഗിക്കുക, ഒരു മലക്കിനെയല്ലാതെ. തൻെറ ദൂതൻ പീഡിപ്പിക്കപ്പെടുന്നത് കണ്ടിട്ടും ദൈവം ഒന്നും ചെയ്യാത്തതെന്തേ? ചുരുങ്ങിയത് തൻെറ ദൂതനെ സഹായിക്കാൻ അംഗരക്ഷകരെയെങ്കിലും അയക്കാത്തതെന്ത്? അല്ലെങ്കിൽ നാം പ്രതികാരം ചെയ്യപ്പെടാത്തതെന്ത്? ഇവൻ പറയുന്നതൊന്നും വിശ്വസിക്കാനാകുന്നില്ല.”

ഹൂദിനെതിരെയുള്ള കല്ലുവെച്ച ആരോപണമായി അവരത് കൊട്ടിഘോഷിച്ചു നടന്നു.

❄ ❄ ❄

തങ്ങളിലേക്ക് ആഗതരായ സുവിശേഷകരെപ്പറ്റി അതത് ജനതളിലെ ധിക്കാരികൾ അങ്ങനെയാണ് പറഞ്ഞിരുന്നത്. അതിന് അവരുടെതായ നിഗമനങ്ങളും കൂട്ടിനുണ്ടായിരുന്നു. ദേഹേഛയിൽ നിന്ന് ഉരുവം കൊണ്ടതായിരുന്നു അത്.

അവർ ഹൂദിനെ ആക്ഷേപിച്ചുകൊണ്ട് പറഞ്ഞു:

"നീ വിഢിത്തത്തിൽ അകപ്പെട്ടതായാണ് ഞങ്ങൾക്ക് തോന്നുന്നത്. നീ വ്യാജനാണെന്നും ഞങ്ങൾ കരുതുന്നു."

തൻെറ സഹോദരങ്ങളുടെ പ്രതികരണം കേട്ട് ഹൂദ് പറഞ്ഞു:

"എൻെറ ജനമേ, എനിക്കൊരു വിഢിത്തവും പിണഞ്ഞിട്ടില്ല. പ്രത്യുത, ഞാൻ ലോകനാഥൻെറ ദൂതനാകുന്നു. ഞാൻ നിങ്ങൾക്ക് ലോകനാഥൻെറ സന്ദേശങ്ങൾ എത്തിച്ചുതരുന്നു. ഞാനോ, നിങ്ങളുടെ വിശ്വസ്തനായ ഗുണകാംക്ഷിയാകുന്നു"

ഹൂദ് തൻെറ ഉദ്യമത്തിൽനിന്ന് പിന്തിരിയൽ അവരുടെ ഒഴിച്ചുകൂടാനാകാത്ത ആവശ്യമായി മാറി. തങ്ങളുടെ സ്വൈരവിഹാരത്തിന് അതായിരുന്നല്ലോ വിലങ്ങ്തടി. അവർ ചോദിച്ചു:

"ഈവക വിഢിത്തം ചെയ്യാൻ നിനക്കെന്താ ബുദ്ധിഭ്രംശം സംഭവിച്ചോ? അതിനാരാണ് നിനക്ക് പ്രതിഫലം തരുന്നത്? അതൊക്കെ അവസാനിപ്പിച്ച് ഞങ്ങളുടെ കൂടെ വാ."

"എൻെറ ജനമേ, ഈ ജോലിക്ക് ഞാൻ നിങ്ങളോട് ഒരു പ്രതിഫലവും ചോദിക്കുന്നില്ല. അതെൻെറ നാഥങ്കലുണ്ട്. നിങ്ങൾ ഒട്ടും ചിന്തിക്കുന്നില്ലേ?"

ഉടനെ ചിലർ അദ്ദേഹത്തോട് ചോദിച്ചു:

"ഞങ്ങളെപ്പോലെ തിന്നുകയും കുടിക്കുകയും ചെയ്യുന്ന നീ ദൈവദൂതനോ?"

ഹൂദ് അവരോട് പ്രഖ്യാപിച്ചു:

"നിങ്ങളെ താക്കീത് ചെയ്യുന്നതിന് സ്വസമുദായക്കാരനായ ഒരാളിലൂടെ റബ്ബിങ്കൽനിന്നുള്ള ഉൽബോധനം ആഗതമാകുന്നതിൽ നിങ്ങൾ ആശ്ചര്യപ്പെടുന്നുവോ? നൂഹിൻെറ ജനത്തിന് ശേഷം അവൻ നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കിയതും നിങ്ങൾക്ക് വർധിച്ച മെയ്യൂക്ക് നല്കിയതും മറക്കാതിരിക്കുവിൻ. അല്ലാഹുവിൻെറ കഴിവിൻെറ അടയാളങ്ങൾ മറക്കാതിരിക്കുവിൻ. നിങ്ങൾ വിജയിച്ചെങ്കിലോ?"

വളരെ യുക്തിപൂർവകമായിരുന്നു ഹൂദിൻെറ ഉപദേശം. അദ്ദേഹമോ, അവരുടെ മോക്ഷത്തിനു വേണ്ടി ഏറെ യാതന സഹിക്കുന്നുണ്ടായിരുന്നു.

അങ്ങനെയാണ് പ്രവാചകന്മരെല്ലാം. മനുഷ്യൻെറ ക്ഷേമവും വിജയവുമാണവരുടെ ഉന്നം. അതിനു വേണ്ടി അവർ എന്തും ത്യജിക്കുന്നവരും സഹിക്കുന്നവരുമാണ്. ജനത്തിൻെറ പരാജയത്തിൽ മനം നൊന്തുരുകുന്നതാണവരുടെ പ്രകൃതം. അതത്രെ ഗുണകാംക്ഷ.

പ്രവാചകന്മാരെക്കാൾ ഗുണകാംക്ഷികൾ ആരുമില്ല.

ആദ് സമുദായം ഹൂദിനെതിരെ നിദാന്ത പ്രതിരോധത്തിലും ധിക്കാരത്തിലും ഉറച്ചുനിന്നു. സമൂഹത്തിലെ ഏതാനും താഴെ കിടയിലുള്ള ഏതാനും ആളുകൾ മാത്രം ഹൂദിനെ പിൻപറ്റി. ഭൗതികമായ ചുറ്റുപാടുകളുടെ പ്രലോഭനങ്ങളില്ലാത്ത കുറച്ചു പാവങ്ങൾ. ബോധ്യപ്പെട്ട സത്യം അംഗീകരിക്കുന്നതിൽനിന്നും അവരെ പിന്തിരിപ്പിക്കുന്ന പ്രമത്തതകളൊന്നും ഉണ്ടായിരുന്നില്ല. ഹൂദിനെ പിൻപറ്റിയാൽ ലഭിക്കാനിരിക്കുന്ന പാരത്രികഫലം അവർ അകക്കണ്ണുകൾ കൊണ്ട് കാണുന്നുണ്ടായിരുന്നു.

ധിക്കാരികളുടെ എതിർപ്പ് ശക്തമായിരുന്നു.

പക്ഷേ, ഹൂദിന് ചാഞ്ചല്യമുണ്ടായിരുന്നില്ല. അദ്ദേഹം തൻെറ കൃത്യത്തിൽ ഉറച്ചുനിന്നു. ദൈവമാർഗത്തിൽ നിന്ന് പിന്തിരിയൽ ദൈവകോപത്തിന് നിമിത്തമാകുന്ന കാര്യമാണ്. ധർമികൾക്കത് ചേർന്നതല്ല. കാരണം, മനുഷ്യരുടെ നരകവിമോചനമാണല്ലോ പ്രവാചകന്മാരുടെ പ്രവർത്തനം. അതിൽനിന്ന് പിന്മാറുകയെന്നതിനർഥം മനുഷ്യർ പരാജിതരായി ദൈവകോപത്തിൽ പതിക്കുകയായിരിക്കും.

❄ ❄ ❄

ഇറംവാസികൾ ഏകദൈവത്തെ നിഷേധിച്ചിരുന്നില്ല. ആരാധനകൾ അവനു മാത്രം അർപ്പിക്കുന്ന തിലായിരുന്നു അവർക്ക് വിയോജിപ്പ്. ഓരോ പ്രകൃതി പ്രതിഭാസത്തിനും ഓരോ ദൈവമെന്നായിരുന്നു അവരുടെ വിശ്വാസം. അവയെ ആവശ്യാനുസൃതം അവർ പൂജിക്കുകയും ചെയ്തുപോന്നു.

അവരെ സംസ്കരിക്കാനുള്ള ഹൂദിൻെറ ഓരോ ചുവടുവെപ്പും ഇറമിലെ ധിക്കാരികളെ അലോസരപ്പെടുത്തി. അവരുടെ കോപം ആളിക്കത്തി. അദ്ദേഹത്തെ കൈയേറ്റം ചെയ്യുവോളം അവരുടെ ധാർഷ്ട്യം വളർന്നു. അവർ ചോദിച്ചു:

"നീ ഞങ്ങളിൽ വന്നത് ഞങ്ങൾ ഏക അല്ലാഹുവിന് ഉപാസന ചെയ്യുന്നതിനും പൂർവികർ പൂജിച്ച ദൈവങ്ങളെ വെടിയുന്നതിനുമാണോ?"

അവരുടെ ന്യായവാദത്തിന് മറുപടിയായി ഹൂദ് പറഞ്ഞു:

"എൻെറ ജനമേ, നിങ്ങൾക്ക് അല്ലാഹുവല്ലാതെ ആരാധ്യനില്ല. നിങ്ങളോ, വ്യാജം ചമച്ചി രിക്കുകയാണ്."

ഹൂദിൻെറ ന്യായപൂർവകമായ ക്ഷണം സാധാരണക്കാരായ ജനത്തിൻെറ മനസ്സുകളിൽ ചലനം സൃഷ്ടിച്ചു. പലരും മെല്ലെ അദ്ദേഹത്തിൻെറ ദൗത്യത്തിൽ ആകൃഷ്ടരായിക്കൊണ്ടിരുന്നു.

നാട്ടുകാർ ഓരോരുത്തനും ഹൂദിൽ വിശ്വസിക്കുന്നതനുസരിച്ച് ആ ആ ജനതയുടെ എതിർ പ്പും ശക്തമായി. അവർ ഹൂദിനോടും വിശ്വാസികളോടും കൂടുതൽ ധാർഷ്ട്യത്തോടെ പെരുമാറി തുടങ്ങി.

ധിക്കാരിക്കൂട്ടത്തിൻെറ ഈ പ്രതികരണം അവർക്കു തന്നെ വിപത്താകുമെന്ന് ഭയന്ന ഹൂദ് അവരോട് പറഞ്ഞു:

"എൻെറ ജനമേ, നിങ്ങൾ റബ്ബിനോട് മാപ്പ് തേടുവിൻ. എന്നിട്ട് അവങ്കലേക്ക് പശ്ചാത്ത പിച്ചു മടങ്ങുവിൻ. അവൻ നിങ്ങൾക്ക് മീതെ ആകാശത്തിൻെറ കവാടങ്ങൾ തുറന്നുതരും. നിങ്ങളുടെ നിലവിലുള്ള അവസ്ഥക്കു മീതെ കൂടുതൽ ശക്തി കൂട്ടിച്ചേർത്തു തരും. ധിക്കാരി കളായി പിന്തിരിയാതിരിക്കുവിൻ."

അവരുടെ മനസ്സുകളെ തൊട്ടുകൊണ്ടുള്ള ക്ഷണമായിരുന്നു അത്. കാരണം, ഭൗതികവിഭ വങ്ങളുടെ ആധിക്യവും ആധിപത്യവും ഭൂമുഖത്തെ ശാശ്വതവാസത്തിനുള്ള മാനദണ്ഡമാണെന്നാ യിരുന്നു അവരുടെ ധാരണ. അത് പിശാചിൻെറ മോഹിപ്പിക്കലാകുന്നു. കാലാകാലങ്ങളിലും മനുഷ്യമനസ്സുകളിൽ പിശാച് കുത്തിനിറക്കുന്ന പ്രലോപനം. അതാണ് ആളുകളെ സത്യത്തിൽ നിന്നും ബഹുദൂരം അകറ്റുന്നത്.

എന്തൊരു വിഢിത്തമാണിത്. ഭൗതികപ്രതാപം അഹങ്കരിക്കാനുള്ള മാനദണ്ഡമായി കണക്കാ ക്കുക. അതിൻെറ പേരിൽ സത്യത്തിൽനിന്നും പുറംതിരിഞ്ഞുനില്ക്കുക. ദൈവധിക്കാരികളായ നിഗളിക്കുക. തങ്ങൾക്ക് ഒരാപത്തും വരില്ലെന്ന് വീമ്പിളക്കുകയും ചെയ്യുക.

പണവും പ്രതാപവും ഉള്ളവർ തന്നെ ചുറ്റുപാടും മരിച്ചുവീഴുന്നതു കാണുമ്പോൾ എന്തേ മനു ഷ്യൻെറ മനസ്സകളും ബുദ്ധിയും ഉണരാത്തത്? അതിൽനിന്ന് പാഠം പഠിക്കാത്തത്?

ഒരു കാര്യം തീർച്ച. ആദ് ജനത്തെ അഹങ്കാരികളും ദൈവധിക്കാരികളുമാക്കിയത് അവരുടെ ഭൗതികവിഭവങ്ങളുടെ ആധിക്യവും ശക്തിയുമായിരുന്നു. അതാകട്ടെ, ഇപ്പോൾ ഹൂദിൻെറ വാഗ്ദാനത്തിൽ നിറഞ്ഞു നിൽക്കുന്നുമുണ്ട്.

പക്ഷേ, അവർ ശങ്കിച്ചുനിന്നു. അദ്ദേഹത്തിൻെറ വാക്കുകളുടെ ആന്തരാർഥം അവരുടെ തല ക്കകത്ത് അവ്യക്തതയുടെ പുകപടലം നിറച്ചു. അവർ വിസ്മയിച്ചു- ആകാശത്തിന് കവാടമോ? അത് തുറന്നു തരികയോ? തങ്ങൾ പരിച്ചയിച്ചറിഞ്ഞ ഈ ഹൂദ് ഇതുവരെ ഇത്തരം അനാവ ശ്യകാര്യങ്ങൾ പറഞ്ഞിരുന്നില്ലല്ലോ. ഇപ്പോഴിതാ ഇവൻ പിച്ചും പേയും പറയുന്നു. ദേവന്മാരുടെ ശാപമായിരിക്കും- അവർ അതുമായി തെരുവിൽ ചുറ്റിക്കറങ്ങി.

പിശാച് ബാധിച്ച മനസ്സുകൾക്ക് വസ്തുതകളുടെ യാഥാർഥ്യം എങ്ങനെ വ്യക്തമാകും?

തൻെറ ജനതയുടെ ജല്പനങ്ങളൊന്നും ഹൂദിനെ ഒട്ടും പ്രയാസപ്പെടുത്തിയില്ല. തൻെറ കൃത്യത്തിൽ അദ്ദേഹം ഉൽസുകനും സ്ഥിരോത്സാഹിയുമായി നിലകൊണ്ടു. അദ്ദേഹത്തിൻെറ പ്രബോധന കൃത്യത്തിനു മുമ്പിൽ അവരുടെ നീക്കങ്ങളൊക്കെ ശിഥിലമായി.

❈ ❈ ❈

"ഹൂദിനെ ഇനി എങ്ങനെ കൈകാര്യം ചെയ്യും? പഠിച്ചതും പയറ്റിയതുമൊക്കെ പരാജ യപ്പെടുകയാണ്."

അവരുടെ ചിന്താതലം പുകഞ്ഞു.

തൻെറ സഖാക്കളുടെ പ്രതിസന്ധി പിശാച് കാണുന്നുണ്ടായിരുന്നു. ഒരിക്കൽ ഹൂദിനെതിരെ സഹായ വാഗ്ദാനവുമായി അവൻ അവരെ സമീപിച്ചു.

"ഹൂദിനു മുമ്പിൽ നിങ്ങൾക്ക് ന്യായം മുട്ടിപ്പോയതെന്തേ? നിങ്ങൾ അവനോട് പ്രവാച കത്വത്തിന് തെളിവ് ചോദിക്കിൻ. അവൻ പരാജയപ്പെടും തീർച്ച." പിശാച് പറഞ്ഞു.

"ഉഗ്രൻ."

ദുർമന്ത്രണം കോരിനിറച്ച മനസ്സുമായി അവർ ഹൂദിൻെറ അടുത്തേക്കോടി.

തെരുവിൽ ഒരിടത്ത് ആളുകളുമായി സംസാരിക്കുകയായിരുന്നു ഹൂദ്. പെട്ടെന്ന് ചില പോക്കിരികൾ അവർക്കിടയിലേക്ക് ചാടിവീണ് ഹൂദിനു നേരെ തിരിഞ്ഞു.

"ഹേയ് ഹൂദ്, നീ ഞങ്ങളുടെ അടുക്കൽ നിൻെറ പ്രവാചകത്വത്തിനുള്ള ഖണ്ഡിതമായ തെളിവൊന്നും കൊണ്ടുവന്നിട്ടില്ലല്ലോ. നീ പറഞ്ഞതുകൊണ്ടുമാത്രം സ്വന്തം ആരാധ്യന്മാരെ ഉപേ ക്ഷിക്കാൻ ഞങ്ങൾക്കാവില്ല. ഞങ്ങൾ നിന്നിൽ വിശ്വസിക്കുന്നവരുമല്ല. നിനക്ക് ദൈവങ്ങളിൽ ആരുടെയോ ശാപമേറ്റിരിക്കുന്നു എന്നത്രെ ഞങ്ങൾ കരുതുന്നത്."

പൊയ്‌വാക്കുകളുടെ ഭാണ്ഡം ഹൂദിനു മുമ്പിലേക്കിട്ട് അവർ കിതച്ചു. മറ്റുള്ളവർ തലയാട്ടി.

എന്തെല്ലാം ദൃഷ്ടാന്തങ്ങളും തെളിവുകളും ഹൂദ് അവർക്ക് കാട്ടിക്കൊടുത്തിട്ടുണ്ടെന്നോ? ലോകത്തെ അതിശക്തരും അതികായരുമായിരുന്ന അവരുടെ ശരീരത്തിൽ തന്നെയുള്ള ദൃഷ്ടാന്തങ്ങൾ, അവരുടെ ജനസംഖ്യയിലെ ദൃഷ്ടാന്തം, പ്രപഞ്ചത്തിലെ പ്രതിഭാസങ്ങൾ, അവ രുടെ ആധിപത്യം. ഇവയൊക്കെ ഒരിക്കൽ കൂടി അവരുടെ മുമ്പിലേക്കിട്ട് അദ്ദേഹം പറഞ്ഞു:

“ഞാൻ അല്ലാഹുവിൻെറ സാക്ഷ്യം സമർപ്പിക്കുന്നു. നിങ്ങളും സാക്ഷികളാകുവിൻ. അല്ലാഹുവിനെക്കൂടാതെ നിങ്ങൾ ദിവ്യത്വത്തിൽ പങ്കാളികളായി ആരെയെല്ലാം കരുതിയോ അവരിൽ നിന്നെല്ലാം ഞാൻ മുക്തനാകുന്നു.”

ഹൂദിൻെറ വാക്കുകൾ അവരുടെ തലക്കകത്ത് കടന്നില്ല. അദ്ദേഹത്തിൻെറ വാഗ്ദാനങ്ങളെ അവർ തള്ളിക്കളഞ്ഞു. ധിക്കാരപൂർവം അവർ തങ്ങളുടെ നിലപാടിൽ ശഠിച്ചുനിന്നു.

ഹൂദ് അവരോട് പറഞ്ഞു: “നിങ്ങൾ പുറംതിരിയുകയാണെങ്കിൽ തിരിഞ്ഞുകൊള്ളുക. ഏതൊരു സന്ദേശവുമായിട്ടാണോ ഞാൻ നിങ്ങളിൽ ആഗതനായിട്ടുള്ളത് അത് ഞാൻ നിങ്ങൾക്കെത്തിച്ചുതന്നിരിക്കുന്നു. ഇനി എൻെറ റബ്ബ് നിങ്ങളുടെ സ്ഥാനത്ത് മറ്റൊരു ജനത്തെ ഉയിർത്തെഴുന്നേല്പിക്കുന്നതായിരിക്കും. അവന് ഒരു ദ്രോഹവും ചെയ്യാൻ നിങ്ങളെക്കൊണ്ടാവില്ല. നിശ്ചയം, എൻെറ റബ്ബ് സകല വസ്തുക്കളിലും മേൽനോട്ടമുള്ളവനാകുന്നു.”

ദൃഢമായിരുന്നു അദ്ദേഹത്തിൻെറ സ്വരം. പ്രവാചകന്മാരുടെ വിളംബരങ്ങൾ അങ്ങനെയാണ്. അവയ്ക്ക് സംശയത്തിൻെറ ആവരണമേല്ക്കുന്നില്ല. പിഴക്കുകയുമില്ല.

പ്രവാചകൻെറ പ്രഖ്യാപനം കേട്ട് ആദ്ജനം വിറളിയെടുത്തു. പ്രഖ്യാപനത്തിൻെറ ഗൗരവവും പൊരുളും അവർക്ക് മനസ്സിലായിക്കഴിഞ്ഞിരുന്നു.

കലിയോടെ അവർ ഹൂദിനോടലറി:

“നീ സത്യവാനാണെങ്കിൽ ഞങ്ങളെ ഭയപ്പെടുത്തുന്ന ആ ശിക്ഷയിങ്ങ് കൊണ്ടുവരൂ.”

സുവിശേഷകൻെറ മുന്നറിയിപ്പുണ്ടായിട്ടും അവർ ശിക്ഷക്കായി വെല്ലുവിളിച്ചത് ബോധപൂർവമായിരുന്നോ? മനുഷ്യന് അത്രമാത്രം ധിക്കാരിയും ധാർഷ്ട്യനുമാകാൻ സാധിക്കുമോ? നമുക്ക് ഒന്ന് നിഗമിച്ചെടുക്കാം: പിശാച് രുധിരത്തിലണിഞ്ഞ മനസ്സുകൾ സ്വന്തം ഇഛകൾക്ക് വിരുദ്ധമായവയോട് ശത്രുതയോടെ മാത്രമേ പ്രതികരിക്കുകയുള്ളൂ.

ഹൂദ് അല്പം ഗൗരവത്തോടെ അവരോട് പറഞ്ഞു:

“നിങ്ങളുടെ നാഥൻെറ ശാപവും കോപവും നിങ്ങളിൽ പതിഞ്ഞിരിക്കുന്നു. നിങ്ങളും പൂർവികരും ചമച്ചതും അല്ലാഹു ഒരു പ്രമാണവും അവതരിപ്പിച്ചിട്ടില്ലാത്തതുമായ കുറേ പേരുകളെച്ചൊല്ലി നിങ്ങൾ എന്നോട് തർക്കിക്കുകയാണോ? നിങ്ങൾ കാത്തിരിക്കുക. ഞാനും കാത്തിരിക്കാം.” അദ്ദേഹം തിരി ഞ്ഞുനടന്നു.

ദൈവിക ബോധനം സാക്ഷ്യപ്പെടുത്തി പ്രവാചകന്മാർ സംസാരിക്കുന്നു. അത് ബുദ്ധിമാന്മാരുടെ മനസ്സിൽ സൂചനയുടെ മിന്നെറിയുന്നു. മുന്നറിയിപ്പ് നല്കിയ ശിക്ഷയുടെ ആഗമനത്തോടെ ധിക്കാരിക്കൂട്ടം നശിക്കുകയായി. പക്ഷേ, പെട്ടെന്നായിരിക്കുകയില്ല ആ നടപടിയെന്നത് ദൈവകാരുണ്യവും നീതിയുമാണ്. ജനം ദുഷിക്കുമ്പോൾ അവരെ സംസ്കരിക്കാൻ പ്രവാചകന്മാർ ആഗതരാകുന്നു. അവർ ജനത്തെ ഉപദേശിക്കുന്നു. റബ്ബ് ചെയ്തുകൊടുത്ത അനുഗ്രഹം എടുത്തുപറഞ്ഞും കൂടുതൽ കൂടുതൽ വാഗ്ദാനം ചെയ്തും അവരെ സന്തോഷിപ്പിക്കുന്നു. ഫലം തിരസ്കൃതമാണെങ്കിൽ ദൃഷ്ടാന്തങ്ങൾ വിവരിച്ചുകൊടുക്കുന്നു. നിദാന്തപ്രതിരോധമാണവരുടെ പ്രതികരണമാണെങ്കിൽ പിന്നെ ഭീഷണിയായി. പരിവർത്തനത്തിൻെറ പാതയിൽ പ്രവേശിക്കുവാൻ അവർ എന്നിട്ടും ഒരുക്കമല്ലെങ്കിൽ അവർക്ക് അവധി നല്കപ്പെടുന്നു. അതും ധിക്കരിക്കപ്പെടുന്നതോടെ പിൽക്കാലക്കാർക്കവർ പാഠമാകും വിധം ശിക്ഷിക്കപ്പെടുകയായി.

ഹൂദ് എത്ര നല്ല ഗുണകാംക്ഷിയായിരുന്നു. സ്നേഹാദരങ്ങളോടെ അദ്ദേഹം അവരെ ഉപദേശിച്ചു. മധുരതരമായി സംസാരിച്ചു. ഗുണകാംക്ഷയോടെ സമീപിച്ചു. എത്രകാലം. അവരിൽനിന്നദ്ദേഹം പലതും സഹിച്ചു. ത്യജിച്ചു.

പ്രവാചകരെല്ലാം അങ്ങനെയാണ്. ക്രൂരമായി പീഡിപ്പിക്കപ്പെടാത്തവർ അവരിൽ ആരുമില്ല. സ്വദൗത്യത്തിൻെറ പേരിൽ സ്വന്തം നാടുകളിൽനിന്ന് ആട്ടിയോടിക്കപ്പെട്ടവർ അനവധി. വധിക്കപ്പെട്ടവർ അനേകം.

ഹൂദിൻെറ ഉപദേശത്തിന് അവർക്കൊന്നേ മറുപടിയുണ്ടായിരുന്നുള്ളൂ.

“ഹൂദേ, നീ ഉപദേശിച്ചാലും ഇല്ലെങ്കിലും സമമാണ്. ഇതൊക്കെ മുമ്പും പറഞ്ഞവന്നതാണ്. ഞങ്ങൾ നശിക്കപ്പെടാനൊന്നും പോകുന്നില്ല.”

“എൻെറയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവിൻെറ മേൽ ഞാനിതാ ഭരമേല്പിച്ചിരിക്കുന്നു.”

ഹൂദ് തിരിഞ്ഞുനടന്നു. ആ മനസ്സിൽ വിഷാദവും വേദനയും നിറഞ്ഞിരുന്നു.

പ്രവാചകൻ സ്ഥലം വിട്ടതോടെ ധിക്കാരിക്കൂട്ടം നിഗളിച്ചു:

“ലോകത്ത് നമ്മെക്കാൾ ശക്തരായി ആരുണ്ട്? പിന്നെ ഹൂദ് ഭയപ്പെടുത്തുന്ന ശിക്ഷ നമ്മെ എങ്ങനെ ബാധിക്കും? അവൻ പ്രവാചകനാണത്രെ. നമ്മെപ്പോലെ ഭക്ഷണം കഴിക്കുന്ന ഒരുത്തൻ പ്രവാചകനോ?”

❄ ❄ ❄

തപ്തഹൃദയനായ ഹൂദ് തൻെറ പ്രാർഥനാലയത്തിലേക്ക് നടന്നു. വർഷങ്ങളുടെ ദുഃഖവും യാതനയും ചാലിച്ചെടുത്ത ഗദ്ഗദത്തോടെ അദ്ദേഹം നാഥനോട് പ്രാർഥിച്ചു. ധിക്കരിക്കപ്പെട്ട മനസ്സി ൻെറ പ്രാർഥന.

“നാഥാ, എന്നെ കളവാക്കുന്നവരിൽനിന്നും എന്നെ രക്ഷിക്കേണമേ.”

നൊമ്പരം കത്തിപ്പടർന്ന ആ പ്രാർഥന പ്രപഞ്ചനാഥൻെറ സിംഹാസനത്തിനു നേരെ ഉയർന്നു. അതിനു മുമ്പിൽ പ്രപഞ്ചം കിടുകിടുത്തു. മടക്കമില്ലാത്ത അത്തരം പ്രാർഥനയും അതിൻെറ പ്രതികര ണങ്ങളും പ്രപഞ്ചം ദർശിച്ചതാണല്ലോ.

പ്രാർഥന അവസാനിച്ച് ഹൂദ് എഴുന്നേല്ക്കുകയായിരുന്നു. പെട്ടെന്ന്, നാഥൻ അദ്ദേഹത്തെ വിളിച്ചു. അദ്ദേഹം അവിടെത്തന്നെ നിശ്ചലനായി.

റബ്ബിൻെറ വിളിയാളത്തിനു മുന്നിൽ അദ്ദേഹം സ്തബ്ധനായി. ദത്തശ്രദ്ധനായി. പ്രപഞ്ച നിഗൂഢ തയിൽ ചിത്തം ആണ്ടിറങ്ങി. കണ്ണുകളടഞ്ഞു. ദൈവികസന്ദേശത്തിലേക്ക് ചെവികൂർപ്പിച്ച ആ നിറുത്തം ഏറെ നേരം നീണ്ടു. തൻെറ നാഥനുമായുള്ള സമ്പർക്കത്തിലാണദ്ദേഹം.

പിന്നെ അദ്ദേഹം ഇളകിയത് സന്തോഷം പൂത്ത മുഖകമലത്തോടെയാണ്. തന്നെയും തൻെറ അനുചരരെയും വിപത്തിൽനിന്ന് രക്ഷപ്പെടുത്താമെന്ന സ്രഷ്ടാവിൻെറ സന്തോഷവാർത്തയാണ തിന് നിമിത്തമായത്. മർധിതനായ ഒരു പ്രവാകചകൻെറ പ്രാർഥനനയുമായി ബന്ധപ്പെട്ട ആ സംഭവം നമുക്ക് ഗുണപാഠമാകണമെന്ന് ദൈവനിശ്ചയം. ആ നിശ്ചയത്തിനു മുമ്പിൽ നമ്മെ നാം പര്യാലോചിക്കുക.

ഹൂദ് വിശ്വാസികളെ വിളിച്ചുകൂട്ടി. അവർ എണ്ണത്തിൽ കുറവായിരുന്നു. നാഥൻെറ തീരുമാനം അദ്ദേഹം അവരെ അറിയിച്ചു. ആ വാർത്ത അവരെ ഭയപ്പെടുത്തി.

പിന്നെ വെപ്രാളത്തിൻെറ ദിനങ്ങളായിരുന്നു. അവർ തങ്ങളുടെ സഹോദരങ്ങളെ ഉപദേശി ക്കാനും ദൈവത്തിലേക്ക് ക്ഷണിക്കാനും തിടുക്കം കൂട്ടി. ദൈവിക ശിക്ഷയാണ് അവരെ വലയം ചെയ്തുവരുന്നത്. അവരും സഹോദരങ്ങളാണല്ലോ.

പക്ഷേ, പരിഹാസം, പീഡനം, അതുമാത്രമായിരുന്നു അപ്പോഴും അവരുടെ പ്രതികരണം.

“ശിക്ഷയിറക്കാൻ പോവുകയാണത്രെ. അതിങ്ങ് വരട്ടെ.” അവർ ധിക്കാരപൂർവം നാക്കിട്ടടിച്ചു നടന്നു.

പ്രതീക്ഷയറ്റു.

ഒരു ദിനം, ആളുകൾ നോക്കിനില്ക്കെ പട്ടാപ്പകൽ ഹൂദും വിശ്വാസികളും അവിടം വിട്ട് യാത്രയായി. അതുകണ്ട് ജനം ആർത്തുവിളിച്ചു. കൂവിവിളിച്ചു അവർ പലായക സംഘത്തിന് പിന്നാലെ കൂടി. അപമാനിതരാക്കി അതിർത്തി കടത്തിവിടുകയായിരുന്നു ലക്ഷ്യം.

തങ്ങൾക്കെതിരെ രൂപപ്പെട്ടുവരുന്ന ആകാശശിക്ഷ ആ ജനം കാണുന്നുണ്ടായിരുന്നില്ല.

“ഹദും കൂട്ടരും നാടുകടന്നു.” ധിക്കാരിക്കൂട്ടം ഗ്രാമമുഖ്യനോട് ചെന്നു പറഞ്ഞു.

“അതാണ് നാമാഗ്രഹിച്ചത്.”

അഹങ്കാരം കത്തിയ ചിരി അയാളുടെ മുഖത്ത് വിടർന്നു.

അവധി നല്കപ്പെട്ട ജനം. ദൈവിക തീരുമാനത്തെക്കുറിച്ച് അവരെന്തറിയാൻ? ആന്ധ്യം ബാധിച്ച മനസ്സുകൾ എങ്ങനെയാണ് വസ്തുക്കളുടെ ഉരുത്തിരിയൽ അറിയുക?

വെയിലിന് തീക്ഷ്ണത കൂടിവരികയായിരുന്നു. പതുക്കെ കാറ്റടിച്ചു. ഉഷ്ണത്തിൻെറ കാളി മക്ക് മീതെ ശൈത്യത്തിൻെറ കരസ്പർശം. അവർ കുളിർത്തു.

“നന്നായി. മഴയുടെ ദൈവം നമ്മോട് കടാക്ഷിച്ചിരിക്കുന്നു.” അവർ പരസ്പരം പറഞ്ഞു

കാണെ കാറ്റിന് കലി കൂടിവന്നു. അത് ശക്തിയായി വീശിത്തുടങ്ങി. മദ്യനു മീതെ മാനത്ത് മേഘം കനത്തടിഞ്ഞു. ഭൂതലത്തുനിന്നും സൂര്യബിംബമണഞ്ഞു.

“ഹായ്, ഇന്ന് മഴ കിട്ടും തീർച്ച. കണ്ടോ, മേഘം?” വരൾച്ചക്കറുതിയായെന്ന ഊറ്റത്തോടെ അവർ വിളിച്ചാർത്തു.

കാറ്റ് പിന്നെയും ശക്തിയായി. ഭൂതലം ശൈത്യമായി. അവർ വേഗം ഗൃഹങ്ങളണഞ്ഞു.

കാറ്റ് കൊടുങ്കാറ്റായി മാറാൻ അധികനേരം വേണ്ടിവന്നില്ല. ഹൂങ്കാരത്തോടെ അത് മദ്യനു മീതെ ഇരമ്പിയടിച്ചു. അത്ര ശക്തിയായി മുമ്പവിടെ കാറ്റടിച്ചിട്ടില്ല.

വൻവൃക്ഷങ്ങളും അവരുടെ ശിലാസ്തൂപങ്ങളും കരിയില പോലെ തൂത്തെറിയപ്പെട്ടു. കുന്നും മലയും ദുർബല മൺകട്ട പോലെ തട്ടിയുടക്കപ്പെട്ടു. അവയ്ക്കിടയിൽ മനുഷ്യർ ഞെരിഞ്ഞമർന്നു.

കൊടുങ്കാറ്റ് പല പ്രകാരത്തിലും അവരെ ആക്രമിച്ചു. ഗതിവേഗമാർന്ന ചുഴലി കണക്കെ. അപ്പോ ഴത് ആളുകളെ മാനത്തേക്കുയർത്തി. പെട്ടെന്ന് കാറ്റിൻെറ ഗതി നഷ്ടപ്പെടുന്നു. അതോടെ ആളുകൾ ഭൂമിയിലേക്ക് കൂത്തനെ പതിക്കുന്നു.

ശരം കണക്കെ വന്ന് ആളുകളെ അവരുടെ ഗൃഹങ്ങളോടൊപ്പം എടുത്തെറിയുന്നു. അപ്പോൾ സൃഷ്ടിശക്തിക്ക് അതിനെ പ്രതിരോധിക്കുക സാധ്യമല്ല.

മരങ്ങളും മറ്റും പിഴുതെടുത്ത് ആളുകളുടെ മീതെക്കെറിയുന്നു.

ഗതിവേഗതയോടെ വീശി ആളുകളെ ശ്വാസം മുട്ടിച്ചു ഹൃദയാഘാതമേല്പിക്കുന്നു.

സംഹാരാത്മകമായി ഏഴ് രാവും എട്ട് പകലും കാറ്റ് അവരെ ശിക്ഷിച്ചു. അതിനകം ധിക്കാ രിക്കൂട്ടം നശിച്ചുകഴിഞ്ഞിരുന്നു. അവരുടെ പ്രൗഢിയുടെ പ്രതീകമായ കൊട്ടാരങ്ങൾ അവർക്ക് കുഴിമാടങ്ങളായി.

കാറ്റ് അനുഗ്രഹമാണ്. ചിലപ്പോൾ ശിക്ഷയും.

“തൻെറ അനുഗ്രഹത്തിനു മുന്നോടിയായി കാറ്റുകളെ ശുഭവൃത്താന്തവുമായി അയച്ചവൻ അവൻ തന്നെ.”

“നാം ഒരു കാറ്റിനെ അയക്കുകയും അത് ബാധിച്ച് തങ്ങളുടെ വിളകൾ വിളർത്തുപോയതായി അവർ കാണുകയും ചെയ്താൽ” എന്നിങ്ങനെയൊക്കെ കാറ്റിൻെറ ദൗത്യത്തെപ്പറ്റി ദൈവം നമുക്ക് പറഞ്ഞു തരുന്നു.

സൃഷ്ടിനിയോഗത്തോടുള്ള പ്രതിബദ്ധതക്കനുസൃതമായാണല്ലോ കാറ്റും നിലനില്ക്കുന്നത്.

ശത്രുസംഹാരത്തോടെ കാറ്റ് നിലച്ചു. വെട്ടിയിട്ട ഈത്തപ്പനകൾ പോലെ ആദ്ജനതയുടെ ജഡം നിലത്ത് ചിതറിക്കിടന്നു. സ്രഷ്ടാവിനോടുള്ള ധിക്കാരം മൂലം ശിക്ഷിക്കപ്പെട്ട് പിൽക്കാലക്കാർക്ക് പാഠമാവുകയായിരുന്നു അവർ. അതിലൂടെ അവർ പാഠം പഠിക്കുന്നവർക്കു വേണ്ടി ചരിത്രത്തിൽ പ്രതിഷ്ഠരാവുകയും ചെയ്തു.

*“അതാണ് ആദ് ജനത. തങ്ങളുടെ രക്ഷിതാവിൻെറ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിക്കുകയും അവൻെറ ദൂതന്മാരെ ധിക്കരിക്കുകയും മർക്കടമുഷ്ടിക്കാരായ എല്ലാ സ്വേഛാധിപതികളുടെയും കല്പന അവർ അവർ പിൻപറ്റുകയും ചെയ്തു. ഈ ഐഹിക ജീവിതത്തിലും ഉയിർ ത്തെഴുന്നേല്പ് നാളിലും അവർക്ക് ശാപം. അറിയുക, തീർച്ചയായും ആദ് ജനത തങ്ങളുടെ രക്ഷിതാവിനോട് നന്ദികേട് കാണിച്ചിരിക്കുന്നു. അറിയുക, ഹൂദിൻെറ ജനതയായ ആദിന് നാശം.”*

## 3

## ഥമൂദ് നിവാസികൾ

ഭൂമിയിൽ ഉറച്ച ഒരു ശിലാഖണ്ഡം. രൂപലാവണ്യമുണ്ടായിരുന്നെങ്കിൽ മദ്യൻകാർ അതിനെ ആരാധ്യവസ്തുവാക്കിയേനെ. ബിംബാരാധകരായിരുന്നു അവർ.

വെറുമൊരു പാറ! രൂപലാവണ്യമോ അഴകോ ഇല്ലാത്ത പരുപരുത്ത ശില. വലുപ്പമുണ്ടായിരുന്നെങ്കിൽ ആ ജനം അതിനെ തുരന്ന് സൗധം പണിതേനെ. അതിനും കൊള്ളാത്ത ചെറിയ പാറ.

അതവരുടെ പകലാരവങ്ങൾക്ക് അത്താണിയായിരുന്നു. അങ്ങാടിപ്പോക്കിരികൾ ഒത്തുകൂടി സൊള്ളുന്നതും നാട്ടുകൂട്ടം കൂടുന്നതും ആ പാറപ്പുറത്ത് ഇരുന്നുകൊണ്ടായിരുന്നു.

അവരുടെ ദൈനംദിന ജീവിതത്തിൻെറ പലതിനും സാക്ഷിയായി അത് തെരുവോരത്ത് ഉറച്ചു നിന്നു.

❄ ❄ ❄

മുന്നോട്ടുപോകുന്നതിന് മുമ്പ് സ്ഥലത്തെപ്പറ്റി ഒരു ധാരണ വേണം.

ഥമൂദ്. പ്രസിദ്ധമായ ഒരു ഗോത്രം. ദൈവദൂതൻ നൂഹിൻെറ പൗത്രൻ ഇറമിൻെറ സന്താന.

മദാഇൻ. അതാണ് ഥമൂദ് അധിവസിച്ചിരുന്ന ആ സ്ഥലത്തിന് പേര്. ഹിജ്ർ എന്നത്രെ പൗരാണിക നാമം. സൗദിഅറേബ്യയുടെ വടക്ക്-പടിഞ്ഞാറ് ഉത്തര ഹിജാസിലാണത് സ്ഥിതി ചെയ്യുന്നത്. മദീനക്കും തബൂക്കിനുമിടയിൽ മദാഇനുസ്വാലിഹ് എന്ന നാമത്തിൽ ഇന്നും ആ സ്ഥലം പ്രസിദ്ധമാണ്.

ഥമൂദ് നിവാസികൾ.

ഹൂദ്നബിക്കു ശേഷം ഉയർന്നു വന്ന നാഗരികജനം. മുൻഗാമികളുടെ മുഴുവൻ ധിക്കാരവും അവർ അനന്തരമെടുത്തിരുന്നു.

ചരിത്രത്തിലെ അതിശക്തരായ ജനവർഗമായിരുന്നു അവർ.

ഏകദൈവം അവരെ ഏറെ അനുഗ്രഹിച്ചിരുന്നു. പക്ഷേ, അവനെ ധിക്കാരിക്കാനാണ് ആ അനുഗ്രഹമത്രയും അവർ ഉപയോഗിച്ചത്. കൊള്ളരുതാത്ത ജനവർഗം.

ഏകദൈവത്തെ വെടിഞ്ഞ് സങ്കല്പ ദൈവങ്ങളുടെ രൂപങ്ങളെ പൂജിക്കുകയായിരുന്നു അവർ.

കൈയൂക്കും കെടുകാര്യസ്ഥതയും അവരുടെ സാമൂഹിക ജീവിതത്തിൻെറ ഭാഗമായിരുന്നു.

ലക്ഷക്കണക്കിനു വരുന്ന മദ്യൻകാരിൽ സ്വാലിഹിനെപ്പോലുള്ളവർ വളരെ ദുർലഭമായിരുന്നു. സ്വാലിഹോ, അവരുടെ കൂട്ടത്തിലെ ഏറ്റവും നല്ലവനായിരുന്നു.

മദ്യൻകാരെ സംസ്കരിക്കാൻ ഏകദൈവം അദ്ദേഹത്തെ തൻെറ ദൂതനായി നിയോഗിച്ചു.

അതത്രെ ദൈവികരീതി. അതത് സമൂഹത്തെ സംസ്കരിക്കാൻ അവരിലെ ഏറ്റം സച്ചരിതനും യോഗ്യനുമായ ഒരാളെയാണല്ലോ നിശ്ചയിക്കേണ്ടത്. എങ്കിലല്ലേ അവരുടെ ജീവിതരീതിയും തകരാറുകളും സ്വഭാവവും ആചാരങ്ങളും കൊള്ളരുതായ്മകളുമൊക്കെ മനസ്സിലാക്കി പെരുമാറാൻ സാധിക്കുകയുള്ളൂ. എങ്കിലേ അവരുടെ രീതി അറിഞ്ഞ് സംസ്കരിക്കാൻ സാധിക്കുകയുള്ളൂ. നാട്ടുകാരുടെ ആദരവ് നേടിയവർക്കാണല്ലോ അതിനൊക്കെ പെട്ടെന്ന് സാധിക്കുക.

അതാണ് ദൈവികചര്യ.

സ്വാലിഹ് തൻെറ ജനത്തെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു:

“എൻെറ ജനമേ, നിങ്ങൾ അല്ലാഹുവിനോട് ഭക്തിയുള്ളവരാകുവിൻ. അവനല്ലാതെ നിങ്ങൾക്ക് ആരാധ്യനില്ല.”

പക്ഷേ, മദ്യൻകാർ സ്വാലിഹിൻെറ ദൗത്യത്തെ അംഗീകരിച്ചില്ല. പിൽക്കാലക്കാർക്ക് ഗുണപാഠമാകാനുള്ള യാത്രാമാർഗത്തിലായിരുന്നു അവർ.

അദ്ദേഹം അവരോട് പറഞ്ഞു:

“ആദ് സമുദായത്തിന് ശേഷം നിങ്ങളെ പിൻഗാമികളാക്കിയതും നിങ്ങൾക്കവൻ ഭൂമിയിൽ വാസസ്ഥലം ഒരുക്കിത്തന്നതും നിങ്ങൾ ഓർക്കുക. നിങ്ങളാകട്ടെ, അതിലെ സമതലങ്ങളിൽ സൗധങ്ങൾ നിർമിക്കുന്നു. മലകൾ വെട്ടിത്തുരന്ന് വീടുകളുണ്ടാക്കുകയും ചെയ്യുന്നു. നിങ്ങൾ അല്ലാഹു വിൻെറ അനുഗ്രഹങ്ങള ഓർത്തുനോക്കുക. നിങ്ങൾ നാശകാരികളായി ഭൂമിയിൽ കുഴപ്പമുണ്ടാക്കരുത്.”

അവരത് തള്ളിക്കളഞ്ഞു.

❄ ❄ ❄

പതിവുപോലെ മദ്യൻകാർ ആ പാറക്കടുത്ത് ഒത്തുകൂടി. ഗൗരവതരമായ ചർച്ചയിലാണവർ.

"എന്തുവന്നാലും വേണ്ടില്ല, നമുക്കവനെ തടയാം. അവൻ തെരുവിലിറങ്ങുന്നതു തന്നെ നിർത്തലാക്കണം. എങ്കിലേ ജനം അവനെ കേൾക്കാതിരിക്കുകയുള്ളൂ." - ഒരാൾ ഖണ്ഡിതമായി പറഞ്ഞു.

"അതു തന്നെ. മറ്റു പോംവഴികളൊന്നും കാണുന്നില്ല." എല്ലാവരും ആ അഭിപ്രായത്തെ ശരി വെച്ചു.

"എന്തു ചെയ്യാൻ? നാം ഏറെ പ്രതീക്ഷ വെച്ചുപുലർത്തിയിരുന്ന ചെറുപ്പക്കാരനായിരുന്നു അവൻ. നമ്മുടെ ആരാധനാകാര്യങ്ങൾ നോക്കി നടത്താനും നമ്മുടെ ആവശ്യങ്ങൾക്ക് മേൽ നോട്ടം നല്കാനും മാത്രം യോഗ്യത അവനുണ്ടായിരുന്നു. പക്ഷേ, ഒക്കെ പാളിപ്പോയില്ലേ?"

അവരുടെ വാക്കുകളിൽ നിരാശ പൂത്തുനിന്നു.

കൂടി നിന്നവർ തലയാട്ടി.

നിഷ്ഠുരന്മാരായിരുന്നു ആ ജനം. അവർ ഉദ്ദേശിച്ചാൽ സ്വാലിഹിനെ തടയുകയോ കൊന്നുക ളയുകയോ ചെയ്യാമായിരുന്നു.

എടുത്ത തീരുമാനത്തിനുമേൽ തീർപ്പിൻെറ ആണിയടിച്ച് അവർ പിരിയുകയായിരുന്നു. പിന്നിൽ ആരോ വിളിച്ച തുപോലെ.

"എങ്ങനെ? നിങ്ങൾക്കതിന് കഴിയില്ല."

ചോദ്യകർത്താവിനെ അവർ കണ്ടില്ല. പക്ഷേ, ആളാരെന്ന് മനസ്സിലാക്കാൻ അവർക്ക് ആളെ കാണേണ്ടിയിരുന്നില്ല. ചോദ്യത്തിൻെറ ഭാവവും ശൈലിയും ചോദ്യകർത്താവ് ആരെന്ന് അവരെ ബോധ്യപ്പെടുത്തിയിരുന്നു.

"പിന്നെ?" അവർ മുഖത്തോട് മുഖം നോക്കിനിന്നു.

"അവനെ പിടിച്ചുകെട്ടാൻ ഒറ്റ വഴിയേ ഉള്ളൂ. നിങ്ങൾ സ്വാലിഹിൻെറയടുക്കൽ ചെല്ലുക. എന്നിട്ട് അവൻെറ പ്രവാചകത്വത്തിന് തെളിവ് ആവശ്യപ്പെടുക. അത്രതന്നെ."

"ഉഗ്രൻ!"

പിശാചിൻെറ തന്ത്രം അവർക്ക് നന്നേ ബോധിച്ചു. സ്വാലിഹിനെതിരെ ഉപയോഗിക്കാൻ അത് വലിയ ഒരായുധമായി അവർ കൂടെ കൊണ്ടുനടന്നു.

തൻെറ സഹോദരങ്ങളുടെ വഴിവിട്ട ജീവിതം സ്വാലിഹിനെ തീർത്തും നൊമ്പരപ്പെടുത്തി. അവർ ദൈവിക ശിക്ഷക്ക് വിധേയരാകുമെന്ന് അദ്ദേഹം ഭയന്നു. കാണുന്ന ഓരോ മനുഷ്യ നെയും അദ്ദേഹം സ്നേഹപൂർവം ഏകദൈവത്തിൻെറ ദാസ്യത്തിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നു. അവരോടുള്ള അദ്ദേഹത്തിൻെറ ഗുണകാംക്ഷ അതിനെക്കാൾ ആഗാധവും വലുതുമായിരുന്നു.

സ്വാലിഹിനെ തൻെറ കൃത്യത്തിൽനിന്ന് തടയാൻ അവർ ആവത് ശ്രമിച്ചു. പക്ഷേ, അദ്ദേ ഹത്തെ തടയാൻ അവരുടെ ഒരു വികാരപ്രകടനത്തിനും സാധിച്ചില്ല.

യദൃശ്ചയാ ഒരു ദിനം, പാറക്ക് സമീപം അവർ സ്വാലിഹിനെ കണ്ടു. അദ്ദേഹം ആരോടോ സംസാരിക്കുകയായിരുന്നു. "ഞാൻ ഏകദൈവത്തിൻെറ ദൂതനാകുന്നു. നിങ്ങൾ അവന് മാത്രം അടിമപ്പെടുവിൻ. അവനല്ലാതെ നിങ്ങൾക്ക് ആരാധ്യനില്ല......... അദ്ദേഹം അവിടെ കൂടിയിരുന്ന വരെ സന്മാർഗത്തിലേക്ക് ക്ഷണിച്ചു.

ഇതുതന്നെ സന്ദർഭം. അവർ പ്രവാചകത്വത്തിന് തെളിവ് ആവശ്യപ്പെടാനായി അദ്ദേഹത്തെ സമീപിച്ചു.

"ഏയ്, സ്വാലിഹ്!"

ധിക്കാരിക്കൂട്ടം അദ്ദേഹത്തിനു ചുറ്റും കൂടി. അദ്ദേഹത്തിന് ആവേശമായി. തൻെറ സംസാരം അവരും കേൾക്കട്ടെ.

ഇടയിൽ ചാടിവീണ് അവർ അദ്ദേഹത്തോട് പറഞ്ഞു:

"സ്വാലിഹേ, ഞങ്ങളെപ്പോലുള്ള ഒരു മനുഷ്യനല്ലാതെ മറ്റാരാണ് നീ? നീ ഈ പറയുന്ന തൊക്കെ സത്യമാണെങ്കിൽ നിൻെറ പ്രവാചകത്വത്തിന് ഒരു ദൃഷ്ടാന്തമവതരിപ്പിക്ക്." അചേതന പാറയിലേക്ക് ചൂണ്ടിക്കൊണ്ടായിരുന്നു അവരുടെ വെല്ലുവിളി.

"അതിൽ നിന്ന് ഒരു ഒട്ടകത്തെ ഉണ്ടാക്കിക്കാണിക്ക്."

സ്വാലിഹിനെന്തു തോന്നാൻ? അദ്ദേഹം അങ്ങനെ സംഭവിച്ചെങ്കിൽ നന്നായേനെ എന്നാഗ്ര ഹിച്ചിട്ടുണ്ടാകാം. എന്നിട്ടെങ്കിലും ആ ജനം വിശ്വസിക്കുകയാണെങ്കിലോ?

"എങ്കിൽ നിങ്ങൾ വിശ്വസിക്കുമോ?"

സ്വാലിഹിൻെറ മറുചോദ്യം കേട്ട് അവർ അമ്പരന്നു. ആ ചോദ്യം അവർ കണക്ക് കൂട്ടി യിരുന്നില്ല.

"അതെ." അർദ്ധോക്തിയോടെ അവർ പറഞ്ഞു.

ആ ഉത്തരം അവരുടെ മനസ്സറിയാത്തതായിരുന്നു. പക്ഷേ, സ്വാലിഹ് അതെങ്ങനെ അറിയാൻ? അദ്ദേഹവും ഒരു മനുഷ്യൻ. ദൈവികബോധനത്തിനപ്പുറം അദ്ദേഹത്തിനും എല്ലാ അദൃശ്യങ്ങളും അദ്ദേഹത്തിനും അജ്ഞാതം.

ഒട്ടകം ഉണ്ടാകട്ടെ എന്ന് സ്വാലിഹ് ആഗ്രഹിച്ചത് ശരി. അദ്ദേഹം പ്രാർഥനയിലാണ്ടു.

❄ ❄ ❄

സ്വാലിഹ്!

നിസ്വാർഥനും ഗുണകാംക്ഷിയുമായ പ്രവാചകൻ. പിതൃനിർവിശേഷമായ ഗുണകാംക്ഷയോടെ അദ്ദേഹം തൻെറ ജനതയുടെ വിമോചനത്തിനായി പാടുപെട്ടു.

സ്വാലിഹിനെ സംബന്ധിച്ച് ആ ജനത്തിന് വലിയ പ്രതീക്ഷയുണ്ടായിരുന്നു. തങ്ങളുടെ മതാചാരങ്ങൾക്ക് ഭാവിസാരഥിയായി അദ്ദേഹത്തെയാണവർ കണ്ടുവെച്ചിരുന്നത്. ഉത്സവങ്ങളുടെ മേൽനോട്ടം ഏറ്റെടുക്കാൻ അവർ അദ്ദേഹത്തേ നിർബന്ധിച്ചുതുടങ്ങിയിരുന്നു. അതിനു മാത്രം പോന്നവനായിരുന്നല്ലോ അവരുടെ സ്വാലിഹ്. പക്ഷേ, അതൊക്കെ അവതാളത്തിലായി. അദ്ദഹം അവർക്ക് അവലക്ഷണമായി മാറി.

അവർ പറഞ്ഞതിങ്ങനെ:

"സ്വാലിഹേ, ഇതിനു മുമ്പ് ഞങ്ങൾക്ക് ഏറെ പ്രതീക്ഷയുള്ള ഒരാളായിരുന്നു നീ. എന്നിട്ടിപ്പോൾ നമ്മുടെ പൂർവികർ ആരാധിച്ചുകൊണ്ടിരുന്ന ദൈവങ്ങളെ ആരാധിക്കുന്നത് വിലക്കുകയാണോ നീയിപ്പോൾ? നീ ഏതൊരു മാർഗത്തിലേക്കാണോ ഞങ്ങളെ ക്ഷണിക്കുന്നത് അതെപ്പറ്റി ഏറെ സങ്കീർണമായ സന്ദേഹമുണ്ട് ഞങ്ങൾക്ക്."

അദ്ദേഹത്തിൻെറ കൃത്യം അവസാനിക്കാൻ അവർ നിർബന്ധിച്ചു.

അദ്ദേഹം അവരോട് പറഞ്ഞു:

"നിങ്ങൾ തീരെ ചിന്തിക്കുന്നില്ലേ, എനിക്ക് എൻെറ നാഥങ്കൽനിന്ന് സ്പഷ്ടമായ ഒരു സാക്ഷ്യമുണ്ടായിരിക്കുകയും കൂടാതെ അവൻ തൻെറ കാരുണ്യം കൂടി എനിക്കരുളുകയും ചെയ്തിട്ടുണ്ട്. എന്നിരിക്കെ ഞാൻ അവനെ ധിക്കാരിക്കുകയാണെങ്കിൽ അവൻെറ പിടിത്തത്തിൽനിന്ന് എന്നെ രക്ഷിക്കാനാരുണ്ട്?"

അവർക്കിടയിൽ ഉപദേശവും സംവാദവും നീണ്ടു.

ഒരിക്കൽ അദ്ദേഹം സാധാരണക്കാരായ ആളുകളോട് തിരക്കി:

"നിങ്ങൾ എന്താണ് അല്പം പോലും സൂക്ഷ്മത പുലർത്താത്തത്? ഇവിടെയുള്ള തോട്ടങ്ങളിലും വയലുകളിലും അരുവികളിലുമൊക്കെ നിറഞ്ഞുനില്ക്കുന്ന സമൃദ്ധിയിൽ എന്നെന്നും നിർഭയരായി കഴിയാൻ നിങ്ങളെ ദൈവം വിട്ടയക്കമെന്നാണോ നിങ്ങളുടെ വിചാരം? ആ രീതിയിലാണല്ലോ നിങ്ങൾ തികച്ചും ശാശ്വതവാസത്തിനെന്ന പോലെ വലിയ പാറകൾ തുരന്ന് അതിൽ താമസിക്കുന്നത്? അതിനാൽ നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. എന്നെ അനുസരിക്കുകയും ചെയ്യുക. ഭൂമിയിൽ കുഴപ്പം ഉണ്ടാക്കുകയും നന്മ ചെയ്യാതിരിക്കുകയും ചെയ്യുന്ന അതിക്രമകാരികളുടെ വാക്കുകൾ നിങ്ങൾ അനുസരിക്കരുത്."

സമൂഹത്തിലെ സാധാരണക്കാരിൽ ചിലർ മാത്രം അദ്ദേഹത്തെ പിൻപറ്റി.

എല്ലാ പ്രവാചകന്മാരുടെയും അവസ്ഥ അതുതന്നെയായിരുന്നു. നഷ്ടപ്പെടാനൊന്നുമില്ലാത്ത സാധാരണക്കാരുടെ സഹവാസമായിരുന്നു എല്ലാ പ്രവാചകന്മാർക്കും ആദ്യഘട്ടത്തിൽ കൂട്ടിനുണ്ടായിരുന്നത്. ബഹുഭൂരിപക്ഷവും എതിർക്കുകയും അവഗണിക്കുകയുമാണ് ചെയ്യുക.

എന്തുകൊണ്ടങ്ങനെ സംഭവിക്കുന്നു?

ഒന്നു നമുക്കറിയാം. നൂറു കൂട്ടം പ്രലോഭനങ്ങളുടെ അടികളായിരിക്കും സമൂഹത്തിലെ സമ്പന്നരും നേതാക്കളുമൊക്കെ. അവരുടെ മനസ്സ് ചത്തതായിരിക്കും. സ്വതന്ത്രമായി ചിന്തിക്കാനാകാത്തവർ. ഭൗതികമായ നൂറുകൂട്ടം ഭയപ്പെടലുകൾക്കിടയിലായിരിക്കും അവർ ജീവിക്കുന്നത്. അത്തരക്കാർക്കുണ്ടോ കാര്യങ്ങളെ യഥാവിധം വേർതിരിച്ചറിയാനാകുന്നു? എന്നാൽ സ്വതന്ത്രമായ ബുദ്ധിയും വീണ്ടുവിചാരത്തിനുള്ള സന്നദ്ധതയും സാധാരണക്കാരിലാണ് അധികവും കാണുക. അവർക്കു മുമ്പിൽ ഭൗതിക കെട്ടുപാടുകളും പ്രലോഭനങ്ങളും നഷ്ടപ്പെടുന്ന സ്ഥാനമാനങ്ങളുടെ ഭീതിയും ഉണ്ടാവുകയില്ലല്ലോ. അതിനാൽ അവരാണ് വേഗത്തിൽ തങ്ങളുടെ പ്രവാചകന്മാരെ പിൻപറ്റിയിരുന്നത്.

ഒരു ദിനം തങ്ങളുടെ പ്രാർഥന കഴിഞ്ഞ് ഏകദൈവവിശ്വാസികൾ തങ്ങളുടെ വീടുകളിലേക്ക് തിരിച്ചുപോവുകയായിരുന്നു. ധിക്കാരികളിൽ ചിലർ പാര തുരന്ന് കൊട്ടാരം പണിയുന്ന തിരക്കിലായിരുന്നു. വിശ്വാസികളെ കണ്ട ആ ജനം അവരുടെ അടുത്തേക്ക് ചെന്നു. വിശ്വാസികൾ പകച്ചുനില്ക്കുകയായിരുന്നു. നിഷേധികൾ അവരോട് തിരക്കി:

"അല്ല, ഒന്ന് ചോദിക്കട്ടെ. നിങ്ങൾ വിശ്വസിച്ച സ്വാലിഹ് യഥാർത്ഥിൽ പ്രവാചകൻ തന്നെയോ?"

"അതെ."

"എന്നാൽ കേൾക്കണോ, നിങ്ങൾ നമ്പിയവനെ തള്ളിക്കളയുന്നവരാണ് ഞങ്ങൾ." അത്രയും പറഞ്ഞ് അവർ കടന്നുകളഞ്ഞു.

"അല്ല. അത് നല്ല കൂത്ത്. നമ്മിൽനിന്നുള്ള ഒരാളെ നാം പിൻപറ്റണമെന്നോ? ഇവനെ പിന്തുടർന്നാൽ നാം വഴികേടിലാകും. ബുദ്ധി മരവിക്കും. നോക്കിൻ, ദിവ്യസന്ദേശം അവതരിപ്പിക്കപ്പെടാൻ നമ്മിൽ ഇവൻ ഒരുത്തനേയുള്ളോ? അല്ല, ഇവൻ പെരുങ്കള്ളനും ദുരഹങ്കാരിയുമാണ്."

അവർ അതുമായി നാട് ചുറ്റാൻ തുടങ്ങി.

❄ ❄ ❄

ആ ജനത നന്നാകുന്ന മട്ടുണ്ടായിരുന്നില്ല. അവർ തങ്ങളുടെ പ്രവാചകനെ തള്ളിക്കളഞ്ഞു. നാനാവിധേനയും അദ്ദേഹത്തെ പ്രതിരോധിച്ചു. ജനത്തെ അദ്ദേഹത്തിൽനിന്നകറ്റി. അദ്ദേഹം

സംസാരിക്കുന്നത് ജനം കേൾക്കാതിരിക്കാൻ അവർക്കടുത്ത് വന്നു കൂക്കി വിളിച്ചു. അദ്ദേഹ ത്തെയും അനുചരരെയും ഭീഷണിപ്പെടുത്തി. അവരെ പരസ്പരം അകറ്റാൻ തന്ത്രങ്ങൾ പ്രയോ ഗിച്ചു. അദ്ദേഹത്തെപ്പറ്റി അപവാദം പറഞ്ഞു പ്രചരിപ്പിച്ചു:

"ഇവൻ പെരുങ്കള്ളനും ദുരഹങ്കാ രിയുമാണ്."

അതൊക്കെ സ്വാലിഹ് അറിയുന്നുണ്ടായിരുന്നു. പക്ഷേ, അദ്ദേഹം എല്ലാ കാര്യങ്ങളും തൻെറ നാഥനിലർപ്പിച്ച് കൃത്യത്തിൽ ഉറച്ചുനിന്നു.

ഒരിക്കൽ ഏകദൈവം അദ്ദേഹത്തെ വിളിച്ചു. ആ വിളിക്കു മുമ്പിൽ അദ്ദേഹം നിശ്ചലനായി. അദൃശ്യതയിൽനിന്നും ദിവ്യസന്ദേശം അദ്ദേഹത്തിൻെറ മനസ്സിലേക്കൊഴുകി. അതെന്തെന്ന് അവ സാനത്തെ ആകാശ ഗ്രന്ഥം ഇങ്ങനെ എഴുതി:

"പെരും നുണയന്മാരും മഹാ ദുരഹങ്കാരികളും ആരാണെന്ന് നാളെ തന്നെ ഇവർ അറിയും. ഇവർക്ക് പരിക്ഷണമായിക്കൊണ്ട് നാം ഒട്ടകത്തെ അയക്കാൻ പോകുന്നു. ക്ഷമയോടെ നോക്കിയിരിക്കുക. ഇവർക്കെന്താണ് സംഭവിക്കാൻ പോകുന്നതെന്ന് ഇവരെ ഉണർത്തുക. കുടി നീർ ഇവർക്കും ഒട്ടകത്തിനുമിടയിൽ വീതിക്കപ്പെടുന്നതും അവരവരുടെ കുടിനീരിനെ തേടേ ണ്ടതുമാകുന്നു."

ജനം പാറയിലേക്ക് ചൂണ്ടി ഒട്ടകത്തെ ആവശ്യപ്പെട്ടപ്പോൾ സ്വാലിഹ് അങ്ങനെതന്നെ ആഗ്രഹിച്ചത് സ്വാഭാവികം. പക്ഷേ, അതിപ്പോൾ യാഥാർഥ്യമായിരിക്കുന്നു. സ്വാലിഹിൻെറ തേട്ടം നാഥൻ അംഗീകരിച്ചിരിക്കുന്നു. പക്ഷേ, അതിൻെറ മറുവശം ആളുകൾക്ക് അജ്ഞാതമായിരുന്നു.

എന്താണത്?

അവരുടെ വിശ്വാസവും ജീവിതപരിണതിയുമായി ബന്ധപ്പെട്ടതാണത് എന്നതുതന്നെ. തൻെറ സൃഷ്ടികൾ തന്നെ ധിക്കരിച്ച് ശിക്ഷക്ക് വിധേയരാകരുതെന്നത് ദൈവേഛ. അതിനായി അവൻ പലവിധ ദൃഷ്ടാന്തളും അവർക്ക് നല്കുന്നു, അവർ അതിലൂടെ തന്നെ കണ്ടെത്താൻ. അതിനെയും അവർ ധിക്കരിക്കുകയാണെങ്കിൽ അവർക്കവൻ നിശ്ചിത അവധി നല്കുന്നു. അതവരുടെ അവസാനത്തെ അവസരമായിരിക്കും. പിന്നെ അവർ മനുഷ്യകുലത്തിന് പാഠമാവു കയായി.

ഈ രണ്ട് സംഗതികളും ഒട്ടകത്തിൽ ഉണ്ടായിരുന്നു. അവർക്ക് അതിലൂടെ തങ്ങളുടെ നാഥനെ കണ്ടെത്താമായിരുന്നു. അതേയവസരം ഒട്ടകം അവരുടെ അവസാനത്തിൻെറ നാന്ദി യുമായിരുന്നു.

ദൈവികദൃഷ്ടാന്തത്തിനായുള്ള സ്വാലിഹിൻെറ തേട്ടം സഫലമായി. അങ്ങനെയാണത്. ജനം നന്നാകുന്നതിനുവേണ്ടിയുള്ള പ്രവാചകന്മാരുടെ തിടുക്കവും അവരുടെ നാഥൻെറ കരുണയും ഒരുമിച്ചുവന്നാൽ എല്ലാ കാര്യങ്ങളും അങ്ങനെത്തന്നെ.

ഒരു ദിനം, സ്വാലിഹ് ഒട്ടകത്തെയും തെളിച്ച് തെരുവിലേക്ക് ചെന്നു. അവർ ചൂണ്ടിക്കാണിച്ച ശിലാഖണ്ഡത്തിൽനിന്നായിരുന്നു അതിൻെറ പിറ.

തെരുവിലപ്പോൾ ജനങ്ങളുടെ തിരക്കായിരുന്നു.

കവലക്കരികിൽ വലിയ പാറ തുരന്ന് കൊട്ടാരം നിർമിക്കുന്ന തിരക്കിലായിരുന്നു അവർ. ചിലർ കാഴ്ച കണ്ടു നിൽക്കുന്നു. ചിലർ നിർദ്ദേശങ്ങൾ കൊടുത്ത് ജോലിക്കാരുടെ പിന്നാലെ നടക്കുന്നു.

"അതാ സ്വാലിഹ് വരുന്നു. കൂടെ ഒരൊട്ടകവുമുണ്ട്."

ഒരാൾ പറഞ്ഞു. മറ്റുള്ളവർ എത്തിനോക്കി. ശരിയാണ്. അവർക്ക് വിശ്വസിക്കാനായില്ല.

ഒട്ടകത്തെയും തെളിച്ചു വരുന്ന സ്വാലിഹിനെ കണ്ട് അവർ പരുങ്ങി- തങ്ങളുടെ വെല്ലു വിളിയുടെ മൂർത്ത രൂപമാണ് മുൻപിൽ. ഇനി വിശ്വസിക്കേണ്ടത് തങ്ങളുടെ ബാധ്യത.

അവർ പരുങ്ങി നിൽക്കുകയായിരുന്നു, സ്വാലിഹ് അവരോട് പറഞ്ഞു:

"ഇതാ, ഒട്ടകം. നിങ്ങൾക്കുള്ള ദൃഷ്ടാന്തമാണിത്. അത് ഭൂമിയിൽ യഥേഷ്ടം മേഞ്ഞുകൊ ള്ളട്ടെ. ജലാശയം ഒരു ദിവസം അതിന് കുടിക്കാനുള്ളതാണ്. ഒരു ദിവസം നിങ്ങൾക്കെല്ലാ വർക്കും കുടിവെള്ളമെടുക്കുന്നതിനും. അതിനെ അശേഷം ദ്രോഹിച്ചുപോകരുത്. അങ്ങനെ സംഭവിക്കുന്ന പക്ഷം, ഒരു ഭയങ്കരനാളിലെ ശിക്ഷ നിങ്ങളെ ബാധിക്കുന്നതാണ്."

ഒട്ടകം അവരുടെ തലക്കകത്ത് പെരുത്തുകയറി. കൺമുമ്പിൽ നടന്നുനീങ്ങുന്ന സചേതന ദൈ വിക ദൃഷ്ടാന്തമായിരുന്നു അത്. സ്വാലിഹിൻെറ പ്രവാചകത്വത്തിനുള്ള തെളിവ്.

ധിക്കാരിക്കൂട്ടത്തിൻെറ പ്രതിരോധത്തിനും സ്വാലിഹിൻെറ ഉപദേശത്തിനുമിടയിൽ ചാഞ്ചാടിയ സാധാരണക്കാരിൽ അത് ഭക്തി നിറച്ചു. വിശ്വാസികളുടെ ഹൃദയങ്ങൾ പ്രകമ്പിതങ്ങളായി. പാറയിൽ നിന്ന് പിറകൊണ്ട ആ ഒട്ടകത്തിൽ തങ്ങളുടെ നാഥൻെറ ശക്തിമാഹാത്മ്യവും ധിക്കാരിക്കൂട്ടത്തിനുള്ള ദൈവികപരീക്ഷണവും അവർ ദർശിച്ചു.

ഒട്ടകം ശാന്തമായി മേഞ്ഞുനടക്കുമ്പോൾ വിശ്വാസികൾ സന്ദേഹത്തോടെ അതിനെ നോക്കി നിൽക്കും. ഒരുതരം ഭീതി അവരെ ഗ്രസിച്ചിരുന്നു. എന്നാൽ അത് നഗരവാസികളുടെ പാനപാത്ര ത്തിലേക്ക് അകിട് ചുരത്തുമ്പോൾ അവർക്ക് എന്തെന്നില്ലാത്ത ചാരിതാർഥ്യമുണ്ടായിരുന്നു- ധിക്കാരികൾക്കും ഔദാര്യമരുളുന്നവനല്ലോ തങ്ങളുടെ നാഥൻ.

ഒട്ടകം ധിക്കാരികൾക്ക് ദൈവികദൃഷ്ടാന്തമായിരുന്നില്ല, അതിശയം കാണുകയായിരുന്നു അവർ. താനേ ഉണ്ടായ, തങ്ങൾക്ക് പാൽ ഓശാരം തരുന്ന ഒരു നാൽക്കാലി. അവരതിൻെറ പാൽ കറന്നെടുത്ത് മൂക്കറ്റം കുടിച്ചു.

സ്വാലിഹിൻെറ ഉപാധി പോലെ കുടിവെള്ളം ഒട്ടകത്തിനും അവർക്കുമിടയിൽ വീതംവെച്ചു. ആ ഉപാധി അവരിൽ നിലനിന്ന കാലം അവിടെ സമാധാനവും നിലനിന്നു.

❄ ❄ ❄

ഒട്ടകത്തിൻെറ ആഗമനത്തോടെ സ്വാലിഹിനു ചുറ്റും ധിക്കാരിക്കൂട്ടം മൗനികളായി. ഒഴിഞ്ഞുമാറ്റത്തിനുള്ള പുതിയ ചുവടുവെപ്പുകൾ അന്വേഷിക്കുകയായിരുന്നു അവർ. പക്ഷേ, ആ ചുവട്വെപ്പും മൗനവും സമാധാനവും പിശാചിന് രുചിച്ചില്ല. അവൻ ധിക്കാരിക്കൂട്ടത്തിൻെറ മനസ്സുകൾ ദുർമന്ത്രണം കൊണ്ട് കെട്ടതാക്കി:

"വെറും ഒരു നാല്ക്കാലിയായ ഒട്ടകത്തിലൂടെ സ്വാലിഹ് നിങ്ങളെ കീഴ്പ്പെടുത്താൻ ശ്രമിക്കുകയാണ്. അവൻെറ കെണിയിൽ അകപ്പെടാൻ മാത്രം നിങ്ങൾ വിഢികളായോ? എങ്കിൽ നിങ്ങൾക്ക് നിങ്ങളുടെ പൂർവികരുടെ മതം നഷ്ടമാകും. അധികാരവും സ്ഥാനമാനങ്ങളും നഷ്ടപ്പെടും. ജീവി തം തന്നെ പല ഉപാധികളാലും ബന്ധിക്കപ്പെടും. ദേവന്മാർ നിങ്ങളോട് കോപിക്കും. ഭൗതികനഷ്ടം നേരിടും. യഥാർഥത്തിൽ ആ ഒട്ടകമാണ് അതിനൊക്കെ കാരണം. അതിനെ അങ്ങ് കൊന്നേക്കുക. എങ്കിൽ നിങ്ങൾക്ക് രക്ഷ പ്രാപിക്കാം. പിന്നെ നിങ്ങളെ കീഴ്പ്പെടുത്താൻ സ്വാലിഹിന് സാധിക്കില്ല."

സ്വാലിഹിൻെറ ഒട്ടകം!

അതിൻെറ ജന്മനിയോഗമെന്തെന്ന് അതറിയുന്നുണ്ടാവുമോ? ജീവികളൊന്നും അങ്ങനെ ചിന്തിക്കുന്നവയല്ല. മനുഷ്യരോടൊപ്പം വ്യത്യസ്ത സന്ദർഭങ്ങളിൽ പ്രത്യക്ഷപ്പെട്ട് അവരോടൊപ്പം ജീവിതഭാഗം അഭിനയിക്കുകയും പിന്നെ ചരിത്രത്തിൻെറ ഭാഗമാവുകയും ചെയ്ത യൂസുഫിൻെറ ചെന്നായ.... ഇബ്റാഹിമിൻെറ പ്രാവ്.... സുലൈമാൻെറ മരക്കൊത്തി.... യൂനുസിൻെറ തിമിംഗിലം.... എസ്രായുടെ കഴുത...... ഹിറയിലെ ചിലന്തി....... ഇവയൊന്നും തങ്ങളുടെ ജീവിത ലക്ഷ്യത്തെക്കുറിച്ച് ചിന്തിച്ചിരിക്കില്ല. തിന്നുക, ഭോഗിക്കുക, ഉറങ്ങുക, പര്യവസാനത്തെക്കുറിച്ച ചിന്തയില്ലാത്ത ജീവിതം. അതിനിടയിൽ അന്ത്യവും. അവയുടെ ജീവിതം അതിൽ പരിമിതമാണ്.

ലക്ഷ്യാത്മകമല്ലാതെ ജീവികളൊന്നും ജനിക്കുന്നില്ല. മനുഷ്യസേവനമാണ് അവയുടെ നിയോഗം. മനുഷ്യൻെറതാണ് ഏറെ ഭാരിച്ചത്- ഏകദൈവത്തിൻെറ നിയമനിർദ്ദേശങ്ങൾക്കൊത്ത് ജീവിക്കുക. ഈ ബാധ്യത ദൈവം ആദ്യം വെച്ചുനീട്ടിയത് ആകാശഭൂമികളുടെയും പർവതങ്ങളുടെയും നേരെയാണ്. ആ ഉത്തരവാദിത്തത്തിൻെറ ഗഹനത അവയെ ഭയപ്പെടുത്തി. നിശ്ചലവും അന്ധവും ബധിരവുമായ അവയുടെ അവസ്ഥ ആ ഉത്തരവാദിത്തത്തിന് ചേർന്നതല്ല. അതിനാൽ അതേറ്റെടുക്കുന്നതിൽനിന്ന് അവ അകന്നു മാറി.

അവയ്ക്കതിന് കഴിയില്ല. ആ ഉത്തരവാദിത്തം ഏറെ ഭാരിച്ചതാണ്. അതെപ്പറ്റി വിശുദ്ധ ഗ്രന്ഥം പറഞ്ഞതിങ്ങനെ:

"നാമീ ഗ്രന്ഥം ഇറക്കിയിരുന്നത് പർവതങ്ങളുടെ മുകളിലായിരുന്നെങ്കിൽ അവ ദൈവ ഭയത്താലും കിടുകിടുത്തും പൊട്ടിപ്പിളരുന്നത് നിനക്ക് കാണാമായിരുന്നു."

അവ നിഷേധിച്ചു.

ശേഷം സ്രഷ്ടാവ് മറ്റൊരു സൃഷ്ടിയെ ആ ഉത്തരവാദിത്തം ഏല്പിച്ചു- മനുഷ്യനെ. ഒരു ഉപാധിയും കൂടാതെ അവനത് ഏറ്റെടുത്തു. ആ കരാറിനെപ്പറ്റി അവസാനത്തെ ആകാശഗ്രന്ഥം ഇങ്ങനെ വിളംബരപ്പെടുത്തി:

"തീർച്ചയായും നാം ആ ഉത്തരവാദിത്തം ആകാശങ്ങളുടെയും ഭൂമിയുടെയും പർവതങ്ങളുടെയും നേരെ വെച്ചു നീട്ടുകയുണ്ടായി. അവ ഏറ്റെടുക്കുന്നതിൽനിന്ന് അവ വിസമ്മതിച്ചു. അവ അതെപ്പറ്റി ഭയപ്പെട്ടു. പിന്നീട് മനുഷ്യൻ അതേറ്റെടുത്തു. തീർച്ചയായും അവൻ കടുത്ത ധിക്കാരിയും അവിവേകിയും ആയിരിക്കുന്നു."

ദൈവിക കരാർ പാലിക്കാമെന്ന വാഗ്ദാനം അവനിൽ മുദ്രിതമായി. പക്ഷേ, അതവൻ മറന്നു. അക്കാര്യം ഉണർത്താൻ വന്ന പ്രവാചകരെയും അവൻ ധിക്കരിച്ചു. ആവാത്തതും ഏറ്റെടുത്ത് ധിക്കാരി യായ അവനെ അവിവേകി എന്നല്ലാതെ പിന്നെ എന്ത് വിശേഷിപ്പിക്കാൻ!

പിശാചിൻെറ ദുർബോധനം ഫലിച്ചു. ഒട്ടകത്തെ വധിച്ചുകളയാൻ അവർ തീരുമാനിച്ചു. അതിനായി ആ ജനതയിലെ കടുത്ത ധിക്കാരികളായ ഒമ്പതുപേർ ഒത്തുകൂടി. പദ്ധതി നടപ്പിലാക്കാൻ പോക്കിരികളായ രണ്ടുപേരെ ചുമതലപ്പെടുത്തി.

സംഘം പിരിഞ്ഞു.

ഘാതകർ ഒരുക്കമായി.

സ്വാലിഹിൻെറ ഒട്ടകം. മറ്റു ഒട്ടകങ്ങൾക്കില്ലാത്ത വല്ല പ്രത്യേകതയും അതിനുണ്ടോ? ഉണ്ട്. അവയിതാ:

മദ്‌യൻകാർക്ക് അയച്ചകൊടുത്ത ദൈവകിദൃഷ്ടാന്തം.
അവരുടെ പരിണതിയുമായി ബന്ധപ്പെട്ട സജീവ കണ്ണി.
വിശ്വാസികളുടെ വിശ്വാസം വർധിപ്പിക്കാനുള്ള ദൈവികാടയാളം.
മനുഷ്യരോടൊപ്പം ചരിത്രത്തിലേക്ക് കടന്നുവന്ന നാല്ക്കാലി.
അവസാനത്തെ ആകാശഗ്രന്ഥത്തിൽ സ്ഥാനം ലഭിച്ച ജീവി.

രാത്രി. ഒട്ടകം അയവെട്ടുകയായിരുന്നു. ഊരിപ്പിടിച്ച വാളുമായി ഇരുവരും അതിനോടടുത്തു. ഒട്ടകത്തോടടുക്കുംതോറും എന്തോ അശക്തത അവരെ തളർത്തിക്കൊണ്ടിരുന്നു. മനസ്സ് പതറന്നതു പോലെ. കാലുകൾ വിറച്ചു. അവർ നിശ്ചലരായി.

"ഒട്ടും അമാന്തിക്കരുത്. സംഗതി നടക്കട്ടെ. അല്ലാതിരുന്നാൽ....."

പിശാച് അവരെ സമീപിച്ചു. ദുർമന്ത്രണത്തിൻെറ മറുതല കവർന്ന് അവർ കുതിച്ചു- ഖഡ്ഗം ഒട്ടകത്തിൻെറ മുൻകാലുകളിൽ തന്നെ പതിച്ചു. ഒട്ടകം മുട്ടുകുത്തി മുക്രയിട്ടു. വാൾ പ്രയോഗം തുടർന്നു.

കഴുത്തറ്റു....

രക്തം വാർന്നൊഴുകി.....

സംഭവം നടന്നു.

❄ ❄ ❄

വാർത്ത കേട്ട് വിശ്വാസികൾ നടുങ്ങി.

"നാഥാ....."

വിറയാർന്ന സ്വരത്തിൽ അവർ പറഞ്ഞു. ധിക്കാരിക്കൂട്ടത്തിന് നേരെ നീണ്ടുനീണ്ടു വരുന്ന ദൈവിക ശിക്ഷയോർത്ത് അവർ കിടിലം കൊണ്ടു.

സംഭവം നടന്നു.

ധിക്കാരിക്കൂട്ടം സ്വാലിഹിനെ സമീപിച്ചു. അവർ തങ്ങളുടെ ചെയ്തികളെ ന്യായീകരിച്ച് ആക്രോ ശിക്കുകയായിരുന്നു.

"ഒരു നാല്ക്കാലിയിലൂടെ ഞങ്ങളുടെ പൂർവിക മതത്തിൽനിന്ന് ഞങ്ങളെ മാറ്റാമെന്ന് നീ കരുതേണ്ട. നിൻെറ ഒട്ടകത്തെ ഞങ്ങൾ കൊന്നിരിക്കുന്നു. നീ സത്യവാനെങ്കിൽ ഞങ്ങളെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ആ ശിക്ഷയിങ്ങ് കൊണ്ടുവരൂ."

അദ്ദേഹം അവരോട് തിരക്കി:

"എൻെറ ജനമേ, നന്മക്ക് മുമ്പ് തിന്മക്കുവേണ്ടി നിങ്ങൾ ധൃതി കാണിക്കുന്നതെന്തിന്? അല്ലാഹുവിനോട് തേടിക്കൂടേ? നിങ്ങൾക്ക് കാരുണ്യം ലഭിച്ചെങ്കിലോ?"

സ്വാലിഹിനെ കളവാക്കിയതും ഒട്ടകത്തെ വധിച്ചതും മതിയാക്കാതെ ധിക്കാരത്തിൻെറ കൊടുമുടി കീഴടക്കുകയായിരുന്നു അവർ.

ഒരിക്കൽ പ്രവാചകൻെറ മുഖത്തുനോക്കി അവർ പറഞ്ഞു: സ്വാലിഹേ, ഞങ്ങൾ നിന്നെയും നിൻെറ കൂട്ടാളികളെയും ദുർലക്ഷണമായിട്ടാണ് കാണുന്നത്."

സ്വാലിഹ് അവരോട് പറഞ്ഞു:

"നിങ്ങളുടെ ശുഭാശുഭങ്ങളുടെ അന്ത്യം അല്ലാഹുവിങ്കലാകുന്നു. നിങ്ങൾ പരീക്ഷിക്കപ്പെട്ടിരിക്കുന്നു എന്നതത്രെ സംഗതി."

ആ പ്രഖ്യാപനം ദൈവികമായിരുന്നു. അവരുടെ നാശം പ്രവചിക്കുന്ന അരുളപ്പാട്. അതൊരിക്കലും തെറ്റുന്നതല്ല.

തൻെറ ജനത്തെ സംബന്ധിച്ച പ്രതീക്ഷ നശിച്ചതോടെ സ്വാലിഹ് തൻെറ നാഥന് മുമ്പിൽ തൻെറ വേദന നിറഞ്ഞ മനക്കൂട് തുറന്നുവെച്ചു. അദ്ദേഹത്തിൻെറ പ്രാർഥന അവൻ സ്വീകരിച്ചു. അവൻ തൻെറ ദൂതന് സഹായം വാഗ്ദാനം ചെയ്തു.

സ്വാലിഹ് ധിക്കാരിക്കൂട്ടത്തെ സമീപിച്ചു. അവർ വിജയഭാവത്തിൽ സ്വാലിഹിനെ ഒന്ന് നോക്കി.

അദ്ദേഹം തൻെറ നാഥൻെറ തീരുമാനം തൻെറ ജനത്തിനു മുന്നിൽ വിളംബരപ്പെടുത്തി:

"നിങ്ങൾക്ക് മൂന്ന് നാളത്തെ അവധി നല്കിയിരിക്കുന്നു. നിങ്ങൾ സ്വഗൃഹങ്ങളിൽ തന്നെ കഴിഞ്ഞുകൊള്ളുക. ഒട്ടും തെറ്റിപ്പോകാത്ത ഒരു സമയ നിർണയമാണത്."

സ്വാലിഹിൻെറ പ്രഖ്യാപനം അവരിൽ ഭയത്തിൻെറ ചുഴലിയായി പടർന്നു.

"ഇനി എന്ത് ചെയ്യും?" അവർ പരസ്പരം ആലോചിച്ചു. ഉത്തരമില്ലാത്ത മൗനം അവരെ ഭയത്തിൻെറ ആഴിയിൽ അമർത്തിപ്പിടിച്ചു.

"ശിക്ഷയിറങ്ങുന്നതിനു മുമ്പ് നിങ്ങൾ സ്വാലിഹിനെ കൊന്നുകളയുക." പിശാച് അവരോട് കല്പിച്ചു. പിശാചാണല്ലോ എക്കാലത്തെയും ദുഷ്കൃതരുടെ മിത്രവും വഴികാട്ടിയും.

അവർക്ക് അതിനും പ്രയാസമില്ലായിരുന്നു. അത്രക്കും നിഷ്ഠുരന്മാരായിരുന്നു ആ ജനം.

പകലസ്തമിച്ചു. ഇരുളിൻെറ കറുത്ത പടം ഭൂമുഖത്തെ കറുപ്പിച്ചു.

ധിക്കാരിക്കൂട്ടത്തിലെ ഒമ്പത് പേർ വീണ്ടും ഒരുമിച്ചുകൂടി. അവരുടെ ചർച്ച ചെയ്തെത്തിയ തീരുമാനം ഇങ്ങനെ:

"സ്വാലിഹിനെയും അവൻെറ വീട്ടുകാരെയും നമുക്ക് പാതിരാകൊല ചെയ്യാം. എന്നിട്ട് സ്വാലിഹ് കുടുംബത്തിൻെറ നശീകരണവേളയിൽ ഞങ്ങൾ ഉണ്ടായിരുന്നില്ല എന്ന് ഗ്രാമമുഖ്യനോട് പറയാം."

പിശാചായിരുന്നു അവർക്ക് മാർഗദർശി.

പക്ഷേ, അന്തിമമായ തീരുമാനം അല്ലാഹുവിങ്കലാണ്. അവൻെറ തന്ത്രങ്ങളെ മറികടക്കാൻ സൃഷ്ടികളുടെ യുക്തിക്ക് സാധിക്കില്ല. അതിന് മുമ്പിൽ അവരുടെ എല്ലാ പദ്ധതികളും അവർക്കു തന്നെ വിനയായി പര്യവസാനിക്കും.

❄ ❄ ❄

സ്വാലിഹ് തൻെറ ജനത്തിന് നിശ്ചയിച്ചുകൊടുത്ത മൂന്ന് ദിവസം അശുഭദിനങ്ങളായി പുലർന്നു. അസ്വാസ്ഥ്യങ്ങളുടെ നെരിപ്പോടിലായിരുന്നു അവർ. അത്യുഷ്ണത്തിൽ മദ്യൻ ഉരുകി.

ഒരു ദിവസം ആളുകൾ നോക്കിനിൽക്കെ സ്വാലിഹും കൂട്ടരും ഇറം വിട്ടു യാത്രയായി.

മദ്യൻ! പ്രപഞ്ചനാഥൻെറ നിർദ്ദേശത്തിനും ധിക്കാരിക്കൂട്ടത്തിൻെറ പരിണതിക്കുമിടയിൽ അത് മൂകമായി കിടന്നു.

അവധിയുടെ അവസാന നാൾ!

മദ്യൻകാർ പ്രഭാതത്തിലെ ശുഷുപ്തിയിലായിരുന്നു.

മണൽക്കുന്നുകളെ തടവി കാറ്റു മെല്ലെ വീശി. മദ്യനു മീതെ മേഘം അടിഞ്ഞുകൂടി. മരുഭൂ താപമറ്റു.

ജനം പുറത്തേക്കിറങ്ങി നോക്കി. പ്രകൃതിയുടെ മാറ്റത്തിൽ അവർ സന്തുഷ്ടരായിരുന്നു.

കാണെ, അന്തരീക്ഷത്തിൻെറ ഭാവം മാറി. കാറ്റിന് ശക്തി കൂടി. ഭ്രാന്തമായി അത് വീശി യടിച്ചു. കാറ്റിൻെറ താഡനം ധിക്കാരിക്കൂട്ടത്തെ ഗൃഹത്തിലേക്കാട്ടി.

ദിഗന്തങ്ങളെ തകർത്ത് ഇടി മുഴങ്ങി.

മേഘക്കൂട്ടങ്ങളെയും ഭൂമിയെയും ദിവ്യാജ്ഞയുടെ കരം തഴുകി. ആജ്ഞയുടെ ശക്തിയിൽ മേഘം ഇളകി മറിഞ്ഞു.

പൊടുന്നനെ അവരുടെ പാദങ്ങൾക്കു താഴെ മദ്യൻ ശക്തിയായി പ്രകമ്പനം കൊണ്ടു. അവരുടെ ഹൃദയങ്ങളെ തകർത്ത് മാനത്ത് ഇടിവെട്ടി.

അവരുടെ ധാരണക്കും പ്രതീക്ഷക്കും അതീതമായിട്ടായിരുന്നു പ്രകമ്പനം.

ഗോരഗർജനത്തിൽ മദ്യൻ തകർന്നു.

അഖബാഉൾക്കടൽ തീരം തകർന്നു.

വെട്ടിയിട്ട ഈത്തപ്പനകൾ കണക്കെ ധിക്കാരി ക്കൂട്ടത്തിൻെറ ജഡം നിലത്ത് വീണടിഞ്ഞു.

ഇടിനാദം പരിശുദ്ധനായ ദൈവത്തെ വാഴ്ത്തുന്നു. അത് ഏകദൈവത്തിൻെറ നിയന്ത്രണ ത്തിനും ഇഛക്കും വിധേയം, പ്രപഞ്ചത്തിലെ ഇതര ചരാചരങ്ങളെപ്പോലെ. ഇടി ചിലപ്പോൾ പരീക്ഷണവുമാകാറുണ്ട്. അതെപ്പറ്റി ഖുർആൻ പറഞ്ഞു:

“അവൻ ഗർജ്ജിക്കുന്ന മിന്നൽപിണറുകളെ അയയ്ക്കുന്നു. (അത് ചിലപ്പോൾ) അവൻ ഇഛി ക്കുന്നവരുടെ മേൽ, അവർ അവനെപ്പറ്റി തർക്കിച്ചുകൊണ്ടിരിക്കെ പതിക്കുന്നു.”

ഇടി ജീവജാലങ്ങൾക്ക് അനുഗ്രഹവുമാണ്.

സംഭവം നടന്നു.

സ്വാലിഹ് തൻെറ ദുഃസ്ഥിതി കാണാനെത്തി. മണ്ണിൽ ചിതറി വീണുകിടക്കുന്ന നിശ്ചല ജഡ ങ്ങൾ അദ്ദേഹത്തെ തളർത്തി. ആർദ്രനായി അദ്ദേഹം പറഞ്ഞു:

“എൻെറ സമുദായമേ, എൻെറ നാഥൻെറ സന്ദേശം ഞാൻ നിങ്ങൾക്കെത്തിച്ചു തന്നു. നിങ്ങ ളോട് ഞാനേറെ ഗുണകാംക്ഷ പുലർത്തി. പക്ഷേ, ഗുണകാംക്ഷിയെ നിങ്ങൾ ഇഷ്ടപ്പെട്ടില്ലല്ലോ.” അദ്ദേഹം അവിടം വിട്ടു യാത്രയായി.

*“നമ്മുടെ കല്പന വന്നപ്പോൾ സ്വാലിഹിനെയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും നമ്മുടെ കാരുണ്യം കൊണ്ട് നാം രക്ഷപ്പെടുത്തി. ആ ദിവസത്തെ അപമാനത്തിൽനിന്നും നാം അവരെ മോചിപ്പിച്ചു.തീർച്ചയായും നിൻെറ രക്ഷിതാവ് തന്നെയാണ് ഏറെ ശക്തനും പ്രതാപവാനും. അക്രമം പ്രവർത്തിച്ചവരെ ഘോരശബ്ദം പിടികൂടി. അങ്ങനെ പ്രഭാതമായ പ്പോൾ അവർ അവരുടെ വീടുകളിൽ കമിഴ്ന്നു വീണ അവസ്ഥയിലായിരുന്നു. അവർ അവിടെ താമസിച്ചിട്ടില്ലാത്തതു പോലെ അവർ ഉന്മൂലനം ചെയ്യപ്പെട്ടു. അറിയുക: തീർച്ച യായും ഥമൂദ് ജനത തങ്ങളുടെ നാഥനോട് നന്ദികേട് കാണിച്ചു. അറിയുക: ഥമൂദ് ജന തക്ക് നാശം.”*

## 4

## ലൂത്തിൻെറ ജനത

ഇടിഞ്ഞ മനസ്സുമായി ലൂത്ത് നേരെ തൻെറ പ്രാർഥനാലയത്തിലേക്ക് പോയി.

ഉഷ്ണജ്വാലയിൽ കണ്ണും നട്ട് അദ്ദേഹം നിലത്ത് വിഷാദിച്ചിരുന്നു.....

തപിച്ച കാറ്റ് മരുഭൂ കുന്നുകളെ അലോസരപ്പെടുത്തി വീശിയടിച്ചു......

നന്മയുടെ കണികയറ്റ സദൂംകാരെപ്പോലെ ഹരിതമറ്റ മരുപ്പറമ്പ്......

ലൂത്തിൻെറ മനസ്സ് വിങ്ങുന്നുണ്ടായിരുന്നു. വർഷങ്ങൾ നീണ്ട യത്നം വൃഥാവിലായ വേദന. സ്വന്തം ഭാര്യയടക്കം സ്വജനത തൻെറ സന്ദേശത്തെ നിരാകരിച്ചത് അദ്ദേഹത്തെ ഏറെ നൊമ്പര പ്പെടുത്തി.

സദൂം!

ഇറാഖിനും ഫലസ്തീനിനും മധ്യേ ട്രാൻസ്ജോർഡാനിൽ ചാവുകടലിൻെറ ഇരുകരകളിലുമാ യാണ് ഈ സ്ഥലം സ്ഥിതി ചെയ്യുന്നത്.

വ്യാപാരികളും ധനാഢ്യരായിരുന്നു സദൂം നിവാസികൾ. അവരുടെ വലിയ വ്യാപാര കേന്ദ്രമാ യിരുന്നു സദൂം. സദൂമിനെപ്പോലെ വലിയ വ്യാപാരകേന്ദ്രങ്ങൾ വേറെയും അവർക്കുണ്ടായിരുന്നു.

വ്യാപാരത്തെപ്പോലെ കൃഷിയുടെ കാര്യത്തിലും ഏകദൈവം അവരെ അനുഗ്രഹിച്ചിരുന്നു. ആയിരക്കണക്കിന് കിലോമീറ്ററുകൾ വിസ്താരത്തിൽ വിളഞ്ഞുനിന്നിരുന്ന തോട്ടങ്ങളിൽ അവർ ഏറെ അഹ ങ്കരിച്ചിരുന്നു.

അധർമികളായ ജനത.

ബിംബങ്ങൾക്ക് മുമ്പിൽ ജീവിതം തുലച്ചവർ........

മൂല്യവും സദാചാരവും അന്യംനിന്ന ജവവർഗം........

കൈയൂക്കിലും അഹങ്കാരത്തിലും മനുഷ്യത്വം മറന്ന നരാധമർ........

കൊള്ളയും തട്ടിപ്പും ജീവിതമുദ്രയാക്കിയ താന്തോന്നികൾ........

വിചിത്രമായ ലൈംഗികാഭാസകർ........

ഏകദൈവം അവരെ പല നിലക്കും അനുഗ്രഹിച്ചിരുന്നു. പക്ഷേ, ജീവിതത്തിൽ അല്പം പോലും വിശുദ്ധി പാലിക്കാൻ അവർ തയാറായിരുന്നില്ല.

ഏകദൈവത്തെ നിഷേധിച്ച് ബിംബങ്ങൾക്കു മുമ്പിൽ അവർ അർച്ചനകൾ നേർന്നു.

കൊള്ളക്കാരായിരുന്നു സദൂംകാർ. അവരുടെ നാട്ടിലൂടെ ആർക്കും നിർഭയമായി സഞ്ചരി ക്കുവാൻ സാധിച്ചിരുന്നില്ല. കൊള്ളും കൊലയും അവർക്ക് ജീവിതമായിരുന്നു. അതിൽനിന്നവരെ വിലക്കാൻ ആരുമുണ്ടായിരുന്നില്ല.

ഒരിക്കൽ സദൂം തെരുവിൽ തടിച്ചുകൂടിയ ആൾക്കൂട്ടത്തെ കണ്ട് അവരെ തൻെറ സന്ദേശ ത്തിലേക്ക് ക്ഷണിക്കുന്നതിനായി ലൂത്ത് അങ്ങോട്ട് ചെന്നു. ഒരു പരദേശി ആൾക്കൂട്ടത്തിനു നടുവിൽ കരഞ്ഞുനിൽക്കുകയാണ്. ഒരു ഏലാമി യാത്രക്കാരനായിരുന്നു അയാൾ.

“എന്തുപറ്റി?”

ലൂത്ത് തിരക്കി.

തനിക്ക് ആഥിത്യം നല്കാമെന്ന് പറഞ്ഞ് തന്നെ വീട്ടിലേക്ക് കൊണ്ടുപോകുകയും രാത്രി തൻെറ മുതലുകളത്രയും കൊള്ളയടിച്ചു പുറത്താക്കുകയും ചെയ്ത കഥ അയാൾ ലൂത്തിനോട് പറഞ്ഞു.

അയാളെ പിന്തുണച്ചുകൊണ്ട് ലൂത്ത് അവരെ വിമർശിച്ചു. ഉടനെ മറുപടി വന്നു:

“ലൂത്തേ, നീ ഞങ്ങൾക്കിടയിൽ വന്ന് വലിയ വിശുദ്ധിയൊന്നും ചമയേണ്ട.”

നന്മയോടും അതിൻെറ ആളുകളോടും തീരാത്ത പകയായിരുന്നു ആ ജനത്തിന്.

വിചിത്രമായ ലൈംഗികാഭാസകർ. രതിവൈകൃതം അവരെ ചരിത്രത്തിൽ സ്ഥിരപ്രതി ഷ്ഠരാക്കി. ഖുർആൻ ലോകത്തിനു മുമ്പിൽ ഒരു ഗുണപാഠമായി അത് വിവരിച്ചു.

തെമ്മാടികളായ ജനം. അവരുടെ രതിവൈകൃതങ്ങളെ വിമർശിച്ച എത്രയോ പേരെ അവർ നാട്ടിൽ നിന്നും ആട്ടിയോടിച്ചു. സഭകളിൽ വെച്ചുപോലും ആ നീചകൃത്യം ചെയ്യാൻ അവർക്ക് ഒട്ടും മടിയുണ്ടായിരുന്നില്ല. അത് കണ്ടാൽ വിമർശിക്കുകയോ തടയുകയോ ചെയ്യുന്ന മാന്യന്മാരും അവരിൽ ഇല്ലായിരുന്നു.

രതിവൈകൃതങ്ങൾ ആസ്വദിക്കാൻ അവർ ചില ക്ലബ്ബുകൾ സംവിധാനിച്ചിരുന്നു. “നാദീ അൽ മുൻകർ.” എന്നാണ് അവസാനത്തെ വേദഗ്രന്ഥം അതിനിട്ട പേര്.

ഗ്രാമത്തിൻെറ രണ്ട് ഭാഗങ്ങളിലും തഴച്ചുവളർന്നിരുന്ന തോട്ടങ്ങളും അവരതിന് താവളമായി ഉപയോഗിച്ചിരുന്നു. ആ കൃത്യങ്ങളിൽ അവർക്ക് ഒരു പ്രതിബന്ധവും ഉണ്ടായിരുന്നില്ല.

❄ ❄ ❄

ലൂത്ത് ദീർഘമായി നിശ്വസിച്ച് നിവർന്നിരുന്നു.

പിതൃവ്യൻ ഇബ്റാഹീംനബി ട്രാൻസ്ജോർഡാനിൽനിന്നും അവിടെ കൊണ്ടുവന്നാക്കിയ കാലം മുതൽ ലൂത്ത് അവരുടെ അവിശുദ്ധ ജീവിത രീതിക്കെതിരെ പോരാടി തുടങ്ങിയതാണ്. പക്ഷേ, ചെവികൊണ്ടവർ വിരലിലെണ്ണുവുന്നവർ മാത്രം.

ആ ജനതയെ വിശുദ്ധരാക്കാൻ ലൂത്ത് ഏറെ കഠിനാദ്ധ്വാനം ചെയ്തു. പലരീതിയിലും ഉപദേശിച്ചു. അദ്ദേഹം അവരോട് പറഞ്ഞു:

“നിങ്ങളെന്തേ അല്ലാഹുവിനെ സൂക്ഷിക്കാത്തത്? നിങ്ങൾ ഞാൻ പറയുന്നതനുസരിച്ച് ജീവിക്കുവിൻ. നിങ്ങൾക്ക് വിശ്വസ്തനായ ദൈവദൂതനാകുന്നു ഞാൻ. ഈ പണിക്ക് ഞാൻ നിങ്ങളോട് പ്രതിഫലമൊന്നും ചോദിക്കുന്നില്ല. അത് എൻെറ നാഥങ്കലുണ്ട്.”

അവരത് ചെവികൊണ്ടില്ല. ഒരിക്കൽ അവരുടെ നീചകൃത്യങ്ങളെ വിമർശിച്ചുകൊണ്ട് അദ്ദേഹം അവരോട് ചോദിച്ചു:

“നിങ്ങൾ ഇത്ര നിർലജ്ജരായോ, മുമ്പാരും ചെയ്തിട്ടില്ലാത്ത ഈ നീചവൃത്തി ചെയ്യാൻ? ലൈംഗിക വികാരം ശമിപ്പിക്കുന്നതിന് നിങ്ങൾ സ്ത്രീകളെ വർജിച്ച് പുരുഷന്മാരെ സ്വീകരിച്ചു. സത്യത്തിൽ നിങ്ങൾ തികച്ചും അതിര് കടന്ന ജനം തന്നെ.”

അവർക്ക് വിവാഹം പോലും സ്വവർഗത്തിൽനിന്നായിരുന്നു. അപഥസഞ്ചാരിയായ ആധുനിക സമൂഹങ്ങൾ ആശിർവാദം നല്കിയ സ്വവർഗരതി എന്ന നീചകൃത്യത്തിന് അടിത്തറ പാകുകയായിരുന്നു സദൂംകാർ.

ലൂത്തിന് മറുപടിയായി അവർ പരസ്പരം വിളിച്ചു പറഞ്ഞു:

“നിങ്ങൾ ഇവരെ നാട്ടിൽനിന്നും പുറത്താക്കുക. ഇവർ വലിയ വിശുദ്ധന്മാരായി ചമയുകയാണ്.”

ആ കൃത്യത്തോടുള്ള തൻെറ നിലപാട് വ്യക്തമാക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു:

“നിങ്ങളുടെ ഈ പ്രവൃത്തിയോട് ഏറെ വെറുപ്പുള്ളവരാകുന്നു ഞാൻ.”

തൻെറ ജനം വിശുദ്ധി കൈവരിക്കാനായി ലൂത്ത് അവരെ പല വിധത്തിലും ഉപദേശിച്ചു. ധിക്കാരികളായ മുൻസമുദായങ്ങളുടെ പരിണതി അവരെ പറഞ്ഞു കേൾപ്പിച്ചു. നൂഹിൻെറ ജനവും ഹൂദിൻെറ ജനവും അനുഭവിച്ച ശിക്ഷകൾ അവർക്ക് ഓതിക്കൊടുത്തു. തൂഫാൻെറയും കൊടുങ്കറ്റിൻെറയും പ്രകമ്പനത്തിൻെറയും ഭീകരത അവരുടെ മനസ്സുകളിൽ കോരിയിട്ടു. പക്ഷേ, അതൊക്കെ ധിക്കാരത്തോടെ തള്ളിക്കളഞ്ഞു അവർ ലൂത്തിനോട് പറഞ്ഞു:

“ലൂത്തേ, നീ ഞങ്ങളെ ഭയപ്പെടുത്തേണ്ട. അതൊക്കെ പ്രകൃതിയുടെ ഭാഗമാണ്. പ്രവാചകന്മാരുടെ വാക്കും ഭീഷണിയുമായി അതിന് യാതൊരു ബന്ധവുമില്ല.”

സംസ്കരണത്തിൻെറ ലാഞ്ഛന പോലും അവരിൽ അവശേഷിച്ചിരുന്നില്ല.

വിഷാദമനസ്സുമായി ലൂത്ത് തൻെറ നാഥനു നേരെ കൈകളുയർത്തി. നിഷേധിക്കപ്പെട്ട ഒരുവൻെറ ആവലാതിയായിരുന്നു അദ്ദേഹത്തിൻെറ അകതാരിൽ നിറയെ.

“നാഥാ, എന്നെ ഈ ജനം കളവാക്കിയിരിക്കുന്നു. എന്നെയും എൻെറ കുടുംബത്തെയും ഇവരുടെ കുചേഷ്ഠിതങ്ങളിൽനിന്ന് രക്ഷിക്കേണമേ. ഈ നാശകാരികൾക്കെതിരെ എനിക്ക് നീ സഹായമരുളേണമേ.”

ആ ജനത്തെ സംബന്ധിച്ച ആവലാതിയും വേദനയുമായിരുന്നു അത്.

ഒരിക്കലും തള്ളപ്പെടുന്ന അഭ്യർഥനയല്ല അത്.

പ്രാർഥനാനന്തരം ലൂത്ത് അവിടെ തന്നെ ഇരുപ്പുറപ്പിച്ചു. അദ്ദേഹത്തിൻെറ പെൺമക്കൾ രണ്ടും ജനലഴികൾക്കുള്ളിലൂടെ പിതാവിനെ ഒളിഞ്ഞുനോക്കുന്നുണ്ടായിരുന്നു. പിതാവിൻെറ മനോവേദനയിൽ അവരും അസ്വസ്ഥരായിരുന്നു. പിതാവിനെ എങ്ങനെ സാന്ത്വനിപ്പിക്കണമെന്ന് അവർക്ക് അറിയില്ലായിരുന്നു. പിതാവിൻെറ ആദർശത്തെ പിന്തുണച്ചതിനാൽ അവരും ഏറെ പ്രയാസപ്പെടുന്നുണ്ടായിരുന്നല്ലോ. വേദനയോടെ അവർ പിതാവിനെ നോക്കിനിന്നു.

ലൂത്തിൻെറ സദൂംകാരിയായ പെണ്ണ് ഇതൊന്നും സാരമാക്കുന്നുണ്ടായിരുന്നില്ല. ഭർത്താവും മക്കളും മനമുരുകുമ്പോൾ അവൾ പുറത്തെ ആരോടോ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഒരു പ്രവാചകൻെറ കുചേഷ്ഠയായ ഭാര്യ. തൻെറ നാട്ടുകാരുടെ നിർലജ്ജ ചെയ്തിയോടായിരുന്നു അവൾക്കും പ്രിയം.

നിഷേധികളായ ആളുകൾക്ക് ഉദാഹരണമായി ദൈവം തൻെറ ഗ്രന്ഥത്തിൽ എടുത്തു പറഞ്ഞത് അവളെയാണ്. മറ്റൊന്ന് പ്രവാചകൻ നൂഹിൻെറ ഭാര്യയെയും. ഇരുവരും പ്രവാചകന്മാരായ ഭർത്താക്കന്മാരുടെ കൂട്ടത്തിലായിരുന്നു ജീവിച്ചിരുന്നത്. പക്ഷേ, പറഞ്ഞിട്ടെന്ത്? അവർ രണ്ടു പേരും ഭർത്താക്കന്മാരെ വഞ്ചിച്ചു. ആ വഞ്ചന അവർക്ക് ദൈവകോപത്തിലേക്ക് വഴിയൊരുക്കി. അതിലൂടെ പിൽക്കാലക്കാർക്ക് പാഠമാകാൻ മനുഷ്യചരിത്രത്തിലും അവർക്ക് സ്ഥാനം കിട്ടി.

ഏറെ അതിശയപ്പെടേണ്ട കാര്യമൊന്നുമല്ല അത്. എല്ലാ മനുഷ്യരുടെയും പ്രകൃതി ഒരുപോലെയല്ലല്ലോ. ചില മനസ്സുകൾ സങ്കുചിതമായിരിക്കും. ദേഹേഛയായിരിക്കും അത്തരക്കാരെ നയിക്കുക. ദൈവവും വേദവുമൊക്കെ അവർക്ക് ഉൾക്കൊള്ളാവുന്നതിലപ്പുറമായിരിക്കും. ചില മനസ്സുകൾ വിശാലമായിരിക്കും. അത്തരക്കാർക്ക് ദൈവിക ദൗത്യത്തിൻെറ അകപൊരുൾ വേഗം മനസ്സിലാകും. അത്തരക്കാർ വേഗം അവനെ അംഗീകരിക്കുന്നു.

ലൂത്ത് ഇരുത്തത്തിൽ തന്നെ. വിഷാദം നിറഞ്ഞ മനോമന്ത്രണത്തിലാണദ്ദേഹം.

❄ ❄ ❄

സന്ധ്യാ സമയം. തെരുവിലൂടെ രണ്ടു പേർ തൻെറ ഗൃഹത്തിനു നേരെ വരുന്നത് ലൂത്ത് കണ്ടു. അദ്ദേഹം വേഗം നഗരകവാടത്തിലേക്ക് ചെന്നു അവരെ വീട്ടിലേക്ക് ആനയിച്ചു. ആഗതരെ കാണാനായി അകത്തു നിന്നും ലൂത്തിൻെറ പെൺകുട്ടികൾ ഒളിഞ്ഞുനോക്കി. സുന്ദരന്മാരായ രണ്ട് യുവാക്കൾ മുമ്പിൽ. രൂപലാവണ്യമൊത്തവർ. നിഷ്കളങ്കർ.

തങ്ങളെ നോക്കുന്ന ലൂത്തിൻെറ പുത്രിമാരെ കണ്ട് അവർ തലതാഴ്ത്തി. പെൺകുട്ടികൾ നാണിച്ച് അകത്തേക്ക് മാറി.

ലൂത്ത് ആഗതരെ തൻെറയടുത്ത് പിടിച്ചിരുത്തി. അദ്ദേഹം അത്യധികം പരിഭ്രമിച്ചിരുന്നു. "അല്ലാഹ്, ഇത് മഹാ വിപൽദിനം തന്നെ." ഭീതി പടർന്ന സ്വരത്തിൽ അദ്ദേഹം മന്ത്രിച്ചു.

തൻെറ അതിഥികൾ ദുഷ്ടജനത്തിൻെറ കാമകേളിക്കിരയാകുമോ എന്ന പേടിയായിരുന്നു അദ്ദേഹത്തിന്. അവരെങ്ങാനും സംഗതി അറിയാനിടയായാൽ താൻ എന്തു ചെയ്യുമെന്ന ആധിയായിരുന്നു അദ്ദേഹത്തിന്.

ലൂത്തിൻെറ ഭാര്യ അഥിതികളെ സൽക്കരിക്കാൻ മുതിർന്നില്ല. അവൾ മെല്ലെ വീട് വിട്ടിറങ്ങി. വീട്ടിൽ വന്ന യുവാക്കളെ സംബന്ധിച്ച് നാട്ടുകാർക്ക് വിവരം നല്കാനായിരുന്നു ആ പോക്ക്. അധികം താമസിച്ചില്ല. പെട്ടെന്ന്, കതകിൽ ശക്തിയായി മുട്ടുന്നതു കേട്ട് ലൂത്ത് പരിഭ്രാന്തനായി എഴുന്നേറ്റു.

പുറത്ത് പുരുഷാരത്തിൻെറ ആരവമായിരുന്നു. പരിഭ്രാന്തനായ ലൂത്ത് തൻെറ അതിഥികളെ നോക്കി. അവരുടെ മുഖത്ത് ഭാവഭേദമൊന്നുമുണ്ടായിരുന്നില്ല.

"ലൂത്തേ, വാതിൽ തുറക്ക്. നിൻെറ അതിഥികളെ ഇറക്കിവിട്."

പുറത്തെ ആരവത്തിന് വീറ് കൂടി വരികയാണ്.

ഭയപ്പെട്ടതു തന്നെയാണ് സംഭവിച്ചത്. ലൂത്ത് വെപ്രാളപ്പെട്ട് വീട്ടിനകത്ത് അങ്ങിങ്ങ് ഓടി നടക്കാൻ തുടങ്ങി. തൻെറ അതിഥികളെ സംരക്ഷിക്കുന്നതിനുള്ള ബദ്ധപ്പാടിലായിരുന്നു അദ്ദേഹം. താൻ പടപൊരുതുന്ന ദുഷ്കൃതമാണല്ലോ പുറത്ത് ആരവമുയർത്തുന്നത്.

തൻെറ ജനത്തെ ആശ്വസിപ്പിക്കാനായി ലൂത്ത് വാതിൽതുറന്ന് പുറത്തേക്കിറങ്ങി. അദ്ദേഹത്തെ കൺമുമ്പിൽ കണ്ടതോടെ ജനം ഇളകിവശായി. അവർ ആക്രോശിച്ചു:

"ലൂത്തേ, എവിടെ ആ യുവാക്കൾ, അവരെ വേഗം പുറത്തേക്കിറക്ക്."

"സഹോദരന്മാരേ, നിങ്ങൾക്കെന്തായിപ്പോയി? നിങ്ങൾ തീരെ ചിന്തിക്കുന്നില്ലേ?"

"ലൂത്തേ,. അതൊന്നു ഇങ്ങോട്ട് പറയേണ്ട. അവരെയിങ്ങ് പുറത്തിറക്ക്."

ധിക്കാരിക്കൂട്ടത്തിൻെറ പ്രതികരണം അദ്ദേഹത്തെ തളർത്തി. പെൺമക്കൾ ജനലഴികൾക്കുള്ളിലൂടെ പുറത്തെ ആരവം കാണുന്നുണ്ടായിരുന്നു. അവരെ ചൂണ്ടിക്കാണിച്ച് ലൂത്ത് ജനത്തോട് പറഞ്ഞു:

"സഹോദരങ്ങളേ, എൻെറ പെൺമക്കളിതാ. ഇവരാകുന്നു നിങ്ങൾക്കേറെ വിശുദ്ധരായിട്ടുള്ളവർ. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുവിൻ. അതിഥികളുടെ കാര്യത്തിൽ എന്നെ നിങ്ങൾ അപമാനിക്കരുതേ."

പറഞ്ഞല്ലോ, അവർക്ക് സ്ത്രീകളിൽ ഒട്ടും ഭ്രമമുണ്ടായിരുന്നില്ല. പിന്നെ ലൂത്തിൻെറ വാക്ക് എങ്ങനെയാണവർ ചെവി കൊള്ളുക? വികാരശമനത്തിന് അവർ എങ്ങനെയാണ് സ്ത്രീകളെ വേൾക്കുക?

ലൂത്തിന് മറുപടിയായി അവർ പറഞ്ഞു:

"ലൂത്തേ, നിൻെറ പെൺമക്കളിൽ ഞങ്ങൾക്ക് ഭ്രമമില്ലെന്ന് നിനക്കറിയില്ലേ? ഞങ്ങൾ എന്താഗ്രഹിക്കുന്നുവെന്നും നിനക്കറിയാം."

"അല്ല, നിങ്ങളിൽ വിവേകമുള്ള ആരുമില്ലേ? നിങ്ങൾ ഞാൻ പറയുന്നതനുസരിപ്പിൻ."

"ലൂത്തേ, നാട് നന്നാക്കാൻ നടക്കേണ്ടെന്ന് നിന്നോട് പല വട്ടം പറഞ്ഞതല്ലേ? ലൂത്തേ, അവരെയിങ്ങ് വിട്ടുതരാനാണ് പറഞ്ഞത്."

ആ സംഭവം ബൈബിളിൽനിന്ന്:

"......അവർ ഉറങ്ങാൻ കിടക്കും മുൻപ്, സൊദോം നഗരവാസികളായ പുരുഷന്മാർ- ആബാലവൃദ്ധം എല്ലാ പുരുഷന്മാരും- ഒന്നൊഴിയാതെ വന്ന് വീട് വളഞ്ഞു. അവർ ലോതിനെ വിളിച്ചു പറഞ്ഞു: ഈ രാത്രി നിൻെറ അടുക്കൽ വന്ന പുരുഷന്മാർ എവിടെ? അവരെ ഇറക്കിവിടുക. ഞങ്ങൾ അവരുമായി ശയിക്കട്ടെ. ലോത് വെളിയിലിറങ്ങി. വെളിയിലിറങ്ങി, വാതിലടച്ച ശേഷം അവരോട് സംസാരിച്ചു. എൻെറ സഹോദരന്മാരെ, ഞാൻ നിങ്ങളോട് കേണപേക്ഷിക്കുന്നു, ഇത്രയേറെ ദുഷ്ടമായി പെരുമാറരുതേ. നോക്കൂ, പുരുഷ സംസർഗം ഉണ്ടായിട്ടില്ലാത്ത രണ്ട് പുത്രിമാർ എനിക്കുണ്ട്. അവരെ നിങ്ങളുടെ അടുക്കലേക്ക് ഞാൻ ഇറക്കിവിടാം. നിങ്ങളുടെ ഇഷ്ടം പോലെ അവരോട് പെരുമാറിക്കൊള്ളുക. ഈ പുരുഷന്മാരോടു മാത്രം ഒന്നും ചെയ്യരുതേ. ഇവർ ഭവനത്തിലെ സംരക്ഷണാർഹരായ അതിഥികളാകുന്നു. പക്ഷേ, അവർ പറഞ്ഞു, മാറിനില്ക്ക്, ഇവനൊരു പരദേശി. നമ്മുടെ ഇടയിൽ വന്നു പാർത്തിട്ട് ഇവനിപ്പോൾ ന്യായാധിപതി ചമയുന്നു. ഇനി അവരോട് പ്രവർത്തിക്കുന്നതിനെക്കാൾ വഷളായി നിന്നോട് പ്രവർത്തിക്കും." അവർ ലോതിനെ ശക്തിയായി തള്ളി. വാതിൽ തല്ലിത്തകർക്കാനായി മുതിർന്നു. (ഉല്പത്തി: 19-4-10)

രതിദാഹാർത്തരായ ജനങ്ങളുടെ ആർത്തനാദം കേട്ട് ലൂത്ത് വേദനയോടെ പറഞ്ഞു:

"ഹാ, നിങ്ങളെ നേരെയാക്കാൻ എനിക്ക് സാധിച്ചിരുന്നെങ്കിൽ. അഥവാ, ബലിഷ്ഠമായ ഒരു താങ്ങ് അവലംബമായി എനിക്കുണ്ടായിരുന്നെങ്കിൽ."

അദ്ദേഹം അവരെ ആകെ ഒന്ന് നോക്കി അകത്തേക്ക് കയറിപ്പോയി.

ലൂത്തിൻെറ വെപ്രാളം കണ്ട് ചെറുപ്പക്കാർ അദ്ദേഹത്തെ സമാധാനിപ്പിച്ചുകൊണ്ട് പറഞ്ഞു:

"ലൂത്ത്, താങ്കൾ ഭയപ്പെടാതെ. ഞങ്ങൾ താങ്കളുടെ നാഥങ്കൽനിന്നുള്ള ദൂതന്മാരാകുന്നു. അവർക്ക് നിൻെറയടുത്തെത്താനാകില്ല. ഈ ജനത്തെ നശിപ്പിക്കാൻ നിയുക്തരായവരാണ് ഞങ്ങൾ. ഈ ആളുകൾക്ക് ഞങ്ങളെ തെല്ലും ഉപദ്രവിക്കാൻ സാധിക്കില്ല. അതുകൊണ്ട് രാവെറെ ചെന്നിട്ട് താങ്കൾ കുടുംബത്തെയും ബന്ധുക്കളെയും കൂട്ടി ഇവിടന്ന് രക്ഷപ്പെടേണം. ആരും തിരിഞ്ഞുനോക്കരുത്. താങ്കളുടെ ഭാര്യ അതിൽനിന്നൊഴിവായിരിക്കും. ആ ജനത്തെ ബാധിക്കുന്നത് അവരെയും ബാധിക്കുന്നതായിരിക്കും. അവരെ നശിപ്പിക്കാൻ നിശ്ചയിച്ച സമയം പ്രഭാതമത്രെ. പ്രഭാതം ഇങ്ങടുത്തല്ലോ."

സന്താനസൗഭാഗ്യമില്ലാതിരുന്ന പ്രവാചകൻ ഇബ്റാഹീമിന് ഒരു പുത്രനെ സംബന്ധിച്ച സുവാർത്തയറിയിച്ച ശേഷം സദൂമിലേക്ക് വന്നതായിരുന്നു മാലാഖമാർ. -പരിധി വിട്ടുകടന്ന ആ നാട്ടുകാർക്കെതിരെയുള്ള ദൈവിക നടപടിയെക്കുറിച്ച് ലൂത്തിനെ അറിയിക്കാനും അദ്ദേഹത്തെ ആശ്വസിപ്പിക്കാനും.

മാലാഖമാരുടെ സംസാരം കേട്ട് ലൂത്ത് സമാധാനിച്ചു- തൻെറ അതിഥികൾ സ്വയം സുരക്ഷിതരാണല്ലോ.

മാലാഖമാർ ലൂത്തിനോട് യാത്ര പറഞ്ഞു പുറത്തേക്കിറങ്ങി. കൂടെ ലൂത്തും. അവരെ കണ്ടതോടെ ധിക്കാരിക്കൂട്ടത്തിൻെറ രതിഭ്രമമുണർന്നു. അവർ ദൂതന്മാർക്ക് നേരെ ഉന്മാദരായി അടുത്തു.

മുന്നോട്ടു വരുന്ന ജനക്കൂട്ടത്തിനു നേരെ മാലാഖമാർ കൈകളുയർത്തി. ഏതോ മായാവിഭ്രമം അവരെ ഗ്രസിച്ചു അവർ നിശ്ചലരായി. കാമാർത്തിയോടെ നീട്ടിപ്പിടിച്ചിരുന്ന അവരുടെ കൈകൾ താഴ്ന്നു. അധരങ്ങളടഞ്ഞു. കാമം പൂത്ത കണ്ണുകളടഞ്ഞു.

"....അപ്പോൾ മുറിക്കകത്തുണ്ടായിരുന്ന ആ രണ്ട് പുരുഷന്മാർ കൈ വെളിയിലേക്ക് നീട്ടി ലോതിനെ പിടിച്ചു മുറിക്കകത്താക്കി വാതിലടച്ചു. അനന്തരം അവർ വാതിലിന്നു പുറത്ത് നിന്ന ആബാല വൃദ്ധം പുരുഷന്മാർക്ക് അന്ധത ഉളവാക്കി. അതുകണ്ട് അവർ വാതിൽ തപ്പിനടന്നു പരിക്ഷീണിതരായി."

സദൂംകാരുടെ രതിദാഹത്തിന് മുകളിൽ നിരാശയും വിഷണ്ണതയും കോരിയിട്ട് മാലാഖമാർ അപ്രത്യക്ഷരായി.

സുബോധം കിട്ടിയപ്പോഴേക്ക് യുവാക്കൾ സ്ഥലം വിട്ടിരുന്നു. പുരുഷാരം ലൂത്തിനെ പുലഭ്യം പറഞ്ഞ് പിരിഞ്ഞുപോയി.

❄ ❄ ❄

ലൂത്ത് വെപ്രാളത്തിലായിരുന്നു. പ്രഭാതം ഏതാനും നാഴികവട്ടത്തിനപ്പുറത്താണ്.- വാഗ്ദാനം ചെയ്ത സമയമാണത്. അതിനു മുമ്പ് ഇവിടന്ന് യാത്രയാകണം. അദ്ദേഹം തൻെറ അനുചര വൃന്ദത്തെ വിളിച്ചുകൂട്ടി.

മണൽകുന്നുകളിൽ ഇരുട്ട് കട്ടപിടിച്ചു കിടക്കുകയായിരുന്നു. ലൂത്ത് ആളുകളോട് പറഞ്ഞു:

"വേഗം ഒരുങ്ങിക്കൊള്ളുക. നാം യാത്ര പുറപ്പെടുകയാണ്."

"എവിടെക്കാണ്?

അവർ തിരക്കി.

"പ്രഭാതത്തിനു മുമ്പ് ഈ മലക്കപ്പുറം കടക്കണം. നമുക്ക് സാവൂർ നഗരത്തിൽ അഭയം തേടാം. പ്രഭാതമാണ് ഈ ജനത്തെ ശിക്ഷിക്കാൻ നിശ്ചയിച്ച സമയം. പ്രഭാതത്തിന് ഇനി അധികം നേരമില്ല."

ദൈവിക തീരുമാനം കേട്ട് വിശ്വാസികൾ സന്തോഷിച്ചു. അവർ അത്രക്കും പീഡിപ്പിക്കപ്പെടുകയായിരുന്നല്ലോ.

ഒരുക്കങ്ങളൊക്കെ ധിറുതിയിലായിരുന്നു.

പ്രവാചകരും അനുചരവൃന്ദവും യാത്രയായി.

സദൂംകാർ ശുഷുപ്തിയിലായിരുന്നു. ദൈവിക തീരുമാനവും നടപടികളും അവരുണ്ടോ അറിയുന്നു?

പ്രവാചകനും അനുയായികളും സദൂം വിട്ടുകടന്നു. അവരുടെ നാഥൻ അവരെ സുരക്ഷിതമായ ഗേഹത്തിലേക്ക് നയിച്ചുകൊണ്ടിരുന്നു.

സദൂമിൽ ആസന്നമായ ദൈവിക ശിക്ഷയെ സംബന്ധിച്ച ഭീതി അവരെ ഗ്രസിച്ചിരുന്നു. തങ്ങളുടെ ഉറ്റവരും ഉടയവരുമാണല്ലോ അവിടെയുള്ളത്.

കഴിയുന്നത്ര വേഗത്തിലവർ മുന്നോട്ട് നടന്നു. പിന്തിനില്ക്കരുതെന്ന ദൈവികല്പനയായിരുന്നു അവരുടെ മനസ്സ് നിറയെ.

❄ ❄ ❄

കിഴക്ക് ചക്രവാളം കണ്ണ് തുറക്കാൻ തുടങ്ങി.

പെട്ടെന്ന് ദിഗന്തങ്ങളെ തകർത്ത് സദൂമിൽ സ്ഫോടനം നടന്നു. ശബ്ദഗോരതയിൽ അഖബാ ഉൾക്കടൽ തീരം തകർന്നു.

ശബ്ദം കേട്ട് സദൂംകാർ ഞെട്ടിയുണർന്നു. സംഗതിയെന്തെന്നറിയാനായി അവർ പുറത്തേക്കോടി.

അതിശക്തമായ ശിലാമാരിയായിരുന്നു പുറത്ത്. ശിലാവർഷം താങ്ങാനാകാതെ അവർ വീടുകളിലേക്ക് തന്നെ തിരിച്ചോടി.

വിശ്വാസികൾ സാവൂറിലേക്കുള്ള മലമ്പാത താണ്ടിക്കടക്കുകയായിരുന്നു. സദൂമിൽ ഉയർന്നു കേട്ട ഗർജ്ജനം അവരെ നടുക്കി. ഒരു നിമിഷം അവർ പകച്ചിനിന്നു- എന്താണ് പിറകിൽ സംഭവിക്കുന്നത്?

"അരുത്, ആരും തിരിഞ്ഞുനോക്കരുത്. ഇത് തമാശ കാണാനുള്ള സമയമല്ല. മുന്നോട്ടു നടക്കുക." ലൂത്ത് അവരോട് വിളിച്ചുപറഞ്ഞു.

സദൂമിൽ ശില വർഷിക്കുകയായിരുന്നു. നരകത്തിൽനിന്ന് അടയാളം വെക്കപ്പെട്ട ചൂടു മൺകട്ട. അത് അവരുടെ ഗൃഹങ്ങൾക്കു മീതെ ശക്തമായി വർഷിച്ചുകൊണ്ടിരുന്നു. ഏറ് താങ്ങാനാവാതെ അവർ നെട്ടോട്ടമോടിത്തുടങ്ങി. ദൈവങ്ങളെ വിളിച്ചാർത്തുകൊണ്ടുള്ള പരക്കം പാച്ചിൽ. പ്രതിരോധമെന്തെന്നറിയാതെ അവർ ഉഴറി.

ഏറിൽ അവരുടെ ശരീരം തകർന്നു. നിലം പതിച്ച് പിടയുന്ന ശരീരത്തെ ശില കുഴിച്ചുമൂടി. ആ അത്യാഹിതം കാണാനോ അവരെ സഹായിക്കാനോ ശിക്ഷക്ക് വിധേയരാകാത്ത ആരും അവിടെ ഉണ്ടായിരുന്നില്ല.

ശില എല്ലാവരെയും എറിഞ്ഞു കൊല്ലുകയായിരുന്നു.

അവർ ചെയ്ത ദുഷ്കൃതത്തിനുള്ള നീചമായ ശിക്ഷയായിരുന്നു അത്. പഴുത്ത ശിലകൾ അവരുടെ മാംസള മേനിയിൽ തുളച്ചുകയറി അവരുടെ അസ്ഥികളെ ഛിന്നഭിന്നമാക്കി.

ജനം ജീവരക്ഷാർഥം പരക്കം പായുകയായിരുന്നു. ഭദ്രങ്ങളെന്ന് അവർ കരുതിയ സങ്കേതങ്ങളെയൊക്കെ ശില തരിപ്പണമാക്കിയിരുന്നു.

പേമാരി കണക്കെ ശിലാവർഷം ദീർഘനേരം തുടർന്നു. ധിക്കാരികളുടെ ഛിന്നഭിന്നമായ ശരീരം ശിലയിൽ ജീവനോടെയും അർദ്ധജീവനോടെയും മറമാടപ്പെട്ടു.

പെട്ടെന്ന്, സദൂം ശക്തമായി പ്രകമ്പനം കൊണ്ടു- അത് കീഴ്മേൽ മറിയുകയായിരുന്നു.

ചാവുകടൽ കരയിലേക്ക് തിരയടിച്ചുകയറി.

സദൂം കഥാവശേഷമായി. അത് അതിലെ നിവാസികളോടും വിചിത്ര സംസ്കാരത്തോടുമൊപ്പം സമുദ്രത്തിനടിയിൽ അത് മറമാടപ്പെട്ടു. പിൽക്കാലക്കാർക്ക് മുൻഗാമികളും പാഠമേകുന്ന ഗുണപാഠവുമായിട്ട്.

*"അങ്ങനെ നമ്മുടെ കല്പന വന്നപ്പോൾ ആ രാജ്യത്തെ നാം കീഴ്മേൽ മറിക്കു കയും അട്ടി യട്ടിയായി ചുളവെച്ച ഇഷ്ടിക കല്ലുകൾ നാം അവരുടെ മേൽ വർഷി ക്കുകയും ചെയ്തു."*

## 5

## മദ്‌യൻ വാസികൾ

ഹൊ! എന്താണ് ജനം പറഞ്ഞത്? “നീ സത്യവാനാണെങ്കിൽ ആകാശത്തിൻെറ ചില ഖണ്ഡങ്ങൾ ഞങ്ങളുടെ മേൽ വീഴ്ത്തിക്കാണിക്ക്” എന്നോ?

വിശ്വാസമാകാതെ ശുഐബ് വീണ്ടും തിരിഞ്ഞുനോക്കി. ഉറാബ് നിവാസികൾ പിന്നിൽ തന്നെയുണ്ടായിരുന്നു. കോപാധിക്യത്താൽ അവർ വിറക്കുകയും തൻെറ നേരെ നോക്കി പുലഭ്യം പറയുകയും ചെയ്യുന്നത് അദ്ദേഹം ശരിക്കും കണ്ടു.

വല്ലാത്ത ജനം.

തങ്ങളുടെ വിമോചനാർഥം ആഗതനായ ദൈവദൂതനെ ധിക്കരിച്ചതും പോരാ, ദൈവത്തെ മറികടക്കാൻ മത്സരിക്കുകയായിരുന്നു അവർ. “തുലഞ്ഞവർ” എന്നല്ലാതെ അവരെപ്പറ്റി പിന്നെന്ത് പറയാൻ? വേദഗ്രന്ഥം അങ്ങനെയാണ് അവരെ വിശേഷിപ്പിച്ചത്.

തങ്ങളുടെ വെല്ലുവിളിയോട് ശുഐബ് എങ്ങനെ പ്രതികരിക്കുമെന്ന് നോക്കിയിരിക്കുകയായിരുന്നു അവർ. അദ്ദേഹം കൺവെട്ടത്തുനിന്ന് മറഞ്ഞപ്പോൾ അവർ പരസ്പരം പറഞ്ഞു:

“നമ്മുടെ വെല്ലുവിളി നേരിടാൻ ശുഐബിന് സാധിക്കില്ല.”.

മിദ്യാന്യർ!

പ്രവാചകൻ ഇബ്റാഹീമിൻെറ പുത്രൻ മിദ്‌യൻെറ സന്താനപരമ്പര.

ഹിജാസിന് വടക്ക്-പടിഞ്ഞാറും ഫലസ്തീന് തെക്കുമായി ചെങ്കടലിൻെറയും അഖബാ ഉൾക്കടലിൻെറയും തീരങ്ങളിൽ കൂത്താടി ജീവിച്ചിരുന്ന ജനവർഗമായിരുന്നു അവർ.

അഹങ്കാരത്തിൻെറയും ധിക്കാരത്തിൻെറയും ശൃംഗം കീഴടക്കിയ ജനവർഗം.

തന്നിഷ്ടം ജീവിക്കുന്നതിന് ഭൂമുഖത്തെ ഒന്നും പ്രശ്നമാക്കാത്ത കിരാത ജനത.

വർത്തക പ്രമുഖരായിരുന്നു അവർ. കൊള്ളയും കവർച്ചയുമായിരുന്നു അവരുടെ വ്യാപാരത്തിൻെറ മുഖമുദ്ര. കൃത്രിമമായിരുന്നു അവരുടെ അളവ്-തൂക്കങ്ങൾ.

വില്ക്കുമ്പോൾ വില കൂട്ടിപ്പറഞ്ഞും അളവ്-തൂക്കങ്ങളിൽ കുറവ് വരുത്തിയും അവർ തങ്ങളുടെ ലാഭം ഉറപ്പിച്ചു.

സാധനങ്ങളെടുക്കുമ്പോൾ കൃത്രിമ പരിമാണങ്ങൾ ഉപയോഗിച്ചും വില കുറച്ചും അവർ തങ്ങളുടെ വ്യാപാരകൊള്ളയിലൂടെ ജനത്തെ വഞ്ചിച്ചു. ഉപഭോക്താക്കൾ തങ്ങളുടെ നഷ്ടം ക്ഷമിക്കണമെന്നതായിരുന്നു അവരുടെ അലിഖിത നിയമം. ഒരു നിലക്കും പ്രതികരിക്കാൻ അവർക്ക് അവകാശമുണ്ടായിരുന്നില്ല.

പകൽകൊള്ള സ്വയം അനുവദനീയമാക്കിയ ജനത. കൊള്ളക്ക് സാധൂകരണം ലഭിക്കാൻ അവർ കൃത്രിമ ദൈവങ്ങളെ പടച്ചു പൂജിച്ചു. അവരെ സൃഷ്ടിച്ച സാക്ഷാൽ ദൈവത്തെ അവർ വിസ്മരിച്ചു. അവൻ തിന്മ പൊറുപ്പിക്കില്ലെന്ന് അവർക്ക് അറിയാമായിരുന്നു.

ഏകദൈവത്തെ സംബന്ധിച്ച് അവർ ബോധവാന്മാരായിരുന്നു. അവന് മാത്രമാണ് ആരാധനയർപ്പിക്കേണ്ടതെന്നും അവർ വിശ്വസിച്ചിരുന്നു. മുൻപ്രവാചകന്മാരുടെ അധ്യാപനങ്ങളെപ്പറ്റി അവർക്ക് നല്ല പരിചയമുണ്ടായിരുന്നു. പക്ഷേ, അതൊക്കെ ദേഹേഛയെ പോഷിപ്പിക്കാനായി അവർ വിസ്മരിച്ചു.

അവരെ നേർവഴിക്ക് നടത്തേണ്ടത് ദൈവകാരുണ്യം.

അവരിലെ സച്ചരിതനായിരുന്നു ശുഐബ്.

മിദ്യാന്യരുടെ കൊള്ള നിറഞ്ഞ വ്യാപാരത്തെ ശുദ്ധീകരിക്കാനും അവരെ ഏകദൈവത്തിൻെറ ദാസ്യത്തിലേക്ക് നയിക്കാനും ദൈവം ശുഐബിനെ അവരിലേക്ക് ദൈവദൂതനായി നിയോഗിച്ചു.

ശുഐബ് വീണ്ടും അവരെ തിരിഞ്ഞുനോക്കി.

ദൈവികശിക്ഷക്ക് വേണ്ടിയുള്ള തൻെറ ജനത്തിൻെറ വെല്ലുവിളി അദ്ദേഹത്തെ നടുക്കിക്കളഞ്ഞിരുന്നു. വർഷങ്ങളോളം അവരെ ഉപദേശിച്ചിട്ടും പരിവർത്തനത്തിൻെറ ലാഞ്ഛന പോലും ഇല്ലാത്ത അവരുടെ സമീപനം അദ്ദേഹത്തെ വേദനിപ്പിച്ചു.

ഏതെല്ലാം വിധം അദ്ദേഹം അവരെ ഗുണദോഷിച്ചു. ഉപദേശിച്ചിരുന്നു!

അദ്ദേഹം ദൈവദൂതനായി അവരിലേക്ക് ആഗതനായ അന്നുതന്നെ ആ സമൂഹത്തോട് അദ്ദേഹം പറഞ്ഞു:

“നിങ്ങൾ അല്ലാഹുവിന് അടിമപ്പെടുവിൻ, അവനല്ലാതെ നിങ്ങൾക്ക് വേറെ ആരാധ്യനില്ല. നിങ്ങൾ അളവ്-തൂക്കങ്ങളിൽ തട്ടിപ്പ് നടത്താതിരിക്കുവിൻ. നിങ്ങളുടെ നാഥങ്കൽനിന്ന് വ്യക്തമായ മാർഗദർശനം ആഗതമായിരിക്കുന്നു. അതിനാൽ, നിങ്ങൾ അളവ്-തൂക്കങ്ങൾ നിറവടിയാക്കുവിൻ. ഭൂമിയിൽ അതിൻെറ സംസ്കരണം നടന്ന ശേഷം അതിൽ നാശമുണ്ടാക്കാതിരിക്കുവിൻ. ഇതിൽ മാത്രമാണ് നിങ്ങൾക്ക് ഗുണമുള്ളത്. നിങ്ങൾ സത്യത്തിൽ വിശ്വസിക്കുന്നവരെങ്കിൽ.”

പറഞ്ഞല്ലോ, അവർ മുൻപ്രവാചകന്മാരുടെ അധ്യാപനങ്ങൾ ലഭിച്ചവരും മഹാനായ ഒരു പ്രവാചകൻെറ സന്താനപരമ്പരയിൽ പെട്ടവരുമാണെന്ന്. അതിലവർ ഏറെ സന്തോഷിക്കുകയും ഞങ്ങളും ദൈവവിശ്വാസികളാണെന്ന് പറയുകയും ചെയ്തിരുന്നു.

❄ ❄ ❄

ശുഐബിനെ അവർ എതിർത്തു. എന്നാൽ ശുഐബ് തൻെറ കൃത്യത്തിൽനിന്ന് പിന്തിരിഞ്ഞില്ല.

ശുഐബിനെതിരെ പിശാച് രംഗത്തെത്തി. അവർക്ക് ആവശ്യമായ തന്ത്രങ്ങൾ ആവിഷ്കരിച്ചുകൊടുത്തു.

അവർക്ക് ബോധ്യമുണ്ടായിരുന്നു, ശുഐബിനെ പിൻപറ്റിയാൽ ഒരിക്കലും തങ്ങളുടെ കൊള്ള വിലപ്പോവുകയില്ലെന്ന്. ശുഐബിനോടുള്ള ധിക്കാരം അവരെ കൊള്ളയിൽ കൂടുതൽ ദുഷ്ടരാക്കി. ജനത്തെ കൊള്ളയടിക്കാനായി അവർ അതിന് പറ്റിയ സ്ഥലങ്ങളിലൊക്കെ പതുങ്ങിയിരിക്കുക പതിവാക്കി. സ്വദേശികളും പരദേശികളുമായ ആരും അവരുടെ കൊള്ളയിൽനിന്ന് രക്ഷപ്പെട്ടില്ല. ശുഐബിനെ ഒരിക്കലും അനുസരിക്കരുതെന്ന് ജനത്തെ ഭീഷണിപ്പെടുത്തുകയും ചെയ്തു.

ശുഐബ് അവരോട് പറഞ്ഞു:

“ഭീഷണിപ്പെടുത്തുന്നവരായും അല്ലാഹുവിൻെറ മാർഗത്തിൽനിന്ന് ജനത്തെ തടയുന്നവരായും ആ മാർഗം വക്രമാക്കാൻ തുനിഞ്ഞും നിങ്ങൾ പാതകളിൽ പതിയിരിക്കരുത്. നിങ്ങൾ എണ്ണത്തിൽ വളരെ കുറവായിരുന്നു. എന്നിട്ട് നിങ്ങളെ അല്ലാഹു എണ്ണത്തിൽ വർദ്ധിപ്പിച്ചു. അക്കാര്യം നിങ്ങൾ മറക്കരുത്. നിങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയ ധിക്കാരികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്നും നിങ്ങൾ നല്ലപോലെ ഓർക്കുക.”

ശുഐബിൻെറ ആദർശം സാധാരണക്കാരുടെ ഹൃദയം കീഴടക്കി. ധിക്കാരികളായ ജനം അവർക്ക് പീഡയാവുകയായിരുന്നു.

ചരിത്രത്തിലെ എല്ലാ പ്രവാചകന്മാരും അവരുടെ അനുയായികളും അനുഭവിച്ചതും അതുതന്നെയായിരുന്നു.

ശുഐബിൻെറ അനുയായികൾ ശാരീരികപീഡനത്തിന് മാത്രമല്ല വിധേയരായത്, വ്യവഹാരങ്ങളിലെ ക്രൂരമായ ചതിയിലൂടെ അവരോട് പക തീർത്തു.

വിശ്വാസികൾ തങ്ങളുടെ ആവലാതിയുമായി പ്രവാചകനെ സമീപിച്ചു. പക്ഷേ, അദ്ദേഹവും മർദ്ദിതനായിരുന്നല്ലോ.

ശുഐബ് തൻെറ ജനതയോട് പറഞ്ഞു:

“...... ജീവിതത്തിൻെറ എല്ലാ വഴികളിലും നിങ്ങൾ കൊള്ളക്കാരായി ഇരിക്കരുത്. ജനങ്ങളെ ഭയപ്പെടുത്തുന്നവരായും വിശ്വാസികളെ ദൈവമാർഗത്തിൽനിന്നും തടയുന്നവരായും സന്മാർഗത്തെ വക്രമാക്കാൻ ശ്രമിക്കുന്നവരായും കൊണ്ട്. നിങ്ങൾ അംഗസംഖ്യയിൽ തുഛമായിരുന്ന കാലം ഓർക്കുക. അനന്തരം അല്ലാഹു നിങ്ങളെ പെരുപ്പിച്ചു. ലോകത്ത് നാശകാരികളായിരുന്നവരുടെ പര്യവസാനം എങ്ങനെയെല്ലാമായിരുന്നുവെന്ന് കണ്ണ് തുറന്നു നോക്കുവിൻ. ഏത് അധ്യാപനങ്ങളുമാ യാണോ ഞാൻ അയയ്ക്കപ്പെട്ടിട്ടുള്ളത് അതിൽ നിങ്ങളിൽ ഒരു വിഭാഗം വിശ്വസിക്കുകയും മറുവിഭാഗം അവിശ്വസിക്കുകയുമാണല്ലോ. എങ്കിൽ നമുക്കിടയിൽ അല്ലാഹു തീരുമാനം കല്പിക്കുന്നതു വരെ ക്ഷമയോടെ കാത്തിരിക്കുവിൻ. അവൻ തീരുമാനം കല്പിക്കുന്നവരിൽ അത്യുത്തമനാണ്.”

❄ ❄ ❄

സമൂഹത്തിലെ മുഖ്യന്മാർ ഒത്തുകൂടി. തങ്ങൾ ശുഐബിനെ എതിർക്കുന്നതിൽ മാത്രം ഒതുങ്ങിക്കൂടിയാൽ പോരെന്നും അവനെയും കൂട്ടരെയും പൂർവമതത്തിലേക്ക് തന്നെ തിരിച്ചു കൊണ്ടു വരണമെന്നുമായി അവർ.

ഒരു ദിവസം ശുഐബ് ഉറാബ് തെരുവിലൂടെ നടന്നുപോവുകയായിരുന്നു. ഏതാനും പോക്കിരികൾ അദ്ദേഹത്തെ തടഞ്ഞുനിർത്തിയിട്ടു പറഞ്ഞു:

“ഹേ ശുഐബ്, നിന്നെയും നിന്നോട് കൂടെ വിശ്വാസികളായവരെയും നിശ്ചയമായും ഞങ്ങൾ ഞങ്ങളുടെ പട്ടണത്തിൽനിന്ന് പുറത്താക്കും. അല്ലെങ്കിൽ നിങ്ങൾ പൂർവമതത്തിലേക്ക് തിരിച്ചുവരികതന്നെ വേണം.”

ശുഐബിനോട് മാത്രമല്ല, അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവർക്കും അവർ നോട്ടീസ് കൊടുത്തു.

ധിക്കാരികൾക്ക് അങ്ങനെയൊക്കെ പറയാം. പക്ഷേ, അവരുടെ ചിന്തക്ക് അപ്രാപ്യമായ ഒരസ്തിത്വത്തിൻെറ സന്നിധിയിൽനിന്നും വിശ്വാസികളെ മോചിപ്പിക്കാൻ അവരുടെ ആഗ്രഹങ്ങൾക്കും കുചേഷ്ടിതങ്ങൾക്കും എങ്ങനെ സാധിക്കും? അഥവാ അവർ പിന്തിരിയുന്നപക്ഷം അതിൻെറ ഭവിഷ്യത്ത് എന്തായിരിക്കുമെന്ന് ഏകദൈവ വിശ്വാസികൾക്കറിയാമായിരുന്നു. അവർ ചോദിച്ചു:

“ഞങ്ങൾക്കിഷ്ടമില്ലെങ്കിലും ഞങ്ങളെ ബലമായി തിരിച്ചുകൊണ്ടുപോകുമെന്നോ? അല്ലാഹു നിങ്ങളുടെ മതത്തിൽനിന്നും രക്ഷിച്ചുകഴിഞ്ഞിരിക്കെ പ്രത്യേകിച്ചും? ഇനി ഞങ്ങൾ അതിലേക്ക് തിരിച്ചു വരികയാണെങ്കിൽ ഞങ്ങൾ അല്ലാഹുവിൻെറ പേരിൽ കള്ളം ചമച്ചവരായിത്തീരും. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു നിലക്കും അതിലേക്ക് മടങ്ങുക സാധ്യമല്ല, ഞങ്ങളുടെ നാഥനായ അല്ലാഹു ഉദ്ദേശിച്ചാലല്ലാതെ. ഞങ്ങളുടെ രക്ഷിതാവിൻെറ അറിവ് എല്ലാ കാര്യത്തെയും ഉൾക്കൊള്ളുന്നതാകുന്നു. അല്ലാഹുവിൻെറ മേലാണ് ഞങ്ങൾ ഭരമേല്പിച്ചിരിക്കുന്നത്.”

ക്ഷണവും ഉപദേശവുമൊന്നും ധിക്കാരിക്കൂട്ടത്തെ തെല്ലും ഏശിയില്ല. തങ്ങളുടെ നിലപാടിൽ കൂടുതൽ ധാർഷ്ട്യം പുലർത്തുകയായിരുന്നു അവർ. പരിവർത്തനത്തിൻെറ പാതയിൽനിന്നും പിശാച് അവരെ ബഹുദൂരം അകറ്റിയിരുന്നു.

നിരാശനാകാതെ ശുഐബ് അവരെ വീണ്ടും വീണ്ടും തൻെറ ദൗത്യത്തിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നു.

“.....അളവ്-തൂക്കങ്ങളിൽ വെട്ടിപ്പ് നടത്താതിരിക്കുവിൻ. ഇന്ന് ഞാൻ നിങ്ങളെ സുസ്ഥിതിയിൽ കാണുന്നു. എന്നാൽ നാളെ സർവരെയും വലയം ചെയ്യുന്ന പീഡനം നിറഞ്ഞ ഒരു ദിനം നിങ്ങളിൽ ആഗതമാകുമെന്ന് എനിക്ക് ഭയമുണ്ട്. നിങ്ങൾ നീതിപൂർവം ശരിക്കും തികച്ച് അളക്കുകയും തൂക്കുകയും ചെയ്യുക. ആളുകളെ അവരുടെ സാധനങ്ങളിൽ പറ്റിക്കാതിരിക്കുവിൻ. ഭൂമിയിൽ അധർമം പരത്തി വിഹരിക്കാതിരിക്കുവിൻ. അല്ലാഹു അവശേഷിപ്പിച്ചുതരുന്ന ലാഭമാകുന്നു ഉൽകൃഷ്ടമായിട്ടുള്ളത്. നിങ്ങൾ വിശ്വസിക്കുന്നവരെങ്കിൽ. ഞാൻ നിങ്ങളുടെ മേൽനോട്ടക്കാരനല്ല.”

പറഞ്ഞല്ലോ, അവരുടെ വ്യവസായം കൊള്ളയിലധിഷ്ഠിതമായിരുന്നുവെന്ന്.

സമ്പത്ത് മനുഷ്യന് പരീക്ഷണവസ്തുവാണ്. അതാണവനെ ചില്ലുകൊട്ടാരവാസിയാക്കുന്നത്. അതോടെ അവൻ പലപ്പോഴും കർമവിമുഖനാകുന്നു. അതിനാൽ ആകാശ ഗ്രന്ഥം ഇങ്ങനെ ഉൽബോധിപ്പിച്ചു:

“വിശ്വാസികളേ, സമ്പദ്-സന്താനവിഭവങ്ങൾ നിങ്ങളെ ദൈവികസ്മരണയിൽനിന്നും അശ്രദ്ധരാള്ളക്കാതിരിക്കട്ടെ.”

❄ ❄ ❄

ശുഐബ് അവരെ വിടാതെ കൂടി. തൻെറ ജനത്തിൻെറ സംസ്ക്കരണവും അവകാശം നിഷേധിക്കപ്പെടുന്ന വർഗത്തിൻെറ സുരക്ഷിതത്വവും ചൂഷണനിർമാർജനവും അദ്ദേഹത്തിൻെറ കർമലക്ഷ്യമായിരുന്നു. ആ ജനതയുടെ സംസ്കരണത്തിലൂടെയല്ലാതെ അത് സാധ്യമായിരുന്നില്ല.

ശുഐബ് അവരുടെ സൈ്വരവിഹാരത്തിന് വിഘാതമായിത്തീർന്നു. ഉൽബുദ്ധരായ ഉപഭോക്താക്കൾ ചൂഷകവ്യാപാരികൾക്കെതിരെ രംഗത്തിറങ്ങി.

ഒരിക്കൽ ധിക്കാരിക്കൂട്ടം ദൈവദൂതരോട് തിരക്കി:

“ഹേ, ശുഐബ്, നമ്മുടെ പൂർവികർ ആരാധിക്കുന്ന ദൈവങ്ങളെ ഞങ്ങൾ ഉപേക്ഷിക്കണമെന്ന് നിന്നെ പഠിപ്പിക്കുന്നത് നിൻെറ നമസ്കാരമാണോ? അഥവാ, നമ്മുടെ ധനം ഇഷ്ടാനുസരണം കൈകാര്യം ചെയ്യാൻ സ്വാതന്ത്ര്യമില്ലെന്ന് പഠിപ്പിക്കുന്നത്? ഹൊ, നീയൊരു സ്വാർഥകുതുകിതന്നെ.”

ശുഐബ് അവരോട് പറഞ്ഞു:

“എൻെറ ജനമേ, എന്നോടുള്ള ശത്രുത നൂഹിൻെറയും ഹൂദിൻെറയും സ്വാലിഹിൻെറയും ജനങ്ങളെ ബാധിച്ച മഹാവിപത്ത് നിങ്ങളെ ബാധിക്കുന്നിടത്തോളം നിങ്ങൾ എത്താതിരിക്കട്ടെ. ലൂത്തിൻെറ ജനമാകട്ടെ നിങ്ങളിൽനിന്ന് വിദൂരമല്ലല്ലോ.”

“ശുഐബേ, നിൻെറ ബന്ധുക്കളില്ലായിരുന്നെങ്കിൽ നിന്നെ ഞങ്ങൾ എറിഞ്ഞുകൊന്നിട്ടുണ്ടാകുമായിരുന്നു. നിൻെറ മിടുക്ക് അജയ്യമൊന്നുമല്ല.”

“എൻെറ ജനമേ, കുടുംബമാണോ അല്ലാഹുവിനെക്കാൾ നിങ്ങൾക്ക് വലുത്? നിങ്ങൾ അല്ലാഹു വിനെ നിസ്സാരമാക്കി തള്ളുകയാണോ? അറിഞ്ഞിരിക്കുക, നിങ്ങൾ പ്രവർത്തിക്കുന്നതെന്തോ അത് അല്ലാഹുവിന്നറിയാം.”

ശുഐബിൻെറ സ്ഥാനത്തെക്കുറിച്ചും അദ്ദേഹത്തിൻെറ ദൗത്യത്തെക്കുറിച്ചും അവർ ബോധവാന്മാരായിരുന്നു. അദ്ദേഹത്തിൻെറ പ്രവാചകത്വം അവരിൽ നിഗൂഢമായ ഭീതി നിറച്ചിരുന്നു. എന്നാൽ അദ്ദേഹത്തെ എതിർക്കാൻ അവർക്ക് ധൈര്യവുമുണ്ടായിരുന്നില്ല. കുടുംബത്തെ മറയാക്കിപ്പിടിച്ച് അവർ അവരുടെ ഭീതി ഒളിപ്പിച്ചുവെച്ചു.

ഒരിക്കൽ വിശ്വാസികൾ കേൾക്കാനായി അവർ ഉറക്കെ പറഞ്ഞു:

“ശുഐബിൻെറ ശിഷ്യത്വം അംഗീകരിക്കുകയാണെങ്കിൽ നിങ്ങൾ നഷ്ടപ്പെട്ടവരാകും തീർച്ച.”

ശുഐബ് അവരോട് പറഞ്ഞു:

“ഞാൻ അയക്കപ്പെട്ടത് ഏതൊരു കാര്യവുമായിട്ടാണോ നിങ്ങളിൽ ചിലർ അതിൽ വിശ്വസിക്കുകയും ചിലർ അവിശ്വസിക്കുകയുമാണെങ്കിൽ നമുക്കിടയിൽ അല്ലാഹു തീർപ്പു കല്പിക്കുന്നതുവരെ കാത്തിരിക്കുക. അവനത്രെ തീർപ്പു കല്പിക്കുന്നവരിൽ ഉത്തമൻ.”

അതിൻെറ അർഥം അവർക്ക് മനസ്സിലാക്കിയിരുന്നു. അവർ ശുഐബിനോട് തട്ടിക്കയറിക്കൊണ്ട് അവർ പറഞ്ഞു:

"നീ വെറും ആഭിചാരം ബാധിച്ചവൻ മാത്രമാകുന്നു. ഞങ്ങളിലൊരുത്തനല്ലാതെ മറ്റാരുമല്ല നീ. തികച്ചും കള്ളം പറയുന്നവനായിട്ടാണ് ഞങ്ങൾ നിന്നെ കാണുന്നത്. നീ സത്യവാനാണെങ്കിൽ ആകാശത്തിന്റെ ചില ഖണ്ഡങ്ങൾ ഞങ്ങളുടെ മേൽ വീഴ്ത്തുക."

സംവാദം ആ ജനത്തെ സംബന്ധിച്ചിടത്തോളം ആരോഗ്യപരമായിരുന്നില്ല. പിശാചുണ്ടോ, അവരെ നേർവഴിയെ നടക്കാൻ സമ്മതിക്കുന്നു?

തന്റെ ജനത്തെ സംബന്ധിച്ച പ്രതീക്ഷ അസ്തമിച്ചപ്പോൾ ശുഐബ് പറഞ്ഞു:

"എന്റെ ജനമേ, നിങ്ങൾ നിങ്ങളുടെ വഴിക്ക് പ്രവർത്തിച്ചുകൊള്ളുക. ഞാൻ എന്റെ വഴിക്കും പ്രവർത്തിച്ചുകൊണ്ടിരിക്കാം. ആർക്കാണ് അപമാനകരമായ ശിക്ഷ ഭവിക്കുകയെന്നും ആരാണ് വ്യാജനെന്നും ഉടനെത്തന്നെ നിങ്ങൾ അറിയും- നിങ്ങൾ കാത്തിരിക്കുക. ഞാനും കാത്തിരിക്കാം. " അദ്ദേഹം തിരിഞ്ഞുനടന്നു.

ശുഐബിനെ കൂവി വിളിച്ചു ധിക്കാരിക്കൂട്ടം പിരിഞ്ഞു.

ജീവിക്കുക. കൊള്ളയടിച്ചിട്ടെങ്കിലും സുഖിക്കുക. ഭൂമിയിൽ അനശ്വരതയാർജിക്കുക. അതായിരുന്നു അവരുടെ ജീവിതാശയം. ലോകത്തെ മുഴുവൻ സുഖിയന്മാരുടെയും നിലപാടാണിത്.

സംസ്കൃതരാകുന്നതിന് ശുഐബ് എന്തെല്ലാം ദൃഷ്ടാന്തങ്ങൾ അവർക്ക് കാണിച്ചുകൊടുത്തിരുന്നു? അതുണ്ടോ ആന്ധ്യം ബാധിച്ച അവരുടെ മനസ്സുകളിൽ പ്രകാശം ചൊരിയുന്നു!

അവരുടെ സമീപനത്തിൽ ശുഐബ് തീർത്തും നിരാശനായി. അദ്ദേഹം മനം നൊന്തു പ്രാർഥിച്ചു:

"നാഥാ, ഞങ്ങൾക്കും ഈ സമൂഹത്തിനുമിടയിൽ നീ ശരിയായ തീരുമാനമെടുക്കേണമേ. തീരുമാനമെടുക്കുന്നവരിൽ നീ അത്യുൽകൃഷ്ടനല്ലോ."

പാരാവാരങ്ങൾക്കു മീതെ ആ ഗദ്ഗദം ഉയർന്നുപൊങ്ങി. ധിക്കാരിക്കൂട്ടത്തെ സംബന്ധിച്ച് പ്രപഞ്ചനാഥനെടുത്ത ദുർവിധി തലത്തിൽ ആ പ്രാർഥന സന്ധിച്ചു.

❄ ❄ ❄

അദ്ദേഹത്തിനും അനുയായികൾക്കും പലായനത്തിന് നിർദ്ദേശം കിട്ടി. ഒരു രാത്രി, വീടും ഉറ്റവരെയും വിട്ട് വിശ്വാസികളും ദൈവദൂതനും യാത്രയായി. ധിക്കാരിക്കൂട്ടം ആഗ്രഹിച്ചതും അതുതന്നെയാ യിരുന്നു.

തങ്ങളുടെ സ്വൈരവിഹാരത്തിന് രംഗമായല്ലോ,- അവർ ആർത്തുചിരിച്ചു. ആഗതമായ ദൈവിക ശിക്ഷ അവർ കാണുന്നുണ്ടായിരുന്നില്ല.

വിശ്വാസികൾ ഗ്രാമാതിർത്തി കടന്നു യാത്ര തുടർന്നു.

പിറ്റെ ദിവസം രാവിലെ പതിവിലും നേരത്തെയായിരുന്നു ജനം ഉണർന്നത്. അവർ വേഗം പുറത്തേക്കിറങ്ങി.

ശുഐബിന്റെയും കൂട്ടരുടെയും പലായനത്തെപ്പറ്റി സംസാരിച്ചുകൊണ്ട് ഉറാബിലെ കുന്നിൻ ചരിവിലുള്ള വലിയ പാറക്കരികിൽ അവർ ഒത്തുകൂടി.

പ്രഭാതരവി വിട്ടകന്നിട്ടില്ല.

അവർ സംസാരിച്ചുകൊണ്ടിരിക്കെ പെട്ടെന്ന് പാദങ്ങൾക്ക് താഴെ ഭൂമിക്ക് ശക്തിയായ വിറ അനുഭവപ്പെട്ടു. പിന്നെ അത് ശക്തമായി. അവരുടെ ധാരണക്ക് അതീതമായിട്ടായിരുന്നു ആ പ്രകമ്പനം.

ഘോരഗർജ്ജനം.

ദിഗന്തം നടുങ്ങി. ഭൂതലം പിളർന്നു. ധിക്കാരിക്കൂട്ടത്തോടൊപ്പം മദ്യനും സമീപപ്രദേശങ്ങളും തരിപ്പണമായി. അതിനെ പ്രതിരോധിക്കാൻ ധിക്കാരിക്കൂട്ടം അശക്തരായിരുന്നു.

മദ്യൻവാസികൾ കഥാവശേഷരായി. പിൽക്കാലക്കാർക്ക് ധിക്കാരത്തിനുള്ള പരിണത പാഠമേകി അവർ മൺമറഞ്ഞു.

***"അപ്പോൾ അവരെ ഭൂകമ്പം പിടികൂടി. അങ്ങനെ നേരം പുലർന്നപ്പോൾ അവർ അവരുടെ വാസസ്ഥലത്ത് കമിഴ്ന്ന് വീണു കിടക്കുകയായിരുന്നു. ശുഐബിനെ നിഷേധിച്ചു തള്ളിയവരുടെ സ്ഥിതി അവർ അവിടെ താമസിച്ചിട്ടില്ലാത്തതു പോലെയായി. ശുഐബിനെ നിഷേധിച്ചു തള്ളിയവർ തന്നെയായിരുന്നു നഷ്ടക്കാർ."***

## 5

## ഐക്കവാസികൾ

ശുഐബിനെ കണ്ട് അവർ മുറുമുറുത്തു. അദ്ദേഹത്തിൻെറ ആഗമനം അവർക്ക് തീരെ പിടിച്ചില്ലെ ന്നുറപ്പ്.

ദുഷിച്ച ജീവിതചുറ്റുപാടുകളിൽനിന്നും അവരെ സംസ്കരിക്കാൻ ആഗതനായ ദൈവദൂത നായിരുന്നല്ലോ അദ്ദേഹം. തങ്ങളുടെ വഴിവിട്ട ജീവിതവും വ്യാപാരത്തിലെ കൊള്ളയും അദ്ദേഹം അനുവദിക്കുകയില്ലെന്ന് അവർക്ക് നല്ലതു പോലെ ബോധ്യമുണ്ടായിരുന്നു. അതിനാലാണ് ശുഐ ബിൻെറ ആഗ മനം അവലക്ഷണമായി അവർ കണ്ടത്.

ഐക്കവാസികൾ.

സൗദി അറേബ്യയുടെ വടക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്ന മദ്യനോട് ചേർന്നു കിടക്കുന്ന ഇടതൂർന്നു വളർന്നു നിൽക്കുന്ന കാടുപ്രദേശമാണിത്.

വ്യാപാരികളായിരുന്നു ഐക്കവാസികൾ.

കൊള്ളയും പൂഴ്ത്തിവെപ്പും വഞ്ചനയും ജീവിതരീതിയാക്കിയ ജനത.

പിടിച്ചുപറി ജീവിതതൊഴിലാക്കിയ കിരാത വർഗം.

കൃത്രിമമായിരുന്നു അവരുടെ അളവ്-തൂക്കങ്ങൾ.

കൊള്ളയായിരുന്നു കച്ചവടത്തിൻെറ മുഖം.

ഏകദൈവത്തെ സംബന്ധിച്ച ധാരണ അവർക്കുണ്ടായിരുന്നു. പക്ഷേ, വിശ്വാസരംഗത്തും അനു ഷ്ഠാനങ്ങളിലും പരദൈവങ്ങളെയാണവർ സ്വീകരിച്ചിരുന്നത്.

ബഹുദൈവാരാധനയും കൊള്ളയും അവരുടെ സംസ്കാരത്തെ മൂച്ചൂടും നശിപ്പിച്ചു.

നീതി നിഷേധിക്കപ്പെട്ട സാധാരണക്കാരും പാവപ്പെട്ടവരും അവർക്കിടയിൽ നരകിച്ചു.

അവരെ സംസ്കരിക്കുന്നതിനും തൻെറ ദാസ്യത്തിലേക്ക് അവരെ ക്ഷണിക്കുന്നതിനും മിദ്യാ നിൽനിന്ന് തൻെറ ദൂതൻ ശുഐബിനെ ഏകദൈവം അവിടേക്ക് നിശ്ചയിച്ചു.

ശുഐബ് അവരുടെ വ്യാപാരകേന്ദ്രത്തിലേക്ക് ചെന്നു. കച്ചവടത്തിലെ ദാക്ഷിണ്യമില്ലാത്ത പകൽകൊള്ള അദ്ദേഹത്തെ അരിശം കൊള്ളിച്ചു. അദ്ദേഹം അവരോട് പറഞ്ഞു:

“നിങ്ങൾ ഭക്തി കൈക്കൊള്ളാത്തതെന്ത്?”

ഞങ്ങളെ ഉപദേശിക്കാൻ മാത്രം നീയാര് എന്നായി അവർ.

ശുഐബ് പറഞ്ഞു:

“ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ദൈവദൂതനാകുന്നു. നിങ്ങൾ അല്ലാഹുവിനോട് ഭക്തി പുലർത്തുവിൻ.”

അനുസരണത്തിൻെറ വഴിയിലായിരുന്നില്ല അവർ. ശുഐബിനെ അവർ പരിഹസിക്കാൻ തുടങ്ങി. നിനക്ക് ഈ കൃത്യത്തിന് എന്ത് പ്രതിഫലം ലഭിക്കുന്നുണ്ടെന്ന് അവർ അദ്ദേഹത്തെ കൊച്ചാക്കി.

മറുപടിയായി ശുഐബ് പറഞ്ഞു:

“ഞാൻ ഈ ദൗത്യത്തിന് നിങ്ങളോട് പ്രതിഫലമൊന്നും ചോദിക്കുന്നില്ല. എനിക്കുള്ള പ്രതിഫ ലം ലോകനാഥങ്കൽ മാത്രമാകുന്നു.”

തൻെറ കൃത്യം ദൈവികമാണെന്നും നിങ്ങളോടുള്ള ഗുണകാംക്ഷയാണ് അതിന് റേപരക മെന്നും അവരെ ബോധ്യപ്പെടുത്തുകയായിരുന്നു അദ്ദേഹം. പക്ഷേ, ആ ജനത്തിനുണ്ടോ ആ വികാരം വായിച്ചെടുക്കാനാകുന്നു?

അദ്ദേഹം അവരോട് പറഞ്ഞു:

“അളവുകൾ ശരിക്കും തികയ്ക്കുക. ആരുടെയും സാധാനങ്ങൾ അവർക്ക് നഷ്ടപ്പെടു ത്താതിരിക്കുക. ശരിയായ ത്രാസുകളിൽ തൂക്കുക. ആളുകൾക്ക് അവരുടെ ചരക്കുകൾ കമ്മിയാ ക്കാതിരിക്കുക. ഭൂമിയിൽ നാശം പരത്തി വിഹരിക്കാതിരിക്കുക. നിങ്ങളെയും നിങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയ തലമുറകളെയും സൃഷ്ടിച്ചവനെ നിങ്ങൾ ഭയപ്പെടുവിൻ.”

അഹങ്കാരം കീഴടക്കിയ മനസ്സായിരുന്നു അവരുടെത്.

ദൈവധിക്കാരികളും ഉന്നതമായ ഒരു സംസ്കാരവുമില്ലാത്ത എല്ലാ മനുഷ്യരെയും നയിക്കുന്ന ഭാവം അഹങ്കാരം തന്നെയായിരിക്കും. സത്യത്തെ നിരാകരിക്കലും അർഹമായതിനെ അവഗണി ക്കലും മനുഷ്യസ്നേഹം നഷ്ടപ്പെടുകയുമാണതിൻെറ ഫലം.

അവർ ശുഐബിനോട് പറഞ്ഞു:

“നീ കേവലം ആഭിചാരം ബാധിച്ച മനുഷ്യനാകുന്നു.“

ശുഐബിന് മതിഭ്രമമാണെന്നും അവൻ പറയുന്നത് കേൾക്കരുതെന്നും ജനത്തോട് വ്യംഗ്യമായി പറയുകയായിരുന്നു അവർ.

അവരുടെ വിടുവായത്തം ദൈവദൂതരെ തെല്ലും അലോസരപ്പെടുത്തിയില്ല. അദ്ദേഹം തൻെറ ജോലിയിൽ മുഴുകി.

ഒരിക്കൽ അവർ അദ്ദേഹത്തോട് പറഞ്ഞു:

".നീ തികച്ചും കള്ളം പറയുന്നവനായിട്ടാണ് ഞങ്ങൾ നിന്നെ കരുതുന്നത്. നീ സത്യവാനെങ്കിൽ ആകാശത്തിൻെറ ചില ഖണ്ഡങ്ങൾ ഞങ്ങളുടെ മേൽ വീഴ്ത്തിക്കാണിക്ക്."

ശുഐബ് പറഞ്ഞു:

"നിങ്ങൾ എന്താണോ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്, അതെക്കുറിച്ച് എൻെറ നാഥൻ നന്നായി അറിയുന്നുണ്ട്.

ഐക്കവാസികൾ ദൈവത്തെ വെല്ലുവിളിക്കുകയായിരുന്നു. അവർ അവരുടെ വെല്ലുവിളി ഏറ്റെടുത്തു.

ഒരു ദിനം ഐക്കവാസികൾ നോക്കിനില്ക്കെ തന്നോടൊപ്പമുണ്ടായിരുന്ന അനുചരരെയും കൂട്ടി ശുഐബ് അവിടം വിട്ട് യാത്രയായി. ഐക്കക്കാർ സന്തുഷ്ടരായി.

"ഇനി അവൻെറ ഉപദ്രവം ഉണ്ടാകില്ല." അവർക്ക് മറ്റൊന്നും പറയാനുണ്ടായിരുന്നില്ല.

❄ ❄ ❄

ഐക്കനിവാസികൾ തങ്ങളുടെ ആഘോഷത്തിലായിരുന്നു. ചന്തയിൽ പതിവിലും കവിഞ്ഞ തിര ക്കുണ്ടായിരുന്നു.

അന്ന് പതിവിലും കവിഞ്ഞ ഉഷ്ണം അന്തരീക്ഷത്തെ പഴുപ്പിച്ചു. അത് പതിവില്ലാത്തതാണവിടെ. ചുറ്റുഭാഗങ്ങളും തപിക്കുമ്പോൾ അവരെ അതൊന്നും ബാധിച്ചിരുന്നില്ല. പറഞ്ഞല്ലോ, ഇടതൂർന്ന ആ വനം അവരെ അതിൽനിന്ന് സംരക്ഷിച്ചുപോന്നിരുന്നു.

പതിവിന് വിപരീതമായി അനുഭവപ്പെട്ട ചൂടിൽ അവർ വേഗം ഗൃഹങ്ങളണഞ്ഞു.

കാണെ വർധിച്ചു. ദിനവും രാത്രിയും ഒരുപോലെ അവരെ ഉഷ്ണം പൊതിഞ്ഞുനിന്നു.

മരഭൂതാപമേറ്റ് കുടിലിനകത്തും പുറത്തും അവർ എരിപൊരി കൊണ്ടു.

കാറ്റ് നിശ്ചലമായി. അന്തരീക്ഷം തപിച്ചുതുടങ്ങി.

താപം മരുക്കുന്നുകൾക്കിടയിൽ ജ്വാലയായി പടരാൻ തുടങ്ങി. വീട്ടിനകത്തും വെളിപ്രദേശത്തും അവർക്ക് ഇരിക്കപ്പൊറുതിയില്ലാതായി.

അവർ വേഗം ഇടതൂർന്നു കിടക്കുന്ന നിബിഢ വനങ്ങളിലേക്ക് കയറി. അതവരെ രക്ഷിക്കുമെന്നായിരുന്നു അവരുടെ ധാരണ.

ഐക്കപ്രദേശത്തെ പച്ചപ്പുകളെ ഉഷ്ണം വിഴുങ്ങി. താപനാരുകൾ മരുഭൂമിയിൽ അലഞ്ഞു. കാറ്റിൽ ഉഷ്ണം പഴുത്തു.

അവരുടെ വളർത്തു മൃഗങ്ങളും മറ്റു ജീവികളും ചത്തൊടുങ്ങി.

ധിക്കാരിക്കൂട്ടം ശുഐബിനെ ചീത്ത പറയാനാരംഭിച്ചു.

സ്വന്തം ചെയ്തികളെ സംബന്ധിച്ച് വീണ്ടു വിചാരത്തിന് അപ്പോഴും അവർ മുതിർന്നില്ല. പിശാച് അവരുടെ വിവേചന ശക്തിയെ നശിപ്പിച്ചുകഴിഞ്ഞിരുന്നു.

പിശാച് രംഗത്തെത്തി. അവൻ അവരോട് പറഞ്ഞു:

"ഇതെല്ലാം ശുഐബിൻെറ കുതന്ത്രങ്ങളാണ്. ഇതുകണ്ട് നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ വെടിയരുത്."

അവർ ശുഐബിനോടും വിശ്വാസികളോടും കൂടുതൽ ധാർഷ്ട്യം പുലർത്തി.

ഏകദൈവം അവരെ ഏഴ് ദിവസത്തോളം കഠിന ചൂടിൽ അകപ്പെടുത്തി.

ഒരുദിനം അവർ നോക്കിനില്ക്കെ ആകാശം ക്രമേണ മേഘാവൃതമാകാൻ തുടങ്ങി. അതുകണ്ട് അവർ സന്തോഷിച്ചു.

"ഹാ, മേഘം. ചൂടിന് ശമനമായല്ലോ."

അവരുടെ ധാരണക്ക് അതീതമായിട്ടായിരുന്നു മാനത്ത് മേഘം കനത്തടിഞ്ഞത്. പക്ഷേ, അവരുടെ ധാരണക്കതീതമായി മേഘങ്ങളിൽനിന്ന് അവരുടെ മേൽ തീപ്പുക പെയ്തിറങ്ങി. അതവരെ വലയം ചെയ്തു ശ്വാസം മുട്ടിച്ചു. തീപ്പുകയെ പ്രതിരോധിക്കാനും അതിൽനിന്ന് രക്ഷപ്പെടാനും അവർക്ക് സാധിച്ചില്ല.

തീപ്പുകയിൽ അവർ ചത്തൊടുങ്ങി.

ഏകദൈവത്തെക്കൂടാതെ അവർ പ്രാർഥിച്ചിരുന്ന അവരുടെ ദൈവങ്ങളൊന്നും അവരുടെ രോദനം കേട്ടില്ല. അവരുടെ അഹങ്കാരവും പിശാചിൻെറ കുതന്ത്രവും അവർക്ക് അല്പം പോലും ഫലം ചെയ്തില്ല.

തീമഴയിൽ ഐക്കവാസികൾ അവരുടെ ധിക്കാരത്തോടൊപ്പം നശിച്ചൊടുങ്ങി.

അതെപ്പറ്റി ഏകദൈവം ഇങ്ങനെ അരുളിച്ചെയ്തു:

"ഐക്കവാസികൾ അക്രമകാരികളായിരുന്നു. അവരുടെ ധിക്കാരത്തിൻെറ പരിണതിയായി നാം അവരോട് പ്രതികാരം ചെയ്തു."

പിൽക്കാലക്കാർക്ക് മാതൃകയേകുന്ന ഗുണപാഠമായി ഐക്കവാസികൾ ചരിത്രത്തിലേക്ക് മറഞ്ഞു.

ശുഐബ് സംഭവ സ്ഥലം സന്ദർശിക്കാനെത്തി.

തൻെറ ജനതയുടെ ശോച്യാവസ്ഥ ദർശിച്ച് വേദനയോടെ അദ്ദേഹം പറഞ്ഞു:

"എൻെറ ജനമേ, എൻെറ നാഥൻെറ ദൗത്യം ഞാൻ നിങ്ങൾക്ക് എത്തിച്ചുതന്നു. നിങ്ങളെ ഉപദേശിച്ചു. നിഷേധികളുടെ മേൽ എത്ര വേദനാജനകമായ ശിക്ഷയാണുള്ളത്."

അദ്ദേഹം അവിടം വിട്ട് യാത്രയായി.

*“അങ്ങനെ അവർ (ഐക്കവാസികൾ) അദ്ദേഹത്തെ തള്ളിക്കളഞ്ഞു. അതിനാൽ മേഘത്തണൽ മൂടിയ ദിനത്തിലെ ശിക്ഷ അവരെ പിടികൂടി. തീർച്ചയായും അത് ഭയങ്കരമായ ഒരു ദിവസത്തിലെ ശിക്ഷയായിരുന്നു.”*

## 7

## ഫറവോൻെറ നാശം

1

ആ സമയത്ത് ഫറവോൻ തൻെറ പ്രഭൃതികൾക്കിടയിൽ, സിംഹാസനത്തിൽ ഇരിക്കുകയായിരുന്നു. അയൽരാജ്യങ്ങളിൽനിന്നുള്ള രാജാക്കന്മാരും രാജപ്രതിനിധികളുമൊക്കെ അവിടെ കൂടിയിരിക്കുന്നുണ്ടായിരുന്നു. അവരുടെ പാരിതോഷികങ്ങൾ സ്വീകരിച്ചും സ്തുതിഗീതങ്ങൾ കേട്ടും സന്തോഷിച്ചിരിക്കുകയായിരുന്നു അയാൾ.

തികഞ്ഞ സ്വേച്ഛാധിപതിയായിരുന്നു ഫറവോൻ. അയാൾ സ്വയം ദൈവം ചമഞ്ഞു ഈജിപ്തിനെ അടക്കിഭരിച്ചു. ഇസ്രാഈല്യരാകട്ടെ, അയാളുടെ അടിമത്തത്തിൽ ക്രൂരപീഡനത്തിനിരയായി കഴിയുകയായിരുന്നു.

നാല് നൂറ്റാണ്ടുകൾക്ക് മുമ്പ്, പ്രപിതാവ് യൂസുഫ് നബിയുടെ കാലത്താണ് ഇസ്രാഈല്യർ ഈജിപ്തിലെത്തിയത്. അന്നവർ തികഞ്ഞ പ്രതാപത്തോടെയാണ് അവിടെ കഴിഞ്ഞിരുന്നത്. ഭരണത്തിൽ പോലും അവർക്കന്ന് സ്ഥാനമുണ്ടായിരുന്നു. തുടർന്നുള്ള കാലഘട്ടങ്ങളിലും അവർക്കത് ലഭിച്ചിരുന്നു.

കാലക്രമേണ സ്ഥിതിയാകെ മാറി. പല രംഗങ്ങളിൽനിന്നും അവർ നിഷ്കാസിതരായി. റംസീസ് ഒന്നാമൻെറ കാലമായപ്പോഴേക്കും അവർ അടിമകളാക്കപ്പെടുകയും ഫറവോൻെറ വേലകളിൽ തളച്ചിടപ്പെടുകയും ചെയ്തു. ആ കാലത്താണ് അവർക്ക് കൂടുതൽ പീഡനം ഏല്ക്കേണ്ടിവന്നത്.

ഫറവോൻ ഇസ്രാഈല്യരെ അടിമകളാക്കി പീഡിപ്പിക്കുകയും സ്വയം ദൈവം ചമഞ്ഞ് അഹങ്കരിക്കുകയും ചെയതപ്പോൾ അവനെ സംസ്കരിക്കുവാനും ഇസ്രാഈല്യരെ വിമോചിപ്പിക്കുവാനും ഏകദൈവം മൂസായെ ഈജിപ്തിലേക്കയച്ചു.

മൂസാക്ക് ആ ഉത്തരവാദിത്തം നിർവഹിക്കുവാൻ സാങ്കേതികപ്രശ്നമുണ്ടെന്ന് ദൈവത്തെ അറിയിച്ചു. ആ പ്രശ്നം ആകാശഗ്രന്ഥം ഇങ്ങനെ പറഞ്ഞു:

*“നിൻെറ രക്ഷിതാവ് മൂസായെ വിളിച്ചുകൊണ്ട് നീ ആ അക്രമകാരികളായ ആ ജനതയുടെ അടുത്തേക്ക് - ഫിർഔനും കൂട്ടരും- ചെല്ലുക. അവർ സൂക്ഷ്മത പാലിക്കുന്നില്ലേ എന്ന് ചോദിക്കു. അദ്ദേഹം പറഞ്ഞു: അവരെന്നെ കളവാക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. എൻെറ ഹൃദയം ഞെരുച്ചിലാകും. എൻെറ നാവിന് ഒഴുക്കുണ്ടാവുകയില്ല. അതിനാൽ ഹാറൂന് കൂടി നീ സന്ദേശം നല്കേണമേ. അവർക്ക് എൻെറ പേരിൽ ഒരു കുറ്റം ആരോപിക്കാനുണ്ട്. അതിനാൽ അവർ എന്നെ കൊന്നേക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. അല്ലാഹു പറഞ്ഞു: ഒരിക്കലുമില്ല. നമ്മുടെ ദൃഷ്ടാന്തങ്ങളും കൊണ്ട് നിങ്ങളിരുവരും പോയിക്കൊള്ളുക. തീർച്ചയായും നിങ്ങളോടൊപ്പം നാം ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ട്.”* (26: 10-15)

ദൈവദൂതന്മാരായ മൂസായും സഹോദരൻ ഹാറൂനും *-രണ്ടു പേർക്കും ദൈവത്തിങ്കൽനിന്നുള്ള സമാധാനം ഉണ്ടാകട്ടെ-* ഫറവോൻെറ ദർബാർ കവാടത്തിലെത്തി.

ദ്വാരപാലകർ അവരെ തടഞ്ഞു- രാജ്യാധികാരത്തിൻെറയോ രാജപ്രതാപത്തിൻെറയോ അടയാളങ്ങളൊന്നുമില്ലാത്ത രണ്ട് പരദേശികൾ. വിചിത്ര വേഷധാരികൾ. പോരാത്തതിന് ഒരാളുടെ കൈയിൽ വലിയ ഒരു മുട്ടൻ വടിയും. ദ്വാരപാലകർ അവരെ ഒന്ന് ഉഴിഞ്ഞുനോക്കി. മുമ്പിലുണ്ടായിരുന്ന മൂസായെ നോക്കി അവർ ചോദിച്ചു:

“നീയെവിടെ നിന്നാണ്?”

“ഞാൻ ദൈവത്തിങ്കൽനിന്ന്.”

അവർക്ക് മറിച്ചെന്തെങ്കിലും ചോദിക്കുവാനോ ചെയ്യുവാനോ സാധിക്കും മുമ്പ് മൂസാ അവരെ തട്ടിമാറ്റി മുന്നോട്ടു നടന്നു. പിന്നാലെ സഹോദരൻ ഹാറൂനും.

“അല്ല, അത് മൂസായല്ലേ?.” അവരിൽ ഒരാൾ ശബ്ദമടക്കി ആശ്ചര്യത്തോടെ ചോദിച്ചു. അപ്പോഴാണ് അപരനും സംഗതി മനസ്സിലാക്കിയത്. മൂസാ ഫറവോൻെറ രാജകൊട്ടാരത്തിൽ ഒരു രാജകുടുംബാംഗത്തെപ്പോലെ വളർന്നതും ഭരണകാര്യങ്ങളിൽ ഇടപെട്ടതും ഫറവോനിൽ അദ്ദേഹത്തിന് പ്രത്യേകമായുണ്ടായിരുന്ന സ്ഥാനവും അവരുടെ മനസ്സിൽ മിന്നിമറഞ്ഞു.

മൂസാ പോയ വഴിയെ അവർ നോക്കിനിന്നു.

2

“നീ എന്ത് പാരിതോഷികവുമായിട്ടാണ് വന്നത്? ദർബാറിലേക്ക് കയറിച്ചെന്ന മൂസായെ നോക്കി പ്രധാനമന്ത്രി ഹാമാൻെറ ചോദ്യം. അതയാളുടെ പതിവ് രീതിയായിരുന്നു. ഫറവോനെ കാണാൻ ചെല്ലുന്നവർ ആദരസൂചകമായി അവന് പാരിതോഷികവും നല്കണമായിരുന്നു. ആ ചോദ്യത്തിൻെറ ഒടുവിലായിരിക്കും അയാൾ ആഗതനെ നോക്കുന്നത്.

ചോദ്യം അവസാനിക്കുന്നതിനു മുമ്പ് മൂസാ സിംഹാസനത്തിനടുത്തെത്തിയിരുന്നു.

ഏറെ കാലത്തെ വേർപാടിനു ശേഷം കൊട്ടാരത്തിൽ വന്ന മൂസായെ കണ്ട് ഫറോവയുടെ മുഖത്ത് ചിരി പടർന്നു. മൂസായിൽ വർഷങ്ങൾ മാറ്റങ്ങൾ വരുത്തിയതായി ഫറോവ ശ്രദ്ധിച്ചു. എങ്കിലും മൂസായുടെ മുട്ടൻ വടിക്ക് മാറ്റങ്ങളൊന്നും സംഭവിച്ചിട്ടില്ലെന്ന് അവൻ പ്രത്യേകം ശ്രദ്ധിച്ചു.

പോറ്റുമകനെ കണ്ട ആസ്യയുടെ മുഖം സന്തോഷത്താൽ വിടർന്നു. പെട്ടെന്ന് ആ മുഖം ആശങ്കയണിയുകയും ചെയ്തു- കോപ്റ്റിക് വംശജനായ ഒരുത്തനെ കൊന്ന് ഭയന്നോടിയ താണല്ലോ തൻെറ പൊന്നുമോൻ.

മൂസാ ഫറോവയുടെ നേരെ നോക്കി പറഞ്ഞു:

"നിങ്ങളിലേക്ക് ആഗതനായ ദൈവത്തിങ്കൽനിന്നുള്ള ദൂതനാകുന്നു ഞാൻ. ദൈവത്തിൻെറ പേരിൽ സത്യം മാത്രം പറയാൻ ഞാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. അവങ്കൽനിന്നും നിങ്ങൾക്കുള്ള വ്യക്തമായ സന്ദേശവുമായാണ് ഞാൻ വന്നിരിക്കുന്നത്."

മൂസാ വ്യക്തമായി സംസാരിക്കാൻ പ്രയാസപ്പെട്ടു.

"എന്താണാ സന്ദേശം?"

നറും ചിരിയോടെ ഫറോവ തിരക്കി.

"അവൻ കല്പിക്കുന്നത് ഇതാണ്: നീ ഏകദൈവത്തിന് മാത്രം അടിമപ്പെടുക. ഇസ്രാഈൽ മക്കളെ എൻെറ കൂടെ വിട്ടുതരിക."

മൂസായുടെ വാക്ക് ശക്തമായിരുന്നു. ചുറ്റുമുള്ളവർ പകച്ചുനിന്നു. അത്ര ശക്തമായി ഇതുവരെ ആരും ഫറവോനോട് സംസാരിച്ചിട്ടില്ല. അതിന് ധൈര്യപ്പെട്ടിട്ടുമില്ല. മൂസായുടെ കാര്യത്തിൽ അവർക്ക് ഭയപ്പാടൊന്നും ഉണ്ടായിരുന്നില്ല. ആസ്യയുടെ വളർത്തു മകനാണല്ലോ സംസാരിക്കുന്നത്. ഒരു രാജകുമാരൻെറ സ്വാതന്ത്ര്യം വേണ്ടുവോളം അനുഭവിച്ച് കൊട്ടാരത്തിൽ വളർന്നവനാണല്ലോ മൂസാ. ഫറോവയോട് അല്പം കാർക്കശ്യത്തോടെ സംസാരിച്ചിട്ടുണ്ടെങ്കിൽ അതിലെന്ത് അത്ഭുതം?

"എന്താണ് നീ പറഞ്ഞത്? ഇസ്രാഈല്യരെ നിൻെറ കൂടെ അയക്കണമെന്നോ?"

"അതെ."

"നീ നന്ദികെട്ടവൻ തന്നെ മൂസാ. നിന്നെ ചെറുപ്പത്തിൽ ഞങ്ങളാണ് പോറ്റിവളർത്തിയത്. ഒന്നിനു മാത്രം ആകുവോളം നീ ഇവിടെ തന്നെയാണ് ജീവിച്ചത്. ഒടുവിൽ, നാട്ടുകാരനായ ഒരുത്തനെ വകവരുത്തി നാടുവിട്ടോടിപ്പോയ നീ ഇപ്പോൾ പ്രവാചകനാണെന്നോ?"

"ശരിയാണ്. അങ്ങനെ ഒരു അബദ്ധം എനിക്ക് സംഭവിച്ചിട്ടുണ്ട്. അന്ന് അതിന് ശിക്ഷയായി നിങ്ങളെന്നെ വധിക്കുമെന്ന് ഭയന്നിട്ടാണ് ഞാൻ ഓടിപ്പോയത്. പക്ഷേ, ഇന്ന് പ്രപഞ്ചനാഥൻ എനിക്ക് തത്വജ്ഞാനമരുളി എന്നെ പ്രവാചകനായി തിരഞ്ഞെടുത്തിരിക്കുന്നു. അങ്ങ് എനിക്ക് ചെയ്തു തന്നതായി എടുത്തു പറഞ്ഞ ഔദാര്യങ്ങളുണ്ടല്ലോ അതിൻെറ സംഗതിയെന്തെന്നോ, അങ്ങ് ഇസ്രാഈല്യരെ അടിമകളാക്കി പീഡിപ്പിക്കുന്നു എന്നതാണത്."

"നീ പറഞ്ഞ ദൈവം എങ്ങനെയുള്ളവനാണ്? എനിക്കവനെപ്പറ്റി അറിയില്ല."

"അവൻ ആകാശഭൂമികളുടെയും അവയ്ക്കിടയിലുള്ള സകലതിൻെറയും യജമാനനാണ്. നിങ്ങൾ അവനിൽ മാത്രം വിശ്വസിക്കുക."

"മൂസാ, അങ്ങനെയെങ്കിൽ മുൻകഴിഞ്ഞുപോയ ആളുകളുടെ കാര്യമെന്തായിരിക്കും?"

ഫറോവ തർക്കുത്തരം തുടങ്ങുകയായിരുന്നു.

മൂസാ പറഞ്ഞു:

"അവരുടെ കാര്യമെന്തെന്ന് എൻെറ നാഥങ്കൽ രേഖപ്പെടുത്തി വെച്ചിട്ടുണ്ട്. അവനൊട്ടും പിഴക്കുയോ വിസ്മൃതി ബാധിക്കുകയോ ഇല്ല."

"നീ പ്രവാചകനാണെന്നതിന് വല്ല തെളിവും നിൻെറ പക്കലുണ്ടോ? എങ്കിൽ അതൊന്ന് കണ്ടിട്ട് ബാക്കി കാര്യം. നീ പറയുന്നത് സത്യമാണോ എന്ന് ഞാനൊന്ന് നോക്കട്ടെ."

ഫറവോൻെറ വെല്ലുവിളി മൂസാ പ്രതീക്ഷിച്ചതായിരുന്നു. ഫറവോൻ വെല്ലുവിളിച്ചതും തൻെറ വടി തഴെയിടാൻ മൂസാക്ക് ദൈവം ബോധനം നല്കി.

ദൈവം മൂസായെ ഏല്പിച്ച ദൗത്യം നിർവഹിക്കാൻ അവൻ അദ്ദേഹത്തിന് നല്കിയ അമാനുഷികകഴിവുകളിൽ ഒന്നാണ് ആ വടി. നാഥൻെറ കല്പനയോടെ നിലമണിയേണ്ട താമസം, സചേതന സർപ്പമായി ആ വടി മണ്ണിൽ ഇഴയുകയായി.

വേറെയും അമാനുഷകഴിവുകൾ അവൻ അദ്ദേഹത്തിന് നല്കിയിരുന്നു. വെട്ടിത്തിളങ്ങുന്ന കൈപ്പത്തി, വെള്ളപ്പൊക്കം, വെട്ടുകിളിശല്യം, രക്തം, ചെള്ള്, വരൾച്ച, തവള മുതലായവ മൂലം ഫറവോൻ അനുഭവിച്ച കെടുതികൾ എന്നിവയാണവ. അവയൊക്കെ ശത്രുവിൻെറ മനസ്സിൽ ഭയം ജനിപ്പിക്കാനുള്ള ദൈവിക ദൃഷ്ടാന്തങ്ങളായിരുന്നു.

ദിവ്യദൗത്യത്തിനായി ദൈവം തൻെറ ദൂതന്മാർക്ക് നല്കുന്ന അമാനുഷിക കഴിവുകൾ അതത് കാലഘട്ടങ്ങൾക്ക് അനുയോജ്യമായവയാണ്. അവ ഒരിക്കലും സ്വന്തം ആഗ്രഹത്തിനും താല്പര്യങ്ങൾക്കും അനുസരിച്ച് ഉപയോഗിക്കാനാകില്ല. ദൈവത്തിൻെറ പ്രത്യേക അനുമതി അതിന് വേണം.

ബോധനത്തിൻെറ കരം കവർന്ന് മൂസാ തൻെറ വടി നിലത്തിട്ടു. ഉഗ്രൻ സർപ്പം ഫണം വിടർത്തി സീൽക്കാരം പുറപ്പെടുവിച്ച് ദർബാറിൽ ഹാളിൽ എഴുന്നുനിന്നു. കൂടിനിന്നവരുടെ മനസ്സിൽ ഭയം കോരി നിറച്ച് അത് ഇഴയാൻ തുടങ്ങി. പലരും ഭയപ്പെട്ട് പിറകോട്ടോടി.

മൂസായുടെ വടി.

വർഷങ്ങളായി മൂസാ ആ വടി കൂടെ കൊണ്ടു നടക്കുന്നുണ്ടായിരുന്നു. കൊട്ടാരത്തിന സമീപം നൈൽക്കരയിൽനിന്നും വെട്ടിയെടുത്തതാണത്. അന്ന് അദ്ദേഹത്തിനത് ഒരടയാളമായിരുന്നു. ഒരാളെ വധിച്ച് മരുഭൂമിയിലൂടെ മദ്യനിലേക്ക് ഓടുമ്പോൾ ആ വടി അദ്ദേഹത്തിൻെറ കാലാളായിരുന്നു. മദ്യനിൽ ശ്വശുരൻ ശുഐബ് നബിക്ക് വേണ്ടി ആടുകളെ മേയ്ക്കുമ്പോൾ അവയെ തെളിക്കുന്നതിനും ഉയരത്തിലുള്ള അവയ്ക്ക് തീറ്റ കൊഴിച്ചുകൊടുക്കുന്നതിനുമുള്ള തോട്ടിയുമായിരുന്നു അത്. ആടുകളെ മേയാൻ വിട്ട് ലഘുനിദ്രയിലേക്ക് വീഴുമ്പോൾ ആ വടി ചാരിയിരിക്കാനുള്ള ഉപകരണമായിരുന്നു. അവധി തികച്ച് ദൈവിക കല്പന പ്രകാരം കുടുംബസമേതം ഈജിപ്തിലേക്ക് തന്നെ തിരിച്ചുനടക്കവേ കൂരിരുട്ടിൽ അത് അദ്ദേഹത്തിന് രക്ഷകനായിരുന്നു. പക്ഷേ, അപ്പോഴൊക്കെ അത് ഉണങ്ങിയ ഒരു മരക്കഷ്ണം മാത്രമായിരുന്നു. ആ വടിയിലാണ് പിന്നീട് ദിവ്യശക്തി പ്രവർത്തിച്ചത്. വഴിയറിയാത്തവർക്ക് വഴി കാണിക്കാനുള്ള ദൃഷ്ടാന്തം.

മൂസായുടെ സർപ്പം കാണികളുടെ മനസ്സുകളിൽ ഭയം കോരിനിറച്ചു.

ഹാളിൽ ചകിതമൗനം കനത്തുനിന്നു.

ദൈവിക നിർദ്ദേശപ്രകാരം മൂസാ സർപ്പത്തെ സ്പർശിച്ചു. അത് പഴയതുപോലെ അചേതന വടിയായി മാറി. ഉടനെ അദ്ദേഹം തൻെറ കരം കക്ഷത്തുവെച്ച് പുറത്തെടുത്തു. അതിൽനിന്ന് പ്രവഹിച്ച കണ്ണഞ്ചിക്കുന്ന പ്രകാശധാരയിൽ കാണികളുടെ കണ്ണുകളടഞ്ഞു.

കുറച്ചൊരു ധൈര്യം സംഭരിച്ചു ചില കിങ്കരന്മാർ ഫറവോനോട് പറഞ്ഞു:

"ഇത് തികഞ്ഞ കെൺകെട്ടു തന്നെ. ഈ രാജ്യക്കാരെ അതിൽ നിന്നും പുറത്താക്കുകയാണ് ഇവൻെറ പരിപാടി. അവിടന്ന് എന്താണ് കല്പിക്കുന്നത്?"

ഫറോവ തൻെറ സിംഹാസനത്തിൽ ഭയപ്പെട്ടിരിക്കുകയായിരുന്നു. അല്പം ധൈര്യം വരുത്തി അവൻ ചുറ്റുമുള്ളവരോട് പറഞ്ഞു:

"അതെ. ഇത് വ്യക്തമായ ആഭിചാരം തന്നെ. നിങ്ങളെ നിങ്ങളുടെ നാട്ടിൽനിന്ന് പുറത്താക്കാനാണ് ഇവൻെറ പുറപ്പാട്. നിങ്ങൾക്ക് എന്ത് തോന്നുന്നു?

"അതിന് മുമ്പ് ഒരു കാര്യം." മൂസാ അവരെ നോക്കി പറഞ്ഞു: "നിങ്ങൾ അല്ലാഹുവിൻെറ പേരിൽ കള്ളം പറയരുത്. അവനെക്കൂടാതെ വേറെയും ആരാധ്യരുണ്ടെന്ന് നിങ്ങൾ പറയുന്ന പക്ഷം അവൻ നിങ്ങളെ വേദനാജനകമായി ശിക്ഷിക്കുന്നതാണ്. അത് വലിയ പരാജയമായിരിക്കും."

അവർ മൂസായെയും ഹാറൂനെയും മാറിമാറി നോക്കി. പിന്നെ ഫറവോനോടായി പറഞ്ഞു:

"ഇവർ രണ്ടു പേരും തികഞ്ഞ ആഭിചാരമാണ് ചെയ്തത്. ആഭിചാരത്തെ ആഭിചാരം കൊണ്ടു തന്നെ നമുക്ക് നേരിടാം. നമ്മുടെ സാമ്രാജ്യത്തിലെ മായാജാലക്കാരെയെല്ലാം ആളയച്ചു വരുത്തണം. അവർ മൂസായെ പരാജയപ്പെടുത്തട്ടെ."

"നീ ചെയ്തതു പോലെ ആഭിചാര കൃത്യങ്ങളുമായി നിന്നെ നേരിടാൻ ഞാൻ തയാറാണ്. എന്താ നീ നേരിടാൻ തയാറാണോ?"

ഫറോവ മൂസായോട് ചോദിച്ചു.

ആഭിചാരം വശമില്ലാതിരുന്ന മൂസാ ആദ്യം പകച്ചു. തൻെറ നാഥൻെറ കല്പന അദ്ദേഹത്തിന് അദ്ദേഹത്തിന് കിട്ടിയപ്പോൾ അദ്ദേഹം ധൈര്യപൂർവം പറഞ്ഞു:

"നേരിടാൻ തയാറാണ്. ആഘോഷ ദിനം മൈതാനത്തു വെച്ച് നേരിടാം. അവർ രാവിലെ തന്നെ വരട്ടെ. അത് കാണാൻ ജനങ്ങളും ഒരുമിച്ചു കൂടട്ടെ."

"ശരി."

ഫറവോൻ സിംഹാസനത്തിൽനിന്നെഴുന്നേറ്റു കൊട്ടാരത്തിനകത്തേക്ക് പോയി. പിന്നാലെ മറ്റുള്ളവരും. മൂസാ ഹാറൂനോടൊപ്പം കൊട്ടാരത്തിൽനിന്ന് പുറത്തു കടന്നു.

**3**

തങ്ങളുടെ വിമോചകനായി തിരിച്ചുവന്ന മൂസായെ ഇസ്രാഈല്യർ സന്തോഷപൂർവം സ്വീകരിച്ചു. വധശിക്ഷ പേടിച്ച് ഒളിച്ചോടിയതായിരുന്നല്ലോ അദ്ദേഹം പക്ഷേ, ഫിർഔൻെറയും കിങ്കരന്മാരുടെയും ഉറക്കം കെടുത്തി ഇങ്ങനെ ഒരു തിരിച്ചുവരവുണ്ടാകുമെന്ന് അവരാരും ഓർത്തിരുന്നില്ല.

ഇഷ്ടികക്ക് മണ്ണ് കുഴിച്ചെടുക്കുന്ന വയൽവക്കിൽ കൂടിനിന്ന് അവർ കുശലം പങ്ക് വെച്ചു.

"ഞങ്ങളിനി ഇഷ്ടിക ഉണ്ടാക്കുന്നില്ല മൂസാ. എത്രയും വേഗം ഇവിടന്ന് രക്ഷപ്പെടണം."

അവർ പറഞ്ഞു.

പ്രത്യുത്തരമായി മൂസാ പറഞ്ഞു: "അതു പറ്റില്ല. ഫറവോനെ പ്രകോപിപ്പിക്കരുത്. നിങ്ങൾ സാധാരണത്തെപ്പോലെ വേല ചെയ്യുക. അല്ലാഹു നിങ്ങൾക്ക് ഒരു മോചനമാർഗം കാണിച്ചു തരും. അതുവരെ നിങ്ങൾ ക്ഷമിക്കുക."

"എപ്പോഴാണ് മൂസാ നമുക്ക് ഒരു മോചനം ലഭിക്കുക?"

"അതുടനെ ഉണ്ടാകും. നിങ്ങൾ അല്ലാഹുവിൽ ഭരമേല്പിച്ച് ക്ഷമിച്ചിരിക്കുക."

അവരുടെ സംസാരത്തിലേക്ക് ഫിറവോൻെറ ഭടന്മാർ കടന്നുവന്നു. അവർ മൂസായെ കൊട്ടാരത്തിലേക്ക് കൊണ്ടുപോയി. പൊന്നുമോനെ ഒരു നോക്ക് കാണാൻ വളർത്തമ്മ ആസ്യയുടെ ഹൃദയം തുടിക്കുന്നുണ്ടായിരുന്നു. അതിനാലാണ് അവർ സ്വകാര്യമായി മൂസായെ വിളിപ്പിച്ചത്. മൂസായും അത്തരം ഒരു കൂടിക്കാഴ്ചക്ക് ആഗ്രഹിച്ചിരിക്കാം.

പട്ടാളക്കാരോടൊപ്പം കൊട്ടാരത്തിലേക്ക് പ്രവേശിച്ച മൂസാ നേരെ ആസ്യയുടെ അടുത്തേക്ക് കയറിച്ചെന്നു.

സന്തോഷാശ്രു പൊഴിച്ചു ആസ്യ അദ്ദേഹത്തെ പിടിച്ചു തൻെറ കൂടെ പിടിച്ചിരുത്തി.

"എൻെറ മോനെ ഒരു നോക്ക് കാണാൻ എനിക്ക് കഴിഞ്ഞല്ലോ ദൈവമേ." അവർ അദ്ദേഹത്തെ തലോടിക്കൊണ്ട് പറഞ്ഞു.

"എന്താണ് പുതിയ വിശേഷം?

"ഞാൻ അല്ലാഹുവിൻെറ പ്രവാചകനാകുന്നു. അവനല്ലാതെ ഒരു ആരാധ്യനുമില്ല.........

മൂസാ തൻെറ വളർത്തമ്മക്ക് ഏകദൈവത്തിലേക്ക് വഴി കാണിച്ചുകൊടുക്കുകയായിരുന്നു. മൂസായുടെ വാക്കുകൾ അവരുടെ മനസ്സിൽ തിരിച്ചറിവിൻെറ പ്രകാശം നിറച്ചു.

"നീ ഫറവോനോട് വലിയ വായിൽ സംസാരിക്കുന്നത് കേട്ടല്ലോ. ഇസ്രാഈല്യരെയും കൂട്ടി നീ എവിടെക്കാണ് പോവുക?"

"അല്ലാഹു വഴി കാണിച്ചുതരും."

"ഞാൻ ഫറവോയെക്കാൾ നിന്നെ ഇഷ്ടപ്പെടുന്നു. നീ എൻെറ മകനാണല്ലോ. നിൻെറ ദൈവം എൻെറയും ദൈവമാണ്. നീ എല്ലാ ദിവസവും എൻെറയടുത്ത് വരണം. കോട്ടാരത്തിൽ നിനക്ക് ഒരാപത്തും വരില്ല. എന്നാലും ഫറോവയെ ശ്രദ്ധിക്കണം." മൂസായെ തടവിക്കൊണ്ട് അവർ പറഞ്ഞു.

"ഞാനും നിങ്ങളെ ഇഷ്ടപ്പെടുന്നു. ഞാൻ എല്ലാ ദിവസവും വരാം. നിങ്ങൾ ദൈവത്തിൽ വിശ്വസിക്കണം."

മൂസാ കൊട്ടാരത്തിൽനിന്ന് പുറത്ത് കടന്നു.

വയലിലെ പൊരിവെയിലിൽ ഇസ്രാഈലീ മക്കളെ പട്ടാളക്കാർ ചമ്മട്ടിയടിച്ചു ജോലിയെടുപ്പിക്കുന്നതു കണ്ട് മൂസായുടെ ഹൃദയം വേദനിച്ചു. പിരമിഡിലേക്ക് വലിയ കല്ലുരുട്ടിക്കയറ്റുന്ന ജോലിയിലായിരുന്നു അവർ. ആബാലവൃദ്ധം ജനങ്ങൾ പൊരിവെയിലിൽ മേനിയുരുക്കി പണിയെടുക്കുന്നുണ്ടായിരുന്നു. അല്പമൊന്ന് നടുനിവർത്തിയാൽ ഉടനെ ഭടന്മാരുടെ ചമ്മട്ടി പ്രയോഗം നടക്കുകയായി. ശാസനയുടെ പേരിൽ പല ഇസ്രാഈലികൾക്കും ഫറവോയുടെ ഭടന്മാർ ജീവാപായം വരുത്തിയിട്ടുമുണ്ട്.

4

മിസ്വ്റിൽ ആഘോഷദിനം.

ജനങ്ങളെല്ലാം കൊട്ടാരമൈതാനിയിലേക്ക് ഒഴുകാനാരംഭിച്ചു. രാജ്യത്തെ പുകൾപെറ്റ ആഭിചാരകന്മാർ മൂസായുമായി ഏറ്റുമുട്ടുന്നത് കാണാൻ അവർ രാവിലെ തന്നെ മൈതാനിയിൽ തടിച്ചുകൂടി.

മൂസായും ഹാറൂനും എല്ലാം ദൈവത്തിലർപ്പിച്ച് മൈതാനിയിലേക്ക് പുറപ്പെട്ടു. കൈയിൽ തൻെറ സന്തതസഹചാരിയായ വടി മാത്രമേ ഉണ്ടായിരുന്നുള്ളൂ.

മൈതാനത്തേക്ക് കടന്നുവന്ന മൂസായെ കണ്ട് ഇസ്രാഈല്യർ കരഘോഷം മുഴക്കി.

നാട്ടിലെ പ്രശസ്തരായ ആഭിചാരകന്മാരെല്ലാം മൈതാനത്ത് പ്രത്യേകം ഒരുക്കിയ ഇരിപ്പിടങ്ങളിൽ ഇരിപ്പുറപ്പിച്ചിരുന്നു.

അല്പം കഴിഞ്ഞ് തൻെറ പരിവാരങ്ങളുമായി ഫറവോൻ അഹങ്കാരത്തിൻെറ തേരിൽ മൈതാനത്തേക്ക് എഴുന്നള്ളി. പിന്നിൽ ആസ്യയും തോഴികളുമുണ്ടായിരുന്നു.

ഫറവോൻ എഴുന്നള്ളിയതോടെ മായാജാലവിദ്യക്കാരും പ്രഭൃതികളും അയാളുടെ മുമ്പിൽ സാഷ്ടാംഗം വീണു. അവൻ തൻെറ സിംഹാസനത്തിൽ ഉപവിഷ്ഠനായതോടെ അവർ തലയുയർത്തി.

മായാജാലക്കാരെ നോക്കി ഫറവോൻ പറഞ്ഞു:

"എന്നെ തോല്പിക്കാൻ വലിയ മായാജാലം പഠിച്ചു വന്നിരിക്കുകയാണ് മൂസാ. നിങ്ങൾ അവനെ പരാജയപ്പെടുത്തണം."

"അക്കാര്യം ഞങ്ങളേറ്റിരിക്കുന്നു. ഞങ്ങൾ വിജയിക്കുകയാണെങ്കിൽ തക്ക പ്രതിഫലം തരുമോ?"

"തീർച്ചയായും. മാത്രവുമല്ല, നിങ്ങൾക്ക് നമ്മുടെ അടുക്കൽ പ്രത്യേക സ്ഥാനവുമുണ്ടായിരിക്കും."

ഫറവോൻെറ വാഗ്ദാനം കേട്ട് മായാജാലവിദ്യക്കാർ സന്തുഷ്ടരായി. അവർ ഫറവോനെ വണങ്ങി മത്സരവേദിയിലെത്തി. മൂസായും ഹാറൂനും യൂശഉം മറ്റ് ഏതാനും ചില സുഹൃത്തുക്കളും അവിടെ കൂടിനില്ക്കുന്നുണ്ടായിരുന്നു.

ആഭിചാരകർ മൂസായെ വിജയഭാവത്തിൽ ഒന്ന് നോക്കി:

"തുടങ്ങാം അല്ലേ. നിങ്ങൾ ആദ്യം തുടങ്ങിക്കൊള്ളുക" മായാജാലക്കാർ മൂസായോട് പറഞ്ഞു. ഉണങ്ങിയ ഒരു വടിയല്ലാതെ മറ്റൊന്നും മൂസായുടെ കൈയിലില്ലെന്ന് അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മൂസാ അവരോട് പറഞ്ഞു:

"അല്ല. നിങ്ങൾ തന്നെ തുടങ്ങുക."

ഫറവോയുടെ അനുമതി വാങ്ങി മായാജലക്കാർ തങ്ങളുടെ കയറുകളും വടികളും പ്രത്യേക അംഗവിന്യാസത്തിലൂടെ നിലത്തേക്കിട്ടു. കാണികളുടെ നേത്രങ്ങളെ അവർ മായാവിദ്യയിൽ കുരുക്കി. മുന്നിൽ കാണുന്നതത്രയും സീൽക്കാരത്തോടെ ഫണം വിടർത്തിയാടുകയും ഇഴയുകയും ചെയ്യുന്ന വൻ സർപ്പങ്ങളാണെന്ന് കാണികൾക്ക് തോന്നി. അവരുടെ കണ്ണുകളിൽ അത്ഭുതവും ഭയവും കനത്തു. ഭയാക്രാന്തരായി അവർ പിന്മാറാൻ തുടങ്ങി.

മൂസാ ഭയപ്പെട്ടു നിൽക്കുകയായിരുന്നു. നാഗപ്പടക്ക് മുമ്പിൽ താൻ തോറ്റുപോകുമെന്ന് അദ്ദേഹം ആശങ്കിച്ചു. അദ്ദേഹം ഹാറൂൻെറ മുഖത്തേക്ക് നോക്കി. ആ കണ്ണുകളിലും ഭയം നിഴലിട്ടിരുന്നു.

പെട്ടെന്ന്, അല്ലാഹു മൂസാക്ക് ബോധനം നല്കി.

"നീ നിൻെറ വടി നിലത്തിടുക."

കല്പന കേട്ട് മൂസാ തൻെറ വടി നിലത്തിട്ടു. വടി പഴയതിലും ഉഗ്രസർപ്പമായി ഫണം വിടർത്തി സീൽക്കാരം പുറപ്പെടുവിച്ചു എഴുന്നേറ്റുനിന്നു. കാണികളെ അത് ഭീതിയുടെ കുന്തമുനയിൽ തളച്ചിട്ടു.

ജനം നോക്കി നില്ക്കെ മൂസായുടെ സർപ്പം മായാജാലക്കാരെ നിരായുധമാക്കാൻ തുടങ്ങി. സർപ്പം ഇഴഞ്ഞുചെന്ന ഭാഗങ്ങളിലുണ്ടായിരുന്ന മായാജാലസർപ്പങ്ങൾ പഴയ രൂപം പ്രാപിക്കുകയോ അറപത്യക്ഷമാവുകയോ ചെയ്തുകഴിഞ്ഞിരുന്നു. ആയുധമുണ്ടെങ്കിലല്ലേ ആഭിചാരകന്മാർക്ക് ആഭിചാരം ചെയ്യാനാവുകയുള്ളൂ.

മൂസായുടെ സർപ്പം അവരുടെ കയറുകളെയും വടികളെയും നശിപ്പിച്ചു.

"മൂസായുടെ പാമ്പ് മറ്റുള്ളവയെ വിഴുങ്ങി." കാണികൾ വിളിച്ചാർത്തു.

ഫറവോനും രാജഭടന്മാരും പരിഭ്രാന്തരായി.

ആഭിചാരകർ അത്ഭുതപ്പെട്ടു. തങ്ങളുടെ കണ്ണുകൾക്കെന്തു പറ്റി? അവർ പഠിച്ച മായാജാലമല്ല കൺമുൻപിൽ കാണുന്നത്. ദിവ്യമായ ലീലാവിലാസം അവരതിൽ ദർശിച്ചു. അവരുടെ മനസ്സുകളെ ഭയം ഗ്രസിച്ചു. ദൈവത്തിൻെറ അപാരമായ ശക്തിപ്രകടനം ദർശിച്ച ആഭിചാരപട ഉടനെ ദൈവത്തിനു മുമ്പിൽ സാഷ്ടാംഗം വീണു. അവർ പറഞ്ഞു:

"ആഭിചാരം ഞങ്ങൾക്കറിയാം. എന്നാൽ ഇത് ആഭിചാരമല്ല. ദിവ്യദൃഷ്ടാന്തമാണ്. തീർച്ചയായും അവൻ തൻെറ ദൂതന്മാർക്ക് നല്കുന്ന അമാനുഷികദൃഷ്ടാന്തം. മൂസായുടെയും ഹാറൂൻെറയും നാഥനിൽ ഞങ്ങളിതാ വിശ്വസിച്ചിരിക്കുന്നു."

ഫിർഔനടക്കമുള്ള കോപ്റ്റിക് വംശജരും ഇസ്രാഈല്യരും തടിച്ചുകൂടിയ ആ മൈതാനിയിൽ അവരെ സാക്ഷിനിറുത്തി മിഥ്യ അവിടെ തകർന്നടിയുകയായിരുന്നു.

ഫറവോൻ അടിയേറ്റുപോലെ ചാടിയെണീറ്റു. അവൻെറ ദുരഭിമാനം ആ മൈതാനിയിൽ വീണടിഞ്ഞിരുന്നു. അവൻ ക്ഷുഭിതനായി മായാജാലക്കാർക്കു നേരെ തിരിഞ്ഞു:

"എൻെറ അനുവാദം കൂടാതെ നിങ്ങൾ അവനിൽ വിശ്വസിക്കുകയോ? ഇത് എന്നെയും എൻെറ ആളുകളെയും ഈ നാട്ടിൽനിന്ന് പുറത്താക്കാൻ മൂസായുമായി നിങ്ങൾ ഒത്തുകളിച്ച കള്ളക്കളിയാണ്. അതിൻെറ ശിക്ഷ നിങ്ങൾ അനുഭവിച്ചേ പറ്റൂ. ഞാൻ നിങ്ങളുടെ കൈകാലുകൾ നേർവിപരീതങ്ങളായി വെട്ടിനുറുക്കുക തന്നെ ചെയ്യും. പോരാത്തിന് നിങ്ങളുടെ മുഴുവൻ ക്രൂശിക്കുകയും ചെയ്യും. നോക്കിക്കോ."

പരാജിതനായ ഫറവോൻ ക്രുദ്ധനായിക്കഴിഞ്ഞിരുന്നു.

"ഞങ്ങൾക്ക് ഞങ്ങളുടെ നാഥൻെറ ദൃഷ്ടാന്തം വന്നു കിട്ടിയപ്പോൾ അതിൽ വിശ്വസിച്ചു എന്നതിനല്ലേ നീ ഞങ്ങളെ ശിക്ഷിക്കുന്നത്? ആയ്ക്കോട്ടെ. പക്ഷേ, ഏതവസ്ഥയിലും ഞങ്ങൾക്ക് തിരിച്ചു ചെല്ലാനുള്ളത് ഞങ്ങളുടെ നാഥങ്കലേക്കാണ്."

ആഭിചാരകന്മാരുടെ ധിരമായ ഏകസ്വരം കേട്ട് ഫറവോൻ തലകുനിച്ചു.

ഫറവോൻ അഹങ്കാരിയായിരുന്നു. എന്തും ചെയ്യാൻ മടിക്കാത്തവൻ. അവൻ ഏത് വിധേനയും തങ്ങളോട് പ്രതികാരം ചെയ്യുമെന്ന് അവർക്കുറപ്പുറപ്പുണ്ടായിരുന്നു. അതിനാൽ ആഭിചാരകന്മാർ കൈകളുയർത്തി പ്രാർഥനാ നിരതരായി:

"ഞങ്ങളുടെ നാഥാ, ഫിർഔൻെറ മർദ്ദനത്തിനു മുമ്പിലും നിന്നിലുള്ള വിശ്വാസം നിലനിറുത്താൻ ഞങ്ങളിൽ നീ ക്ഷമ ചൊരിഞ്ഞു തരേണമേ."

ഫറവോൻ സ്വേഛാധിപതിയായിരുന്നല്ലോ. ഇപ്പോൾ അവന് അപകർഷത തോന്നിത്തുടങ്ങുകയും ചെയ്തു. അതിനാൽ അവനല്ലാത്ത ആരെയും ദൈവമായി അംഗീകരിക്കരുതെന്ന് അവൻ കർക്കഷമായി കല്പിച്ചു. അവൻെറ മാത്രം നിയമങ്ങൾ അവിടെ നടപ്പിലായി. എതിർക്കുന്നവരെ ആണികൾ തുളച്ച പലകയിൽ തറച്ചു കൊല്ലുകയായിരുന്നു ശിക്ഷ.

**5**

ഉത്സവത്തിൻെറ പിറ്റേ ദിവസം മൂസാനബി ഫറവോൻെറ കൊട്ടാരത്തിലേക്ക് കയറിച്ചെന്നു. കൂടെ ഹാറൂനുമുണ്ടായിരുന്നു. രണ്ടു പേരുടെയും ആഗമനം ഫറോവക്കും അവൻെറ ആളുകൾക്കും തീരെ പിടിച്ചില്ല. തങ്ങളുടെ അമർഷം അവർ മുറുമുറുപ്പിൽ ഒതുക്കി.

"നീ ഇസ്രാഈല്യരെ എന്നോടൊപ്പം അയക്കുക. ഏകദൈവത്തെ മാത്രം ആരാധിക്കുക. അവൻെറ കല്പന മാനിച്ച് ജീവിക്കുക."

മൂസായുടെ ശബ്ദം ഉറച്ചതായിരുന്നു.

"മൂസേ, എൻെറ പരമാധിപത്യമാണിവിടെ നടക്കുന്നത്. പിന്നെ എന്താണ് നീ പറയുന്ന ദൈവം?

ഫറവോൻ തിരക്കി.

"നിങ്ങളെയും നിങ്ങൾക്കു മുമ്പുള്ളവരെയും സൃഷ്ടിച്ച ഏകനായ ദൈവം. ആകാശ ഭൂമിയെയും അവയ്ക്കിടയിലുള്ളതിനെയും സൃഷ്ടിച്ചവനാണവൻ. അവൻ എല്ലാറ്റിനെയും സൃഷ്ടിക്കുകയും ബോധനം നല്കുകയും ചെയ്തവനാണ്."

ഫറോവ തൻെറ പ്രഭൃതികളോടായി തിരക്കി:

"ഞാനല്ലാത്ത ഒരു ദൈവം നിങ്ങൾക്കുള്ളതായി എനിക്കറിയില്ല. നോക്കൂ, നൈൽനദി എൻെറ കാൽ കീഴിലായിക്കൊണ്ടല്ലേ ഒഴുകുന്നത്? അതൊന്നും നിങ്ങൾ കാണുന്നില്ലേ? ഞനോ അതല്ല, മര്യാദക്ക് സംസാരിക്കാൻ പോലും കഴിയാത്ത ഇവനാണോ നല്ലത്? അവൻ ദൈവദൂതനാണെങ്കിൽ എന്തേ അവന് നമ്മെപ്പോലെ സ്വർണാഭരണങ്ങൾ അണിയിക്കപ്പെടാത്തത്? സംരക്ഷകരായി കൂടെ മാലാഖമാർ വരാത്തത്?"

ഫറവോൻ തൻെറ ആളുകളുടെ മനസ്സിനെ മൂസായിൽനിന്ന് അകറ്റുകയായിരുന്നു.

"ശരിയാണ് പ്രഭോ."

കൂടി നിന്നവർ പറഞ്ഞു. അതുകേട്ട് ഫറോവ മൂസാക്ക് നേരെ തിരിഞ്ഞു:

"മൂസേ, നീ എന്ത് തെളിവുകളുമായി വന്നാലും ഇസ്രാഈല്യരെ നിൻെറ കൂടെ പറഞ്ഞയക്കുന്ന പ്രശ്നമേയില്ല. നീ പറയുന്നതും ചെയ്യുന്നതുമൊക്കെ മുമ്പും ഞാൻ കണ്ടതാണ്. ങ്ഹാ, പോ."

"ഞാൻ വീണ്ടും വരും." മൂസാ പറഞ്ഞു.

മൂസാ നടന്നുനീങ്ങിയപ്പോൾ മന്ത്രിമാർ ഫറവോനോട് തിരക്കി:

"നാട്ടിൽ കുഴപ്പം ഉണ്ടാക്കാനും അതിലെ ആളുകളെ പുറത്താക്കി നാട് ഇസ്രാഈല്യർക്ക് സ്വന്തമാക്കാനുമാണ് അവൻെറ പരിപാടി. അത് ചെയ്യുന്നതിനായി അവിടന്ന് അവനെ കയറൂരി വിടുകയാണോ?"

"പിന്നെ ഞാൻ അവനെ എന്തു ചെയ്യണം? പറയിൻ."

ഇസ്രാഈല്യരെ വിടരുത്. അവരാണ് മൂസായുടെ പിൻബലം. അവരെ അടിച്ചമർത്തണം. ക്രൂരമായി പണിയെടുപ്പിക്കണം. അവരുടെ വംശം പെരുകാൻ പാടില്ല."

മന്ത്രിമാരുടെ നിർദ്ദേശം ഫറവോന് നന്നെ ബോധിച്ചു.

ഫറോവ ഉടൻ രാജവിളംബരം പുറപ്പെടുവിച്ചു: "ഇന്നു മുതൽ ഇസ്രാഈല്യർക്ക് ജനിക്കുന്ന എല്ലാ ആൺകുഞ്ഞുങ്ങളെയും കൊന്നുകളയുക. അവരോട് ഒരു ദാക്ഷിണ്യവും അരുത്. പെൺകുട്ടികൾ മാത്രം അവശേഷിക്കട്ടെ. നാമാണ് അവരുടെ മേൽ ആധിപത്യമുള്ളവൻ."

രാജകല്പന വിളംബരം ചെയ്യപ്പെട്ടു. അത് നടപ്പാക്കാൻ രാജഭടന്മാർ ഇസ്രാഈലീ കുടിലുകൾ അരിച്ചുപെറുക്കി.

കല്പന കേട്ട് ഇസ്രാഈലീ താവളങ്ങൾ നടുങ്ങി.

ജനിച്ചുപോയ കൺമണിയെ ഒളിപ്പിക്കാനുള്ള ശ്രമം.....

വയറ്റിൽ കിടക്കുന്നത് പെൺകുഞ്ഞാകണേ എന്ന കണ്ണീരിൽ കുതിർന്ന പ്രാർഥന.......

ഗർഭം ധരിക്കാൻ സ്ത്രീകൾ ഭയപ്പെട്ടു.....

മണിയറകളിൽ വിഹ്വലത നിറഞ്ഞു.....

വേദനയുടെ കരാളദിനങ്ങളായിരുന്നു ഈജിപ്തിൽ.

ആളുകൾ വേവലാതിയുമായി മൂസായെ സമീപിച്ചു. ചോരപൈതങ്ങൾ നഷ്ടപ്പെട്ടവർ അവരിലുണ്ടായിരുന്നു. ഗർഭിണികളുണ്ടായിരുന്നു. മറ്റുള്ളവരും അവരെ അനുഗമിച്ചിരുന്നു.

"നിങ്ങൾ ക്ഷമിക്കുക. അല്ലാഹുവിനോട് സഹായം തേടുക. അവൻ ഒരു വഴിയുണ്ടാക്കിത്തരും. അവൻ ഇഷ്ടപ്പെടുന്നവർക്ക് അവൻ ഭൂമിയിൽ ആധിപത്യം നല്കും. അനന്തര ഫലവും അവർക്കായിരിക്കും."

"ഇനിയും എന്നാണ് മൂസേ ഒരു മോചനം? നീ വരുന്നതിന് മുമ്പ് ഞങ്ങൾ ഈ പീഡനം സഹിക്കുന്നുണ്ട്. നീ വന്നിട്ടും ഒരു മാറ്റം കാണുന്നില്ലല്ലോ."

"സാരമില്ല. നാഥൻ നമ്മുടെ ശത്രുക്കളെ നശിപ്പിക്കും. സ്വൈരമായി ജീവിക്കാനുള്ള അവസ്ഥ നമുക്ക് അവൻ തരും. എന്നിട്ട് നിങ്ങൾ എങ്ങനെയാണ് ജീവിക്കുന്നതെന്ന് അവൻ നോക്കിക്കൊണ്ടിരിക്കും."

മൂസാ അവരെ സമാധാനപ്പെടുത്തി.

ഇസ്രായീൽ കുടിലുകളിൽ ആൺകുട്ടികളുടെ തരിപോലും ബാക്കിയായില്ല. പട്ടാളക്കാർ ഭംഗി യായി ദൗത്യം നിർവഹിച്ചതായി ഫറവോന് റിപ്പോർട്ട് നല്കി.
ഇസ്രായീൽബീജത്തിൻെറ അവസാനകണികയും നാം തുടച്ചുനീക്കിയെന്ന് ഫറവോൻ തൻെറ ഡയറിയിൽ വിജയചരിത്രം കുറിച്ചിട്ടു.
ഫറവോൻെറ പട ഇസ്രാഈല്യരെ കഠിനമായി ജോലിയെടുപ്പിച്ചു. വെള്ളം കുടിക്കാൻ പോലും അവരെ അനുവദിച്ചില്ല. ആരെങ്കിലും വെള്ളം കുടിക്കുന്നതു കണ്ടാൽ അവർക്ക് ചമ്മട്ടിപ്രഹരം ഏല്ക്കേണ്ടിവന്നു. ഇഷ്ടിക നിർമിക്കുന്നിടത്തും പിരമിഡുകൾ പണിയുന്നിടത്തും സ്ഥിതി അതു തന്നെയായിരുന്നു. ആ ക്രൂരതയേറ്റ് എത്യോപ്യയിൽനിന്ന് കൊണ്ടുവന്ന ആയിരക്കണക്കിന് അടിമകളും ഇസ്രാഈല്യരും മെയ് മറന്ന് അദ്ധ്വാനിച്ചുകൊണ്ടിരുന്നു.

**6**

ഫറവോൻെറ സ്വർണപ്പണിക്കാരനായിരുന്നു സാമിരി. ഇസ്രാഈല്യനായിരുന്നു അയാൾ. എങ്കിലും ഫറവോൻെറയടുത്ത് അയാൾക്ക് പ്രത്യേക സ്ഥാനമുണ്ടായിരുന്നു. ഇസ്രാഈല്യർ ക്കിടയിൽ ചുറ്റിക്കറങ്ങി അവരെപ്പറ്റി ഫറവോനോട് ഏഷണി പറഞ്ഞുകൊടുക്കൽ അയാളുടെ പതിവായിരുന്നു. ഫറവോൻെറ സാമീപ്യവും സമ്മാനവുമായിരുന്നു അവൻെറ തേട്ടം. അയാൾ ക്കും അയാളുടെ കുടുംബത്തിനും ഫറവോനിൽനിന്ന് അത് വേണ്ടുവോളം ലഭിച്ചു. ആ കൂട്ടു കെട്ട് അടിമകളായ ഇസ്രാഈല്യർക്ക് വലിയ വിനയായി.
ഇസ്രാഈല്യരോടുള്ള തൻെറ സമീപനവും മൂസായുടെ സന്ദേശത്തിന് നേരെയുള്ള തൻെറ പ്രതികരണവും തൻെറ രാജ്യത്തിനും പ്രജകൾക്കും മൊത്തം ദുരിതമാകുമെന്ന് തിരിച്ചറിയാനുള്ള ഉൾക്കാഴ്ച ഫറവോന് നഷ്ടപ്പെട്ടിരുന്നു. അഹങ്കാരം നിറഞ്ഞ മനസ്സുകളിൽ സത്യത്തെ വേർതി രിച്ചറിയാനുള്ള കഴിവും അതിനെ അംഗീകരിക്കാനുള്ള സന്നദ്ധതയും ഉണ്ടാവുകയില്ല.
മൂസായുടെ ക്ഷണം ഫറവോൻ നിരസിക്കുകയും ധിക്കരിക്കുകയും ചെയ്തു. തൻെറ പ്രതാപ ങ്ങളിൽ മതിമറന്ന് അവൻ ദൈവത്തോട് മത്സരിച്ചു.
മിസ്രിൽ കടുത്ത വരൾച്ച അനുഭവപ്പെട്ടു തുടങ്ങി.
സൂര്യൻ കത്തിജ്ജ്വലിച്ച ആകാശത്തിനു താഴെ ഭൂമി പഴുത്തുകിടന്നു. ജലാശങ്ങയൾ വറ്റി. നൈലിൽ ജലവിതാനം താഴ്ന്നു.
ദാഹജലം കിട്ടാതെ ജീവികൾ ചത്തൊടുങ്ങി. കൃഷിയുണങ്ങി.
ഉഷ്ണകാഠിന്യം ഗൃഹാന്തർഭാഗങ്ങളിൽനിന്നും ജനത്തെ വെളിമ്പ്രദേശങ്ങളിലേക്കാട്ടി. അവിടെ യും അവർക്ക് രക്ഷയില്ലായിരുന്നു. മരുഭൂമിൽനിന്ന് താപം നിറഞ്ഞ കാറ്റ് അടിച്ചുവീശി അവരുടെ മേനിയെ ചുട്ടുപഴുപ്പിച്ചു.
അകത്തും പുറത്തും ചൂട്.......
വിശപ്പ്.....
ദാഹം......
തളർച്ച......
ജനം മാസങ്ങളോളം വലഞ്ഞു. മുൻഭരണാധികാരി അസീസിൻെറ കാലത്ത് അത്തരം ഒരു വരൾച്ചയുണ്ടായിട്ടുള്ളതായി അവർ കേട്ടിട്ടുണ്ട്.
കടുത്ത വിശപ്പിനൊടുവിൽ പത്തായപ്പുരകൾ പൊതുജനത്തിന് മുമ്പാകെ തുറന്നിടേണ്ടിവന്നു.
"ഇതിനൊരു പരിഹാരമില്ലേ പ്രഭോ?" സൈനികരുടെ അന്വേഷണം
ഫറവോൻ വിഷാദിച്ചിരിക്കുകയായിരുന്നു.
"ഇത് ആഭിചാരമല്ല പ്രഭോ." ജ്യോത്സ്യന്മാരുടെ വിലയിരുത്തൽ.
"മൂസായെ കൊണ്ടുവരിക." ഫറവോൻ ഉത്തരവിട്ടു.
ഫറവോൻ വിളിക്കുന്നുവെന്ന് വിവരം കിട്ടിയ ഉടൻ അദ്ദേഹം പട്ടാളക്കാരോടൊപ്പം കൊട്ടാര ത്തിലേക്ക് ചെന്നു. ഫറവോൻ നിലപാട് മാറ്റിയിരിക്കാം എന്ന് ഹാറൂൻ മൂസായോട് തമാശ പറഞ്ഞു. അതുകേട്ട് മൂസാ ഉത്തരമില്ലാതെ ചിരിച്ചു.
ഇരുവരും കൊട്ടാരത്തിലേക്ക് ചെന്നപ്പോൾ ഫറവോൻ വിഷാദിച്ചിരിക്കുകയായിരുന്നു. മൂസായെ കണ്ട് ഫറവോൻ പറഞ്ഞു:
"നിനക്ക് ചെയ്തു തന്ന ഉപകാരങ്ങളൊക്കെ മറന്ന് ആഭിചാരത്തിലൂടെ നീ ഞങ്ങളെ ഈ നാട്ടിൽനിന്ന് പുറത്താക്കാനുള്ള ശ്രമത്തിലാണല്ലേ? നാട് വരൾച്ചയിൽ കത്തിയമർന്നിരിക്കുന്നു. ഒരു തുള്ളി വെള്ളം കുടിക്കാനില്ല. ഫലങ്ങളെല്ലാം ഉണങ്ങിക്കരിഞ്ഞു. വിശപ്പുകൊണ്ട് ആളുകൾ പ്രയാ സപ്പെടുകയാണ്. നീ എന്താ ഉദ്ദേശിക്കുന്നത്?"
"നീ അല്ലാഹുവിനെ ഏകദൈവമായി അംഗീകരിക്കുക. ഇസ്രാഈല്യരെ എന്നോടൊപ്പം അയ ക്കുക."
"നീ എന്തിനാണ് ജനത്തെ ആഭിചാരത്തിലൂടെ പ്രയാസപ്പെടുത്തുന്നത്?"
"അതൊന്നും എൻെറ കൈകാര്യത്തിലുള്ളതല്ല. ശക്തനായ ഏകദൈവത്തിൻെറ കൃത്യമാണ തെല്ലാം. അവൻ ഉദ്ദേശിച്ചാൽ അത് നീക്കിത്തരും."
"നീ നിൻെറ നാഥനോട് പ്രാർഥിക്കുക. ഞങ്ങളുടെ ഈ ദുരിതം അവൻ നീക്കിത്തരട്ടെ. എങ്കിലല്ലേ ഞങ്ങൾ നീ പറയുന്നതിനെപ്പറ്റി ചിന്തിക്കാനാവുകയുള്ളൂ."

ഉള്ളറിയാതെയുള്ള വാക്ക് കേട്ട് മന്ത്രിമാർ തലയാട്ടി. അതിൻെറ ഉള്ളുകള്ളി അവർക്കറിയില്ലായിരുന്നല്ലോ.

ഫറവോൻ പറഞ്ഞത് കാര്യമാണെന്ന് മൂസാ കരുതി.

മൂസാ തൻെറ നാഥനോട് പ്രാർഥിച്ചു.

വരൾച്ച നീങ്ങി. നിലം പച്ചയണിഞ്ഞു. മഴ പെയ്തു ജലാശയങ്ങൾ നിറഞ്ഞു. ഹരിതം നിറഞ്ഞ തോട്ടങ്ങൾ എല്ലായിടത്തും കതിരിട്ടു നിന്നു. പലതരം കായ്കനികളുടെയും ഫലങ്ങളുടെയും മണം കാറ്റിൽ നിറഞ്ഞിനിന്നു.

കാണെ, ഫറവോൻെറ അഹങ്കാരവും തലപൊക്കി തുടങ്ങി.

"ഹാ, എല്ലാ പ്രയാസങ്ങളും നീങ്ങിയിരിക്കുന്നു. നമ്മുടെ പ്രയത്നമാണത്." അവൻ വീമ്പിളക്കി.

മൂസാ വീണ്ടും ഫറവോയെ സമീപിച്ചു.

"ഇസ്രാഈല്യരെ എൻെറ കൂടെ അയക്കുക. നീ ഏകദൈവത്തെ അനുസരിക്കുക." അവസ്ഥകൾ മാറിയതു കണ്ട് മൂസാ വീണ്ടും ഫറവോനോട് പറഞ്ഞു.

"സാധ്യമല്ല മൂസാ. നീ എന്ത് ആഭിചാരം കൊണ്ടുവന്നാലും ഇസ്രാഈല്യരെ വിട്ടയക്കുന്ന പ്രശ്നമില്ല. അവർ കഠിനാദ്ധ്വാനം ചെയ്ത് ഇവിടെ കഴിയട്ടെ."

"അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളെ നീ ചെറുതായി കാണരുത്. അത് നിൻെറ നന്മക്ക് വേണ്ടിയാണ്."

ഫറവോൻെറ മനസ്സിളകുന്നതായിരുന്നില്ല.

ഇസ്രാഈല്യരിൽ ഏകദൈവവിശ്വാസം വ്യാപിച്ചുകൊണ്ടിരുന്നു. ഖിബ്തികളിലും അതിൻെറ സ്വാധീനം ഉണ്ടായി. പക്ഷേ, ഫിർഔനെയും അവൻെറ ശിക്ഷയെയും ഭയപ്പെട്ട് അകന്നു നിൽക്കുകയായിരുന്നു അവരൊക്കെ.

ഫറോവയുടെ ഭാര്യ ആസ്യക്ക് അതൊന്നും പ്രതിബന്ധമായിരുന്നില്ല. അവർ വളർത്തു മകൻ മൂസായുടെ ആദർശത്തിൽ ആകൃഷ്ടയായിക്കഴിഞ്ഞിരുന്നു. രഹസ്യമായി അവർ മൂസായെ കൊട്ടാരത്തിലേക്ക് വിളിച്ചു വരുത്തിയും മൂസായുടെ ഗൃഹത്തിലേക്ക് ചെന്നും അദ്ദേഹത്തിൽനിന്ന് പലതും പഠിച്ചറിഞ്ഞു.

അവർ വിശ്വാസിയായിക്കഴിഞ്ഞിരുന്നു.

**7**

ആസ്യ മൂസായിൽ വിശ്വാസിച്ച കാര്യം ഫറവോൻ അറിഞ്ഞു.

"നാം കേട്ടത് ശരിയാണോ?" ഫറവോൻ ആസ്യയോട് തിരക്കി.

"അതെ. ഞാൻ ഏകനായ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു." അവർ തൻെറ വിശ്വാസം ഭർത്താവിൻെറ മുമ്പിൽ മറച്ചുവെച്ചില്ല.

"അടിമകളായ ഇസ്രാഈല്യരുടെ ദൈവത്തിൽ വിശ്വസിക്കാൻ മാത്രം നിനക്കെന്ത് പറ്റി?"

"ഇസ്രാഈല്യർക്ക് ഒരു ദൈവവും ഖിബ്തികൾക്ക് വേറെ ദൈവവും അല്ലേ? ലോകത്തിന് ഒരു ദൈവമേ ഉള്ളൂ. അവനിലാണ് ഞാൻ വിശ്വസിച്ചിട്ടുള്ളത്."

"നമ്മുടെ അടിമകളുടെ ദൈവത്തിൽ വിശ്വസിക്കുക. അതൊന്നും നമ്മുടെ പ്രതാപത്തിന് ചേർന്നതല്ല. നീ അതെല്ലാം കൈവെടിഞ്ഞേക്ക്."

"എല്ലാവർക്കും ഒരു ദൈവമാണുള്ളത്. അവൻെറ അടിമകളാണ് നാം. അവനിലാണ് ഞാൻ വിശ്വസിച്ചത്. അത് വെടിയുന്ന പ്രശ്നമില്ല."

"ഈജിപ്ത് ഭരിക്കുന്നത് ഞാനാണ്. എൻെറ നിയമങ്ങളാണ് നീ അനുസരിക്കേണ്ടത്. ഞാനല്ലാത്ത ഒരു ദൈവത്തെ നീ അനുസരിച്ചാൽ ഞാൻ നിന്നെ കൊന്നുകളയും."

"ദൈവത്തിന് മുമ്പിൽ അങ്ങ് ഒന്നുമല്ല. അങ്ങക്ക് ഇഷ്ടമുള്ളത് ചെയ്യാം. എനിക്ക് മടങ്ങിപ്പോകാനുള്ളത് ഏകനായ ദൈവത്തിങ്കലേക്കാണ്. അതിലെനിക്ക് സന്തോഷമേയുള്ളൂ."

ആസ്യയെ തിരിച്ചുകൊണ്ടുവരാൻ ഫറോവ പല പണികളും നോക്കി. ഒന്നും വിജയിച്ചില്ല.

ഫറോവ ചിന്തയിലാണ്ടു. സിംഹാസനത്തിനു ചുറ്റും കിങ്കരന്മാരും തലതാഴ്ത്തി നിന്നു.

"മൂസായെ കൊണ്ടുവരിക." ഫറോവ കല്പിച്ചു.

ഫറവോൻെറ കല്പന കേട്ട് ഭടന്മാർ പറപറന്നു.

ഇസ്രാഈല്യർക്ക് തങ്ങളുടെ ആരാധനാകർമങ്ങളെപ്പറ്റി പാഠം നല്കുന്നതിനിടയിലാണ് ഭടന്മാർ കടന്നുവന്നത്. ദൂരെനിന്നു തന്നെ യൂശഅ് അത് കണ്ടിരുന്നു. അദ്ദേഹം ഉടനെ ഇസ്രാഈല്യരോട് പുറത്തുപോകാൻ ആവശ്യപ്പെട്ടു.

മൂസാ ഭടന്മാരോടൊപ്പം പോയി.

ഫിർഔനും ഭടന്മാരും മൂസായെ കാത്തിരിക്കുകയായിരുന്നു. ഏതോ അത്യാപത്തിലകപ്പെട്ടതുപോലെയായിരുന്നു അവരുടെ മുഖഭാവം.

പ്രവാചകൻ മൂസാ ഫറവോനോട് പറഞ്ഞു:

"റംസീസ്, എല്ലാ ദിവസവും എന്നെ വിളിച്ചു വരുത്തുന്നുണ്ടല്ലോ. പക്ഷേ, എൻെറ ആവശ്യത്തിന് ഇതുവരെ ഒരു മറുപടിയും തന്നില്ലല്ലോ."

“ഞാനെന്ത് മറുപടി തരാൻ. നീ ഈ നാട്ടിൽ കുഴപ്പം ഉണ്ടാക്കാനാണ് വന്നത്. ഇസ്രാഈല്യരെ എന്നിൽനിന്ന് നീ തെറ്റിച്ചു. എൻെറ ആളുകൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കി. ഇപ്പോൾ എൻെറ രാജ്ഞിയെയും നീ എന്നിൽനിന്ന് തട്ടിയെടുത്തു. എന്താ നിനക്ക് അതുകൊണ്ട് കാര്യം?”

“നീ ദൈവത്തെ ഭയപ്പെടുക. അവനെ അനുസരിക്കുക. ഇസ്രാഈല്യരെ എൻെറ കൂടെ വിട്ടുതരിക. അവർ സ്വതന്ത്രരാണ്, അടിമകളല്ല. അവർ എൻെറ കൂടെ വരട്ടെ.”

“ഇസ്രാഈല്യരെ വിട്ടുതരില്ല. ഞാനവരെക്കൊണ്ട് കൂടുതൽ അദ്ധ്വാനിപ്പിക്കും. നീ നോക്കിക്കോ.”

“നീ ദൈവത്തെ വെല്ലുവിളിക്കരുത്. അവൻെറ ശിക്ഷ നിനക്ക് താങ്ങാനാകില്ല.”

“നിൻെറ ആളുകളെ ഞാൻ ഓരോന്നായി കൊന്നുകളയും. ആദ്യം ആസ്യയിൽനിന്ന് തുടങ്ങട്ടെ.” ഫറവോൻ സ്വന്തം ഭാര്യയെ കൊന്നുകളയാൻ ഭടന്മാർക്ക് കല്പനയേകി. അതുകേട്ട് പലരും ആശങ്കയിലാണ്ടു. തീരുമാനത്തിൽനിന്ന് പിന്മാറാൻ പലരും ഫറവോനോട് ആവശ്യപ്പെട്ടു. പലരും ആസ്യയെയും അനുനയിപ്പിക്കാൻ ശ്രമിച്ചു. പക്ഷേ, എല്ലാ ശ്രമങ്ങളും വ്യഥാവിലായിരുന്നു. ഓരോരുത്തരുടെയും തീരുമാനങ്ങൾ ശക്തമായിരുന്നു. ഫറവോൻ സ്വപത്നിയുടെ വധത്തിലൂടെ അഹന്ത പ്രകടിപ്പിക്കുമ്പോൾ ആസ്യ തനിക്ക് വരാനിരിക്കുന്ന ദൈവികകാരുണ്യം തിരഞ്ഞെടുക്കുകയായിരുന്നു.

മൂസാ രഹസ്യമായി ആസ്യയെ സന്ദർശിച്ചു, ഫറവോൻെറ തീരുമാനത്തെക്കുറിച്ച് വിവരം നല്കി. അവർക്ക് പ്രത്യേകിച്ച് ഒന്നും തോന്നിയില്ല.

“ഭയപ്പെടാതെ. ലഭിക്കാനുള്ളത് സ്വർഗമാണ്.” മൂസാ അവരെ ധൈര്യപ്പെടുത്തി.

“ഞാനെന്തിന് ഭയപ്പെടണം? സ്വർമല്ലേ അവിടെ എനിക്ക് ലഭിക്കാനുള്ളത്?”

“അതെ. ധൈര്യമായിരുന്നോളൂ.”

മൂസായുടെ ചുമലിൽ കൈവെച്ച് അവർ പറഞ്ഞു: “മോൻ ഭയപ്പെടാതെ. എൻെറ കാര്യത്തിൽ ഒരു ആശങ്കയും നിനക്ക് വേണ്ടാ.”

ആസ്യയും മൂസായും തമ്മിലുള്ള രഹസ്യസംഭാഷണം മരാജഭടന്മാർ കണ്ടെത്തി ഫറവോനെ വിവരമറിയിച്ചു. ആസ്യയെ തടങ്കലിലിടാൻ അയാൾ ആജ്ഞ നല്കി.

ആസ്യ തുറുങ്കിലടക്കപ്പെട്ടു. അവർ ക്രൂരമായ പീഡനത്തിനിരയായി. കൊട്ടാരത്തിന് സമീപം മൂസാ നടന്നുപോകുമ്പോഴെല്ലാം അവരുടെ വിലാപം കേട്ട് പ്രയാസപ്പെടുമായിരുന്നു.

രാത്രികാലങ്ങൾ ഫറവോൻെറ ജയിലറകളിൽനിന്ന് ഇസ്രാഈല്യരുടെ കൂട്ടക്കരിച്ചിലുകൾ ഉയരുക പതിവായി.

ഒരു ദിവസം മൂസായെ ഞെട്ടിച്ചു ആ വാർത്ത പുറത്തു വന്നു.

ആസ്യ ദാരുണമായി കൊലചെയ്യപ്പെട്ടരിക്കുന്നു.

മൂസാ നടുങ്ങി. ഭർത്താവിൻെറ പ്രയാസമകറ്റാൻ അദ്ദേഹത്തിൻെറ ഭാര്യ സഫൂറക്ക് ഏറെ പ്രയാസപ്പെടേണ്ടിവന്നു. ഹാറൂനും യൂശഉം മറ്റുള്ളവരെ സമാധാനപ്പെടുത്താൻ കിണഞ്ഞുശ്രമിച്ചു.

സംഭവം നടന്നു.

മരിക്കുന്നതിന് തലേ രാത്രി ആസ്യ തൻെറ നാഥനെ വിളിച്ചു കരഞ്ഞു പ്രാർഥിച്ചതായി ഖുർആൻ ഇങ്ങനെ വിളംബരം ചെയ്യുന്നു:

“നാഥാ, എനിക്ക് നിൻെറയടുക്കൽ സ്വർഗത്തിലൊരു ഭവനം പണിതു തരേണമേ. ഫറവോനിൽ നിന്നും അവൻെറ കുചേഷ്ടിതങ്ങളിൽനിന്നും എന്നെ നീ രക്ഷിക്കേണമേ.” അനശ്വരമായ ആനന്ദജീവിതത്തിലേക്ക് അവർ ഉയർന്നു. വിശിഷ്ടയായ സ്ത്രീരത്നമെന്ന അതുല്യപദവിയിലേക്കും അവർ നടന്നുനീങ്ങി. അതെപ്പറ്റി ആകാശഗ്രന്ഥം പറഞ്ഞു:

“സത്യവിശ്വാസികൾക്ക് ഉദാഹരണമായി അല്ലാഹു ഫറവോൻെറ ഭാര്യയെ ഉദാഹരിക്കുന്നു.”

ഫറവോൻെറ അഹങ്കാരം വർധിക്കുകയായിരുന്നു.

ഇസ്രാഈല്യരുടെ ദീനരോധനങ്ങൾക്കു മുമ്പിൽ ആളുകൾ ഭയന്നുനിന്നു. ശാരീരികമായും മാനസികമായും അവർ തളർന്നു.

ഒരു ദിവസം മൂസാ ഫറവോനെ കാണാൻ കൊട്ടാരത്തിലേക്ക് ചെന്നു.

“ഏകനായ നാഥനെ അനുസരിക്കണമെന്നും ഇസ്രാഈല്യരെ എന്നോടൊപ്പം അയക്കണമെന്നും അങ്ങനെ ഒന്നും കൂടെ ഓർമപ്പെടുത്താനാണ് ഞാൻ വന്നത്. അതനുസരിച്ചാൽ അങ്ങക്ക് നല്ലത്. ഇല്ലെങ്കിൽ മാരകമായ ശിക്ഷ അവൻ ഇറക്കും.”

“മൂസാ, നീ എന്തുതന്നെ ചെയ്താലും നിൻെറ ആവശ്യം അംഗീകരിക്കുകയില്ല. ഈ ആവശ്യം പറഞ്ഞ് നീ എന്നെ കാണാനും വരരുത്.”

മൂസാ അവിടെനിന്ന് ഇറങ്ങി നടന്നു.

“മൂസായെ നാട്ടിൽനിന്ന് പുറത്താക്കണം പ്രഭോ.”

അദ്ദേഹം സ്ഥലം വിട്ട ഉടനെ ഫറ വോൻെറ മന്ത്രിമാർ പറഞ്ഞു.

“പാടില്ല. മൂസായെ ഇവിടെനിന്ന് പുറത്തു വിടരുത്. അവനെ പുറത്താക്കിയാൽ പിന്നാലെ അടിമകളായ ഇസ്രാഈല്യരും പോകും. അത് പാടില്ല. അവർ ഇവിടെ കിടന്ന് കഠിനമായി അദ്ധ്വാനിക്കണം.”

ഫറവോൻെറ തീരുമാനത്തിനു മുകളിൽ മൗനത്തിൻെറ അംഗീകാരം പതിച്ചു മന്ത്രിമാർ തിരിഞ്ഞുനടന്നു.

ഭൂമിയിൽ മഥിച്ചു നടക്കുകയായിരുന്നു ഫറോവ. ഇസ്രാഈല്യരുടെ സ്വപ്നങ്ങളിൽ പോലും അവൻ ഭീതിയായി നിറഞ്ഞുനിന്നു.

ഇസ്രാഈല്യർ മൂസായെ സമീപിച്ച് ഫറവോൻെറ ക്രൂരതകളെപ്പറ്റി ആവലാതി പറഞ്ഞു. മൂസാ അവരോട് ക്ഷമിക്കാനും ആരാധനയിൽ കൂടുതൽ നിഷ്ഠ പുലർത്താനും ആവശ്യപ്പെട്ടു. അദ്ദേഹത്തി ൻെറ ശ്രമഫലമായി അവർ അവരുടെ വീടുകൾക്കിടയിൽ ഒരു പള്ളി പണിതെടുത്തു. ഫറോവയെയും സൈനികരെയും ഏറെ ഭയപ്പെട്ടുകൊണ്ടായിരുന്നു അവർ തങ്ങളുടെ ആരാധനാ കൃത്യങ്ങൾ നിർവഹിച്ചിരുന്നത്. മൂസായും ഹാറൂനും അവരുടെ സംസ്കരണ കൃത്യത്തിൽ കൂടുതൽ ശ്രദ്ധിച്ചു.

ഒരിക്കൽ ഫറവോനെ സമീപിച്ച് മൂസാ പറഞ്ഞു: ഏകദൈവത്തിൽ വിശ്വാസിച്ചതിൻെറ പേരിൽ എൻെറ ആളുകളെ നീയെന്തിന് പീഡിപ്പിക്കണം? അവരെ എൻെറ കൂടെ വിട്ടുതരൂ."

ഫറവോൻ അത് ചെവികൊണ്ടില്ല. അവൻ മൂസായോട് പറഞ്ഞു:

"പറ്റില്ല മൂസാ, നീ എന്ത് ആഭിചാരം കൊണ്ടുവന്നാലും ശരി, നിൻെറ ആളുകളെ വിട്ടയ ക്കുന്ന പ്രശ്നമേയില്ല. ഞങ്ങൾ നിന്നെ വിശ്വസിക്കാനും പോകുന്നില്ല."

കടുത്ത ദൈവനിഷേധമായിരുന്നു അത്.

ആ ധിക്കാരത്തിൻെറ ഫലമായി അല്ലാഹു അവൻെറ നേരെ ശിക്ഷകൾ അയക്കാൻ തുടങ്ങി.

## 8

കത്തിത്തീർന്ന വരൾച്ചക്കും ഉഷ്ണത്തിനുമൊടുവിൽ ശൈത്യകാലം വന്നു. മാനത്ത് മേഘം കനത്തു നിന്നു.

ശക്തിയായ ഇടിനാദത്തോടെ മഴയാരംഭിച്ചു......

കാറ്റിൽ ശീതം പെയ്തിറങ്ങി.....

ഫറവോനു വേണ്ടി മഴക്കാല കൃഷിയിറക്കാൻ ഇസ്രാഈലീ അടിമകൾ പാടത്തിറങ്ങി. അവരെ ആട്ടിത്തെളിച്ച് പട്ടാളവും. വരൾച്ചയിൽ കാലിയായ പത്തായപ്പുരകൾ നിറയ്ക്കേണ്ടതല്ലേ?

മഴയിൽ ഫറവോൻെറ അഹങ്കാരത്തിനും പുതുനാമ്പുകൾ കിളിർത്തു തുടങ്ങി. സിംഹാ സനത്തിൽ ചാഞ്ഞിരുന്ന് അവൻ പ്രധാനമന്ത്രിയോട് തിരക്കി:

"ഈ വർഷം പുറമെനിന്നുള്ള നികുതിയും ഖനിജങ്ങളിലെ ആദായവും എങ്ങനെയുണ്ട് ഹാമാൻ?"

"നികുതിയും ഖനിജങ്ങളിലെ ആദായവും ഈ വർഷം കുറവാണ്. നല്ല വിള കിട്ടിയില്ലെങ്കിൽ കമ്മി പിന്നെയും കൂടും."

"കാര്യം?"

"വരൾച്ചയാണ് പ്രധാന കാരണം. ഖനിജങ്ങളിൽ ജോലിക്കാരും കുറവാണ് കുറവാണ് പ്രഭോ."

"അതു പറ്റില്ല. ആളുകൾ കുറവാണെങ്കിൽ എത്യോപ്യയിൽനിന്ന് കൂടുതൽ അടിമകളെ കൊണ്ടു വരാൻ സേനാനായകനോട് പറയൂക."

"ശരി പ്രഭോ."

"ആവശ്യമെങ്കിൽ ഒരു സൈനികാക്രമണം തന്നെ നടത്തിക്കളയാം. നമ്മുടെ ശക്തിയെ ചെറു ത്തു നില്ക്കാൻ ആർക്കുമാവില്ലെന്ന് അയൽരാജ്യങ്ങൾക്കൊക്കെ മനസ്സിലായതല്ലേ? നാം പിന്നെ എന്തിന് മടിച്ചുനില്ക്കണം?"

"ശരിയാണ് പ്രഭോ. ഒരു കണക്കിന് എല്ലാറ്റിനും പ്രതിബന്ധം മൂസായാണ്."

ഹാമാൻ തൻെറ നിസ്സംഗത ദൈവദൂതൻെറ കണക്കിൽ ചേർത്തു സംസാരിച്ചു. ഫറവോൻ പറഞ്ഞു: "അക്കാര്യത്തിൽ മൂസാക്ക് ഒന്നും ചെയ്യാൻ സാധിക്കുകയില്ല."

ഹാമാൻ അതിന് ഉത്തരമൊന്നും പറഞ്ഞില്ല.

"ഉം. എങ്ങനെയുണ്ട് പിരമിഡുകളുടെ പുരോഗതി?"

"ജോറായി തന്നെ നടക്കുന്നുണ്ട്. ആണും പെണ്ണുമടങ്ങിയ പന്ത്രണ്ടായിരത്തിലധികം അടിമക ളാണ് അവിടെ വിശ്രമമില്ലാതെ പണിയെടുക്കുന്നത്."

"നല്ലത്. നമ്മുടെ പേരിലുള്ള ഒരു ആരാധനാലയം ഉടനെ പണിതു തുടങ്ങണം. അതിൻെറ മേൽനോട്ടം ഹാമാൻ തന്നെ വഹിക്കണം. നമ്മുടെ പ്രതാപവും ശക്തിയും ലോകം മുഴുവൻ അറിയണം. തലമുറകളിലൂടെ അത് കാലം ഓർക്കുകയും വേണം."

ആ കല്പന ഹാമാൻെറ തലക്കകത്ത് ഒരു മുഴക്കമായി പരിരംഭണം ചെയ്തു കടന്നു പോയി. അയാൾ ഒന്ന് ചിരിക്കുക മാത്രം ചെയ്തു.

"മഴ ഈ വർഷം കൂടുതലാണ്. തണുപ്പും. അല്ലേ?"

ഫറവോൻ ചോദിച്ചു. പ്രഭൃതികൾ അത് ശരിവെച്ചു.

"കഴിഞ്ഞ സംഭവിച്ച നഷ്ടം ഈ വർഷം നികത്തണം. മൂസായുടെ ആളുകൾ കൂടുതൽ അദ്ധ്വാനിക്കട്ടെ."

"ശരി പ്രഭോ."

മഴ നിലയ്ക്കാതെ പെയ്തു. പകലും രാത്രിയും അത് നീണ്ടു നിന്നു. ഇസ്രാഈല്യർ പാടങ്ങളിൽ മഴയേറ്റു പണിതു. പലതരം കൃഷികളും അവർ നട്ടുപിടിപ്പിച്ചു.

ആകാശത്തുനിന്ന് വെള്ളം എടുത്തൊഴിക്കുകയായിരുന്നു. വിത്തെറിഞ്ഞ പാടങ്ങളിൽ വെള്ളം നിറഞ്ഞു. മാനത്ത് വീണ്ടും മേഘം വന്നടിഞ്ഞു.

മഴ അവസാനിക്കുന്ന മട്ടുണ്ടായിരുന്നില്ല. പുതുമഴയിൽ കിളിർത്ത ഫറവോയുടെ സന്തോഷം ആശങ്കയിലേക്ക് വഴുതി.

ജ്യോത്സ്യന്മാർ കവടി നിരത്തി. ആശങ്ക അവരുടെ മുഖത്ത് കനത്തുവന്നു. അത് ഫറവോൻെറ നാഡികളിലേക്ക് പടർന്നുകയറി അവനെ ചകിതനാക്കി.

"എന്താ, നിങ്ങൾ ഒന്നും മിണ്ടാത്തത്. ഇതെന്താ മൂസായുടെ ആഭിചാരമാണോ?" ഫറവോൻ തിരക്കി.

ഭയപ്പാടോടെ അവർ പറഞ്ഞു:

"അടിയങ്ങളോട് കോപിക്കരുത്. ഇത് ആഭിചാരമല്ല. കാര്യം തന്നെയാണ്. ഈജിപ്തിനു നേരെ ദൈവം കോപിച്ചിരിക്കുകയാണ്."

"ജ്യോത്സ്യരും മൂസായെ പിന്തുണച്ചു സംസാരിക്കാൻ തുടങ്ങിയോ? കൊന്നു കളയും ഞാൻ. ഇത് മൂസായുടെ ആഭിചാരം തന്നെ."

ഫറോവ അലറി.

"പ്രഭോ, അവർ പറഞ്ഞതിലും കാര്യം ഉണ്ട്. മൂസാ ഒരു ആഭിചാരകനാണെങ്കിൽ ഇത്രയും കടുത്ത രീതിയിൽ മഴ പെയ്യിക്കാൻ അവന് സാധിക്കുകയില്ല. അങ്ങനെയാണെങ്കിൽ നമ്മുടെ ആഭിചാരകന്മാരെക്കൊണ്ട് അത് നിർത്താവുന്നതല്ലേ ഉള്ളൂ?"

ആ ചോദ്യം ഫറവോൻ പ്രതീക്ഷിച്ചതല്ല. ഉത്തരം കിട്ടാതെ അവൻ മുരണ്ടു.

"നമ്മെ പാഠം പഠിപ്പിക്കാനാണ് മൂസായുടെ മോഹമെങ്കിൽ അത് നടക്കില്ല." ഫറോവ അകത്തേക്ക് പോയി. അവനു പിന്നാലെ പ്രഭൃതികൾ മൂകരായി നിന്നു.

"ഞാൻ കാര്യം തന്നെയാണ് പറഞ്ഞത്. മൂസ ചെയ്യുന്നതൊന്നും ആഭിചാരമല്ല. അജ്ഞാതമായ ഒരു ശക്തി അതിനുണ്ട്." ജ്യോത്സ്യമുഖ്യൻ പറഞ്ഞു.

"കിറുക്ക്."

മന്ത്രിമാർ തിരിഞ്ഞു നടന്നു.

മഴ ശക്തിയായി പെയ്തിറങ്ങി. നൈൽജലം കലങ്ങി മറിഞ്ഞു. കര കവിഞ്ഞ് അത് കൊട്ടാരമുറ്റത്തേക്ക് കയറാൻ തുടങ്ങി.

കൃഷിഭൂമി വെള്ളത്തിലാണ്ടു കഴിഞ്ഞിരുന്നു.

ജലം വർദ്ധിച്ചുകൊണ്ടിരുന്നു.

കനത്ത മഴ പിന്നെയും തുടർന്നു.

ഖിബ്തികളുടെ വീടുകൾ പലതും മഴവെള്ളത്തിൽ ഇടിഞ്ഞുതകർന്നു. അവരുടെ സഞ്ചാരമാർഗം ജലത്തിടിയിൽ അമർന്നു. താഴ്ന്ന പ്രദേശങ്ങൾ മഴവെള്ളത്തിലമർന്നു. കൊട്ടാരത്തിൻെറ പല ഭാഗങ്ങളും തകർന്നു.

മഴക്കാല പകർച്ചവ്യാധികളും മരണവും സർവത്ര വ്യാപിച്ചു. പിടിച്ചുനിൽക്കാൻ ഫറവോനും കൂട്ടരും പാടുപെട്ടു.

ഒരു ദിനം മഴയിൽ കുതിർന്ന് മൂസാ കൊട്ടാരത്തിലെത്തി. ഫറവോൻ സിംഹാസനത്തിൽ അമ്പരന്നിരിക്കുകയായിരുന്നു. വീണ്ടുവിചാരത്തിൻെറ ലക്ഷണമൊന്നും അവൻെറ മുഖത്തുണ്ടായിരുന്നില്ല.

ദൈവദൂതനെ കണ്ട് ഫറോവ തിരിഞ്ഞിരുന്നു.

"റംസീസ്" മൂസാ ആദരവോടെ വിളിച്ചു. "നീ ഏകദൈവത്തിൽ വിശ്വസിക്കുക. ഇസ്രാഈൽ മക്കളെ എൻെറ കൂടെ വിട്ടുതരിക."

ഫറവോൻ മൂസായുടെ തിരിഞ്ഞു.

"മൂസാ, ഈ അവസ്ഥയിൽ എനിക്കതിനെപ്പറ്റി ഓർക്കാൻ സാധിക്കില്ല. ഈ ദുരിതം അകറ്റിത്തരുവാൻ ആദ്യം നിൻെറ നാഥനോട് പ്രാർഥിക്കുക. എങ്കിൽ ഞങ്ങൾ നിന്നിൽ വിശ്വസിക്കാം."

ഫറവോൻ പറഞ്ഞത് ശരിയാണെന്ന് അദ്ദേഹം കരുതി. മനസ്സുകൾ വായിക്കുവാൻ ആർക്കും സാധിക്കുകയില്ലല്ലോ. അത് ദൈവത്തിൻെറ പണി. "മനസ്സുകളിൽ ഗോപ്യമാക്കി വെച്ചത് അറിയുന്നവനാണ് അല്ലാഹു."

മൂസാക്ക് വലുത് തൻെറ ദൗത്യത്തിൻെറ വിജയമാണ്. അതിനാൽ വർധിച്ച ആഗ്രഹത്തോടെ അദ്ദേഹം പ്രാർഥിച്ചു.

മഴ നിലച്ചു. ജലമിറങ്ങി. വർഷപാതക്കെടുതികളിൽനിന്ന് ഈജിപ്ത് മോചനം നേടിത്തുടങ്ങി.

ഫറവോൻ ചിരിക്കുകയായിരുന്നു. ദൈവദൂതനെ ഒരിക്കൽ കൂടി കബളിപ്പിച്ച ചിരി.

**9**

"മൂസാ എന്ത് ആഭിചാരം കൊണ്ടുവന്നാലും നാം അവനെ വിശ്വസിക്കാനൊന്നും പോകുന്നില്ല. ഇവിടെ ആധിപത്യം നമുക്കാണ്. ഹിബ്രുവിൻെറ ദൈവത്തെ നമുക്കറിയില്ല."

ഫറവോൻ വീണ്ടും നിഗളിച്ചു തുടങ്ങുകയായി.

മഴ പിൻമാറി.

ജീവിതം സാധാരണ നിലയിലായി.

ഇസ്രാഈല്യരുടെ കഷ്ടപ്പാട് പൂർവാധികം ശക്തിയായി.

കേടുപാടുകൾ വന്ന പിരമിഡുകൾ നന്നാക്കിയെടുക്കാൻ അവർ കഠിനാദ്ധ്വാനം ചെയ്തു. അതിനിടയിൽ പലരും അപകടത്തിനിരയായി മരണമടഞ്ഞു. മൂസായെ അംഗീകരിച്ച ആളുകളായിരുന്നു കൂടുതൽ പീഡനത്തിനിരയായത്.

മൂസായുടെ ദൗത്യത്തിൽ വിശ്വസിച്ചതിൻെറ പേരിൽ കോപ്റ്റിക്കുകളും ഇസ്രാഈല്യരുമടക്കം പലരെയും ഫറവോൻ തടവിലിട്ട് പീഡിപ്പിക്കുന്നുണ്ടായിരുന്നു. തടവറകളിൽനിന്ന് അസഹ്യമായ നൊമ്പരം നിറഞ്ഞ വിലാപങ്ങൾ ഉയർന്നുകൊണ്ടിരുന്നു. അതുകേട്ട് വിലപിക്കുന്ന ഉറ്റവരെ സമാധാനിപ്പിക്കാൻ മൂസായും പ്രയാസപ്പെട്ടുകൊണ്ടിരുന്നു.

വിശ്വാസികൾ ഹാറൂനോടും മൂസായോടും ആവലാതി പറഞ്ഞു. അവരെ സമാധാപ്പിച്ച് മൂസാ അവരോട് പറഞ്ഞു:

"നിങ്ങൾ ഏകദൈവവിശ്വാസികളെങ്കിൽ എല്ലാ കാര്യങ്ങളും അല്ലാഹുവിൽ ഭരമേല്പിക്കുക."

"ഞങ്ങൾ അവനിൽ വിശ്വസിച്ചിരിക്കുന്നു." അവർ പറഞ്ഞു.

പ്രാർഥനാലയത്തിൽ മൂസായുടെ സാന്നിദ്ധ്യത്തിൽ അവർ ഏകദൈവത്തോട് പ്രാർഥിച്ചു:

"ഞങ്ങൾ അല്ലാഹുവിൽ ഭരമേലപ്പിക്കുന്നു. നാഥാ, അക്രമികളായ ജനതക്ക് ഞങ്ങളെ ഒരു പരീക്ഷണമാക്കരുതേ. നിഷേധികളായ സമൂഹത്തിൽനിന്നും നീ ഞങ്ങളെ രക്ഷിക്കേണമേ."

ഉള്ളരുകിയുള്ള പ്രാർഥനയായിരുന്നു അത്.

മൂസാ ഇസ്രാഈല്യരെ കൂടുതൽ സംസ്കരിക്കാനും ആരാധനാ കാര്യങ്ങളിൽ മുഴുകി പ്രാർഥിക്കാനും പഠിപ്പിച്ചു. ഹാറൂനും നൂനിൻെറ മകൻ യൂശഉം മൂസായെ പരമാവധി സഹായിച്ചുകൊണ്ടിരുന്നു.

ഫറവോൻ കൂടുതൽ അഹങ്കരിക്കുകയായിരുന്നു.

ഒരിക്കൽ മൂസായും ഹാറൂനും ഫറവോനെ സമീപിച്ചു താക്കീതായി പറഞ്ഞു:

"നീ ഏകദൈവത്തെ വിശ്വസിക്കുക. ഇസ്രാഈല്യരെ എൻെറ കൂടെ അയക്കുക."

"നീ പറഞ്ഞതുകൊണ്ട് മാത്രം അടിമകളെ അയക്കാൻ എനിക്കാവില്ല. അടിമകൾ അംഗീകരിച്ച ഒരു ദൈവത്തെ എനിക്കാവശ്യവുമില്ല."

"നിനക്ക് തടുക്കാനാകാത്ത ശിക്ഷ ഇനിയും വരും." മൂസാ മുന്നറിയിപ്പ് നല്കി.

ഫറവോൻ ക്ഷുഭിതനായി. അവൻ തൻെറ കൂടെയുള്ളവരോട് പറഞ്ഞു:

"എന്നെ വിടുക, ഞാൻ മൂസായെ കൊന്നുകളയാം. രക്ഷക്കായി അവർ തൻെറ നാഥനോട് പ്രാർഥിക്കട്ടെ. നിങ്ങളുടെ സംസ്കാരത്തെ മാറ്റിയെടുക്കാനും നാട്ടിൽ കുഴപ്പം ഉണ്ടാക്കുവാനുമാണ് അവൻ ശ്രമിക്കുന്നത്."

ഒട്ടും കൂസാത്തതായിരുന്നു മൂസായുടെ ഭാവം. അദ്ദേഹം പറഞ്ഞു:

"പരലോകത്തെ വിചാരണയെ ഭയപ്പെടാതെ തന്നിഷ്ടം ജീവിക്കുന്ന എല്ലാ താന്തോന്നികളിൽ നിന്നും ഞാൻ ലോകനാഥനിൽ അഭയം തേടുന്നു."

അത്രയും പറഞ്ഞ് മൂസാ അവിടെ നിന്നും ഇറങ്ങിനടന്നു.

മിസ്രിൽ സംഭവിക്കുന്നതൊക്കെയും മൂസയുടെ ദൈവത്തിൽനിന്നുള്ളതാണെന്ന് ഫറോവയുടെ മന്ത്രിമാരിൽ പലർക്കും ബോധ്യമായിക്കഴിഞ്ഞിരുന്നു. പക്ഷേ, അത് തുറന്നു പറയാനായിരുന്നു അവർക്ക് പേടി. കാരണം, നിഴലുകൾ പോലെയായിരുന്നു ഏകാധിപതിയായ ഫറവോൻെറ ചമ്മട്ടിയും ആണികൾ തറച്ച പലകയും അവർക്ക്.

മൂസായെ വധിച്ചു കളയാനുള്ള ഫറവോൻ കല്പന കേട്ട് അയാളുടെ മാതുല പുത്രൻ മുന്നോട്ട് വന്നു. ഖിബ്തികളുടെ കൂട്ടത്തിൽ മൂസായെ അംഗീകരിക്കുകയും എന്നാൽ ഫറവോനെ ഭയപ്പെട്ട് അത് രഹസ്യമാക്കി വെക്കുകയും ചെയ്തതായിരുന്നു അയാൾ. അയാൾ ഫറവോനോട് തിരക്കി:

"മൂസാ പറയുന്നതും നമ്മെ ക്ഷണിക്കുന്നതും ശരിയാണെന്ന് ബോധ്യപ്പെടുത്തുന്ന വ്യക്തമായ ദൃഷ്ടാന്തം നമുക്ക് വന്നു കിട്ടിയിട്ടുണ്ട്. അതിൻെറ പേരിൽ അയാളെ വധിക്കുകയോ? ഇനി മൂസാ പറയുന്നത് ഇല്ലാത്തതാണെങ്കിൽ അതിൻെറ കുറ്റം അവനെയായിരിക്കും ബാധിക്കുക, നമ്മെയല്ലല്ലോ. അതല്ല, അതൊക്കെ ശരിയാണെങ്കിൽ അവൻ പറയുന്ന ശിക്ഷകൾ നിങ്ങളെ ബാധിക്കുക തന്നെ ചെയ്യും. എൻെറ സഹോദരങ്ങളേ, നാമിന്ന് മിസ്റിൻെറ ആധിപത്യമുള്ളവരാണ്. പ്രതാപവും നമുക്കുണ്ട്. എന്നാൽ മൂസാ പറയുന്ന ശിക്ഷ ആഗതമായാൽ അതിൽനിന്ന് നമ്മെ രക്ഷിക്കാൻ ആരാണുണ്ടാവുക?"

മച്ചുനൻെറ സംസാരം കേട്ട് ഫറോവ പറഞ്ഞു: "നിങ്ങൾക്ക് നന്മ ലഭിക്കുന്ന കാര്യമാണ് ഞാൻ പറഞ്ഞത്."

അയാൾ തുടർന്നു:

"സുഹൃത്തുക്കളേ, നൂഹ്, ഹൂദ്, ഥമൂദ് തുടങ്ങിയ ജനതകളെ ബാധിച്ചതുപോലുള്ള ശിക്ഷ നമ്മെയും ബാധിക്കുമെന്നാണ് എൻെറ പേടി. അത് അന്യായമൊന്നുമല്ല. കാരണം, ദൈവം ആരോടും അന്യായം പ്രവർത്തിക്കുന്നവനല്ല. അന്ത്യനാളിലെ ഭീകര ശിക്ഷയെ സംബന്ധിച്ചും ഞാൻ ഭയപ്പെടുന്നു. അതിൽനിന്ന് നമ്മെ രക്ഷപ്പെടുത്താൻ ആരും ഉണ്ടാകില്ല. മൂസാക്ക് മുമ്പ് ഈ രാജ്യത്ത് ദൈവദൂതനായി യൂസുഫ് വന്നു. അദ്ദേഹത്തിൻെറ ദൗത്യത്തിനു നേരെയും നാം സംശയത്തോടെ നോക്കി. അദ്ദേഹത്തിന് ശേഷം നാം പറഞ്ഞു: ഇനി ദൈവദൂതന്മാർ വരികയില്ല. പക്ഷേ, നാം ചെയ്യുന്നതൊക്കെ ധിക്കാരം തന്നെയാണ്."

മൂസാ തൻെറ പ്രധാന മന്ത്രി ഹാമാനോട് പറഞ്ഞു: "എനിക്കിതൊന്നും അംഗീകരിക്കാൻ വയ്യ. ഹാമാൻ, എനിക്ക് വേഗം ധാരാളം പടവുകളുള്ള ഒരു കൊട്ടാരം പണിത് തരൂ. അതിൽ കയറി ഞാൻ മൂസായുടെ നാഥനെ ഒന്ന് നോക്കട്ടെ. മൂസാ പറയുന്നത് തീർച്ചയായും കളവാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്."

ഫറോവക്കുണ്ടോ അതിന് സാധിക്കുന്നു.

അതുകേട്ട് ഫറവോൻെറ മാതുലപുത്രൻ തൻെറ ആളുകളോട് പറഞ്ഞു:

"നിങ്ങൾ എന്നെ പിൻപറ്റുവിൻ. ഞാൻ നിങ്ങളെ നേർവഴിയിലേക്ക് നയിക്കാം. സുഹൃത്തുക്കളെ, ഈ ലോകത്തെ ജീവിതം ക്ഷണികമാണ്. എന്നാൽ പരലോകജീവിതമാണ് എന്നും നിലനില്ക്കുന്നത്. ആർ തെറ്റ് ചെയ്തുവോ അവന് അതിനുള്ള ശിക്ഷ ലഭിക്കും. എന്നാൽ ആണാകട്ടെ, പെണ്ണാകട്ടെ ആർ നന്മ ചെയ്താലും അവരാണ് ഏകദൈവ വിശ്വാസികൾ. അവർക്ക് കണക്കറ്റ പ്രതിഫലം ലഭിക്കുന്നതാണ്."

ചിലർ അദ്ദേഹത്തെ എതിർത്തു. ഉടനെ അദ്ദേഹം പറഞ്ഞു: എനിക്കെന്ത്, ഞാൻ നിങ്ങളെ വിളിക്കുന്നത് വിജയത്തിലേക്കാണ്. പക്ഷേ, നിങ്ങളെന്നെ വിളിക്കുന്നത് നിത്യനരകത്തിലേക്കും ദൈവത്തെ നിഷേധിക്കുന്ന സംഗതികളിലേക്കും നിങ്ങൾക്ക് ഒരറിവുമില്ലാത്തതിനെ അവനോട് തുല്യപ്പെടുത്തി അവയെ ആരാധിക്കുന്നതിനുമാണ്. ഞാനോ, പ്രതാപശാലിയായ ദൈവത്തിലേക്കുമാണ്. ഞാനേതായാലും എൻെറ കാര്യങ്ങൾ ദൈവത്തിൽ ഭരമേല്പിച്ചിരിക്കുന്നു."

10

ഫറവോൻ അനുസരിക്കുന്ന ലക്ഷണമൊന്നും ഉണ്ടായിരുന്നില്ല.

അല്ലാഹു ആ ജനതക്ക് നേരെ വീണ്ടും ശിക്ഷകളയക്കാൻ തുടങ്ങി.

ഈജിപ്തിൽ വീണ്ടും ഹരിതകം തലനീട്ടിത്തുടങ്ങി. സസ്യലതാദികൾ പുഷ്പിച്ചു. കായും പൂവും കാറ്റിലാടി. അവയുടെ സൗരഭ്യം വായുവിൽ അലിഞ്ഞുചേർന്നു.

"ഇതാണ് നാം പറഞ്ഞത്, മൂസാ എന്തുതന്നെ ആഭിചാരം കൊണ്ടുവന്നാലും നമ്മെ തെല്ലും പരാജയപ്പെടുത്താൻ അവന് സാധിക്കില്ലെന്ന്. എന്നിട്ടല്ലേ നാം അവനിൽ വിശ്വസിക്കുന്നത്. ഇസ്രാഈല്യരെ അവൻെറ കൂടെ അയക്കണമത്രെ. അയക്കുന്നുണ്ട് ഞാൻ."

ഫറോവ പല്ലുകളിറുമ്പി.

അയാളുടെ സംസാരത്തിലേക്ക് മൂസായും ഹാറൂനും കടന്നു വന്നു.

"റംസീസ്, ഇതാ കെടുതികളെല്ലാം നീങ്ങി. നാടെങ്ങും വീണ്ടും സമൃദ്ധമായി പുഷ്പിച്ചിരിക്കുന്നു. ഇനി എൻെറ ആളുകളെ എൻെറ കൂടെ അയക്കണം. നീ ഏകദൈവത്തിൽ വിശ്വസിക്കണം. നാം തമ്മിലുള്ള കരാർ അതാണല്ലോ."

"മൂസാ, അക്കാര്യം പറഞ്ഞ് നീ എൻെറ അടുത്ത് വരരുതെന്ന് ഞാൻ നിന്നോട് പറഞ്ഞിട്ടുണ്ട്. നീ എന്ത് മായാജാലം കൊണ്ടുവന്നാലും ശരി നീ പറയുന്ന കാര്യം അംഗീകരിക്കാൻ എനിക്കാവില്ല."

"ദൈവത്തിൻെറ ശക്തമായ ശിക്ഷ ഇനിയും നിന്നെ പിടികൂടുമെന്ന് ഞാൻ മുന്നറിയിപ്പ് തരുന്നു."

"അതൊന്നും ഞങ്ങളെ തെല്ലും ഏശുന്നതല്ല. അതിനെ മറികടക്കാൻ നമുക്ക് ശക്തിയുണ്ട്"

"നമുക്ക് കാണാം."

മൂസായും ഹാറൂനും ഇറങ്ങി നടന്നു.

"മൂസാ, ഇനിയും ഭീഷണിയുമായി ഇങ്ങ് വരരുതെന്ന് ഞാൻ നിന്നെ ഓർമപ്പെടുത്തുന്നു."

ദൈവദൂതർ തിരിഞ്ഞുനോക്കാതെ നടന്നു. സംസാരം കൊണ്ട് കാര്യമില്ലെന്ന് അദ്ദേഹത്തിനറിയാമായിരുന്നു.

ഈജിപ്തിൻെറ ഭൂമി ഹരിതമണിഞ്ഞു മൂത്തു നിൽക്കുകയായിരുന്നു. ആഘോഷ സമയം ആസന്നമായിട്ടുണ്ട്. അത് കഴിഞ്ഞാൽ കൊയ്ത്ത് സമയമായി. അടിമകൾ ആബാലവൃദ്ധം ജനങ്ങൾ വയലിലേക്ക് നീങ്ങുകയായി. പിന്നെ ധാന്യവും കായ്കനികളും ഫറവോൻെറ ധാന്യപ്പുര സൂക്ഷിപ്പുകാരനെ ഏല്പിക്കുകയും അടുത്ത വിള ഇറക്കുകയും ചെയ്യുവോളം അവർക്ക് വിശ്രമമില്ല.

വിളയിലെ നൂറു മേനിയും സ്വപ്നം കണ്ട് ഈജിപ്ത് നിദ്രയിലേക്ക് വീണു.

നേരം പുലർന്ന് വെളിയിലേക്ക് വന്ന അവർക്ക് തങ്ങളുടെ കണ്ണുകളെ വിശ്വസിക്കാനായില്ല. പരിസരങ്ങളിലുള്ള ഹരിതമെല്ലാം വെട്ടുകിളികൾ തിന്നു തീർത്തിരിക്കുന്നു. വൻ കാർമേഘം പോലെ അവ മാനത്ത് പറന്നു കളിക്കുന്നു. ഒരു മേഖലയിലെ പച്ചപ്പ് നശിപ്പിച്ച് അടുത്തതിലേക്ക് നീങ്ങുന്ന അവയെ കണ്ട് ഈജപ്ത് നടുങ്ങി. ആളുകൾ വേവലാതിയുമായി കൊട്ടാരത്തിലേക്ക് ഓടാൻ തുടങ്ങി.

വിഷയം ഫറവോനും അറിയുന്നുണ്ടായിരുന്നു. അയാൾ വിഷണ്ണനായി മന്ത്രിമാർക്കിടയിൽ ഇരിക്കുകയായിരുന്നു. ആവലാതിക്കാരോട് എന്ത് പറയണമെന്നറിയാതെ അവർ പ്രയാസപ്പെട്ടു. ആളുകൾക്കും അറിയാമായിരുന്നു, ഇതൊന്നും ഫറവോൻെറ ശക്തിയിൽ പെട്ടതല്ല, അവൻെറ ശക്തി ദുർബലരായ ആളുകളിൽ പരിമിതമാണെന്ന്.

"ഇതിനെന്തെങ്കിലും പരിഹാരം കണ്ടേ പറ്റൂ."

ഫറവോൻ മന്ത്രിമാരോട് പറഞ്ഞു.

അവരെന്ത് പറയാൻ?

"കൂട്ടമായിട്ടല്ലേ വന്നിറങ്ങുന്നത്. ഒന്നും ചെയ്യാനൊക്കുകയില്ല പ്രഭോ." ഹാമാൻ കൈമലർത്തി.

ശക്തനും ധീരനുമായ ഹാമാൻെറ ഉത്തരം കേട്ട് ആളുകളെ അഭിമുഖീകരിക്കാനാകാതെ ഫറവോൻ അകത്തേക്ക് പോയി. പിന്നാലെ ഹാമാനും.

വെട്ടുകിളികൾ ഈജിപ്തിൽ മുഴുക്കെ വ്യാപിച്ചു. ഒരു സ്ഥലത്തെ കൃഷിഭൂമി തിന്നു നശിപ്പിച്ചു അവ അടുത്ത സ്ഥലത്തേക്ക് പറന്നുചെന്നു. രാവിലെ കൊയ്തെടുക്കണമെന്ന നിശ്ചയിച്ചിരുന്ന വിളകൾ അപ്പോഴേക്കും വെട്ടുകിളികളുടെ വയറ്റിൽ അലിഞ്ഞുചേർന്നിട്ടുണ്ടാകും.

ചില വെട്ടുകിളികൾ അവൻെറ കൊട്ടാര ഭിത്തിയിലും അള്ളിപ്പിടിച്ച് കിടന്നു.

"മൂസാ നമ്മെ വീണ്ടും പരീക്ഷിക്കുകയാണ്. അവനെ നമ്മുടെ മുമ്പിൽ ഹാജരാക്കുക."

ഉത്തരവ് കേട്ട് ഭടന്മാർ പറപറന്നു.

മൂസാ ഭടന്മാരോടൊപ്പം കൊട്ടാരത്തിലേക്ക് വരുമ്പോൾ ഫറവോൻ തൻെറ മുൻപിലൂടെ പറന്നുകളിക്കുന്ന വെട്ടുകിളികളെ അമർഷത്തോടെ നോക്കിയിരിക്കുകയായിരുന്നു.

"മൂസാ, നീ എന്താ ഉദ്ദേശിക്കുന്നത്?"

"ഇതൊന്നും എൻെറ കരങ്ങളിലുള്ള കാര്യമല്ല. അതൊക്കെ സർവ ശക്തനായ ദൈവത്തിൻെറ നടപടികളാണ്. അവൻ ഇഛിക്കുന്ന സമയത്ത് അവ വരുന്നു, അവൻെറ ഇഛയനുസരിച്ച് അവ പോകുന്നു."

"ഇത്തരം പരീക്ഷണം കൊണ്ട് പൊറുതിമുട്ടുമ്പോഴല്ല നീ പറയുന്നതെന്തെന്ന് മനസ്സിലാക്കാനാവുക. ശാന്തവും സാമാധാനവുമായ സാഹചര്യമാണ് അതിനാവശ്യം. ഇനി ഏതായാലും ഞങ്ങൾ നീ പറയുന്നതു പോലെ ചെയ്യാം. പക്ഷേ, അതിനു മുമ്പ് ഈ ദുരിതം ഒന്ന് നീക്കിത്തരാൻ നിൻെറ നാഥനോട് ഒന്ന് പ്രാർഥിക്കുക. അവൻ ഞങ്ങൾക്കു വേണ്ടി ഈ ദുരിതം ഒന്ന് നീക്കിത്തരട്ടെ."

മനസ്സറിയാതെയാണ് ഫറോവ അത്രയും പറഞ്ഞത്. മൂസായോടും പ്രപഞ്ചനാഥനോടും തീരാത്ത പകയായിരുന്നു അവൻെറ മനസ്സ് നിറയെ. സ്വേഛാധിപത്യത്തെ പൂജിക്കുന്ന അയാളുടെ മനസ്സ് ദൈവത്തിൻെറ പരമാധികാരത്തെ അംഗീകരിക്കാൻ കൂട്ടാക്കിയില്ല.

ലോകത്തുള്ള എല്ലാ സ്വേഛാധിപതികളുടെയും സുഖിയന്മാരുടെയും ദേഹേഛയെ പൂജിക്കുന്നവരുടെയുമൊക്കെ അവസ്ഥ എക്കാലത്തും അതുതന്നെയാണ്. അതുകൊണ്ടാണ് മനുഷ്യ വിമോചനാർഥം വന്ന എല്ലാ ദൈവദൂതന്മരെയും അതത് ജനതകൾ എതിർത്തത്. മൂസായുടെ കാര്യത്തിലും അതുതന്നെയാണ് സംഭവിച്ചത്. അദ്ദേഹം അയക്കപ്പെട്ടത് നാട്ടിൽ സ്വയം ആരാധ്യൻ ചമഞ്ഞ ഫറവോൻെറയടുത്തേക്കാണല്ലോ. അവനെ തൻെറ സ്വേഛാധിപത്യത്തിൽനിന്നും താഴെ ഇറക്കുക പ്രയാസകരമായിരുന്നു.

സ്വന്തം ജനതയിൽ പെട്ടവനും തൻെറ രക്തബന്ധുവും പിതൃവ്യനും ഖാറൂനുബ്നു ഖുഹിഥായിരുന്നു ദൈവദൂതൻ മൂസാക്ക് സംസ്കരിക്കാനുണ്ടായിരുന്ന മറ്റൊരു ശക്തൻ. പേരുകേട്ട വർത്തകപ്രമുഖനായിരുന്നു അവൻ. സ്വവസ്ത്രങ്ങളിൽപോലും അവൻ സ്വർണനൂൽ നെയ്തിരുന്നു. അവൻെറ താക്കോലുകൾ വഹിക്കാൻ ഒരു സംഘം മല്ലന്മാരെ തന്നെ നിശ്ചയിച്ചിരുന്നു.

സ്വന്തം ആഢംബരങ്ങളിൽ മതിമറന്ന് അഹങ്കരിച്ച അവൻ വാദിച്ചത് ഇതെല്ലാം താൻ സ്വപ്രയത്നത്തിലൂടെ നേടിയതാണെന്നായിരുന്നു. അവൻെറ അഹങ്കാരത്തിൻെറ കോട്ട തകർക്കുക ഏറെ പ്രയാസമായിരുന്നു.

ഒരു ദിവസം ഖാറൂൻ തൻെറ പ്രതാപം മറ്റുള്ളവർക്കു മുമ്പിൽ പ്രകടിപ്പിക്കാനായി സർവാഢംബരനായി ഇസ്രാഈലീ ഗൃഹങ്ങൾക്കടുത്തു കൂടെ തൻെറ പ്രഭൃതികളോടൊന്നിച്ച് എഴുന്നള്ളി. ഇസ്രാഈല്യർ ഇഷ്ടികക്കളങ്ങൾക്കും ഫറവോൻെറ ചാട്ടവാറിനുമിടയിൽ വിയർക്കുകയായിരുന്നു. ഖാറൂനെ കണ്ട് അവരിൽ ഏറെ പ്രയാസപ്പെട്ടിരുന്ന ചിലർ പറഞ്ഞുപോയി:

"നമുക്കും ഖാറൂന് ലഭിച്ചതുപോലുള്ള വിഭവങ്ങൾ ലഭിച്ചിരുന്നെങ്കിൽ. അത് വല്ലാത്ത ഒരു സൗഭാഗ്യം തന്നെയാണ്."

അക്കൂട്ടത്തിൽ മൂസായുടെ അധ്യാപനം സ്വീകരിച്ച വിവേകികളായ ആളുകൾ ഉണ്ടായിരുന്നു. അവർ ഖാറൂനോട് പറഞ്ഞു:

"നീ നിഗളിക്കരുത്. നിനക്ക് നല്കപ്പെട്ട ഈ സ്വത്തുക്കൾ കൊണ്ട് നീ നിൻെറ പാരത്രിക പരിണതി നന്നാക്കാൻ നോക്ക്. അഹങ്കരിച്ച് നീ കുഴപ്പക്കാരുടെ കൂട്ടത്തിൽ പെടരുത്. കാരണം, അല്ലാഹു അത് ഇഷ്ടപ്പെടുന്നില്ല."

"അതേയ്, അതൊക്കെ എൻെറ യുക്തിയും അറിവും അനുസരിച്ച് ഞാൻ സമ്പാദിച്ചതാണ്. എനിക്കറിയാം അതുകൊണ്ട് എന്തുചെയ്യണമെന്ന്."

അവനോട് വിശ്വാസികൾ പറഞ്ഞു: നിൻെറ അധികരിച്ച സ്വത്തിൻെറ പേരിൽ ദൈവത്തെ മറന്ന് പുളകം കൊള്ളരുത്. അത് നല്ലതല്ല. അങ്ങനെ നിലവിട്ട് പുളകം കൊള്ളുന്നവരെ ദൈവത്തിന് ഇഷ്ടമില്ല."

ഫറവോൻെറ അഭ്യർഥന കേട്ട് വെട്ടുകിളി ശല്യം ഇല്ലാതാക്കാൻ മൂസാ പ്രാർഥിച്ചു.

സംഗതി അവസാനിച്ചു. തളിരുകൾ മെല്ലെ തലനീട്ടിത്തുടങ്ങി.

ഫറവോൻെറ അഹങ്കാരം ശമിച്ചിരുന്നില്ല. ഒരു ദിനം തൻെറ തനിനിറം വെളിവാക്കിക്കൊണ്ട് അവൻ പറഞ്ഞു:

"നമ്മുടെ ആധിപത്യമാണ് ഈജിപ്തിൽ. നമ്മുടെ പ്രതാപം കൊണ്ടാണ് വെട്ടുകിളി ശല്യം നീങ്ങിയത്. നമ്മെ ഒരു വിധത്തിലും പ്രയാസപ്പെടുത്താൻ മൂസാക്ക് സാധിക്കുകയില്ല. എന്നിട്ടു വേണ്ടേ ഞാനവൻെറ കൂടെ ഇസ്രാഈലീ അടിമകളെ വിട്ടുകൊടുക്കാൻ. അവർ ഇവിടെ തന്നെ ജീവിച്ച് കൂടുതൽ കൂടുതൽ അദ്ധ്വാനിക്കട്ടെ."

ഫറോവ അക്കാര്യം ദൈവദൂതനോടും തുറന്നു പറഞ്ഞു. അദ്ദേഹം അതിന് മറുപടിയായി ഇങ്ങനെ പറഞ്ഞു:

"തീരുമാനാധികാരം നിൻെറതല്ല, ദൈവത്തിൻെറതാണ്. അവൻ ഉദ്ദേശിക്കുന്നതെന്തോ അതാണ് സംഭവിക്കുക. നീ എൻെറ ആളുകളെ എൻെറ കൂടെ അയക്കുന്നില്ലെങ്കിൽ ഇനിയും നിൻെറ മേൽ അവൻെറ കോപം ഇറങ്ങും."

"അതിങ്ങ് വരട്ടെ. ആർക്കാണ് ശക്തി എന്ന് നിനക്കപ്പോൾ മനസ്സിലാകും."

"നമുക്കത് കണ്ടറിയാം. ഇസ്രാഈല്യർ സ്വതന്ത്രരാകുന്നതും നീ കാണേണ്ടിവരും."

**11**

ദുരിതം നീങ്ങിയ ആശ്വാസത്തിലായിരുന്നു ഫറോവയും കൂട്ടരും. മൂസായോടുള്ള ധിക്കാരവും ഇസ്രാഈലീ പീഡനവുമായി അയാൾ തൻെറ ഭരണം ഭീകരമാക്കി. അയാളുടെ സേന ആക്രമിച്ച നാടുകളിൽ നിന്നെല്ലാം അവന് അടിമകളും സാധനങ്ങളും യഥേഷ്ടം വന്നുകൊണ്ടിരുന്നു. അതിൻെറ നിറവിൽ അയാളുടെ അഹങ്കാരം കതിരിട്ടു.

"ഇതൊക്കെ നമ്മുടെ ആധിപത്യത്തിൻെറ ഭാഗമല്ലേ ഹാമാൻ?" ഫറവോൻ തിരക്കി.

"അതെ, മഹാരാജൻ."

അയാൾക്ക് രണ്ടാമതൊന്ന് ചിന്തിക്കാൻ ശക്തിയില്ലായിരുന്നു.

"പിന്നെ നാമെന്തിന് മൂസായെ ഭയപ്പെടണം? അവൻെറ കളികളൊന്നും നമ്മുടെയടുത്ത് വിലപ്പോകില്ല. അവൻെറ ആവശ്യങ്ങളൊന്നും നാം അംഗീകരിക്കാനും പോകുന്നില്ല. അവന് സാധിക്കും വിധത്തിലൊക്കെ ആഭിചാരകൃത്യം ചെയ്യട്ടെ. നമ്മെ അതൊന്നും ഭീരുവാക്കുകയില്ല."

ഫറോവയുടെ വാക്കുകളിൽ അവർക്ക് വിശ്വാസമില്ലായിരുന്നു. കാര്യങ്ങളുടെ കിടപ്പ് അവരുടെ ചിന്തക്കും നിയന്ത്രണത്തിനുമപ്പുറം ഏതോ മഹശക്തിയുടെതാണെന്ന് അവർക്കറിയാമായിരുന്നു. പക്ഷേ, അവരുടെ സ്വപ്നങ്ങളിൽ പോലും ഭീകരതയുടെ നിഴൽ വീശി കിടക്കുന്ന ഫറോവയുടെ ശിക്ഷാമുറകളെ അവഗണിക്കാൻ അവർക്ക് ധൈര്യമില്ലായിരുന്നു. അയാളെ സംബന്ധിച്ച ഭീതിയിൽ അവർ മറമാടപ്പെട്ടു.

ഒരു ദിവസം രാത്രി അസഹ്യമാം വിധം പേനുകളും കൊതുകുകളും അവരെ ആക്രമിക്കാൻ തുടങ്ങി. കൊതുകുകൾ അവരെ കടിച്ചു രക്തം ഊറ്റിക്കുടിച്ചു.

നിദ്ര വിട്ടൊഴിഞ്ഞ രാത്രി.

എവിടെനിന്നാണ് ഇവയത്രയും വന്നതെന്നറിയാതെ അവർ പരിഭ്രാന്തരായി.

ഫുലർന്നപ്പോഴും സംഗതിക്ക് മാറ്റമുണ്ടായില്ല. തനിയെ ഒരിടത്ത് അടങ്ങിയിരിക്കാൻ അവർക്ക് സാധിക്കാതെയായി. തലമുടിയിലും കക്ഷങ്ങളിലും പേനുകൾ കടിച്ചു രക്തം കുടിച്ചു. കൊതുകുകൾ അവരുടെ മേനിയിൽ വ്രണങ്ങളുണ്ടാക്കി. ചൊറിച്ചലും പുകച്ചിലും വേദനയും അവരെ അലോസരപ്പെടുത്തി. അവരുടെ ശരീരം വിളറി.

ഭക്ഷണസാധനങ്ങളിൽ ചെള്ളുകളും കീടങ്ങളും നിറഞ്ഞു. ധാന്യമണികൾ മുഴുവൻ കീടങ്ങൾക്ക് താമസ സ്ഥലമായി. അവശേഷിച്ചിരുന്ന ഹരിതവും കീടങ്ങളുടെ പല്ലുകളിൽ കാലിയായി. ഭക്ഷണം കഴിക്കാനില്ലാതെ അവർ പട്ടിണിയിലകപ്പെട്ടു.

പേൻകടി അവരുടെ ചിന്തയെ പോലും മരവിപ്പിച്ചു.

കൊതുകുകൾ അവരുടെ കരങ്ങളെ എല്ലാ കർമങ്ങളിൽനിന്നും തടഞ്ഞുനിർത്തി.

അവയെ നേരിടാനാകാതെ അവർ തളർന്നു. എല്ലാറ്റിനെക്കാളും അസഹ്യമായിരുന്നു അത്. അതവരെ ശരിക്ക് ഭയപ്പെടുത്തി. കൊതുകു ഭയം അടഞ്ഞ വാതിലുകൾക്കകത്ത് അവരെ ബന്ധിതരായി.

നിസ്സാര പ്രാണികൾക്ക് മുമ്പിൽ പോലും പിടിച്ചുനിൽക്കാനാത്ത ദാരുണമായ അവസ്ഥയിൽ ഫറോവയും പ്രഭൃതികളും ഉഴറി.

പേനുകൾ ക്രമേണ അവരുടെ നാഭിപ്രദേശങ്ങളിലേക്കും വ്യാപിച്ചിറങ്ങി. അവ കടിച്ച സ്ഥലങ്ങളിലൊക്കെ ചൊറിഞ്ഞ് വ്രണങ്ങൾ നിറഞ്ഞു. വ്രണങ്ങളിൽ ഈച്ച കടിച്ച് നീർ വാർന്നു കൊണ്ടിരുന്നു.

"മൂസയെ കൊണ്ടുവരൂ." മനസ്സിൻെറ ധൈര്യം ചോർന്ന ഒരു ദിനം ഫറോവ അലറി.

മൂസാ തൻെറ ആളുകൾക്കിടയിൽ ഇരുന്ന് സംസാരിക്കുകയായിരുന്നു. മിസ്രിനെ ഭീതിയിലാഴ്ത്തിയ ദുരിതങ്ങളൊന്നും അവരെ ഏശിയിരുന്നില്ല.

പട്ടാളക്കാരുടെ വരവ് കണ്ട് അദ്ദേഹം കൂയെയുള്ളവരോട് പറഞ്ഞു:

"ഫറവോൻ വിളിച്ചിരിക്കും. ഭടന്മാർ വരുന്നുണ്ട്. ഹാറൂൻ, നമുക്ക് പോയിനോക്കാം."

"ഇതിപ്പോൾ പല തവണയായില്ലേ?"

പട്ടാളക്കാർ അദ്ദേഹത്തെയും കൂട്ടി പോകുമ്പോൾ യൂശഅ് കൂടെയുള്ളവരോട് പറഞ്ഞു:
"അത്ഭുതമൊന്നും സംഭവിക്കില്ല."
മൂസാ തൻെറ അടുത്ത് വന്നപ്പോൾ തന്നെ ഫറോവ തിരക്കി:
"മൂസേ, നീ എന്താണ് ഈ ചെയ്യുന്നത്?"
"എനിക്കൊന്നും പറയാനില്ല. നീ ഇസ്രാഈല്യരെ എന്നോടൊപ്പം അയക്കുക."
"ഈ പേൻ ശല്യവും സഹിച്ച് അതിന് വയ്യ. അതൊന്നങ്ങ് നീങ്ങട്ടെ. അപ്പോൾ നീ പറയും പ്രകാരം ഞാൻ ചെയ്യാം. നീ ഒന്നും കൂടെ നിൻെറ നാഥനോട് പ്രാർഥിക്ക്."
"ഇതുതന്നെയല്ലേ നേരത്തെയും പറഞ്ഞിരുന്നത്?" മൂസാ ചോദിച്ചു.
"ഞാനിപ്പോൾ പറഞ്ഞത് കാര്യമാണ്. എന്താ, നിനക്കെന്നെ വിശ്വാസമില്ലേ?"
മൂസായുടെ പ്രാർഥനയുടെ ഫലമായി പേൻ ശല്യം നീങ്ങി.
ദൈവദൂതന്മാർ പിന്നെയും ഫറോവയെ സമീപിച്ചു. പക്ഷേ, താൻ പറഞ്ഞതത്രയും നിഷേധിക്കുകയാണ് ഫറോവ ചെയ്തത്. അതുകേട്ട് മൂസാ കൊട്ടാരം വിട്ട് തൻെറ ആളുകളുടെ അടുത്തേക്ക് പോയി. മൂസാക്ക് പിന്നിൽ ഫറോവയുടെ ചിരിയുയർന്നു. അയാളുടെ ചിരിയിൽ പരിഹാസം നിറഞ്ഞിരുന്നു.
പിറ്റെ ദിവസം, പുതുതായി പണിയുന്ന പിരമിഡിനെ സംബന്ധിച്ച് ചർച്ച ചെയ്ത് ഫറോവ സിംഹാസനത്തിലിരിക്കുകയായിരുന്നു. ചുറ്റും മന്ത്രിമാരും സേവകരും ഉണ്ടായിരുന്നു. അയൽ രാജ്യങ്ങളിൽനിന്നുള്ള രാജപ്രതിനിധികളും അവിടെ ഹാജറായിരുന്നു. എന്തോ പറയുന്നതിനു വേണ്ടി അയാൾ വാ തുറന്നതേയുള്ളൂ, പെട്ടെന്ന് ഒരു തവള ഫറോവയുടെ മുഖത്തിനു നേരെ ചാടി. മൂത്രമൊലിപ്പിച്ചുകൊണ്ടായിരുന്നു ആ ചാട്ടം. അത് കണ്ട് മന്ത്രിമാർക്ക് ചിരിയടക്കാൻ സാധിച്ചില്ല. ഫറോവ അപമാനിതനായി തലതാഴ്ത്തി. കോപം കൊണ്ട് അയാൾ വിറച്ചു.
തവളയെ പിടികൂടാൻ മന്ത്രിമാർ സിംഹാസനത്തിനടുത്തേക്ക് നീങ്ങി. അതിനു ചുറ്റും വേറെയും തവളകളെ കണ്ട് അവർ വിസ്മയിച്ചു. ദർബാറിലും പരിസരങ്ങളിലും തവളകൾ നിറഞ്ഞിരിക്കുന്നു. അത്ഭുതത്തോടെ അവർ ചുറ്റും നോക്കി.
അധികം താമസിയാതെ തവള ശല്യത്തെക്കുറിച്ച് പരാതിയുമായി കൊട്ടാരസേവകന്മാർ ഫറവോൻെറയടുത്തേക്ക് ഓടിച്ചെന്നു.
കുടിക്കുന്ന ജലത്തിലും ഭക്ഷണത്തിലും കിടപ്പറയിലുമെല്ലാം തവളകൾ പെരുകിയിരുന്നു. കിണറുളിലും നൈലിലും മറ്റു ജലാശയങ്ങളിലും അവ മുട്ടയിട്ടു പെരുകി. നടക്കുന്ന വഴികളിലും അവ ജനത്തെ വലച്ചു. പാകം ചെയ്ത ഭക്ഷണത്തിൽ പോലും ചിലപ്പോൾ തവള വെന്തു കിടക്കുന്നത് കാണാമായിരുന്നു. രാത്രിയായാൽ അവയുടെ ശബ്ദത്തിൽ അന്തരീക്ഷം മുഖരിതമായിരുന്നു. അതവ രുടെ ഉറക്കം കെടുത്തി.
ജലപാനം മുടങ്ങി
ഉറക്കം നഷ്ടപ്പെട്ടു.
സ്വസ്ഥമായി എവിടെയും ഇരിക്കാൻ പറ്റാത്ത അവസ്ഥയിൽ തവളകൾ അവരെ പ്രയാസപ്പെടുത്തി.
മൂസാ വീണ്ടും തൻെറ ആവശ്യവുമായി ഫറവോനെ സമീപിച്ചു. അയാൾ വല്ലാത്ത അവസ്ഥയിൽ സിംഹാസനത്തിൽ പുതച്ചിരിക്കുകയായിരുന്നു. ചുറ്റും മന്ത്രിമാരും ഉണ്ടായിരുന്നു. മൂസായെ കണ്ട് ആളുകൾ വഴിമാറിനിന്നു.
"മൂസേ, നിന്നെ വരുത്തിയത് എന്തിനാണെന്നറിയുമോ? ആളുകളൊക്കെ വല്ലാതെ പ്രയാസപ്പെട്ടു നിൽക്കുകയാണ്. ഭക്ഷണവും വെള്ളവുമില്ലാതെ എന്ത് ചെയ്യും? നീ നിൻെറ നാഥനോട് പ്രാർഥിക്ക്. അത് കഴിഞ്ഞ് ഞാൻ ഇസ്രാഈല്യരെ വിട്ടുതരാം. പേൻ ശല്യം ഒന്ന് അവസാനിക്കുന്നതിനു മുമ്പല്ലേ തവളശല്യം വന്നിറങ്ങിയത്. ഇത് നീങ്ങാതെ നിൻെറ കാര്യം ശ്രദ്ധിക്കുന്നതെങ്ങനെ?"
"അവ അവയുടെ നാഥൻെറ ഇംഗിതപ്രകാരം വരുന്നു. അവൻ ഉദ്ദേശിക്കുമ്പോൾ അവ നീങ്ങും. നീ ഇസ്രാഈല്യരെ വിട്ടയക്കുന്നുണ്ടോ എന്നാണ് ദൈവം നോക്കുന്നത്." മൂസാ പറഞ്ഞു.
"പരിഗണിക്കാം. ഇതൊന്ന് നീങ്ങട്ടെ. അല്ലാതെ എന്ത് ചെയ്യാൻ?"
"ഉറപ്പാണോ ഇത്?"
"അതെ."
മൂസാ പ്രാർഥിച്ചു. തവളകൾ അപ്രത്യക്ഷമായി. കുളങ്ങളും ജലാശയങ്ങളും ശുദ്ധമായി. അവസ്ഥകൾ സാധാരണ നില പുല്കി.
ഫറവോൻ തൻെറ വാക്കുകൾ വിസ്മരിച്ചുകഴിഞ്ഞിരുന്നു. അല്ലെങ്കിലും അവ മനസ്സറിഞ്ഞു കൊണ്ടുള്ളതായിരുന്നില്ലല്ലോ.
കെടുതികൾ നീങ്ങിയ ഉടനെ മൂസാ സഹോദരൻ ഹാറൂനോടൊപ്പം ഫറവോനെ കാണാൻ ചെന്നു.
ദൈവദൂതന്മാരെ കണ്ട ഫറോവ അവർ രണ്ടു പേരുടെയും നേരെ അലറി.
"മാരണത്തിലൂടെ ഈ നാട്ടിൻെറ ആളുകളെ അതിൽനിന്ന് ആട്ടിയോടിച്ച് ഇവിടെ ആധിപത്യം വാഴാനാണ് നിൻെറ ശ്രമം. അത് നടക്കില്ല. നീ നിൻെറ ആഭിചാരമെല്ലാം കൊണ്ടുവരൂ. ഞാനൊന്ന് കാണട്ടെ. ആർക്കാണ് ശക്തി കൂടുതലെന്ന് നിനക്ക് മനസ്സിലാകും."

"നീ ഏകനായ നാഥനെ ഭയപ്പെടുക. ഇസ്രാഈൽ മക്കളെ എൻെറ കൂടെ വിട്ടയക്കുക. അതല്ലാത്തതൊന്നും എനിക്ക് ആവശ്യമില്ല."

"ഞാനല്ലാത്ത ഒരു ദൈവം അവർക്കുള്ളതായി എനിക്കറിയില്ല." ഫറോവൻെറ ശബ്ദം ദുർബലമായിരുന്നു.

"ശരി, നീ വഴിയെ അനുഭവിക്കും. നോക്കിക്കോ."

മൂസാ കൊട്ടാരം വിട്ടിറങ്ങി.

**12**

"ഇസ്രാഈലീ അടിമകളെ വിട്ടയക്കരുത്. അവർ ഇവിടം വിട്ടാൽ നമ്മുടെ നിർമാണപ്രവർത്ത നങ്ങൾ ആകെ നിന്നുപോകും. നിങ്ങൾ എന്തു പറയുന്നു?" ഫറവോൻ ചുറ്റുമുള്ളവരെ നോക്കി ചോദിച്ചു.

"ശരി തന്നെ പ്രഭോ. പക്ഷേ......

"എന്തു പക്ഷേ?"

തൻെറ അഭിപ്രായത്തിനു മീതെ "പക്ഷേ"കളെ അനുവദിക്കാത്തവരാണ് എല്ലാ സ്വേഛാധിപതി കളും. അതുതന്നെയാണ് ഫറോവയും ചെയ്തത്.

"മൂസാ പറയുന്നതിലും കാര്യമുണ്ട് പ്രഭോ." മന്ത്രി പറഞ്ഞു.

"അതു പറയാൻ നീ ആരാ? നാമാണ് ഈജിപ്ത് ഭരിക്കുന്നത്. അധികാരവും അഭിപ്രായവും എൻെറതാണ്. നീ വെറും രാജസേവകൻ മാത്രം."

മന്ത്രി ഭയം പൂണ്ട മൗനത്തിലേക്ക് ഊളിയിട്ടു.

"ഇത് ആഭിചാരമല്ല പ്രഭോ. എന്താണെന്ന് നമുക്ക് വ്യക്തവുമല്ല. അദൃശ്യനായ ഒരു ശക്തിയുടെ കളിയാണ് ഇതിനു പിന്നിൽ. അതൊരു പക്ഷേ, മൂസാ പരിചയപ്പെടുത്തുന്ന ദൈവ മാകാം."

"എനിക്കങ്ങനെ തോന്നുന്നില്ല."

ഫറോവ തൻെറ അജ്ഞതയും ധിക്കാരവും മന്ത്രിമാർക്ക് മുമ്പിലേക്കിട്ടു. അതിനു മുമ്പിൽ അവർ മൂകരായി നിന്നു.

ആ സംസാരം അധികം നീണ്ടുനിന്നില്ല. മന്ത്രിമാർ ഓരോരുത്തരായി കൊട്ടാരത്തിന് വെളിയി ലേള്ളക്കിറങ്ങി.

അയൽദേശങ്ങളിൽനിന്നുള്ള വരുമാനത്തെക്കുറിച്ചും യുദ്ധയാത്രകളെ സംബന്ധിച്ചും അതിർ ത്തികളിലെ പ്രശ്നങ്ങളെക്കുറിച്ചും ഹാമാമനുമായി സംസാരിച്ചു ഫറോവ തൻെറ കൃത്യങ്ങ ളിലേക്കിറങ്ങി. സംസാരത്തിനിടയിൽ അയാൾ കുടിവെള്ളം ആവശ്യപ്പെട്ടു. ഉടനെ ഭൃത്യൻ കൂജ യും പാത്രവും ഹാജരാക്കി. കുടിക്കുന്നതിനായി അയാൾ കൂജയിൽനിന്ന് പാത്രത്തിലേക്ക് വെള്ളം ഒഴിച്ചു- രക്തം.

"എന്തായിത്?"

ഫറവോനെ സംബന്ധിച്ച ഭയം ഭൃത്യനെ വിറപ്പിച്ചു. അയാൾ പുതിയ ജലത്തിനായി അകത്തേക്ക് പറന്നു.

എന്താണ് സംഭവിച്ചതെന്നറിയാതെ ഹാമാനും അന്തം വിട്ടുനിന്നു.

ഭൃത്യൻ വെള്ളവുമായി തിരിച്ചുവന്നു. അതും കൂജയിൽനിന്ന് പാത്രത്തിലേക്ക് പകർന്നു- രക്തം.

"അടിയൻ ശുദ്ധമായ വെള്ളമാണ് കൂജയിൽ നിറച്ചത്. പക്ഷേ?" ഭൃത്യൻ കരഞ്ഞു പറഞ്ഞു.

ഫറവോൻ പെട്ടെന്ന് കൊട്ടാരത്തിനകത്തേക്കു ചെന്നു. കൊട്ടത്തളങ്ങളിൽ നിറച്ചുവെച്ചിരുന്ന വെള്ളമത്രയും രക്തമായിക്കഴിഞ്ഞിരുന്നു.

ഫറോവ പുറത്തേക്കിറങ്ങി നൈലിനെ നോക്കി. തൻെറ ആജ്ഞാനുസാരം ഒഴുകുന്ന നൈൽ ജലവും രക്തവർണമായിരിക്കുന്നു.

ആളുകൾ ആവലാതിയുമായി ഫറോവയുടെ കൊട്ടാരത്തിലേക്കൊഴുകി. ദാഹത്തിൻെറയും വിശപ്പിൻെറയും വേവലാതികൾ അയാളെ ഇതികർത്തവ്യതാ മൂഢനാക്കി.

എന്തുചെയ്യണമെന്നറിയാതെ ഫറോവയും മന്ത്രിമാരും ഉഴറി.

"നിങ്ങൾ മൂസായെ ചെന്ന് കാണുക. അവൻെറ പണിയാണതെല്ലാം." ഫറവോൻ കൈ കഴുകി.

ദൈവികശിക്ഷയെ പ്രതിരോധിക്കാനും താൻ വഴികേടിലാക്കിയ ജനത്തെ അതിൽനിന്ന് രക്ഷിക്കാനുമാവുകയില്ലെന്ന് അവന് അറിയാമായിരുന്നു.

ജനം മൂസായെ സമീപിച്ചു സങ്കടമുണർത്തി.

"അതൊന്നും എൻെറ നിയന്ത്രണത്തിൽ പെട്ട കാര്യങ്ങളല്ല. എല്ലാം നിയന്ത്രിക്കുന്നത് ഏക നായ ദൈവമാണ്. അവൻ തന്നെ ഉദ്ദേശിക്കണം അത് നീക്കംചെയ്യാൻ. നിങ്ങൾ അവനോട് മാത്രം പ്രാർഥിക്കുക."

മൂസാ തൻെറ നിസ്സഹായത വെളിവാക്കി.

വിശ്വാസികൾ മൂസായെ സമീപിച്ച് മറ്റൊരു കാര്യം സൂചിപ്പിച്ചു:

"മൂസാ, എന്തെങ്കിലും വഴി കണ്ടേ പറ്റൂ. ഈ പരീക്ഷണവും നീങ്ങിയാൽ അവൻ കൂടുതൽ മർദ്ദന മുറകൾ അഴിച്ചുവിടും. അതിന് മുമ്പ് ഇവിടന്ന് രക്ഷപ്പെടേണം."

"വരട്ടെ, അല്ലാഹു ഒരു വഴി കാണിച്ചുതരും. അതുവരെ നിങ്ങൾ ക്ഷമിക്കുക."

ഈജിപ്ത് ഉഷ്ണചൂടിൽ ദഹിച്ചു........

രക്തം നിറഞ്ഞ ജലം കുടിക്കാനാകാതെ ജനം വലഞ്ഞു......

ആബാലവൃദ്ധം ജനങ്ങൾ വിലപിച്ചു തുടങ്ങി. അവരെ സംബന്ധിച്ചിടത്തോളം ശക്തമായ പരീക്ഷണമായിരുന്നു അത്.

മൂസായെ അഭിമുഖീകരിക്കാൻ ഫറോവ മടിച്ചു. പല തവണ മൂസായോട് അപേക്ഷിക്കേണ്ടി വന്നതാണ്. എന്നാൽ അതല്ലാത്ത ഒരു മാർഗം അവന്റെ മുമ്പിൽ അവശേഷിച്ചിരുന്നില്ല.

"മൂസായെ എന്റെ മുമ്പിൽ ഹാജറാക്കുക."

ഭടന്മാർ മൂസായുടെ അയാളുടെ മുൻപിലെത്തിച്ചു.

"മൂസേ, ജനം ഒന്നടങ്കം നശിച്ചൊടുങ്ങും. അതെങ്ങനെ സഹിക്കാനാകും? അത്തരം ഒരവസ്ഥ യിലെങ്ങനെ ഞങ്ങൾ നിന്നെ അംഗീകരിക്കും? ഒരിക്കൽ കൂടി നീ ദൈവത്തോട് പ്രാർഥിക്കുക. അവൻ ഈ ദുരിതത്തിൽനിന്ന് ഞങ്ങളെ രക്ഷപ്പെടുത്തട്ടെ."

"എല്ലാവരും അദ്ദേഹത്തോട് അപേക്ഷിച്ചു, മൂസേ, ഈ ദുരിതത്തിൽനിന്ന് ഞങ്ങളെ രക്ഷിക്കാൻ നിന്റെ നാഥനോട് ഒന്ന് പ്രാർഥിക്കുക. അത് ഞങ്ങൾക്ക് ഒരവസരം കൂടിയായിരിക്കും.."

മൂസാ പ്രാർഥിച്ചു. ആ പരീക്ഷണവും നാഥൻ അവരിൽനിന്നകറ്റി.

മിസ്റിൽ ആശ്വാസത്തിന്റെ നെടുവീർപ്പുയർന്നു. അവസ്ഥകൾ സാധാരണനിലയിലേക്കു നീങ്ങി.

കാണെ പേനുകളും ചെള്ളും വരുത്തിയ ഞെട്ടിക്കുന്ന അനുഭവങ്ങൾക്കു മീതെ വിസ്മൃതി പടർന്നു കയറി.

ഇസ്രാഈല്യരെ സംബന്ധിച്ചിടത്തോളം ദാരുണമായ ദിനങ്ങൾ ആരംഭിക്കുകായിരുന്നു. മൂസാക്ക് നല്കിയ വാഗ്ദാനത്തെ ഫറോവയുടെ അഹങ്കാരം മണ്ണിട്ടുമൂടി.

ക്രൂരമായ പീഢനം ഇസ്രാഈല്യർക്ക് ഏറെ അനുഭവിക്കേണ്ടി വന്നു. എന്തിനും ഏതിനും കടുത്ത മർദ്ദനമായിരുന്നു അവർക്ക് ഏല്ക്കേണ്ടി വന്നത്. സ്ത്രീകളെപ്പോലും അയാൾ വെറുതെ വിട്ടില്ല.

"മൂസേ, താങ്കൾ ഞങ്ങൾക്കു വേണ്ടി പ്രാർഥിക്കുക." വിശ്വാസികൾ മൂസായോട് പറഞ്ഞു.

മൂസാ അവരെ സമാധാനപ്പെടുത്തി നേരെ പ്രാർഥനാലയത്തിലേക്ക് ചെന്നു. അദ്ദേഹം പ്രാർഥ യിലാണ്ടു:

"നാഥാ, നീ ഫറവോനും അവന്റെ ആളുകൾക്കും ഭൗതികവിഭവങ്ങളും അതിന്റെ ആഢംബങ്ങളും ധാരാളം നല്കിയിട്ടുണ്ടല്ലോ. നാഥാ, നിന്റെ ദാസന്മാരെ നിന്റെ മാർഗത്തിൽനിന്ന് തടയാനാണത്. നാഥാ, നീ അവരുടെ ധനം നശിപ്പിക്കേണമേ. അവരുടെ ഹൃദയങ്ങൾക്ക് നീ മുദ്ര വെക്കേണമേ. ശിക്ഷ കൺമുമ്പിൽ കാണുവോളം അവർ വിശ്വസിക്കുകയില്ല."

മർദ്ദിക്കപ്പെട്ട ഒരു പ്രവാചകന്റെ പ്രാർഥന. അത് ദൈവിക സിംഹാസനത്തിന് നേരെ ഉയർന്നു. ഫറോവയുടെ ദുഷ്പരിണതിയുമായി അത് സന്ധിച്ചു.

പ്രാർഥനാനന്തരം മൂസാ അവിടെ തന്നെ ഇരുന്നു. ആ ഇരുത്തം നിറയെ ചിന്തകളായിരുന്നു. പിന്നെ നിശ്വസിച്ചു കൊണ്ട് അവിടെ നിന്നെഴുന്നേറ്റു.

പെട്ടെന്ന് നാഥൻ അദ്ദേഹത്തെ വിളിച്ചു. ആ വിളിക്കു മുമ്പിൽ മൂസാ പ്രണമിച്ചു.

"ഞാൻ നിങ്ങളുടെ തേട്ടത്തിന് ഉത്തരം തരുന്നുണ്ട്. നിങ്ങൾ നേരെച്ചൊവ്വെ നിലകൊള്ളുക."

മൂസാ തന്റെ അനുയായികളുടെ സംസ്കരണപ്രവർത്തനത്തിൽ കൂടുതൽ മുഴുകി. കൂടുത ലായി ക്ഷമിക്കുവാനും പ്രാർഥിക്കുവാനും അദ്ദേഹം അവരോട് ആവശ്യപ്പെട്ടു.

ഫറോവയുടെ മർദ്ദനം ക്രൂരമായി. ഈജിപ്തിൽ ഇസ്രാഈലീ സന്താനങ്ങളുടെ നിണം കൂടുതൽ ഒഴുകാനാരംഭിച്ചു. ആ നിണം അവരുടെ സ്വാതന്ത്ര്യത്തിലേക്കുള്ള ഗതിയായി മാറു കയായിരുന്നു.

ചരിത്രം എന്നും അനുസ്മരിക്കുന്നതായിരുന്നു ആ നിണം.

ഒരിക്കൽ തന്റെ ദൂതന് ദൈവം ബോധനം നല്കി. അതിന്റെ കരം ഗ്രഹിച്ച് മൂസാ ഹാറൂനെയും യൂശഇനെയും വിളിച്ചുകൂട്ടി ഇങ്ങനെ പറഞ്ഞു:

"അല്ലാഹുവിന്റെ അനുമതി ലഭിച്ചിരിക്കുന്നു. ഇസ്രാഈല്യരെയും കൂട്ടി ഇവിടന്ന് രക്ഷപ്പെടണം. രാത്രിയാണ് ഇവിടന്ന് രക്ഷപ്പെടാൻ അവൻ നിശ്ചയിച്ച സമയം. ഫറവോൻ നമ്മെ പിന്തുടരും. അതിനാൽ വളരെ രഹസ്യമായി ആളുകളോട് തയാറാകാൻ പറയണം."

"നാം മദ്യനിലേക്കാണോ?"

യൂശഅ് തിരക്കി.

"അല്ലാഹുവാണ് നമ്മെ നയിക്കുന്നവൻ. അവൻ വഴി കാണിച്ചുതരും."

മൂസായുടെ നിർദ്ദേശവുമായി യൂശഅ് ഇറസാഈലീഗൃഹങ്ങളിലൂടെ പറന്നുനടന്നു.

തകൃതിയായ ഒരുക്കമായിരുന്നു പിന്നീട്. മുൻ നിശ്ചയപ്രകാരം അവർ ഇസ്രാഈലീ ചേരി യിൽ ഒരിടത്ത് ഒത്തുകൂടി.

പിന്നെ എല്ലാം നാഥനിലർപ്പിച്ച് അവർ ഇരുട്ടിലൂടെ ചെങ്കടലിന് നേരെ നടന്നു. ആബാലവൃദ്ധം ജനങ്ങൾ അവരുടെ ഇളകിയാൽ കിട്ടുന്ന സാധനങ്ങളുമെല്ലാം എടുത്ത് മരുഭൂമിയിലൂടെ നടന്നു നീങ്ങി.

ഇരുട്ടിൽ കിടന്ന് ഈജിപ്ഷ്യൻ ഭൂമി ആ വിശുദ്ധപലായനത്തിന് സാക്ഷ്യം വഹിച്ചു. സ്വാതന്ത്ര്യ ത്തിലേക്കുള്ള അവരുടെ യാത്രയായിരുന്നല്ലോ അത്.

അത്യാഹിതം സംഭവിച്ച വാർത്തയുമായാണ് ഫറോവക്ക് നേരം പുലർന്നത്. ചാരന്മാർ മുഖേന ഇസ്രാഈലീ യാത്ര ഫറോവയും അറിഞ്ഞു. മൂസായെ പിടുകൂടാൻ വേഗം തയാറാകണമെന്ന് അയാൾ സൈനിക ഉദ്യോഗസ്ഥർക്ക് കല്പന നല്കി. സർവായുധ വിഭൂഷിതരായി അവർ തയാറെടുത്തു. സ്വർണാങ്കികളും ആയുധവും ധരിച്ച് ഫറവോനും തയാറായി വന്നു.

കല്പന കിട്ടേണ്ട താമസം അയാളുടെ ഭടന്മാർ പറപറന്നു. ആയിരക്കണക്കിന് പേർ അണി ചേർന്ന ആ വൻ പടയെ ഫറോവ തന്നെയാണ് നയിച്ചിരുന്നത്.

കൂട്ടനാശത്തിലേക്കുള്ള പ്രയാണം.

**13**

പ്രവാചകൻ മൂസായെ അനുഗമിച്ച ഇസ്രാഈലികൾ ചെങ്കടൽ തീരത്ത് വഴിമുട്ടി നിന്നു.

“മൂസാ, ചെങ്കടലാണ് മുൻപിൽ. ഇതെങ്ങനെ മുറിച്ചുകടക്കാനാകും? തിരിച്ചുപോയാൽ ഫറ വോൻെറ മുമ്പിലായിരിക്കും ചെന്നുപെടുക.”

“എൻെറ നാഥൻ വഴി കാണിച്ചുതരും.”

മൂസാ അവരെ സമാധാനപ്പെടുത്തി.

നേരം പുലരാറായിരുന്നു.

പെട്ടെന്ന്, കൂട്ടത്തിൽ ഒരാൾ ദൂരേക്ക് ചൂണ്ടി പറഞ്ഞു:

“അതാ, അങ്ങോട്ട് നോക്കൂ. ഫറോവയുടെ സൈന്യമാണ് ആ വരുന്നത്.”

ആ രംഗം കണ്ട് ആളുകൾ ഞെട്ടിവിറച്ചു. പലരും പല ഭാഗങ്ങളിലേക്കായി ഓട്ടം തുടങ്ങി.

മുമ്പിൽ ചെങ്കടൽ....

പിന്നിൽ ഫറോവയുടെ വൻസൈന്യം......

എവിടെക്കാണ് ഓടി രക്ഷപ്പെടുക? മരണം കൺമുമ്പിൽ കണ്ട അവർ മുഖംപൊത്തി കൂട്ടക്കര ച്ചിൽ തുടങ്ങി.

“ഈജിപ്തിൽനിന്ന് കൊണ്ടു വന്നത് ഇവിടെയിട്ട് കൊല്ലുന്നതിനു വേണ്ടിയാണോ?”

ചിലർ ദൈവദൂതനോട് കയർത്തു.

“മൂസേ, എപ്പോഴാണ് ദൈവികസഹായം വരിക?”

സ്ത്രീകൾ വിലപിച്ചു. അവരെ സമാധാനിപ്പിച്ചു മൂസാ പറഞ്ഞു:

“ക്ഷമിക്കുക. നാഥൻെറ സഹായം ഇപ്പോൾ തന്നെ ലഭിക്കും.”

മൂസാക്ക് തൻെറ നാഥൻെറ ബോധനം ലഭിച്ചു. അതിൻെറ കരം ഗ്രഹിച്ച് അദ്ദേഹം പറഞ്ഞു:

“ഇതാ, ദൈവിക സഹായം എത്തിക്കഴിഞ്ഞു.”

മൂസാ തൻെറ വടിയുമായി ചെങ്കടലിലെ തിരകളിലേക്ക് നീങ്ങി. ജനം ശ്വാസം അടക്കിപ്പിടി ച്ചിരുന്നു. എന്താണ് സംഭവിക്കുക എന്ന് അവർക്കറിയില്ലായിരുന്നു. പക്ഷേ, മൂസായുടെ കൈയിൽ കേവലം വടിയല്ല, ദൈവികദൃഷ്ടാന്തം വെളിപ്പെടുന്നതാണതെന്ന് അവർക്ക് ബോധ്യമുണ്ടാ യിരുന്നു. അതുമുഖേന ദൈവം എന്തെങ്കിലും വഴി കാട്ടിത്തരുമെന്ന് അവർ ഉറപ്പിച്ചു.

സമുദ്രത്തിൽ ഇറങ്ങിനിന്ന മൂസാ തൻെറ വടികൊണ്ട് തിരകളിലൊന്നിൽ മെല്ലെ അടിച്ചു.

ദിവ്യാത്ഭുതം. അടിയേല്ക്കേണ്ട താമസം അതാ സമുദ്രം രണ്ടായി പിളർന്നു.

ചരിത്രത്തിലെ സ്തോഭജനകമായ നിമിഷം. അലയടിച്ചിരുന്ന ചെങ്കടൽ പച്ചയായ നേത്ര ങ്ങൾക്കു മുമ്പിൽ അതിൻെറ ചരിത്രത്തിൻെറ ഒരു നാഴികക്കല്ല് രചിച്ച് രണ്ടായി പിളർന്നു.

ജനം അന്ധാളിച്ചു നില്ക്കെ മൂസാ അവരോട് വേഗം മറുകരയണയാൻ വിളിച്ചുപറഞ്ഞു.

കല്പന ഉയർന്നൊടുങ്ങും മുമ്പ് ജനം പറപറന്നു.

ഏതെങ്കിലും വിധം ജീവൻ രക്ഷിക്കുകയെന്ന ലക്ഷ്യം മാത്രമേ അവർക്കുണ്ടായിരുന്നുള്ളൂ

ഫറോവ കടൽ തീരത്തെത്തി.

മുമ്പിൽ കണ്ട വഴിയിലൂടെ അവനും സൈന്യവും ഇറങ്ങി ഓടി. ഇസ്രാഈല്യരെ ഏതെങ്കിലും വിധത്തിൽ പിടിച്ചേ പറ്റൂ. പക്ഷേ, ദൈവികകരങ്ങൾ അവൻെറ മുൻപോട്ടുള്ള ഗതിവേഗത്തെ നിയന്ത്രിച്ചുകൊണ്ടിരുന്നു.

ഇസ്രാഈലികളും ഫറോവയുടെ സൈന്യവും ചെങ്കടലിൽ. ഇരുവിഭാഗത്തിനും മേൽ ദൈവിക കരസ്പർശം. അതിൽ ഒരു വിഭാഗത്തെ രക്ഷിക്കുവാനും മറുവിഭാഗത്തെ ശിക്ഷിക്കുവാനുമായി രുന്നു അത്.

മൂസാ ആളുകളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. വൃദ്ധരെയും കുട്ടികളെയും ഏറ്റി ഓടാൻ പലരും പ്രയാസപ്പെടുന്നുണ്ടായിരുന്നു. അവർ ശ്വാസം വിടാതെ ഓടി. കുട്ടികൾ കരയുകയാ യിരുന്നു.

ഫറോവ തൻെറ സൈന്യത്തെ മുമ്പോട്ട് നയിച്ചു. പക്ഷേ, ആ മറുകരയിലേക്കുള്ള മുന്നേറ്റം അവന് നിഷിദ്ധമായിരുന്നു.

ഇസ്രാഈലികൾ ഒരു വിധം മറുകരയണഞ്ഞു.

ഫറവോൻ തൊട്ടു പിന്നാലെ.

ദൈവിക സ്പർശം ചെങ്കടലിൻെറ തിരകളിലൂടക്കി. പെട്ടെന്ന്, തിരകൾക്കു മീതെയുണ്ടായിരുന്ന ബന്ധനം നീങ്ങി. സമുദ്രം കൂടിച്ചേർന്നു. വൻ തിരമാലകൾ തമ്മിൽ കൂട്ടിയിടിച്ചു.

മനുഷ്യചരിത്രത്തിലേക്ക് മിന്നൽവെളിച്ചമായി പിളർന്ന ചെങ്കടൽ ഒന്നായിച്ചേർന്ന് തിരതല്ലി.

ഫറോവയും അവൻെറ സേനയും യദൃശ്ചയാ സംഭവത്തിൽ സംഭ്രമിച്ചു. തിരമാലകളിൽ കൈകാലിട്ടടിക്കാൻ പോലും അവർക്കായില്ല. തിരമാലകൾ അവരെ എടുത്തെറിഞ്ഞു. പലരും ആഴിയിലൊതുങ്ങി. അഹങ്കാരിയായ ഒരു മനുഷ്യനു വേണ്ടി സ്വന്തം പരിണതിയും ഭാവിയും തുലച്ചവരായിരുന്നു അവർ.

ഫറവോൻ തിരമാലയിൽ കിടന്ന് തട്ടിപ്പിടച്ചു. ഒരിക്കൽ പോലും നൈൽ ജലത്തിലിറങ്ങി നീന്താൻ മുതിരാത്ത ഫറോവ കടൽജലത്തിൽ ജീവനുവേണ്ടി കൈകാലിട്ടടിച്ചു.

രക്ഷപ്പെടാനുള്ള എല്ലാ വഴികളും അടഞ്ഞതായി ഫറവോന് ബോധ്യമായി. ഭൂമിയിൽ സ്വയം ദൈവമായി പ്രഭൃതികളുടെ തിണ്ണബലത്തിൽ അഹങ്കരിച്ചു ജീവിക്കുകയായിരുന്നല്ലോ അവൻ. സ്വയം ഒന്നിനും കഴിയാത്ത ദുർബലൻ. തന്നെ സഹായിക്കാനാകാത്ത വിധം തൻെറ സേവകവൃന്ദം ആഴിയിൽ അമർന്നതായി അവൻ മനസ്സിലാക്കി.

ശ്വാസം ഫറോവയുടെ തൊണ്ടക്കുഴിയിൽ എത്തിയിരുന്നു. മരണം മുൻപിൽ കണ്ട നിമിഷം അവൻ പുലമ്പി:

“മൂസായുടെയും ഹാറൂൻെറയും നാഥനിൽ ഞാനിതാ വിശ്വസിച്ചിരിക്കുന്നു”

അത് സ്വദേഹരക്ഷക്കുള്ള ഉപായമായിരുന്നു. വർഷങ്ങൾ നീണ്ടുനിന്ന സമയം ദൈവം അവന് നല്കിയിരുന്നു. സ്വയം മാറുവാൻ വിവിധ ദൃഷ്ടാന്തങ്ങളും ദൈവം അവന് നല്കിയിരുന്നു. അപ്പോഴൊക്കെ അവർ നിഷേധിക്കുകയായിരുന്നല്ലോ.

പ്രകൃതിയിൽനിന്ന് പാഠം പഠിച്ചു ദൈവത്തെ കണ്ടെത്താത്ത ലോകത്തെ എല്ലാ അഹങ്കാരികളുടെയും സ്ഥിതി അതായിരിക്കും.

ഫറവോൻെറ പുലമ്പൽ തിരമാലയിൽ അലിഞ്ഞില്ലാതായി. അവന് ദൈവം മറുപടി കൊടുത്തതിങ്ങനെ:

“ഇപ്പോഴോ? ഇതിനു മുമ്പ് ധിക്കരിക്കുകയായിരുന്നല്ലോ. നീ തീർച്ചയായും ധിക്കാരികളിൽ പെട്ടവനാണ്. പിൽക്കാലക്കാർക്ക് ഒരു പാഠമാകാൻ നിൻെറ ജഡം നാം രക്ഷപ്പെടുത്തും..”

അവൻെറയും അവൻെറ സേനയുടെയും ജഡങ്ങൾ ഉള്ളിലൊതുക്കി ചെങ്കടൽ അതിൻെറ ചരിത്രത്തിലേക്ക് തിരയടിച്ചു, ഭൂമിയിൽ ദൈവമായിരുന്ന ഒരുവൻെറ ജഡത്തിന് സ്വയം സാക്ഷിയായിക്കൊണ്ട്.

## 8

## സബഅ് - തുബ്ബഅ് ജനതകൾ

സബഅ്.

ദക്ഷിണ അറേബ്യയിലെ അതിശക്തരായ ജനവർഗമായിരുന്നു സബഅ്. ജനശക്തികൊണ്ടും ധനശക്തികൊണ്ടും ഏകദൈവം അവരെ ഏറെ അനുഗ്രഹിച്ചിരുന്നു.

സബഉകളിൽ ഏറെ പ്രശസ്തം ഹിംയർ ഗോത്രമായിരുന്നു. ഇവരിൽനിന്നാണ് ഇന്നത്തെ യമൻ എന്ന നാമം നിലവിൽ വന്നത്.

ഹിംയർ പോലെതന്നെ കിൻദ, അസ്ദ്, അശരി, മദ്ഹിജ്, അൻമാർ, ആമില, ലഖം, ജുദാം, ഗസ്സാൻ തുടങ്ങിയ ഗോത്രങ്ങളും ഇവരുടെ സബഇൻെറ ഇതരഗോത്രങ്ങളാണ്. ഇവരെല്ലാം ചേർന്ന സമൂഹമാണ് സബഅ് എന്ന പേരിൽ അറിയപ്പെടുതന്ന്. യമനായിരുന്നു ഇവരുടെ അധിവാസകേന്ദ്രം. സബഅ് എന്ന ഒരു അറബിവംശജൻെറ സന്താനപരമ്പരയാണിത്.

ഇന്നത്തെ സൻആയിൽനിന്ന് 55 കി.മി. മാറി മഅ്രിബ് ആസ്ഥാനമാക്കിയാണ് ഇവർ ഭരിച്ചിരുന്നത്. 1000ത്തിലധികം വർഷക്കാലം ഇവരിലെ കിൻദ, അസ്ദ്, അശരി, മദ്ഹിജ്, അൻമാർ, ആമില, ലഖം, ജുദാം, ഗസ്സാൻ പോലുള്ള വിവിധ ഗോത്രങ്ങളും അറേബ്യയിൽ ആധിപത്യം വാണു. അതിനാൽ തന്നെ പൗരാണിക കാലം മുതൽ തന്നെ ഇവർ ചരിത്രത്തിൽ അറിയപ്പെടാൻ തുടങ്ങിയിട്ടുണ്ട്. ബാബിലോണിയൻ-അസ്സീരിൻ രേഖകളിൽനിന്നും റോമാ-യവന ചരിത്ര രേഖകളിൽനിന്നും ഇവരെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണ്.

സബഇനിനെ ഭരിച്ചിരുന്ന രാജാക്കന്മാർ അതത് കാലങ്ങളിൽ അതത് നാമങ്ങളിലാണ് അറിയപ്പെട്ടിരുന്നത്. അതിൽ പ്രശസ്തമാണ് തുബ്ബഅ് എന്ന നാമം. ഖുർആൻ ഉപയോഗിച്ചത് ആ നാമമാണ്. (അധ്യായം, അദ്ദുഖാൻ: 37, ഖാഫ് : 14) ഇവരുടെ കാലത്താണ് സബഅ് പ്രശസ്തിയിലെത്തിയതും നാശമടഞ്ഞു തുടങ്ങിയതും

വളരെ പ്രശസ്തരും പ്രതാപികളുമായിരുന്നു സബഇലെ ജനം. സമ്പന്നർ എന്ന നിലയിൽ അവർ വളരെ പ്രസിദ്ധരായിരുന്നു. കച്ചവടവും കൃഷിയുമായിരുന്നു അവരുടെ പ്രധാന വരുമാന മാർഗം. ഹിംയരികളാണ് അതിൽ മുന്നിട്ടുനിന്നിരുന്നത്.

പാശ്ചാത്യ-പൗരസ്ത്യനാടുകളുമായുള്ള വ്യാപാരകുത്തക ഒരു കാലത്ത് ഇവർക്കായിരുന്നു. ഹിംയരികളുടെ കാലത്താണ് (ബി.സി. 115- എ.ഡി. 300) ഇത് ഏറെ പുരോഗമിച്ചത്. യമൻ മുതൽ സിറിയ വരെയും ഈജിപ്ത്, ഗ്രീസ്, റോം, ചൈന, ഇന്ത്യ, ജോർഡാൻ തുടങ്ങിയ നാടുകളിലും അവരുടെ വാണിജ്യമേഖല നീണ്ടുകിടന്നിരുന്നു. കടലും കരയും ഒരുപോലെ അവർ അതിനുപയോഗിച്ചു. സമുദ്രയാത്രയിൽ അവർക്കായിരുന്നു അന്ന് നൈപുണ്യം. വിവിധ രാജ്യങ്ങളിലായി അനേകം തുറമുഖങ്ങളും അവർക്കുണ്ടായിരുന്നു. എ.ഡി. 300ൽ റോമക്കാർ അവരുടെ സമുദ്രമേധാവിത്തം തകർത്തെങ്കിലും കരമാർഗേണയുള്ള വാണിജ്യകുത്തക പിന്നെയും കുറേ കാലം അവർ തുടർന്നു. എന്നാൽ റോമക്കാരും അബ്സീനിയക്കാരും ചേർന്നുള്ള സംയുക്ത സേനകൾ അവരുടെ കരമാർഗേണയുള്ള വാണിജ്യകുത്തകയെയും തകർത്തുകളഞ്ഞു.

എ.ഡി. 300 ഓടു കൂടി അവർ പല ഭാഗങ്ങളിൽനിന്നുമുള്ള യുദ്ധങ്ങൾക്ക് വിധേയരായി. ആഭ്യന്തരയുദ്ധങ്ങളും പൊട്ടിപ്പുറപ്പെട്ടു. പല ഗോത്രങ്ങളും അറേബ്യയുടെ പല ഭാഗങ്ങളിലേക്കും പലായനം ചെയ്തു. ഗസ്സാൻ ഗോത്രം ജോർഡാനിലേക്കും ചെറിയ വിഭാഗങ്ങളായ ഔസ്-ഖസ്റജ് കുടുംബങ്ങൾ യഥ്രിബിലേക്കും (മദീന) കുടിയേറിപ്പാർത്തു.

കാർഷികരംഗത്ത് സബഉകാർ ഉയർന്ന സാങ്കേതികവിദ്യകൾ ഉപയോഗിച്ചിരുന്നു. ചെറിയ അണക്കെട്ടുകളും തടാകങ്ങളുമായിരുന്നു പ്രധാനജലസംവിധാനം. പുഴകളുടെ അഭാവത്തിൽ മലകളിൽനിന്നുള്ള നീരൊഴുക്കുകൾ തടഞ്ഞുനിർത്തി അണക്കെട്ടുകളുണ്ടാക്കിയായിരുന്നു അവർ കൃഷിക്കാവശ്യമായ ജലസേചനം നടത്തിയിരുന്നത്. ബൽഖിനും മഅ്രിബിനുമിടയിലാണ് കൂടുതൽ അണക്കെട്ടുകൾ ഉണ്ടായിരുന്നത്. അതിൽ പ്രസിദ്ധമാണ് മഅ്രിബ് അണക്കെട്ട്. ഈ അണക്കെട്ടിന് പിൽക്കാലത്ത് വിള്ളലുകൾ സംഭവിക്കുകയുണ്ടായി.

അണക്കെട്ടുകളിൽനിന്ന് തോടുകൾ വെട്ടിയുണ്ടാക്കി അവർ തങ്ങളുടെ കൃഷിക്കാവശ്യമായ ജലസംവിധാനം ഏർപ്പെടുത്തി. ഇത് സബഅ്രാജ്യത്തെ നിത്യഹരിതപ്രദേശമാക്കി മാറ്റി. സബഇൽ എവിടെ നിന്നു നോക്കിയാലും ആ പ്രദേശം പച്ചപിടിച്ചുനില്ക്കുന്ന പൂങ്കാവനമാണെന്നാണ് തോന്നുക.

ഈ പുരോഗതി അവരെ ചരിത്രത്തിലെ അറിയപ്പെട്ട അഹങ്കാരികളും കൃതഘ്നരുമാക്കിമാറ്റി.

ഹസ്രത്ത് സുലൈമാൻ നബിയുടെ കാലത്ത് ഇവർ വിശ്വാസികളായിരുന്നു. ഈ അധ്യാപനങ്ങൾ തലമുറ കൈമാറി അവരിൽ നിലനിന്നിരുന്നു. കാലാന്തരേണ ഇവരിൽ വീണ്ടും ബഹുദൈവചിന്ത ഉടലെടുത്തു. വിവിധ ദേവതകളിലേക്ക് അവരുടെ ആരാധനകൾ വഴിമാറി. ചിലർ സൂര്യദേവനെയും ചിലർ അഗ്നിയെയും പൂജിച്ചു തുടങ്ങി.

എ.ഡി. 300 ൽ അവിടം ഭരിച്ചിരുന്നത് അസ്അദുബ് കുറൈബ് അൽയമാനി എന്ന തുബ്ബഅ് ആയിരുന്നു. അദ്ദേഹം ഏകദൈവവിശ്വാസിയായിരുന്നു. പ്രവാചകനായിരുന്നില്ലെങ്കിലും അദ്ദേഹം

തൻെറ ജനതയെ ഏകദൈവവിശ്വാസത്തിലേക്ക് ക്ഷണിച്ചു. ആ ജനം അത് തള്ളിക്കളഞ്ഞു. മാത്രവുമല്ല മക്ക, മദീന പോലുള്ള സ്ഥലങ്ങളെ ആക്രമിക്കാൻ അക്കാലത്തു തന്നെ അവർ മുതിർന്നിരുന്നു.

സൂര്യാരാധനാ സമ്പ്രദായം അവരിലും നിലനിന്നിരുന്നു. അതോടൊപ്പം പല തരത്തിലുള്ള പ്രാദേശിക ദൈവങ്ങളെയും അവർ പൂജിച്ചിരുന്നു. രാജ്യത്തിൻെറ ഓരോ ആഘോഷവും ഓരോ ദേവതയുടെ പേരിലാണ് ആഘോഷിക്കപ്പെട്ടിരു ന്നത്. സബഅ് മുഴുവൻ ഇത്തരം ദേവതകളുടെ ക്ഷേത്രങ്ങൾ നിറഞ്ഞിരുന്നു. ഈ ദേവതകളുടെ പ്രത്യേകിച്ച് അൽമഖ ദേവിയുടെ പ്രതിനിധി എന്ന നിലക്കാണ് രാജാവ് - തുബ്ബഉകൾ - രാജഭരണം നടത്തിയിരുന്നത്.

അവരുടെ അഹങ്കാരവും ബഹുദൈവത്വത്തിലധിഷ്ഠിതമായ ജീർണസംസ്കാരവും വിനാശകരമായി വർധിച്ചതോടെ അവരെ ശിക്ഷിക്കാൻ ദൈവം തീരുമാനിച്ചു.

മആരിബ് അണക്കെട്ടിന് വിള്ളലുകൾ സംഭവിച്ച കാര്യം സൂചിപ്പിക്കുകയുണ്ടായി. അത് പുതുക്കിപ്പണിയാനുള്ള അവസ്ഥയിലായിരുന്നില്ല സബഉകളുടെയും തുബ്ബഉകളുടെയും ആഭ്യന്തര സ്ഥിതിഗതികൾ. എ.ഡി. 450-ൽ ഈ അണക്കെട്ട് തകർന്നു. അതിൽനിന്നുള്ള ശക്തമായ ജലപ്രവാഹം മറ്റു അണക്കെട്ടുകളെക്കൂടി തകർത്തുകളഞ്ഞു. അതോടെ ആ നാട് മുഴുവൻ നശിച്ചൊടുങ്ങി.

ദൈവിക കോപം അവരിൽ അവശേഷിച്ചവരെ ഏറെ പ്രയാസകരമായ ജീവിതസാഹചര്യത്തിലേക്ക് വീഴ്ത്തി. സസ്യശ്യാമളമായിരുന്ന ആ പ്രദേശം മുൾച്ചെടികളും ഇലന്തവൃക്ഷങ്ങളും കൊണ്ട് നിറഞ്ഞു. ബൽഖിനും മആരിബിനുമിടയിലുണ്ടായിരുന്ന വിസ്തൃത കാർഷികനിലങ്ങൾ വരണ്ടുണങ്ങി. ഇവിടെയായിരുന്നു അവരുടെ കാർഷികവിളകളുടെ ഭൂരിഭാഗവും ഉണ്ടായിരുന്നത്. സബഉകളുടെ വിലാപത്തിന് നാഥൻെറയടുക്കൽ ഉത്തരമില്ലായിരുന്നു. അതോടെ അവരുടെ പേരും കുറിയും ചരിത്രത്തിൽ മാത്രം പരിമിതമായി; പിൽക്കാലക്കാർക്ക് ഒരു പാഠമായിക്കൊണ്ട്.

***"സബഉകാർക്കോ, അവരുടെ വാസസ്ഥലത്തുതന്നെ ഒരു ദൃഷ്ടാന്തമുണ്ടായിരുന്നു. ഇടതും വലതും രണ്ട് തോട്ടങ്ങൾ. നിങ്ങളുടെ റബ്ബിൻെറ വിഭവങ്ങൾ ആഹരിച്ചുകൊള്ളുവിൻ. അവനോട് നിങ്ങൾ നന്ദി കാണിക്കുവിൻ. വിശിഷ്മായ നാട്. ഏറെ പൊറുക്കുന്ന നാഥനും. പക്ഷേ, അവർ പുറംതിരിഞ്ഞുകളഞ്ഞു. ഒടുവിൽ നാം അവരുടെ നേരെ അണമുറിയാത്ത ജലപ്രവാഹം അയച്ചു. അവരുടെ പഴയ തോട്ടങ്ങൾക്കു പകരം കയ്പുറ്റ കനികളും കാറ്റാടി മരങ്ങളും ഏതാനും ഇലന്തവൃക്ഷങ്ങളുമുള്ള മറ്റു രണ്ട് തോട്ടങ്ങളും നല്കുകയും ചെയ്തു. ഇതായിരുന്നു അവരുടെ കൃതഘ്നതക്ക് നാം നല്കിയ പ്രതിഫലം. നന്ദികെട്ടവർക്കല്ലാതെ നാം ഈ വിധം പ്രതിഫലം നല്കുന്നില്ല." (സബഅ്)***

## 9

## റസ്സുകാർ

റസ്സുകാർ-കിണറിൻെറ ആളുകൾ.
ചരിത്രം അവരെ അങ്ങനെയാണ് വിശേഷിപ്പിച്ചത്.

തങ്ങളുടെ പ്രവാചകനെ കിണറ്റിലെറിഞ്ഞു കൊന്ന ധിക്കാരി വർഗം.

അവരുടെ പരിണതി എങ്ങനെയായിരുന്നുവെന്ന സംഭവത്തിലേക്ക് എടുത്തു ചാടി അവസാനിപ്പിക്കാൻ പ്രയാസമുണ്ട്. അവരെ സംബന്ധിച്ച് ചരിത്രം വഴിപിരിഞ്ഞതാണ് കാരണം.

പൗരാണികരും ആധുനികരുമായ ഖുർആൻ പണ്ഡിതന്മാർ റസ്സുകാരെ സംബന്ധിച്ച് ഭിന്ന സ്വരമുള്ളവരാണ്.

അവർ നിഷ്ഠുരം വധിച്ചത് ആരെയാണ്?

അദ്ദേഹം പ്രവാചകനായിരുന്നോ?

ഈ പ്രദേശം എവിടെയാണ്?

വായനക്കാർക്ക് സമർപ്പിക്കാവുന്ന ഏകസ്വരം ചരിത്ര ഗ്രന്ഥങ്ങളിൽനിന്നോ മറ്റോ ലഭ്യമല്ല.

അന്താക്കിയ എന്ന സ്ഥലമാണ് റസ്സുകാരുടെ അധിവാസമേഖലയെന്ന് പൗരാണിക പണ്ഡിതർ സമർഥിക്കുന്നു.

അദർബൈജാനിലാണ് ഈ സ്ഥലം എന്ന അഭിപ്രായമുള്ളവരുമുണ്ട്.

യമാമക്കടുത്തുള്ള ഒരു സ്ഥലത്താണ് ഈ സംഭവം നടന്നതെന്ന് ചിലർ സമർഥിച്ചു.

പ്രവാചകൻ ശുഐബിൻെറ ജനതയാണെന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഹൻദല ബിൻ സ്വഫ്വാൻ എന്ന ഇസ്രാഈല്യനാണെന്നും അഭിപ്രായപ്പെട്ടവരുണ്ട്.

നജ്റാനിലെ തീക്കുണ്ഠത്തിൻെറ ആളുകളായ കിടങ്ങുകാരാണെന്നും ചിലർക്ക് അഭിപ്രായമുണ്ട്. അവർ ജൂതമത പ്രചരണത്തിൻെറ ഭാഗമായി ക്രിസ്ത്യാനികളെ ചുട്ടുകൊന്ന സംഭവമാണ് അവിടെ നടന്നത്.

റസ്സുനിവാസികൾ വധിച്ചത് ഏത് പ്രവാചകനെയാണ്? അദ്ദേഹം ഒരു പ്രവാചകൻ ആയിരുന്നില്ല, സ്വാഭീഷ്ടപ്രകാരം ആ ജനത്തെ ഏകദൈവത്തിലേക്ക് ക്ഷണിച്ച ഏകദൈവവിശ്വാസിയായിരുന്നു എന്ന് അഭിപ്രായപ്പെട്ടവരുമുണ്ട്.

ആ ജനം ബഹുദൈവവിശ്വാസികളായിരുന്നു. ഏകദൈവത്തെക്കൂടാതെ മറ്റു പ്രതിഷ്ഠകളെയും വൃക്ഷത്തെയുമാണ് അവർ പൂജിച്ചിരുന്നത്. ബഹുദൈവത്വ ജീവിതത്തിൽനിന്ന് അവരെ ശുദ്ധീകരിച്ച് ഏകദൈവ വിശ്വാസത്തിലേക്ക് അവരെ നയിക്കാൻ അവരിലേക്ക് ഒരു പ്രവാചകൻ നിയുക്തനായി. അദ്ദേഹം അവരെ ഏകദൈവത്തിൻെറ ദാസ്യത്തിലേക്ക് ക്ഷണിച്ചു. അവരത് നിഷേധിച്ചു. മുൻകഴിഞ്ഞ ജനതകൾ തകർന്നടിയാനുണ്ടായ കാരണങ്ങൾ അവരുടെ മുമ്പിൽ സമർപ്പിച്ചുകൊണ്ടായിരുന്നു അദ്ദേഹത്തിൻെറ ക്ഷണം.

ജനതയും പ്രവാചകനും സ്ഥലവും ഏതെന്ന അഭിപ്രായാന്തരങ്ങളെ നമുക്ക് പാട്ടിനു വിടാം. ദൈവധിക്കാരത്തിൻെറ പരിണതി എന്തിനെന്ന കാര്യത്തിലാണല്ലോ നമുക്ക് പാഠമുള്ളത്.

ധിക്കാരികളായ ആ ജനം അദ്ദേഹത്തെ വധിക്കുകയും കിണറിൽ എറിഞ്ഞു. ജീവനോടെ തന്നെ കിണറ്റിലേക്കെറിയുകയും വലിയ ഭാരിച്ച പാറക്കല്ലുകൾ കൊണ്ട് എറിയുകയും ചെയ്തു എന്നും പക്ഷാന്തരമുണ്ട്. ഒരാൾ മാത്രമാണ് അവരിൽനിന്ന് അദ്ദേഹത്തെ പിൻപറ്റിത്. സമൂഹത്തിലെ അധഃസ്ഥിതനായ കറുത്ത ഒരടിമ.

എല്ലാ പ്രവാചകന്മാരുടെ അനുയായികളും അങ്ങനെയാണ്. സമൂഹത്തിലെ ഉന്നതരും നേതൃത്വമുള്ളവരും ധനാഢ്യരും അത്തരം ഒരു മാറ്റത്തിന് മുതിരുകയില്ല. ഭൗതിക ദൗർബല്യങ്ങളുടെ അടിമകളായിരിക്കും അവർ. എക്കാലത്തും എവിടെയും അതെ.

ഈ അടിമയെ സംബന്ധിച്ച് പ്രവാചകൻ മുഹമ്മദ്(സ) പറഞ്ഞു: അന്ത്യനാളിൽ ആദ്യമായി സ്വർഗത്തിൽ പ്രവേശിക്കുന്നത് കറുത്ത ഒരടിമയായിരിക്കും. അല്ലാഹു ഒരു നാട്ടിലേക്ക് ഒരു പ്രവാചകനെ നിയോഗിച്ചു. അവർ അദ്ദേഹത്തെ എതിർത്തു. കറുത്ത അടിമ മാത്രമാണ് അദ്ദേഹത്തിൽ വിശ്വസിച്ചത്. അവർ ഒരു കിണർ കുഴിക്കുകയും അതിൽ തങ്ങളുടെ പ്രവാചകനെ ജീവനോടെ എറിയുകയും വലിയ പാറക്കല്ലുകൾകൊണ്ട് അത് മൂടുകയും ചെയ്തു.)

ഒരു ദിനം അവർ തങ്ങളുടെ കിണറിന് ചുറ്റുമിരുന്ന് സംസാരിക്കുകയായിരുന്നു. അവരുടെ മീതെ മാനത്ത് മേഘം അടിഞ്ഞുകൂടി. തങ്ങൾക്ക് മഴ തരുന്ന മേഘത്തെ കണ്ട് അവർ സന്തോഷിച്ചു. പക്ഷേ, കാണെ അതിൽനിന്ന് ഉഷ്ണം വമിച്ചിറങ്ങി.

ഉഷ്ണം പെയ്തിറങ്ങിയ മേഘങ്ങൾക്കു താഴെ അവരുടെ കൃഷിയുണങ്ങി. ജലം വറ്റിവരണ്ടു. ജലപാനവും ഭക്ഷണവുമില്ലാതെ അവർ പ്രയാസപ്പെട്ടു.

തങ്ങളുടെ വിമോചനാർഥം ആഗതനായ പ്രവാചകനെ വധിച്ചുകളഞ്ഞ ആ ജനം ഉഷ്ണജ്വാലയിൽ കിടന്ന് നശിച്ചൊടുങ്ങി.

*“ആദിനെയും ഥമൂദിനെയും റസ്സുകാരെയും ഇടക്കാല നൂറ്റാണ്ടുകളിലെ സമൂഹങ്ങളെയും നാം (അവരുടെ ധിക്കാരഫലമായി) നശിപ്പിച്ചിട്ടുണ്ട്. ഇവരില്‍ ഓരോരുത്തരെയും നാം പൂര്‍വികരുടെ ഉദാഹരണങ്ങള്‍ ചൂണ്ടിക്കണിച്ച് കാര്യം ഗ്രഹിപ്പിച്ചു. അവസാനം ഓരോരുത്തരെയും നശിപ്പിക്കുകയും ചെയ്തു.”* (അല്‍ഫുര്‍ഖാന്‍)

## 10

## അബ്റഹത്തിന്റെ ആനപ്പട

അബ്റഹഃ രാജ്യപ്രമുഖരുമായി കാര്യങ്ങൾ കൂടിയാലോചിക്കുന്നതിനിടയിലാണ് ചാരമുഖ്യൻ അവിടെക്ക് കടന്നുചെന്നത്.

അയാളെ കണ്ട് അബ്റഹഃ നിശ്ശബ്ദനായി. അതയാളുടെ പതിവാണ്. ചാരമുഖ്യന്റെ മനസ്സ് ഊറ്റിക്കുടിച്ച ശേഷമേ അയാൾ ഇനി മറ്റു വർത്തമാനങ്ങളിലേക്ക് തിരിയുകയുള്ളൂ.

അബ്റഹയുടെ ആകാംക്ഷ പൂത്ത കണ്ണുകളിലേക്ക് നോക്കി ചാരമുഖ്യൻ വിളിച്ചു:

"പ്രഭോ." അയാൾ അബ്റഹത്തിനെ തലതാഴ്ത്തി വന്ദിച്ചു.

"എന്തു സന്ദേശവുമായാണ് നീ വന്നത്?"

"പ്രഭോ, അതി ഗുരുതരമായ ഒരു സന്ദേശവുമായിട്ടാണ് ഞാൻ വന്നത്."

"ഉം, അക്കാര്യം നമ്മെ വേഗം അറിയിക്കുക."

അയാളുടെ ധിറുതിയിലേക്ക് ചുറ്റുമുള്ളവരുടെ ജിജ്ഞാസ ഉണർന്നു.

ഭയവും ഗൗരവവും നിറഞ്ഞ സ്വരത്തിൽ ചാരൻ അറിയിച്ചു:

"പ്രഭോ, നമ്മുടെ പുതിയ ദേവാലയത്തിൽ ഒരാൾ മലവിസർജനം ചെയ്ത് അശുദ്ധമാക്കിയിരിക്കുന്നു. അറബ്വംശജനാണ് അത് ചെയ്തതെന്നാണ് അടിയന്റെ നിഗമനം. ദേവാലയത്തെ നിന്ദിക്കുകയും നമ്മെ അപമാനിക്കുകയുമായിരുന്നു അയാളുടെ ലക്ഷ്യം."

ചാരൻ തലതാഴ്ത്തി പിൻവാങ്ങി.

ചുറ്റുമുള്ളവരെ ഭയം ഗ്രസിച്ചു. അവർ തങ്ങളുടെ ഇരിപ്പിടങ്ങളിൽനിന്ന് ചാടിയെണീറ്റു. അവരുടെ ചകിതഭാവം അബ്റഹത്തിനെ പൊതിഞ്ഞുനിന്നു.

"അവർ അത്രക്കായോ? നാം അതിന് പ്രതികാരം വീട്ടുന്നതാണ്, തീർച്ച."

കൈകൾ കൂട്ടിത്തിരുമ്മി അയാൾ ഗർജിച്ചു.

അയാളുടെ ശബ്ദം കൊട്ടാരത്തിൽ ദുസ്സൂചനയായി അലയടിച്ചു.

"മറ്റൊന്നും ചിന്തിക്കാനില്ല. സൈന്യം ഒരുങ്ങട്ടെ. സ്ഥലത്തെ സംബന്ധിച്ച പ്രഖ്യാപനം ഇപ്പോൾ വേണ്ടാ."

അബ്റഹത്ത് സേനാനായകനോട് കല്പിച്ചു.

"കല്പന പോലെ പ്രഭോ."

അബ്റഹക്ക് രണ്ടാമതൊന്ന് ചിന്തിക്കാനുണ്ടായിരുന്നില്ല. അയാളുടെ കല്പനക്കു മുമ്പിൽ സേനാനായകൻ തലകുനിച്ചു.

"സൈനികയാത്രക്ക് വേഗം തയാറാകുക." സേനാനായകന്റെ വിളംബരം ഉയർന്നു.

"എങ്ങോട്ടാണ് യാത്ര?"

പലരുടെയും അന്വേഷണം.

അന്വേഷണത്തിന് മുമ്പിൽ അനിശ്ചിതത്വത്തിന്റെ മറയിട്ടു സേനാനായകൻ പിന്തിരിഞ്ഞു. അയാളുടെ ചുവടുവെപ്പുകൾ വിറയാർന്നതുപോലെ.

പല ചുണ്ടുകളിലും മുറുമുറുപ്പ്. ഇന്നോളം ഇങ്ങനെയൊരു രീതി ഉണ്ടായിട്ടില്ല. സ്ഥലവും ശത്രുസേനയുടെ ശക്തിയും മുൻകൂട്ടി പറയാതെ ഒരു യുദ്ധയാത്രയും ഉണ്ടായിട്ടില്ല. പിന്നെ ഈ യാത്രയെ സംബന്ധിച്ച് എന്തേ മറച്ചുവെക്കാൻ?

ലക്ഷ്യത്തെ സംബന്ധിച്ച അജ്ഞതക്ക് മുകളിൽ ദുരൂഹതയുടെ മറയിട്ട് സൈന്യം സജ്ജരായി.

പൊടിപടലങ്ങൾ പറത്തി കുതിരകളും ആനകളും ഒട്ടകങ്ങളും അണിചേർന്നു. അവയ്ക്കു പിന്നിൽ 60,000 സൈനികരും. അവരുടെ വിന്യാസം നിരീക്ഷിച്ചു സേനാനായകൻ മൈതാനിയിൽ നിലയുറപ്പിച്ചു.

താമസിയാതെ അബ്റഹത്തും തന്റെ ഗജവീരനുമായി സൈന്യത്തോടൊപ്പം ചേർന്നു.

അയാൾക്കു മുമ്പിൽ സേന ശ്വാസം അടക്കിപ്പിടിച്ച് തലതാഴ്ത്തി നിന്നു.

ഉറച്ച കാൽവെപ്പുകളോടെ അബ്റഹത്ത് തന്റെ സേനയെ പരിശോധിച്ചു.

സേനാംഗങ്ങൾ സംതൃപ്തരായിരുന്നില്ല. തങ്ങളിൽനിന്ന് മറച്ചുവെച്ച യാത്രാരഹസ്യം അവർക്ക് അറിയണമായിരുന്നു. അത് മറച്ചുവെച്ചതിലുള്ള അതൃപ്തി അവരുടെ മുഖങ്ങളിൽ തെളിഞ്ഞു.

പെട്ടെന്നാണ് അബ്റഹത്തിന്റെ ശബ്ദം ഉയർന്നത്. അത് സൈനികരുടെ ചെവികളിലേക്ക് ആഴ്ന്നിറങ്ങി.

"വടക്കോട്ടാണ് നമ്മുടെ യാത്ര. മക്കയിലേക്ക്. അവർ നമ്മുടെ ദേവാലയം അശുദ്ധിയാക്കി നശിപ്പിച്ചിരിക്കുന്നു. അതിന് പ്രതികാരം വീട്ടൽ നമ്മുടെ അഭിമാനത്തിന്റെ പ്രശ്നമാണ്. വിട്ടുവീഴ്ചയുടെ ഭാഷ നമുക്കറിയില്ല."

ഏതാനും നാളുകൾക്കു മുമ്പ് അവിടെ അരങ്ങേറിയ ചില കാര്യങ്ങൾ അവരുടെ ഓർമയിൽ തെളിഞ്ഞു. പക്ഷേ, ഒരു സൈനിക നടപടിയിലേക്കത് എത്തുമെന്ന് അവർ ഓർത്തിരുന്നില്ല. അതിനു മാത്രം ഗൗരവമുള്ള വിഷയമായി അവരത് കണ്ടിരുന്നുമില്ല.

അബ്റഹത്ത് ഉള്ളിൽ ചിരിച്ചു. മക്കയിലെ കഅ്ബാലയം തൻെറ ഗജവീരൻെറ കാലുകൾക്കടിയിൽ പൊടിയുന്നത് അയാൾ ഭാവനയിൽ കണ്ടു. വല്ലപ്പോഴും മാത്രം ചിരിക്കുന്ന അയാളുടെ മുഖം കണ്ട് സൈനികരിലും ചിരി പടർന്നു.

“മഹ്മൂദ്.” അയാൾ തൻെറ ആനയെ തലോടി. തൻെറ തുമ്പിക്കൈ ഉയർത്തി അതയാളെ അഭിവാദ്യം ചെയ്തു:

“വന്ദ്യരായ യജമാനരെ, താങ്കളുടെ യാത്രക്ക് മംഗളം ഭവിക്കട്ടെ. പക്ഷേ ഇന്നെന്തോ, അടിയൻ അത്ര ഉന്മേഷവാനല്ല. അങ്ങയോടൊപ്പമുള്ള എൻെറ ചരിത്രം ഇവിടെ അവസാനിക്കുന്നതായി എനിക്ക് തോന്നുന്നു.”

പക്ഷേ, ആ വെളിപ്പെടുത്തൽ അബ്റഹക്ക് അപ്രാപ്യമായിരുന്നു.

മഹ്മൂദ്!

അബ്റഹയുടെ ആന. ഏറെ തലയെടുപ്പും ചുറുചുറുക്കുമുള്ള ഗജവീരൻ. സൈന്യത്തിലെ ഗജവീരന്മാരുടെ നിയന്ത്രണം അവനായിരുന്നു. അവൻെറ ചലനങ്ങൾ യുദ്ധത്തിൻെറ ഭാഗധേയം നിർണയിക്കുന്നതായിരുന്നു. ഒട്ടേറെ യുദ്ധങ്ങളിൽ അവൻ അബ്റഹത്തിനെ തുണച്ചിട്ടുണ്ട്.

മഹ്മൂദിൻെറ ഇന്നത്തെ യാത്ര പക്ഷേ, ജനത്തോടുള്ള യുദ്ധത്തിനായിരുന്നില്ല. ചരിത്രപരമായ മറ്റൊരു ദൗത്യമാണ് അവന് നിർവഹിക്കാനുള്ളത്.

കഥയിലേക്ക് എടുത്തുചാടി വേഗം തീർക്കുന്നില്ല. കാരണം, ഓരോ കഥക്കും അത് രൂപപ്പെട്ട സന്ദർഭങ്ങളും അനുബന്ധകാര്യങ്ങളും കാണുമല്ലോ. ഇതിനുമുണ്ട് അത്തരം പരിണാമഗതികൾ. അബ്റഹയിൽനിന്നു വേണം അത് തടങ്ങുവാൻ.

❄ ❄ ❄

ചെറിയ ഫ്ളാഷ്ബാക്ക് ആവാം.

ആനക്കാരൻ.

അങ്ങനെയാണ് ഖുർആൻ അബ്റഹത്തിനെ വിശേഷിപ്പിച്ചത്. ആനക്കലഹ സംഭവത്തിലെ ദുരന്തനായകൻ.

അബ്സീനിയയിലെ തുറമുഖ നഗരമായ വലൻസിലെ ഒരു യവനവർത്തകൻെറ അടിമയായിരുന്നു അബ്റഹത്ത്. പിന്നീടയാൾ അബ്സീനിയായുടെ സൈന്യത്തിൽ ചേർന്നു. ആയിടക്ക് യമനിലെ ജൂതരാജാവ് ദൂനവാസ് നജ്റാനിലെ ക്രിസ്ത്യാനികളെ ആക്രമിച്ചു. അതിന് പകരം വീട്ടാൻ അബ്സീനിയാ രാജാവ് ഒരു സേനയെ യമൻെറ നേർക്കയച്ചു. പ്രസ്തുത സൈന്യത്തിൻെറ നായകരിൽ ഒരാളായിരുന്നു അബ്റഹത്ത്.

യമനിലേക്കുള്ള യാത്രക്കിടയിൽ സേനാനായകനായ അർയാത്വുമായി അബ്റഹത്ത് കലാപമുണ്ടാക്കി. താമസിയാത തന്ത്രപരമായ ഒരു നീക്കത്തിലൂടെ അയാളെ വധിച്ചു അബ്റഹ സേനാനായകനാവുകയാണുണ്ടാതയ്.

യമൻ ജയിച്ചടക്കുകയും ഹിംയരി ഭരണത്തിന് അന്ത്യം കുറിക്കുകയും ചെയ്ത അബ്റഹ, തന്നെ യമൻെറ ഗവർണറാക്കാൻ അബ്സീനിയാരാജാവിനോട് അപേക്ഷിച്ചു. അതനുസരിച്ച് അയാളെ യമനിലെ ഗവർണറായി ഉത്തരവ് പുറപ്പെടുവിച്ചു.

സമർഥനായ അബ്റഹത്ത് സ്വപ്രയത്നത്തിലൂടെ യമൻെറ രാജാധികാരമുള്ള ഭരണാധികാരിയായി. ഭരണപാടവവും തന്ത്രവും ക്രൂരതയും അയാളുടെ ഭരണത്തിന് ശക്തി പകർന്നു.

അക്കാലത്ത് യമൻ, സിറിയ, ഫലസ്തീൻ, ഇറാൻ, ഇറാഖ് തുടങ്ങിയ രാജ്യങ്ങളും അറേബ്യയുടെ മറ്റു പ്രദേശങ്ങളുമായുള്ള വാണിജ്യകുത്തക ഖുറൈശികളുടെ കൈകളിലായിരുന്നു. അത് തകർക്കുന്നതിനായി ക്രൈസ്തവഅബ്സീനിയ റോമാസാമ്രാജ്യത്തിൻെറ സഹായത്തോടുകൂടി പലതവണ പരിശ്രമിച്ചിരുന്നു. പക്ഷേ, അത് തകർക്കുവാൻ അവർക്ക് സാധിച്ചിരുന്നില്ല.

ഖുറൈശികളുടെ ചോദ്യം ചെയ്യപ്പെടാനാകാത്ത വ്യാപാരകുത്തകക്ക് പ്രധാന കാരണം മക്കയിലെ കഅ്ബയായിരുന്നു. വിവിധ നാടുകളിൽനിന്നും ഹജ്ജിനായി മക്കയിൽ വരുന്ന നൂറ് കണക്കിന് തീർഥാടകരെ വെള്ളവും ഭക്ഷണവും നല്കി സ്വീകരിച്ചിരുന്നത് കഅ്ബയുടെ ഊരാളരായിരുന്ന ഖുറൈശികളായിരുന്നു. അതിനാൽ തന്നെ വ്യാപാരാവശ്യാർഥം അവർ എത്തിപ്പെട്ട എല്ലാ നാടുകളിലും വലിയ സ്വീകരണമാണ് അവർക്ക് ലഭിച്ചത്. അതിനെ ആർക്കും തേച്ചുമാച്ചുകളയാൻ സാധിക്കുമായിരുന്നില്ല.

ഈ ആധിപത്യത്തെ തകർക്കുവാനാണ് അബ്സീനിയ വർഷങ്ങളായി ശ്രമിച്ചിരുന്നത്.

ഇന്ന് അബ്റഹത്തും അതേ വഴിക്ക് തന്നെയാണ് നീക്കം ആരംഭിച്ചത്. പക്ഷേ, അതിനു മുമ്പിൽ പ്രതിബന്ധമായി നിന്നിരുന്നത് കഅ്ബാദേവാലയമായിരുന്നു. അതിനാൽ അറബികൾക്കെതിരെ ആ വഴിയിലൂടെ തന്നെ നീങ്ങാൻ അയാൾ തീർച്ചപ്പെടുത്തി.

നജ്റാനിലെ ക്രിസ്ത്യാനികളുടെ രീതിയാണ് അബ്റഹത്ത് അവലംബിച്ചത്. ക്രിസ്തുമത പ്രചാരണാർഥം അവർ നജ്റാനിൽ ഒരു ദേവാലയം പണികഴിപ്പിച്ചിരുന്നു. ഇനിമേൽ തീർഥാടനം അവിടേക്ക് മാത്രമാകണമെന്ന് അവർ ജനങ്ങളോട് വിളംബരവും ചെയ്തു.

അബ്റഹത്താകട്ടെ യമനിലെ സൻആയിൽ അതിഗംഭീരമായ ഒരാലയം പണിതു- അൽ ഖലീസ്. അതിൻെറ പണി പൂർത്തിയായപ്പോൾ അയാൾ ജനങ്ങളോട് ഇങ്ങനെ വിളംബരം ചെയ്തു:

“ഇനിമേൽ തീർഥാടനം അറേബ്യയിലേക്കല്ല, ഈ ദേവാലയത്തിലേക്കായിരിക്കണം.”

മക്കയിലെ കഅ്ബയിൽനിന്ന് ജനങ്ങളെ തെറ്റിക്കുകയും അതുവഴി അറബികൾക്ക് ജനമനസ്സുകളിൽ ഉണ്ടായിരുന്ന സ്വാധീനം നശിപ്പിക്കുകയുമായിരുന്നു അയാളുടെ ലക്ഷ്യം. എങ്കിൽ മാത്രമേ അറബികളുടെ വാണിജ്യകുത്തക തകർക്കുവാനാകുമായിരുന്നുള്ളൂ.

ആലയം പണി തീർത്ത ശേഷം അയാൾ അബ്സീനിയാ ചക്രവർത്തിക്ക് ഇങ്ങനെ എഴുതി: “മക്കയിലെക്കാളും ഗംഭീരമായ ഒരാലയം ഞാൻ പണി കഴിപ്പിച്ചു. മക്കയിലേക്കുള്ള ജനങ്ങളുടെ തീർഥാടനം ഇനിമേൽ ഞാൻ ഇവിടെക്ക് തിരിക്കുന്നതാണ്.”

പക്ഷേ, അബ്റഹത്തിൻെറ പദ്ധതി ജനങ്ങളെ തെല്ലും സ്വാധീനിച്ചില്ല. മക്കയിലേക്കുള്ള തീർഥാടനത്തിൽനിന്നും അവരെ പിന്തിരിപ്പിക്കാൻ അയാൾക്കൊട്ടും സാധിച്ചതുമില്ല. ഇതിൽ കുപിതനായ അബ്റഹ കഅ്ബയെ പൊളിച്ചു കളയാൻ പദ്ധതിയിട്ടു.

അതിനിടയിൽ മക്കക്കാരനായ ഒരാൾ പ്രസ്തുത ദേവാലയത്തിൽ കയറി മലവിസർജനം ചെയ്തു കളങ്കപ്പെടുത്തി. തീ വെച്ചതാണെന്നും പറയപ്പെടുന്നു. എന്നാൽ ഈ കൃത്യം കഅ്ബയെ നശിപ്പിക്കുവാൻ അബ്റഹത്ത് സ്വയം ഒരു കാരണം ഉണ്ടാക്കിയതാകാനും വഴിയുണ്ട്.

സംഭവം നടന്നു. അതിൻെറ പേരിൽ അയാൾ കഅ്ബ പൊളിക്കുവാനുള്ള സൈനികനടപടിയും തുടങ്ങി. ലോകത്തെ എല്ലാ മുതലാളിത്ത വരേണ്യവർഗത്തിൻെറ നയമായിരുന്നു അത്. അതുതന്നെയായിരിക്കും എല്ലാ കാലവും അവർ പിന്തുടരുക.

❄ ❄ ❄

അബ്ദുൽ മുത്വലിബ് കഅ്ബയുടെ മുറ്റത്ത് ഒര ഇലന്തമരത്തണലിൽ ഇരിക്കുകയായിരുന്നു. ചുറ്റും ഏതാനും പ്രമുഖരുമുണ്ട്. അടുത്തു പുറപ്പെടേണ്ട കച്ചവടയാത്രയെ സംബന്ധിച്ച ചർച്ചയിലാണവർ.

ചർച്ചക്കിടയിൽ എന്തോ ഓർത്തതുപോലെ അബ്ദുൽ മുത്വലിബ് കൂട്ടുകാരോട് പറഞ്ഞു:

“ഒരു കാലത്ത് ഗതിയറ്റവരായി അറേബ്യയിൽ പലയിടത്തും ചിതറിക്കിടക്കുകയായിരുന്നു നാം. പിതാമഹൻ ഖുസയ്യാണ് നമ്മെ ഇവിടെ ഒരുമിച്ചുകൂട്ടിയത്. നിത്യദാരിദ്ര്യമായിരുന്നു. അതിനിടയിലാണ് ഹാശിം ചില അയൽരാജ്യങ്ങളുമായി രാജ്യാന്തരവ്യാപാരത്തിനുള്ള പുതിയ പദ്ധതികൾ തയാറാക്കിയത്. അബ്സീനിയാരാജാവുമായും ഇറാനിലെ ഭരണകൂടവുമായും യമനിലെ ഭരണാധികാരിയുമായും അന്ന് വാണിജ്യകരാർ ഉണ്ടാക്കുകയും അവരിൽനിന്ന് കച്ചവടസംരക്ഷണം തേടുകയും ചെയ്തു. യമനിലെ അന്നത്തെ നാടുവാഴിയിൽനിന്ന് കച്ചവടകരാർ നേരിട്ട് വാങ്ങിയത് ഞാൻ തന്നെയാണ്. സിറിയയിലെ ഗസ്സാൻ രാജാവിൽനിന്ന് ഹാശിം നേരിട്ടും അബ്സീനിയയിൽനിന്ന് അബ്ദുശ്ശംസ് മുഖേനയും ഇറാനിലെനിന്ന് നൗഫലും കരാൽ വാങ്ങി. കച്ചവടം മാത്രമല്ല രാജ്യാന്തരബന്ധങ്ങൾ കൂടി വളർത്തിയെടുക്കാൻ ഇത് നമ്മെ സഹായിച്ചു. അതിനാലാണല്ലോ പിൽക്കാലത്ത് അസ്ഹാബുൽ ഈലാഫ് എന്ന് ഞങ്ങൾക്ക് അപരനാമം വന്നത്. ഇന്ന് അതിൻെറ സദ്ഫലമാണ് നാം അനുഭവിക്കുന്നത്. കച്ചവടം മാത്രമല്ല അതിലൂടെ നമുക്ക് കിട്ടിയത്. പിൽക്കാലത്ത് നാം ആർജിച്ച ഒട്ടേറെ കലാ-സാഹിത്യ സാംസ്കാരിക കഴിവുകളും ആ രാജ്യങ്ങളിൽനിന്നുള്ളവയാകുന്നു.”

അബ്റഹത്തിൻെറ വാക്കുകൾക്ക് എതിർസ്വരം ഉണ്ടായിരുന്നില്ല. മക്കയുടെ വാണിജ്യചരിത്രത്തിൻെറ അടിത്തറ പാകിയത് ആ സംരംഭം തന്നെയായിരുന്നെന്ന് അവർക്കൊക്കെ നന്നായി അറിയാമായിരുന്നു.

പറഞ്ഞല്ലോ, യമൻ, സിറിയ, ഫലസ്തീൻ, ഇറാൻ തുടങ്ങിയ രാജ്യങ്ങളും അറേബ്യയുടെ മറ്റു പ്രദേശങ്ങളുമായുള്ള വാണിജ്യകുത്തക അന്ന് ഖുറൈശികളുടെ കൈകളിലായിരുന്നെന്ന്. വിശാലമായ ഈ രാജ്യാന്തരവാണിജ്യം നിലനിർത്തിക്കൊണ്ടുപോകുന്നതിന് അവരെ ഭൂമിശാസ്ത്രപരമായ പ്രതികൂല കാലാവസ്ഥ ഒട്ടും ബാധിച്ചിരുന്നില്ല. കാലാവസ്ഥാ മാറ്റത്തിനനുസരിച്ച് അവർ ദേശങ്ങൾ മാറിമാറി യാത്ര ചെയ്തു കച്ചവടത്തിൽ നൈരന്തര്യം പുലർത്തി.

ഏകദൈവത്തിൽനിന്നുള്ള പ്രത്യേക അനുഗ്രഹമായിരുന്നു അത്.

ചിലപ്പോൾ അവർ കഅ്ബയുടെ ആളുകളായതിനാലാകാം അത്. അല്ലെങ്കിൽ പ്രവാചകൻ ഇസ്മാഈലിൻെറ പിൻമുറക്കാരായതിനാലുമാകാം. അവൻ തൻെറ അടിമകൾക്ക് നല്കുന്ന അനുഗ്രഹങ്ങൾക്ക് മാനദണ്ഡം നിശ്ചയിക്കുന്നത് ശരിയല്ല.

പക്ഷേ, ഒന്നുണ്ടായിരുന്നു. അതെപ്പറ്റി ഖുർആൻ പിൽക്കാലത്ത് അവരെ ബോധ്യപ്പെടുത്തിയതിങ്ങനെ: ശൈത്യകാലത്തെയും ഉഷ്ണകാലത്തെയും യാത്രകൾക്ക് ഖുറൈശികളെ അവൻ ഇണക്കുകയും അവർക്ക് നിർഭയം നല്കുകയും വിശപ്പിനു പകരം ആഹാരം നല്കുകയും ചെയ്ത ഈ കഅ്ബയുടെ നാഥനെ അവർ ആരാധിക്കട്ടെ.”

പറഞ്ഞല്ലോ, ഹജ്ജിനായി മക്കയിൽ വരുന്ന വിവിധ ദേശക്കാർക്ക് ആതിഥ്യം നല്കിയിരുന്നത് ഖുറൈശികളായിരുന്നെന്ന്. അതിനാൽ തന്നെ അവർ കടന്നുപോകുന്ന രാജ്യങ്ങളിലൊക്കെ അവരുടെ മേൽക്കോയ്മ അംഗീകരിക്കപ്പെട്ടു. അതവരുടെ വാണിജ്യം അതിവേഗത്തിൽ വളരാൻ സഹായിച്ചു. അവർ കടന്നുപോയ വഴികളിലൊക്കെ അവർ സുരക്ഷിതരുമായിരുന്നു. കൊള്ളക്കാർ ഭരിച്ചിരുന്ന രാജപാതകളിൽ പോലും അറബിസംഘങ്ങൾ സുരക്ഷിതത്വം അനുഭവിച്ചു.

സാമ്പത്തികമായി ഖുറൈശികൾ വളർന്നു.

അവരുടെ യശസ്സും വളർന്നു.

അവരുടെ ആഘോഷങ്ങൾക്കും വാണിജ്യങ്ങൾക്കും നേൽനോട്ടം നല്കിയും തീർഥാടകരെ സ്വീകരിച്ചും അബദുൽ മുത്വലിബ് അവരുടെ കിരീടമില്ലാത്ത രാജാവായി വാണു. അദ്ദേഹത്തിൻെറ നിർദ്ദേശങ്ങൾക്കനുസരിച്ച് കാര്യങ്ങൾ നിയന്ത്രിക്കപ്പെട്ടു.

ഖുറൈശികളുടെ വ്യാപാരസംഘം കച്ചവടയാത്ര കഴിഞ്ഞു മടങ്ങിയെത്തിയാൽ ദിനങ്ങളോളം നീണ്ട ആഘോഷമായിരിക്കും മക്കയിൽ. തീർഥാടനത്തിന് വരുന്നവർക്കും ആ ആഘോഷത്തിൽ പാരിതോഷികങ്ങൾ ലഭിക്കുമായിരുന്നു.

പരിസര നാടുകളിലെ കച്ചവടം മക്കയിലേക്ക് ഒഴുകി. വലിയ വാണിജ്യമേഖലയായി മക്ക വളർന്നു.

ഇന്ന് അത് തകർക്കുന്നതിൻെറ ഭാഗമായാണ് അബ്റഹത്ത് കഅ്ബ പൊളിച്ചുകളയാൻ മക്കയിലേക്ക് സൈന്യസമേതം യാത്രക്കൊരുങ്ങിയത്.

❄ ❄ ❄

അബ്റഹഃ മുന്നോട്ട് നീങ്ങി.

ആ യാത്ര സുഖമമായിരുന്നില്ല. യമൻെറ മണ്ണിൽ വെച്ചു തന്നെ അയാൾ പ്രതിരോധിക്കപ്പെട്ടു. അറബ്വംശജനായ ദുന്നഫ്ർ ഏതാനും അറബികളെ ഒരുമിച്ചുകൂട്ടി പ്രതിരോധിച്ചു. പക്ഷേ, 60,000 ത്തോളം വരുന്ന പടക്കു മുമ്പിൽ അയാൾ തോല്ക്കുകയാണുണ്ടായത്. പരാജിതനായ ദുന്നഫ്ർ പിന്നീട് അബ്റഹത്തിൻെറ വഴികാട്ടിയായി നിർബന്ധ സൈനികസേവനത്തിന് നിയോഗിക്കപ്പെട്ടു.

യമനിലെ തന്നെ ഖശ്അഗോത്രവും അബ്റഹത്തിനെ തടഞ്ഞു. അവരും പരാജയപ്പെടുകയാണുണ്ടായത്.

ഈ വിജയങ്ങൾ അബ്റഹത്തിനെ ഉന്മത്തനാക്കി.

മലകളും മണൽക്കുന്നുകളും നിറഞ്ഞ മരുഭൂമിയിലൂടെയുള്ള നീണ്ട യാത്ര.

വാദ്യഘോഷങ്ങളും നൃത്തകൂത്താട്ടങ്ങളുമായി അയാളും സേനയും അറേബ്യയിലേക്ക് പ്രവേശിച്ചു.

സാധാരണ യുദ്ധയാത്രയിൽ ഉണ്ടാകാറുള്ള ഉത്സാഹമൊന്നും ഈ യാത്രയിൽ അയാളുടെ സേനക്കോ ഗജവീരന്മാർക്കോ ഇല്ലെന്ന് അബ്റഹത്തിന് ബോധ്യമായിക്കഴിഞ്ഞിരുന്നു. എന്തോ അവശത തങ്ങളെ ബാധിച്ചതായി സൈനികർക്കും അനുഭവപ്പെട്ടിരുന്നു.

കടുത്ത ഉഷ്ണവും തപിച്ച മരുക്കാറ്റും അവരെ വേണ്ടുവോളം പ്രയാസപ്പെടുത്തി.

നജ്ദിലെത്തിയ അബ്റഹത്തിനെ ചെറിയ ചെറിയ സേനകൾ നിരന്തരം പ്രതിരോധിച്ചുകൊണ്ടിരുന്നു. വിജയം അബ്റഹത്തിനെ തുണച്ചു.

ത്വാഇഫിലെ ഥഖീഫ് ഗോത്രത്തിനടുത്തു കൂടെ യാത്ര ചെയ്ത അബ്റഹത്തിൻെറ ആഗമനം അവരെ ഭയപ്പെടുത്തി. അവർ അയാളോട് അഭയം ചോദിക്കുകയും മക്കയിലേക്കുള്ള മാർഗത്തിൽ അയാളെ സഹായിക്കാൻ കൂടെ കൂടുകയും ചെയ്തു.

ദിനങ്ങൾ നീണ്ട പ്രയാണം.

മരുഭൂമി തപിച്ചു നില്ക്കുകയായിരുന്നു.

ഉഷ്ണകരങ്ങൾ കൊണ്ട് മണൽകുന്നുകളിൽ ആഞ്ഞടിക്കുന്ന കാറ്റിനെ കീറിമുറിച്ചു മുന്നോട്ട് നീങ്ങാൻ അബ്റഹത്തും സേനയും ഏറെ പാടുപെട്ടു. ഗജവീരന്മാർ പലപ്പോഴും അനുസരണക്കേട് കാണിച്ചു.

ഹജ്ജ് കഴിഞ്ഞ സമയത്താണ് സൈന്യം മക്കയോടടുത്തത്. കണ്ണിൽ കണ്ടതെല്ലാം കൊള്ളയടിച്ചുകൊണ്ടായിരുന്നു അവരുടെ പ്രവേശനം. തിഹാമ ഗോത്രത്തിനടുത്തു കൂടെ പോയ സേന അവരുടെ മുഴുവൻ കാലികളെയും കൊള്ളയടിച്ചു. കൂട്ടത്തിൽ അബ്ദുൽ മുത്വലിബിൻെറ ഇരുനൂറ് ഒട്ടകങ്ങളുമുണ്ടായിരുന്നു.

തിഹാമ വിട്ടുകടന്ന അബ്റഹത്ത് ഒരിടത്ത് തമ്പടിക്കാൻ സൈന്യത്തോട് കല്പിച്ചു.

ഉടനെ അബ്റഹത്ത് ഒരു സന്ദേശം തയാറാക്കി മക്കാപ്രമുഖനെ ഏല്പിക്കാൻ തൻെറ ദൂതനെ വശം അയച്ചു.

❄ ❄ ❄

മുഹർറം മാസത്തിൻെറ ആദ്യനാളുകൾ.

ഖുറൈശികളുടെ കച്ചവടസംഘത്തിൻെറ യാത്രക്കാവശ്യമായ ഒരുക്കങ്ങൾ കണ്ടും നിർദ്ദേശങ്ങൾ നല്കിയും അബ്ദുൽമുത്വലിബ് കഅ്ബയുടെ മുറ്റത്ത് ഇരുന്നു. സംഘത്തെ യാത്രയാക്കാൻ എല്ലാവരും അവിടെ മേളിച്ചിരുന്നു. വാദ്യഘോഷവും നൃത്തവും ഒരു ഭാഗത്ത് അരങ്ങേറി.

ഹജ്ജ് കഴിഞ്ഞ് ഇനിയും തിരിച്ചുപോയിട്ടില്ലാത്ത അയൽരാജ്യക്കാരായ ചിലരും അവിടെയുണ്ടായിരുന്നു.

പെട്ടെന്നാണ് അബ്ദുൽ മുത്വലിബിൻെറ ഇടയൻ അട്ടഹസിച്ചുകൊണ്ട് കഅ്ബയുടെ അടുത്തുള്ള കുന്നിൻ മുകളിലേക്ക് ഓടുന്നത് കണ്ടത്. എല്ലാവരും അമ്പരന്നു.

കുന്നിൻ മുകളിലേക്ക് പാഞ്ഞുകയറി അവൻ ഇങ്ങനെ വിളിച്ചു പറഞ്ഞു:

"തെക്കുനിന്ന് ഒരു വൻസേന വന്നിരിക്കുന്നു. മിനക്കടുത്തായി അവർ താവളമടിച്ചിട്ടുണ്ട്. 13 വലിയ ആനകളും ഒട്ടകങ്ങളും എണ്ണിയാലൊടുങ്ങാത്ത ആളുകളും അതിലുണ്ട്. കണ്ണിൽ കണ്ടതു മുഴുവൻ കൊള്ളയടിച്ചുകൊണ്ടാണ് അവരുടെ വരവ്. യജമാനൻ അബ്ദുൽ മുത്വലിബിൻെറ ഒട്ടകങ്ങളെയും അവർ കൊണ്ടുപോയി."

സന്ദേശം കേട്ട് ആളുകൾ പരിഭ്രാന്തരായി. വെപ്രാളത്തോടെ അവർ അവൻെറയടുത്തേക്ക് ഓടി. നേരിൽ കണ്ട കാഴ്ച അവൻ അവരുടെ വിഭ്രാന്തിയിലേക്ക് കോരിയിട്ടു. അവർ വൻസേനയാണ്. ഗജവീരന്മാരും ധാരാളമുണ്ട്. അവരെ പരാജയപ്പെടുത്താൻ ആർക്കും സാധിക്കില്ല.

അബ്ദുൽ മുത്വലിബ് ആളുകൾ നിശ്ശബ്ദരാകാൻ കൈ ഉയർത്തി. കൈകളിലേക്ക് ദൃഷ്ടിയൂന്നി അവർ മൗനം പൂകി.

"ഇപ്പോൾ എല്ലാവരും വീടുകളിലേക്ക് തിരിച്ചുപോകുക." അദ്ദേഹം അവരോട് ആവശ്യപ്പെട്ടു.

ഭയം നിറഞ്ഞ ചുവടുവെപ്പുകളോടെ അവർ തങ്ങളുടെ വീടുകളിലേക്കോടി. കച്ചവടസംഘത്തോട് കഅ്ബയുടെ മുറ്റത്തുനിന്നും സുരക്ഷിതമായ ഭാഗത്തേക്ക് മാറാൻ അദ്ദേഹം കല്പിച്ചു.

അതിനിടയിലാണ് അബ്റഹത്തിൻെറ ദൂതൻ കഅ്ബയുടെ മുറ്റത്തേക്ക് വന്നത്.

കഅ്ബ ദൃഷ്ടിയിൽ പെട്ടതും ദൂതൻ ഒരു നിമിഷം പകച്ചുനിന്നു. ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങിയ അതിൻെറ രൂപം അയാളുടെ മനസ്സിൽ വികാരതരംഗങ്ങളുണ്ടാക്കി.

നാമ്പ് നീട്ടിയ ആത്മീയബോധത്തോടെ അയാൾ ഏറെ നേരം കഅ്ബയെ സാകൂതം നോക്കിനിന്നു. വിചാര തലങ്ങൾ ആ മനസ്സിൽ ആന്ദോളനം സൃഷ്ടിച്ചു.

യമനിൽ തങ്ങൾ നിർമിച്ച കൂറ്റൻ ദേവാലയവും ഇതും തമ്മിൽ രൂപത്തിൽ എത്ര വ്യത്യാസം? അത് ഗംഭീരവും മനോഹരവും. ഇതാകട്ടെ ഒട്ടും മനോഹരമല്ല. എന്നിട്ടും എന്തൊരും മാഹാത്മ്യം ഇതിന്! ദൈവികതയുടെ കരസ്പർശം അതിലുണ്ടെന്ന് കഅ്ബയെ സ്പർശിച്ച നിമിഷം അയാൾക്ക് ബോധ്യം വന്നു.

ഒരു നിമിഷം അയാൾക്ക് അബ്റഹത്തിനോട് പുഛം തോന്നി. ഒരിക്കലും നിറവേറാത്ത ഒരു യജ്ഞത്തിൻെറ വൃഥാവേലക്കാണ് തങ്ങൾ വന്നതെന്ന് അയാളുടെ അകതാരിൽ തോന്നിത്തുടങ്ങി.

കഅ്ബയുടെ മുറ്റത്ത് വാളും പടച്ചട്ടയും അണിഞ്ഞ വിദേശഭടനെ ആളുകൾ പരിഭ്രമത്തോടെ നോക്കി.

"ആരാണ് നിങ്ങളുടെ നേതാവ്?"

അടുത്തുനിന്നിരുന്ന ഒരാളോട് ദൂതൻ തിരക്കി. അബ്ദുൽമുത്വലിബിനെ ചൂണ്ടി അയാൾ തിരിച്ചു ചോദിച്ചു:

"എവിടെനിന്നാണ്?"

ആ ചോദ്യത്തിന് ഉത്തരം പറയാതെ ദൂതൻ അബ്ദുൽമുത്വലിബിൻെറ അടുത്തേക്ക് ചെന്നു കരം ഗ്രഹിച്ചു. അബ്റഹത്തിൻെറ സന്ദേശം ഏല്പിച്ചു അല്പം മാറിനിന്നു.

അബ്റഹത്തിൻെറ കണ്ണുകൾ സന്ദേശത്തിലൂടെ നീങ്ങി. അക്ഷരങ്ങളെ ഒപ്പിയെടുക്കും തോറും കണ്ണുകളിൽ വേദനയും ഭയവും പ്രകടമായി.

"നിങ്ങൾക്ക് നേരിടാൻ പറ്റാത്ത വിധത്തിലുള്ള വൻ സേനയുമായി നാം നിങ്ങളുടെ ദേവാലയത്തെ നശിപ്പിക്കുവാൻ വന്നിരിക്കുകയാണ്. എന്തെങ്കിലും ബോധ്യപ്പെടുത്താനുണ്ടെങ്കിൽ നമ്മെ വന്നു കാണണം."

അദ്ദേഹം പലതവണ അത് വായിച്ചു.

അദ്ദേഹം തൻെറ ആളുകളുമായി കൂടിയാലോചിച്ചു.

"നാം അവരെ എങ്ങനെ നേരിടും? ഇത്രയും വലിയ സേനയെ തളക്കാനും കഅ്ബയെ രക്ഷിക്കാനും നമുക്കെങ്ങനെ കഴിയും? എവിടെനിന്നാണ് പെട്ടെന്ന് ഒരു സേനയെ നാം സംഘടിപ്പിക്കുക?"

ആർക്കും ഒരു രൂപവുമുണ്ടായിരുന്നില്ല.

നിസ്സഹായത അവരെ മരുഭൂമിയിൽ കുഴിച്ചുമൂടി.

"അബ്റഹത്തിനെ കാണുക തന്നെ. ദൈവം നമുക്കൊരു വഴി കാണിച്ചു തരും." ഇത്രയും പറഞ്ഞ് അബ്ദുൽ മത്വലിബ് മുമ്പെ എഴുന്നേറ്റു.

"ഞാൻ അയാളെ കണ്ടിട്ട് വരാം." അബ്ദുൽ മുത്വലിബ് ആരെയും കാത്തുനില്ക്കാതെ മുന്നോട്ടു നടന്നു. അനുവാദം കൂടാതെ തന്നെ ചില നേതാക്കൾ അദ്ദേഹത്തെ പിന്തുടർന്നു.

ഒട്ടകപ്പുറന്ന് യാത്ര ചെയ്തെത്തിയ അബ്ദുൽ മുത്വലിബിനെയും കൂട്ടരെയും സേനാംഗങ്ങൾ അബ്റഹത്തിൻെറ അടുത്തേക്ക് കൊണ്ടുപോയി.

അബ്റഹഃ അബ്ദുൽമുത്വലബിനെ കണ്ടു. രാജകീയഭാവം സ്ഫുരിക്കുന്ന മുഖഭാവത്തോടെ തൻെറ മുമ്പിൽ വന്നു നില്ക്കുന്ന മക്കാപ്രമുഖനെ കണ്ട് അയാൾ എഴുന്നേറ്റു വന്നു തന്നോടൊപ്പമിരുത്തി.

കുശലങ്ങൾക്ക് ശേഷം അബ്റഹത്ത് പറഞ്ഞു:

“ഞങ്ങളുടെ ദേവാലയം നശിപ്പിച്ചത് നിങ്ങളുടെ ആളുകളാണ്. അതിന് പ്രതികാരമായി നിങ്ങളുടെ ദേവാലയം നശിപ്പിക്കുവാനാണ് ഞങ്ങൾ വന്നത്.”

മക്കയിലെ കഅ്ബയിൽനിന്ന് തീർഥാടകരെ തെറ്റിക്കാൻ അയാൾ ചെയ്തതൊക്കെ അബ്ദുൽമുത്വലിബും മനസ്സിലാക്കിയിരുന്നു. അതിനു പിന്നിലെ പ്രേരകവിഷയത്തെക്കുറിച്ചും അദ്ദേഹം അജ്ഞനായിരുന്നില്ല.

അബ്ദുൽമുത്വലിബ് അബ്റഹത്തിനോട് തിരക്കി:

“പ്രഭോ, അത് ഞങ്ങളുടെ ആളുകളാണെന്ന് എങ്ങനെയാണ് തീർച്ച പറയാനാകുക?

“നിങ്ങളുടെ കച്ചവടസംഘത്തിൽ പെട്ട ചിലരാണത് ചെയ്തത്.”

“ആരെങ്കിലും വിവരദോഷം ചെയ്തെന്നു കരുതി വൻസേനയുമായി ഞങ്ങളെ നേരിടാൻ വന്നാൽ എന്തു ചെയ്യാൻ?”

“ഞാൻ നിങ്ങളെ ആക്രമിക്കാനല്ല, ദേവാലയം നശിപ്പിക്കുവാനാണ്. എതിർക്കണമെന്നുണ്ടെങ്കിൽ ആകാവുന്നതാണ്. പക്ഷേ, വൻസേനയാണ് എൻെറ കൂടെയുള്ളത്. എൻെറ സംരംഭത്തിൽനിന്ന് എന്നെ പിന്തിരിപ്പിക്കാൻ ആർക്കും സാധിക്കില്ല. എന്താണ് താങ്കൾക്ക് എന്നോട് പറയാനുള്ളത്?”

അനുനയത്തിൻെറ ഭാഷ്യം സംഗതമല്ലെന്ന് ബോധ്യപ്പെട്ട അബ്ദുൽ മുത്വലിബ് പറഞ്ഞു:

“ദേവാലയം ഞങ്ങളുടെ ഉടമസ്ഥതയിലുള്ളതല്ല. അതിന് യജമാനൻ വേറെയുണ്ട്. അവൻ അതിനെ സംരക്ഷിച്ചുകൊള്ളും. നിങ്ങളുടെ ആളുകൾ എൻെറ ഇരുനൂറ് ഒട്ടകങ്ങളെ കൊള്ള ചെയ്തിട്ടുണ്ട്. അത് എൻെറ അവകാശത്തിൽ പെട്ടതാണ്. അവയെ എനിക്ക് മടക്കിത്തരാൻ അങ്ങയുടെ ആളുകളോട് പറയണം.”

“നിങ്ങളുടെ ആഗമനത്തിൽ ഞാൻ സന്തോഷിക്കുകയും ദേവാലയത്തെ നിങ്ങൾ പ്രതിരോധിക്കുമെന്ന ധാരണയിൽ നിങ്ങളുടെ ധീരതയെ ഓർത്ത് നിങ്ങളോട് ആദരവ് തോന്നുകയും ചെയ്തിരുന്നു. എന്നാൽ നിങ്ങളുടെ ആവശ്യം കേട്ട് എനിക്ക് നിങ്ങളോട് പുഛമാണ് തോന്നുന്നത്. ഏതായാലും ഈ സന്നാഹത്തിൽ എന്നെ തോല്പിക്കാൻ ഈ ദേവാലയത്തിൻെറ നാഥന് സാധിക്കില്ലെന്ന് ഓർക്കുക.”

അബ്ദുൽമുത്വലിബിൻെറ ഒട്ടകങ്ങളെ തിരിച്ചുകൊടുക്കാൻ അബ്റഹത്ത് തൻെറ ആളുകൾക്ക് കല്പന കൊടുത്തു.

ഒട്ടകങ്ങളുമായി അബ്ദുൽമുത്വലിബും സംഘവും മക്കയിലേക്ക് തിരിച്ചു. അവരുടെ ആഗമനവും പ്രതീക്ഷിച്ച് എല്ലാവരും അവിടെ കൂടി നില്ക്കുന്നുണ്ടായിരുന്നു.

കഅ്ബക്കടുത്തുള്ള കുന്നുകളിൽ ഒന്നിൽ കയറി നിന്ന് അദ്ദേഹം ഉറക്കെ വിളിച്ചുപറഞ്ഞു:

“നമുക്ക് നേരിടാനാകാത്ത വലിയ സേനയുമായാണ് യമനിലെ മുഖ്യൻ അബ്റഹ ഈ ദേവാലയത്തെ നശിപ്പിക്കാൻ വന്നിരിക്കുന്നത്. അവരെ നേരിടാൻ നമുക്ക് സാധ്യമല്ല. അതിനാൽ എല്ലാവരും വല്ല കുന്നിൻ മുകളിലും കയറി രക്ഷപ്പെടുക. ഈ ദേവാലയത്തെ അതിൻെറ നാഥൻ തന്നെ കാത്തുരക്ഷിക്കട്ടെ.”

“എന്തു ചെയ്യും?” അവർ പരസ്പരം തിരക്കി.

“എന്തിനാണവർ കഅ്ബ പൊളിക്കുന്നത്?”

അബ്റഹത്തിൻെറ സൈനികാഗമനത്തിൻെറ കാരണവും അവർക്ക് അറിയണമായിരുന്നു.

കൂടിനിന്നവരുടെ സംശയത്തിലേക്ക് കടന്നുചെന്ന് ഒരാൾ ഉറക്കെ പറഞ്ഞു.

“അവരുടെ ദേവാലയത്തെ നമ്മിൽ പെട്ട ആരോ നശിപ്പിച്ചത്രെ. അതിന് പ്രതികാരമായാണ് കഅ്ബയെ നശിപ്പിക്കാൻ അവർ വന്നത്.”

“ഇനി എന്തു ചെയ്യും?”

“ഉടനെ വല്ല മല മുകളിലും കയറി രക്ഷപ്പെടുക.”

അബ്ദുൽമുത്വലിബ് ആളുകളോട് കല്പിച്ചു.

കല്പനയുടെ മറുകരം കവർന്ന ആബാലവൃദ്ധം ജനങ്ങൾ ഒരുക്കം തുടങ്ങി. ഇളക്കിയാൽ കിട്ടുന്ന തങ്ങളുടെ സാധനങ്ങളൊക്കെ അവർ ഒട്ടകപ്പുറത്തും കഴുതപ്പുറത്തുമായി കയറ്റാൻ തുടങ്ങി.

ധിരുതിയുടെ ഭാവമായിരുന്നു എല്ലാറ്റിനും.

അബ്ദുൽമുത്വലിബ് തൻെറ മകൻ അബ്ദുല്ലയെ ചെന്നു കണ്ടു. തനിക്ക് ഏറെ പ്രിയപ്പെട്ട മകൻ. നൂറ് ഒട്ടകങ്ങളെയാണ് അവന് പകരം ബലി നല്കിയത്. ഖുറൈശികളിലെ ഏറ്റവും കുലീനയായ ആമിനയെ തന്നെ അവന് ജീവിതസഖിയായി ലഭിക്കുകയും ചെയ്തു.

അദ്ദേഹം അബ്ദുല്ലയെ വിളിച്ചിട്ടു പറഞ്ഞു:

"ആമിനയെ പ്രത്യേകം ശ്രദ്ധിക്കണം. അവൾ ഗർഭിണിയാണെന്ന കാര്യം മറക്കരുത്. നമുക്ക് ഒരാപത്തും വരില്ല. കഅ്ബക്കും ഒരാപത്തും സംഭവിക്കില്ലെന്നാണ് എനിക്ക് തോന്നുന്നത്. അതിൻെറ നാഥൻ അതിനെ സംരക്ഷിച്ചു കൊള്ളും. വന്ന വിപത്ത് തിരിച്ചുപോയാൽ ഉടനെ

നമുക്ക് തിരിച്ചു വരാം. അതുവരെ അവളെ സംരക്ഷിച്ചു സുരക്ഷിതമായ വല്ല സ്ഥലത്തേക്കും പോകുക."

ആളുകൾ സംഘമായി മക്ക വിടാൻ തുടങ്ങി. അകലെയുള്ള മലകളിലേക്കാണവർ നീങ്ങിയത്.

ആളുകളെല്ലാം പോയിക്കഴിഞ്ഞെന്ന് ബോധ്യമായപ്പോൾ അബ്ദുൽമുത്വലിബും കൂട്ടരും കഅ്ബയിലേക്ക് നടന്നു. ഭയവും ഭക്തിയും നിറഞ്ഞ സ്വരത്തിൽ അവർ അതിന്റെ കില്ല പിടിച്ചു പ്രാർഥിച്ചു:

"ദൈവമേ, നീയാണ് ഈ ആലയത്തിന്റെ നാഥൻ. ഇതിനെ നശിപ്പിക്കുവാൻ വന്ന ശത്രുക്കളിൽനിന്ന് ഇതിനെ സംരക്ഷിക്കുവാൻ ഒരു വഴിയും ഞങ്ങൾ കാണുന്നില്ല. നീ തന്നെയാണ് അതിന് മതിയായവനും ശക്തനും. ഞങ്ങൾ നിന്നെ തന്നെ അക്കാര്യം ചുമതലപ്പെടുത്തുന്നു. അവരെ നശിപ്പിക്കുകയും ഈ ആലയത്തെ നീ സംരക്ഷിക്കുകയും ചെയ്യേണമേ."

മറ്റുള്ളവരെ അനുഗമിച്ച് അവരും മലകളിലേക്ക് യാത്രയായി.

❄ ❄ ❄

"സൂര്യനുദിച്ചാൽ നാം നീങ്ങുകയായി."

മിനായിലെ തന്റെ തമ്പിനുള്ളിൽ അബ്റഹത്തിന്റെ ഗൗരവം നിറഞ്ഞ സ്വരം ഉയർന്നു. ശബ്ദത്തിനു മുൻപിൽ സേനാനായകൻ തലകുനിച്ചു. പടക്കളത്തിൽ സാധാരണ കേൾക്കാറുള്ള അതേ സ്വരം. ആ സ്വരം പലപ്പോഴും തന്നെ മത്തു പിടിപ്പിച്ചിട്ടുണ്ടെന്ന് സേനാനായകൻ ഓർത്തു. എന്തോ, ഇന്ന് അജ്ഞാതമായ വിറയലാണ് അനുഭവപ്പെടുന്നത്.

ഏതോ ദുരന്തത്തിലേക്കാണ് അബ്റഹത്ത് തങ്ങളെ നയിക്കുന്നതെന്ന് അയാളുടെ അന്തഃരംഗം അയാളോട് വിളിച്ചുപറയുന്നതുപോലെ. പക്ഷേ, അത് തിരിച്ചറിയാനുള്ള കഴിവ് അയാൾക്ക് ഇല്ലാതെ പോയി.

മക്കയുടെ മണൽക്കുന്നുകൾക്കു മുകളിൽ പ്രഭാതപ്രഭ പ്രത്യക്ഷപ്പെട്ടു.

തമ്പുകൾക്കിടയിൽ കുഴലൂത്തുകാർ മൂന്ന് തവണ കുഴലൂതി.

സൈനികർക്കുള്ള മുന്നറിയിപ്പാണത്. അത് കേട്ടാൽ അവർ സജ്ജരാവുകയായി.

കഅ്ബയിലേക്ക് ഇനി കുറഞ്ഞ ദൂരമെയുള്ളൂ.

സേന സജ്ജരായി അണി നിരന്നു. തുടർയാത്രക്കുള്ള കുഴലൂത്തുകൾ ഉയർന്നു. ഗജവീരന്മാർ മുൻപിലു. അവയെ അനുഗമിച്ചു മറ്റുള്ളവരും.

സർവസൈന്യാധിപന്റെ പിന്നിലായാണ് മഹ്മൂദിന്റെ സ്ഥാനം.

60,000 ത്തോളം വരുന്ന സൈനികരും 13 ഗജവീരന്മാരും ഒട്ടകങ്ങളും അണിനിരന്ന ആ വലിയ സേന ഖശ്അം ഗോത്രത്തിന്റെ അരികിലൂടെ മക്കയുടെ ഭാഗത്തേക്ക് നീങ്ങി. യാദൃശ്ചികമായ ഈ ആഗമനം ഖശ്അം ഗോത്രത്തെ ഭയപ്പെടുത്തി. അത്രയും വലിയ സേനയെ ഇതിനു മുമ്പ് അവർ കണ്ടിട്ടില്ല.

മരുഭൂമി ചൂട് പിടിക്കാനാരംഭിച്ചു.

ഉഷ്ണക്കാറ്റ് മണൽക്കുന്നുകളെ തലോടി വീശിക്കൊണ്ടിരുന്നു.

അവയ്ക്കിടയിലൂടെ മനുഷ്യചരിത്രത്തിലേക്കുള്ള പ്രയാണമായി അബ്റഹത്ത് തന്റെ ആളുകളെ നയിച്ചു. തകർന്നടിഞ്ഞ കഅ്ബയെ വിട്ട് ജനം തന്റെ നാട്ടിലേക്ക് വരുന്നതും ഭാവനയിൽ കണ്ട് അയാൾ തന്റെ ഗജവീരന്റെ മുകളിൽ യാത്ര തുടർന്നു.

സംഘം മിനക്കും മുസ്ദലിഫക്കുമിടയിലുള്ള വാദി മുഹസ്സിറിലായിരുന്നു. പെട്ടെന്ന്, അജ്ഞാതമായ എന്തോ കണ്ടതുപോലെ അബ്റഹത്തിന്റെ ആന നടത്തം അവസാനിപ്പിച്ചു.

തന്റെ മുന്നോട്ടുള്ള പ്രയാണത്തെ മുടക്കി നില്ക്കുന്ന അജ്ഞാത ശക്തിയെന്തെന്ന് മനസ്സിലാകാതെ അത് പരിഭ്രാന്തനായി. അനഭിലഷണീയമായ ഒരുദ്യമമല്ല തന്റെ മുതുകിൽ വന്നു വീണതെന്ന് ഒരു നിമിഷം അത് തിരിച്ചറിഞ്ഞതുപോലെ അത് ഒന്ന് പുളഞ്ഞു.

മുന്നോട്ട് നടക്കാൻ അത് വിസമ്മതം പ്രകടിപ്പിച്ചു.

ആനയെ മുന്നോട്ട് നടത്താനുള്ള അബ്റഹത്തിന്റെയും സേവകരുടെയും ശ്രമം അതിനെ കൂടുതൽ ഭയപ്പെടുത്തി. പ്രതിഷേധസ്വരം മുഴക്കി അത് നിലത്ത് മുട്ടുകുത്തി. എന്തോ സന്ദേശം അതിൽനിന്ന് കിട്ടിയ പോലെ മറ്റു ആനകളും വിരണ്ടു തുടങ്ങി.

ചൊടി പിടിച്ച അബ്റഹത്ത് താഴെ ചാടിയിറങ്ങി.

ചാട്ടയോടൊപ്പം അബ്റഹത്തിന്റെ കൈകളുയർന്നു. ആന അനക്കമറ്റു കിടന്നു.

അതിനെന്തു പറ്റിയെന്നായി അവർ.

"മഹ്മൂദ്, ഏറെ യുദ്ധങ്ങളിൽ പങ്കെടുത്ത നിനക്ക് എന്താ സംഭവിച്ചത്? നീ തളർന്നാൽ പിന്നെ സൈന്യം തോറ്റതു തന്നെ."

അബ്റഹത്തിന്റെ സ്വരം.

സംസാരശേഷി ഉണ്ടായിരുന്നെങ്കിൽ അത് തനിക്ക് ബോധ്യപ്പെട്ട സംഗതി പറയുമായിരുന്നു. പക്ഷേ, എല്ലാ വിവശതയും പഴുത്ത മരുമണലിൽ ചേർത്തുവെച്ച് അത് അനക്കമറ്റു കിടന്നു.

"മഹ്മൂദ്, എഴുന്നേല്ക്ക്." സേനാനായകന്റെ സ്നേഹപൂർണമായ വിളിക്കു മുമ്പിൽ അത് അനുസരണയോടെ എഴുന്നേറ്റു. അതുകണ്ട് മറ്റുള്ളവരിൽനിന്ന് നിശ്വാസം ഉയർന്നു. അവനെ

ആശ്രയിച്ചാണ് മറ്റു ഗജ വീരന്മാരുടെ നിലനില്പ്. അവൻ പതറിയാൽ പിന്നെ ഗജങ്ങളെക്കൊണ്ട് സൈന്യത്തിന് പ്രയോജനം ലഭിക്കുകയില്ല.

മഹ്മൂദിന് വല്ലതും പിണഞ്ഞുവോ എന്നറിയാനായി അവർ അതിനെ പല ദിക്കിലേക്കും നടത്തിച്ചു. ഇടത്തേക്കും വലത്തേക്കും പിന്തിരിഞ്ഞുമൊക്കെ അത് നടന്നു. പക്ഷേ, മുന്നോട്ടുള്ള യാത്രക്ക് അത് വിസമ്മതം പ്രകടിപ്പിച്ചു.

"എന്തു ചെയ്യും?"

അവർ പരസ്പരം പിറുപിറുത്തു.

അവരുടെ നിസ്സംഗതയിലേക്ക് ആന തിരിഞ്ഞുനിന്നു. ചുട്ടുപഴുത്ത വാദിമുഹസ്സിറിലെ മണൽകുന്നുകളിൽ തങ്ങളുടെ അന്ത്യം അടുത്തിരിക്കുന്നതായി അത് മനസ്സിലാക്കി. ഒരു നിമിഷം അബ്റഹത്തിനു മുമ്പിൽ അത് തലതാഴ്ത്തി നിന്നു.

എല്ലാ അവയവങ്ങളും നിശ്ചലമായി അത് മസ്തകം താഴ്ത്തി അയാളുടെ മുമ്പിൽ നിന്നു. എന്തോ പറയാനുള്ളതുപോലെ.

"വന്ദ്യരായ യജമാനരേ, ഏതൊരു ആനയും ചിന്തിക്കുന്നതുപോലെയാണ് അടിയനും ഇക്കാലമത്രയും ചിന്തിച്ചിരുന്നുള്ളൂ. ആ ചിന്തക്ക് സജീവതയുണ്ടായിരുന്ന കാലത്തൊക്കെ ഞാൻ അങ്ങയുടെ ഏത് ആജ്ഞക്കു മുമ്പിലും കൃത്യനിഷ്ഠയോടെ നിലകൊണ്ടിരുന്നു. ശത്രുക്കളുടെ ഗജവീരന്മാർ ഇളകും മുമ്പെ ഞാൻ അങ്ങയുടെ മനസ്സ് വായിക്കുകയും അത് നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. മറ്റു ആനകളുടെ തരിപ്പ് മാറും മുമ്പ് ഞാൻ കൃത്യം നിർവഹിച്ച് അങ്ങയുടെ സംതൃപ്തിയിലേക്ക് മടങ്ങിയിരിക്കും. പക്ഷേ, ഇന്ന് എന്തെല്ലാമോ അപലക്ഷണങ്ങൾ എന്നെ അലട്ടുന്നു. മുന്നോട്ടുള്ള പ്രയാണത്തിൽനിന്ന് പലതും എന്നെ തടയുന്നു. മുൻപോട്ട് ഇനി ഒരടി വെക്കരുതെന്ന് എനിക്ക് ദൃശ്യമല്ലാത്ത ഒരു സ്വരം ഞാൻ കേൾക്കുന്നു. അത് എൻെറ ചെവിയിൽ മന്ത്രിക്കുകയാണ് ചെയ്യുന്നത്. മുന്നോട്ട് പോകുംതോറും എനിക്ക് താങ്ങാനാകാത്ത ഭാരമാണ് എൻെറ ശരീരത്തിൽ പതിക്കുന്നത്. യജമാനരേ, എനിക്ക് വായിക്കാൻ കഴിയാത്ത അന്യമായ ലിപിയിൽ ആലേഖനം ചെയ്ത ഒരു താളിൽ ഞാൻ നിങ്ങളോടൊപ്പം ചേർന്നു നില്ക്കുന്നതായി കാണുന്നു. യജമാനരെ, എന്നോട് ക്ഷമിച്ചാലും. എൻെറ കൃത്യം ഇവിടെ അവസാനിക്കുകയാണ്. ഇത് എൻെറ ഭാഗത്തുനിന്നുള്ള അപേക്ഷയല്ല, എല്ലാവർക്കും കൂടിയുള്ള അഭ്യർഥനയാണ്. ഇനി മുൻപോട്ട് പോകരുത്."

❄ ❄ ❄

അബ്ദുൽ മുത്വലിബും ആളുകളും ദൂരെ മലമുകളിൽ അബ്റഹത്തിൻെറ ആക്രമണം കഴിയുന്നതും കാത്ത് തങ്ങളുടെ ടെൻറുകളിൽ ഇരുന്നു. പലവിധ ചിന്തകളും അദ്ദേഹത്തിൻെറ മനസ്സിലൂടെ കടന്നുപോയി. സംസം കുഴിച്ചതും കഅ്ബയുടെ കേടുപാടുകൾ തീർത്തതും അദ്ദേഹത്തിൻെറ മനസ്സിലൂടെ കടന്നുപോയി. അദ്ദേഹത്തിനറിയാമായിരുന്നു, കഅ്ബ ദൈവത്തിൻെറ ആലയമാണെന്ന്.

തുകൽസഞ്ചിയിൽനിന്ന് അല്പം വെള്ളം കുടിച്ച് അദ്ദേഹം കൂടെയുള്ളവരോട് പറഞ്ഞു:

"ദൈവമാണെ സത്യം, എനിക്ക് നല്ല ബോധ്യമുണ്ട്. അബ്റഹത്തിന് കഅ്ബയെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. ദൈവം അതിന് അവനെ സമ്മതിക്കില്ല. മാത്രവുമല്ല, മാരകമായി അവൻ ശിക്ഷിക്കപ്പെടും എന്നുകൂടി എനിക്ക് തോന്നുന്നു."

ലാത്തയാണെ, ഹുബുലാണെ സത്യം, അങ്ങ് പറഞ്ഞത് സത്യമായി പുലരുമെന്നു തന്നെയാണ് ഞങ്ങൾക്കും തോന്നുന്നത്."

"അത് ഇബ്റാഹീമാണ് സ്ഥാപിച്ചത്. സംസമും അക്കാലത്തു തന്നെയാണല്ലോ ഉണ്ടായത്. മണൽ വീണ് തൂർന്നുപോയ കിണറിനെ നമ്മുടെ പരിശ്രമഫലമായാണല്ലോ വീണ്ടും കുഴിച്ചെടുത്തത്. അന്ന് അത് കുഴിക്കാൻ മൂന്ന് തവണയാണ് ഞാൻ സ്വപ്നം കണ്ടത്. സ്ഥാനനിർണയവും സ്വപ്നം മുഖേന എനിക്ക് വെളിപ്പെട്ടിരുന്നു. എനിക്ക് ഉറപ്പാണ് ഈ ദേവാലയമല്ലാതെ ഭൂമുഖത്ത് ഇത്ര വിശുദ്ധവും തീർഥാടനക്ഷമവുമായ ദേവാലയം വേറെയില്ലെന്ന്. അത് ദൈവത്തിൻെറ നിശ്ചയമാണ്. അതിനെ അവൻ തന്നെ സംരക്ഷിക്കും."

മലകൾ മടക്കുകളായി കിടക്കുന്ന മരുഭൂമിയിൽ അവരുടെ ദൃഷ്ടിയിൽനിന്ന് കഅ്ബ മറഞ്ഞുകിടന്നു. അവിടെ എന്ത് സംഭവിക്കുന്നുവെന്നറിയാൻ അവർക്ക് ആകാംക്ഷയുണ്ടായിരുന്നു.

ചില ചെറുപ്പക്കാർക്ക് അത് നേരിൽ കാണാൻ കൊതിയായി. അവർ അബ്ദുൽ മുത്വലിബിനോട് അക്കാര്യം തിരക്കി. അദ്ദേഹം വിലക്കിക്കൊണ്ട് അവരോട് പറഞ്ഞു:

"ശുഭമല്ലാത്ത ചില കാര്യങ്ങൾ അവിടെ നടക്കുമെന്ന് എൻെറ മനസ്സ് പറയുന്നു. ഭാഗ്യമുണ്ടെങ്കിൽ നമുക്കത് കാണാം. അല്ലെങ്കിൽ നാം അത് അറിയും വിധം അതൊരു ചരിത്രമായേക്കാം."

"അതെങ്ങനെ തീർത്തു പറയാനാവുക?"

"എൻെറ മനസ്സ് അങ്ങനെ പറയുന്നു. ചിലപ്പോൾ അത് യാഥാർഥ്യമായേക്കാവുന്ന തോന്നലാകാം. ദൈവികനടപടികൾ അങ്ങനെയാണ്."

"നമ്മുടെ വീടുകളും സാധനങ്ങളും അവർ നശിപ്പിച്ചിരിക്കും. അവിടെ ഇനി എന്താണ് അവശേഷിക്കുകയെന്ന് ആർക്കാണറിയുക? കൊള്ള ചെയ്തുകൊണ്ടാണല്ലോ അവർ ഇങ്ങോട്ട് വന്നതുതന്നെ."

“നമ്മുടെ എല്ലാ സാധനങ്ങളും സുരക്ഷിതമായിരിക്കുമെന്ന് എനിക്ക് തോന്നുന്നു. നാം കഅ്ബയുടെ ഊരാളന്മാരും സേവകരുമാണ്. അവൻ നമ്മെ സംരക്ഷിക്കും.”

❄ ❄ ❄

അബ്റഹത്തും കൂട്ടരും ആനയെ മുന്നോട്ട് നയിക്കാനുള്ള ശ്രമത്തിൽ പരാജയപ്പെട്ട് നില്ക്കുകയായിരുന്നു. പെട്ടെന്ന്, കാർമുഖിൽ പോലെ മാനത്ത് കറുത്ത പടലം പ്രത്യക്ഷപ്പെട്ടു. അവരുടെ കാഴ്ചക്ക് അതീതമായിരുന്നു അത്. അത് മിനക്കു മീതെ മാനത്ത് കനത്തുവന്നു. കാണെ അതിന്റെ വ്യാപ്തി കൂടിവന്നു.

തങ്ങൾക്കു മീതെ തലണിട്ടതു കണ്ട് സൈനികർ മാനത്തേക്ക് നോക്കി. അതെന്തെന്ന് വ്യക്തമാകുന്നതിനു മുമ്പ് അവർ അബ്റഹത്തിന്റെ അലർച്ച കേട്ടു.

അബ്റഹത്ത് നിലത്ത് വീണു പിടയുകയായിരുന്നു. അയാളുടെ ശരീരത്തിൽനിന്ന് രക്തം വാർന്നൊലിക്കുന്നുണ്ടായിരുന്നു.

തങ്ങളുടെ നായകന് പിണഞ്ഞതെന്തെന്നറിയാതെ അവർ അയാളുടെ അടുത്തേക്ക് ഓടി. പെട്ടെന്ന് തുരുതുരാ അവരുടെ മേൽ ശിലാവർഷം ആരംഭിച്ചു. വായുവിനെ കീറിമുറിച്ചു അതിശക്തമായി വന്ന ചരൽവർഷം അവരുടെ ശരീരത്തിൽ തുളച്ചുകയറി.

ശിലാവർഷത്തിൽ പുളഞ്ഞ ഗജവീരന്മാരും ഒട്ടകങ്ങളും സേനകളെ ചവിട്ടിമെതിച്ച് പരക്കം പാഞ്ഞു. ദാക്ഷിണ്യമില്ലാത്തതായിരുന്നു ഏറ്. ശില എവിടെനിന്ന് വരുന്നു എന്നറിയാൻ പോലും അവർക്ക് സാധിക്കുന്നതിനു മുമ്പെ അതവരെ നിലംപരിശാക്കി. തങ്ങളുടെ നേരെ വന്ന ദൈവികസേനയെ തിരിച്ചറിയാൻ അവർക്ക് സാധിച്ചതുമില്ല.

അതുവരെ മക്കയിൽ കാണപ്പെടാത്ത തരം പക്ഷികളായിരുന്നു അവരെ നേരിട്ട ദൈവികസേന. അത് ഏതിനം പക്ഷികളായിരുന്നു, എവിടെ നിന്ന് വന്നു എന്നീ തിരിച്ചറിവുകൾക്ക് മീതെ ചരിത്രം മൗനം നിറം ചാർത്തി.

ഒന്നുതീർച്ച. അത് ദൈവിക കല്പനയാൽ മാത്രം അല്പം നേരം ഭൂമിയുടെ അന്തരീക്ഷത്തിൽ പ്രത്യേക ദൗത്യത്തിനായി വന്നു. അബ്റഹത്തിനെയും കൂട്ടരെയും നശിപ്പിച്ചശേഷം അവ ഏതെന്ന അന്വേഷണത്തിനു മീതെ അജ്ഞതയുടെ മൂടുപടമിട്ട് അവ തിരിച്ചുപോയി.

അവയെ സംബന്ധിച്ച അന്വേഷണത്തിന് ആകാശഗ്രന്ഥം നല്കിയ മറുപടി ഇത്രമാത്രം: അവ അബാബിൽ പക്ഷികളായിരുന്നു. പക്ഷേ, അതൊരു പക്ഷിവർഗമാണോ കൂട്ടമായി ഒന്നായി വന്ന പക്ഷിക്കൂട്ടങ്ങളെ സാമാന്യവത്ക്കരിച്ചു പറഞ്ഞ നാമമാണോ എന്ന കാര്യം ദൈവത്തിനേ അറിയൂ.

ചുട്ട കളിമൺകട്ടകളുമായാണ് അവ അബ്റഹത്തിനെയും സേനയെയും നേരിട്ടത്.

ഏറ് കൊണ്ട അബ്റഹത്തും പടയും തോറ്റോടി.

ആനകൾ ഒട്ടകങ്ങളും വിരണ്ടോടി. അവയുടെ ശരീരവും വ്രണപ്പെട്ടിരുന്നു. പലതും അവിടെ ചത്തുവീണു.

ചുട്ട മണലിൽ സൈനികരുടെ മൃതദേഹം ചതഞ്ഞരഞ്ഞ് അലങ്കോലപ്പെട്ടുകിടന്നു. അവരുടെ ദീനമായ അലർച്ചയിൽ അവരെ സഹായിക്കാൻ അവിടെ ആരുമുണ്ടായിരുന്നില്ല.

അബ്റഹത്തും ഏതാനും സൈനികരും ഉള്ള ജീവനും കൊണ്ട് തിരിഞ്ഞോടി. അഹങ്കരാവും വീമ്പും അവന്റെ മേൽ പരാജയത്തിന്റെ കനത്ത ഭാരം ഏറ്റിവെച്ചു.

അവന്റെ ശരീരം ചീഞ്ഞളിഞ്ഞുകഴിഞ്ഞിരുന്നു.

സ്വന്തം സൈനികരുടെ സഹായത്തോടെ മുന്നോട്ട് നീങ്ങിയ അബ്റഹത്ത് മക്കയുടെ മണ്ണിൽ കശ്അം ഗോത്രത്തിന്റെ സ്ഥലത്ത് മരിച്ചുവീണു. അയാളുടെ ശരീരമാസകലം ചിഞ്ഞുനാറുന്ന വ്രണങ്ങളായിരുന്നു. അതിനകം അയാളുടെ ശരീരത്തിന്റെ പല ഭാഗങ്ങളും ഉതിർന്നു വീണുപോയിരുന്നു.

എന്താണ് സംഭവിച്ചത്? വളരെ പെട്ടെന്ന് മനുഷ്യശരീരത്തെ നശിപ്പിക്കും വിധം മാനത്തു നിന്നും വർഷിച്ച ചുട്ട കളിമൺകട്ടകളിൽ എന്ത് മാരകപദാർഥമാണ് അടങ്ങിയിരുന്നത്?

പക്ഷിക്കൂട്ടങ്ങൾ താഴെക്കിട്ടത് വലിയ കല്ലുകളായിരുന്നില്ല. എന്നിട്ടും അതേറ്റതോടെ അവരുടെ ശരീരം എങ്ങനെ ഛിന്നഭിന്നമായി?

ഒന്നുമാത്രമറിയാം. അത് ദൈവികനടപടിയായിരുന്നു. അവന്റെ ശിക്ഷക്ക് നിർണിതരീതികളില്ല.

അബ്റഹത്തും അവന്റെ പടയും ചരിത്രത്തിന് പാഠമായി മൺമറഞ്ഞു. അതെപ്പറ്റി ദൈവിക ഗ്രന്ഥം പറഞ്ഞു:

*“നിന്റെ നാഥൻ ആനക്കാരെക്കൊണ്ട് എന്തു ചെയ്തെന്ന് നീ കണ്ടില്ലേ? അവരുടെ കുതന്ത്രങ്ങളെ അവൻ പാഴാക്കിയില്ലേ? അങ്ങനെ അവരെ ചുട്ട കളിമൺകല്ലുകൾ കൊണ്ട് എറിയുന്ന പക്ഷിക്കൂട്ടങ്ങളെ അവരുടെ നേർക്ക് അവൻ അയക്കുകയും ചെയ്തു. അങ്ങനെ അവരെ കാലികൾ ചവച്ചരച്ച വൈക്കോൽകറ്റകളെപ്പോലെ ആക്കിക്കളഞ്ഞു.”*